9589

# PUSHPANJALI

(A Selection of Essays)

PUBLISHED BY

SECRETARY.

THE YOUNG MEN'S ASSOCIATION.

CHIRAYINKIL.

The Young Men's Association Book No. 1.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# പുഷ്പാഞ്ജലി

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

PUBLISHER

THE SECRETARY
YOUNG MEN'S ASSOCIATION,
CHIRAYINKIL.

[*All Rights Reserved.*]

Printed at the
V. V. Press Branch, Trivandrum.

1113.

കാപ്പി 1000.] [വില ചക്രം 21.

പ്രസാധകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

SHREE KRISHNA VILASOM GRANDHASALA
9328
TRIVANDRUM



H. H. THE MAHARAJA OF TRAVANCORE.

9328

# DEDICATED TO

M. R. Ry. S. Chattanatha Karayalar Avl., M. A. B. L.,

DEPUTY PRESIDENT,

THE SRI MULAM ASSEMBLY,

TRAVANCORE.

BY

THE MEMBERS OF THE

YOUNG MEN'S ASSOCIATION,

CHIRAYINKIL.

# പ്രസ്താവന.

വിജ്ഞാനപ്രദങ്ങളും, വിമശ്നപരങ്ങളുമായ ലേഖനങ്ങളടങ്ങിയ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ ലേഖനകത്താക്കളുടെ യോഗ്യതകളേയോ, ലേഖനങ്ങളുടെ മാഹാത്മ്യത്തേയോ വണ്ണിച്ചു് ഇതു വായിക്കുന്ന സഹൃദയരെ ജിജ്ഞാസുക്കളാക്കുന്ന ഒരു പ്രസ്താവനയുടെ ആവശ്യമില്ല. കേരളീയരായ സഹൃദയക്ക് സുപരിചിതരായ ലേഖനകത്താക്കളുടെ പേരു കേൾക്കുന്നതോടുകൂടി ആരും ഈ ലേഖനങ്ങൾ വായിക്കുന്നതിനു താല്പര്യമുള്ളവരായിത്തീരുമെന്നുള്ളതു് നിശ്ചയമാണു്. അതിനാൽ ഈ ഗ്രന്ഥത്തിൻെറ പ്രസാധനത്തിനുവേണ്ട സഹായങ്ങൾ ചെയ്തതന്ന മാന്യമഹത്തുക്കളോടുള്ള അകൈതവമായ കൃതജ്ഞതയെ പ്രകാശിപ്പിക്കുകമാത്രമാണു് ഇവിടെ കരണീയമായിട്ടുള്ളതു്. ഇതിലേയ്ക്കു സദയം ലേഖനങ്ങൾ തന്നു് സഹായിച്ചിട്ടുള്ള ബഹുമാന്യരായ ലേഖനകത്താക്കളോടും ഇതിനെ ഭംഗിയായി അച്ചടിച്ചുതന്ന തിരുവനന്തപുരം വി. വി. പ്രസ്സുകാരോടും, ചിറയിൻകീഴു് "ദി യങ്ങ് മെൻസ് അസോസ്യേഷൻെറ" പേരിൽ ഞാൻ കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു.

എന്നു്, സിക്രട്ടറി

ജെ. സദാശിവൻ നായർ.

# വിഷയവിവരം.

PRESENTED BY:
SRI M. K. VASUDEVAN NAIR
VEEDU
SRI KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIZH

1. വിധിയും പൌരുഷവും
റാവുസാഹിബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ M. A. B. L.

2. ഭാഷാസാഹിത്യം
വി. കൃഷ്ണൻതമ്പി B. A.

3. മഹാന്മാരുടെ ആവശ്യം
എൻ. കുഞ്ഞുരാമൻപിള്ള അവർകൾ M. A. B. L.

4. കേരളീയകവിതാരീതി
പി. അനന്തൻപിള്ള അവർകൾ M. A.

5. പഴഞ്ചൊല്ലുകൾ
Dr. കെ. ഗോദവർമ്മ അവർകൾ M. A. Ph. D. (London.)

6. കാന്താരത്തിലെ കാമ്യനഗരി
കോന്നിയൂർ കെ. മീനാക്ഷിഅമ്മ അവർകൾ M. A.

7. സ്വച്ഛന്ദഗീതം
ശൂരനാട്ട് പി. എൻ. കുഞ്ഞൻപിള്ള അവർകൾ M. A.

8. സർ അശുതോഷമുക്കർജ്ജി
കെ. പി. കരുണാകരമേനോൻ അവർകൾ.

9. യുവലോകവും സാഹിത്യവും
ബി. ആനന്ദവല്ലിഅമ്മ അവർകൾ M. A. (Hons.)

# പുഷ്പാഞ്ജലി.

## I. വിധിയും പൌരുഷവും

[റാവുസാഹേബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ., എം. എൽ. ഏ.]

ഹിന്ദുക്കൾ വിധിയിൽ ദൃഢമായി വിശ്വസിക്കുന്നവരാണെന്നും ആ വിശ്വാസം അവരെ അലസന്മാരും അമുഷ്മികദൃഷ്ടികളുമാക്കിത്തീർക്കുന്നു എന്നും ഒരപവാദം നാം ചിലപ്പോൾ കേൾക്കാറുണ്ടു്.

"വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ."

"അലങ്ഘനീയാ കമലാസനാജ്ഞാ" എന്നും മററും ചില മുറിവാക്യങ്ങൾ ഈ അപവാദത്തെ സഹായിക്കുന്നപോലെ പ്രഥമദൃഷ്ടിയിൽ തോന്നുമെങ്കിലും സൂക്ഷ്മമാലോചിപ്പാൻ ഹിന്ദുക്കളെപ്പോലെ വിധിയുടെ ബലത്തിനു സീമാനിയന്ത്രണം കല്പിച്ചിട്ടുള്ളവരും പൌരുഷത്തിൻെറ പാരമ്യത്തെ പ്രഖ്യാപനം ചെയ്തിട്ടുള്ളവരും മററാരുമില്ലെന്നു ബോധപ്പെടുന്നതാണു്. "പാപം ചെയ്യരുതു്; പുണ്യം ചെയ്യണം" എന്നും, "പരപീഡനത്തിൽ പര്യവസാനിക്കുന്ന പ്രവൃത്തിയാണു പാപം; പരോപകാരത്തിൽ പര്യവസാനിക്കുന്ന പ്രവൃത്തിയാണു പുണ്യം" എന്നും, നമ്മുടെ സകല പ്രമാണഗ്രന്ഥങ്ങളിലും ഊന്നിയൂന്നിയുറപ്പിച്ചു പ്രസ്താ

വിച്ചിട്ടുണ്ടു്. ഈശ്വരൻ കമ്മസാക്ഷിയും കമ്മഫലപ്രദനുമാണു്. സ്ഥൂലശരീരം ത്യജിച്ചു പരലോകത്തേക്കു പോകുന്ന ജീവാത്മാവിനെ വിദ്യയും കാൎയ്യവും പൂൎവപ്രജ്ഞയും അനുഗമിക്കുന്നു എന്നു ബൃഹദാരണ്യകോപനിഷത്തിൽ വ്യവസ്ഥാപനം ചെയ്തുകാണുന്നു. പൂൎവാനുഭൂതവിഷയമായ പ്രജ്ഞയാകുന്നു പൂൎവപ്രജ്ഞ; മുൻചെയ്ത കമ്മങ്ങളെ അനുഭവിക്കുന്നതിനുള്ള വാസനയെന്നും അതിനെ വ്യാഖ്യാനിക്കാം. അതില്ലെങ്കിൽ ജീവാത്മാവിനു വീണ്ടും കമ്മം ചെയ്യുന്നതിനും കമ്മഫലം ഭുജിക്കുന്നതിനും സാധിക്കുന്നതല്ല. കമ്മങ്ങളെ സഞ്ചിതമെന്നും ആഗാമിയെന്നും രണ്ടായി പിരിക്കാം. സഞ്ചിതമെന്നതു മുൻപു ചെയ്തതു്; ആഗാമി എന്നതു മേൽ ചെയ്വാൻ പോകുന്നതു്. സഞ്ചിതത്തിൽതന്നെ ഒരു ചെറിയ അംശം ഫലഭാഗത്തിനു തക്കവണ്ണം വാസനയനുസരിച്ചു പരിണതമായിത്തീരുന്നു. അത്തരത്തിലുള്ളവയെയാകുന്നു പ്രാരബ്ധകമ്മങ്ങളെന്നു പറയുന്നതു്. പ്രാരബ്ധകമ്മങ്ങൾ ഭുജിക്കുന്നതിനും, സഞ്ചിതങ്ങളും ആഗാമികളുമായ കമ്മങ്ങൾ തത്വജ്ഞാനം നിമിത്തമുണ്ടാകുന്ന പരിപൂൎണ്ണമായ വാസനാക്ഷയത്താൽ നശിപ്പിച്ചു മോക്ഷപദം പ്രാപിക്കുന്നതിനും ആകുന്നു. ജീവാത്മാവിന്റെ ഐഹികമായ പുനരാഗമനം, അഥവാ പുനർജന്മം ബോധിസത്വാവദാനകല്പലതയിൽ ദശകമ്മപ്ലുത്യവദാനം എന്ന പ്രകരണത്തിൽ ക്ഷേമേന്ദ്രമഹാകവി ബുദ്ധഭഗവാൻ തന്നെയും തനിക്കു കാൽപെരുവിരലിൽ ഒരു പുണ്ണു തുടങ്ങി പത്തു രോഗങ്ങൾ അനുഭവിക്കേണ്ടിവന്നതു പ്രാരബ്ധങ്ങളുടെ ഫലമാണെന്നു ലോകത്തെ ഉദ്ബോധനം ചെയ്യുന്നതായി വൎണ്ണിക്കുന്നു.

ഈ പ്രസ്താവനയിൽനിന്നു മനുഷ്യനു് പാരതന്ത്ര്യവും സ്വാതന്ത്ര്യവും എത്രമാത്രമുണ്ടെന്നു വിശദമാകുന്നു. മനുഷ്യന്റെ പാരതന്ത്ര്യം സ്വാതന്ത്ര്യത്തെ അപേക്ഷിച്ചു് എത്രയൊ നിസ്സാരമാണു്. "കാമമയ ഏവായം പുരുഷഃ സയഥാ കാമോ ഭവതി തൽക്രതുർഭവതി; യൽക്രതുർഭവതി തൽ കർമ്മകുരുതേ; യൽകർമ്മകുരുതേ തദഭിസംപദ്യതേ" എന്നു വീണ്ടും ബൃഹദാരണ്യകോപനിഷത്തു ഘോഷിക്കുന്നു. ജീവാത്മാവു കാമമയനാകുന്നു; അവൻ യാതൊന്നിനെ കാമിക്കുന്നുവോ അതിനായി അദ്ധ്യവസായം ചെയ്യുന്നു. യാതൊന്നിൽ അദ്ധ്യവസായം ചെയ്യുന്നുവോ അതു നേടുന്നതിനുള്ള കർമ്മം ചെയ്യുന്നു. യാതൊരു കർമ്മം ചെയ്യുന്നുവോ അതിന്റെ ഫലം ലഭിക്കുകയുംചെയ്യുന്നു എന്നാകുന്നു ഈ വാക്യത്തിന്റെഅർത്ഥം. വിഷയങ്ങളെ ധ്യാനിക്കുന്നവന്റെ മനസ്സു് വിഷയങ്ങളോടു ചേരുന്നുഎന്നും; തന്നെ സ്മരിക്കുന്നവന്റെ മനസ്സു് തന്നിൽ ലയിക്കുന്നു എന്നും ശ്രീകൃഷ്ണഭഗവാൻ ഗീതയിൽ അരുളിച്ചെയ്തിട്ടുള്ളതിന്റെതാല്പര്യവും ഇതുതന്നെയാണു്. വനസഞ്ചാരം നിമിത്തമുള്ള വ്യഥ സഹിക്കുവാൻപാടില്ലാതെ ദ്രൗപദീദേവി ധർമ്മാത്മാവായ തന്റെ ഭർത്താവു യുധിഷ്ഠിരദേവനോടു്,

"നമാതൃപിതൃവദ്രാജൻ, ധാതാഭൂതേഷുവർത്തതേ;
രോഷാദിവപ്രവൃത്തോഽയം യഥായമിതരോജനഃ"

അതായതു് ദൈവം ജീവജാലങ്ങളോടു് അമ്മയേയോ, അച്ഛനേയോപോലെ പെരുമാറുന്നില്ലെന്നും കോപത്തോടുകൂടി സാധാരണങ്ങളായ ഇതരഭൂതങ്ങളെപ്പോലെയാണു് പ്രവർത്തിക്കുന്നതെന്നും സങ്കടപ്പെടുന്ന ഒരു

ഫലട്ടം മഹാഭാരതം വനപർവ്വത്തിലുണ്ട്. അതിന്നു യുധിഷ്ഠിരൻ ആ സാധ്വിയോട്ട് എന്തു സങ്കടങ്ങൾ നേരിട്ടാലും മനുഷ്യൻ ധർമ്മത്തിൽനിന്നു വ്യതിചലിക്കരുതെന്നും അങ്ങനെയിരുന്നാൽ അതിന്നു ഫലമുണ്ടാകുമെന്നും,

"അഫലോയദിധർമ്മഃ സ്യാച്ചരിതോധർമ്മചാരിഭിഃ
അപ്രതിഷ്ഠേതമസ്യേതജ്ജഗന്മജ്ജേദനിന്ദിതേ."

അതായതു ധർമ്മിഷ്ഠന്മാർ ആചരിക്കുന്ന ധർമ്മത്തിന്നു ഫലമില്ലെന്നു വന്നാൽ ഈ ജഗത്തു് നിലയില്ലാത്ത അന്ധകാരത്തിൽ അണ്ടുപോകുമെന്നും മററും യുക്തിയുക്തമായ ഉപദേശം നൽകുന്നു. പരമകാരുണികനായ ജഗന്നിയന്താവിൻെറ നൈർഘൃണ്യം (കാരുണ്യഹീനത) ആരോപിക്കുന്നതിനേക്കാൾ അസംബന്ധമായി മറെറാന്നുംതന്നെയില്ല. ഈ തത്വം മഹാകവി വെങ്കടാധ്വരി വിശ്വഗുണാദർശത്തിൽ ഹൃദയംഗമമായി പ്രപഞ്ചനം ചെയ്തിട്ടുണ്ട്.

"ക്ലേശത്യാഗകൃതേƒപ്പിതേനകരുണാത്വഹേനദേഹേനച
സ്വാനത്ഥംബത! ജന്തുരാജ്ജ്യതിചേന്മന്തുന്നിയന്തുഃകുതഃ?
ശശ്വേശത്രുജയായനൈജഗുരുണാദത്തേƒഥതേനൈവ
[ചേൽ
പുത്രോഹന്തിനിജംവപുഃകഥയതേതത്രാപരാധീകുതഃ.
ശാസ്ത്രംഭൂരിനിജസ്വരൂപമതയേസ്വാന്തംധനാത്ഥംവപുഃ
സ്വാധ്യാനായ മനശ്ചബുദ്ധിമനഘാംലബ്ധും ച തീർത്ഥാ
[ദികം
തത്വാന്യപ്യുപദേഷ്ടുമുത്തമഗുരുൻ ദത്വാനുഗ്രഹ്ണാ
[തിനഃ
സംസാരേതദപിദ്രമേമയദികിംകുർവ്വീത സവ്വേശ്വരഃ"

എന്നാകുന്നു അദ്ദേഹം പറയുന്നതു്. ക്ലേശങ്ങളെ നശിപ്പിക്കുന്നതിനായി പഞ്ചേന്ദ്രിയാദികരണങ്ങളേയും ദൈവത്തേയും നമുക്കു ജഗന്നിയന്താവു തന്നിരിക്കെ അവയെക്കൊണ്ടു നാം അനൎത്ഥത്തെയാണു് സമ്പാദിക്കുന്നതെങ്കിൽ അതിനു് അവിടുന്നാണോ കുററക്കാരൻ? ശത്രുക്കളെ കൊല്ലുന്നതിനായി അച്ഛൻ മകൻെറ കയ്യിൽ വാൾ കൊടുക്കുന്നു, ആ വാൾകൊണ്ടു മകൻ ആത്മഹത്യ ചെയ്യുന്നു, അങ്ങനെ വരുമ്പോൾ അതിൻെറ അപരാധം അച്ഛനോ മകനോ? തൻെറ സ്വരൂപം അറിയുന്നതിനു വേദാന്തശാസ്ത്രത്തേയും, തന്നെ ആരാധിക്കുന്നതിനു ശരീരത്തേയും, തന്നെ ധ്യാനിക്കുന്നതിനു മനസ്സിനേയും, നിൎമ്മലമായ ബുദ്ധി ജനിക്കുന്നതിനു പ്രയാഗാദി തീൎത്ഥങ്ങളേയും, തത്വോപദേശം നൾകുന്നതിനു് ഉത്തമഗുരുക്കന്മാരേയും തന്നു സവേശ്വരൻ നമ്മെ അനുഗ്രഹിക്കുമ്പോഴും നാം സംസാരത്തിൽ തന്നെ ഭ്രമിക്കുന്നു എങ്കിൽ അതിനു് അവിടുന്നു് എന്തു ചെയ്യും എന്നാണു് ഈ ശ്ലോകങ്ങളുടെ അൎത്ഥം. നോക്കുക! മനുഷ്യൻ സ്വതന്ത്രനോ അസ്വതന്ത്രനോ? സ്വൎഗ്ഗത്തിലേയ്ക്കോ നരകത്തിലേയ്ക്കോ യഥേഷ്ടം പ്രയാണം ചെയ്യുവാൻ അവനു കഴിയും. അവൻെറ ഗതിയെ ദൈവം ഒരു വിധത്തിലും പ്രതിരോധിക്കുന്നില്ല. നേരെ മറിച്ചു്,

"യംഭാരം പുരുഷോവോഢും
മനസാഹി വ്യവസ്യതി
ദൈവമേവ ധ്രുവം തസ്യ
സാഹായ്യായോപചഴ്യതേ".

യാതൊരു ഭാരത്തെ പുരുഷൻ വഹിക്കേണമെന്നു മനസ്സുകൊണ്ടു നിശ്ചയിക്കുന്നുവോ അവനു സാഹായ്യം

നൾകുവാൻ ദൈവം നിശ്ചയമായി വന്നുചേരുകതന്നെ ചെയ്യുന്നു എന്നു വ്യാസഭഗവാൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. അതു വാസ്തവമാണെന്നു സർ ഓളിവർലോഡ്ജ് മുതലായ പാശ്ചാത്യന്മാരായ അതീന്ദ്രിയജ്ഞാനധനന്മാർ മുക്തകണ്ഠമായി സമ്മതിക്കുകയും ചെയ്യുന്നു.

യുധിഷ്ഠിരോപദേശത്താൽ ഉദ്ബുദ്ധയായ പാഞ്ചാലി പറയുന്നതു കേൾക്കുക. "യത്നേകൃതേ യദിനസിദ്ധ്യതി കോത്രദോഷഃ" എന്ന വാക്യത്തിൽ അടങ്ങീട്ടുള്ള തത്വം ആ സ്ത്രീരത്നം എത്ര സമഞ്ജസമായി പ്രതിപാദിക്കുന്നു എന്നു നോക്കുക.

"പൃഥിവീംലാങ്ഗലേനഹ കൃഷ്ട്വാബീജംവപത്യുത
അസ്തേ ƒ ഥകർഷകസ്തൂഷ്ണീം പർജ്ജന്യസ്തത്രകാരണം
വൃഷ്ടിശ്ചേന്നാനുഗൃഹ്ണീയാദനേനാസ്തത്രകർഷകഃ
യദന്യഃ പുരുഷഃ കുര്യാത്തൽകൃതം സകലംമയാ
തന്തേ ഭദം ഫലമസ്മാകമപരാധോനമേ കചിൽ,
ഇതിധീരോ ƒ ന്വവേക്ഷൈവനാത്മാനാംതത്രഗർഹയേൽ."

ഭൂമി നല്ലപോലെ കലപ്പകൊണ്ടുഴുതിട്ടു് വിത്തു പാകുക എന്നുള്ളതു കൃഷിക്കാരൻെറ ജോലിയാകുന്നു; മഴപെയ്യേണ്ടതു പർജ്ജന്യദേവൻെറ ചുമതലയാണു്, മഴ പെയ്തില്ലെങ്കിൽ അതിൻെറ ദോഷം കൃഷിക്കാരനെ ബാധിക്കുന്നതല്ല. "മറെറാരു പുരുഷനാൽ ചെയ്യാവുന്നതു് ഞാനും ചെയ്തു. എൻെറ പ്രവൃത്തി എന്നെ സംബന്ധിച്ചിടത്തോളം ഇനി ഒന്നും അവശേഷിച്ചിട്ടില്ല; എന്നിട്ടിതാണു് ഫലമെങ്കിൽ എനിക്കതിലപരാധമില്ല" എന്നു ധീരനായി അവൻ മനസ്സുകൊണ്ടുറച്ചു് ആത്മാവിനെ നിന്ദി

PRESENTED BY:
SRI M. K. VASUDEVAN

ക്കാതെയിരിക്കണം. പിന്നെയും പ്രവൎത്തിക്കണം. എന്നൊ ങ്കിലും ആ പ്രവൎത്തിയുടെ ഫലം അവന്നു ലഭിക്കാതെ നിവൃത്തിയില്ല.

'താൻപാതി ദൈവംപാതി' എന്ന പഴഞ്ചൊല്ലു് എത്രയോ പരമാൎത്ഥമാണു്. ഉഴുത ഭൂമി എങ്ങനെ വിത്തു പാകിയില്ലെങ്കിൽ വിളയുകയില്ലയോ, അതുപോലെ പുരുഷപ്രയത്നം കൂടാതെ ദൈവാനുഗ്രഹം ഒരിക്കലും ഉണ്ടാകുകയില്ല. ദൈവവും പുരുഷാകാരവും ഒരു വണ്ടിയുടെ രണ്ടു ചക്രങ്ങളാണെന്നും വണ്ടി മുന്നോട്ടോടണമെങ്കിൽ രണ്ടു ചക്രങ്ങളും ഒന്നിച്ചു ചേൎന്നു പ്രവൎത്തിക്കണമെന്നും ആചാൎയ്യന്മാർ പ്രസ്താവിക്കുന്നുണ്ടു്. പ്രയത്നശാലിയെ ദൈവം അനുഗ്രഹിക്കുന്നതു് ഒരു വണ്ടിയിൽ പൂട്ടീട്ടുള്ള രണ്ടു കാളകളിൽ ഒന്നു ബലവത്തും ഊൎജ്ജസ്വലവുമാണെങ്കിൽ അതു് അലസവും അനനുകൂലവുമായ മറേറതിനെക്കൂടി വലിച്ചുകൊണ്ടു പോകുന്നതുപോലെയാകുന്നു എന്നത്രേ എൻെറ അഭിപ്രായം. അതുതന്നെയാണു് "ഉന്നതിക്കായിക്കൊണ്ടു പ്രയത്നം ചെയ്തീടണം വന്നതുവന്നു; പിന്നെ ദൈവം തുണച്ചീടും" എന്ന പഞ്ചതന്ത്രവാക്യത്തിൻെറയും "ദൈവം നിഹത്യ കുരുപൌരുഷമാത്മശക്ത്യാ" എന്ന ഭൎത്തൃഹരി വാക്യത്തിൻെറയും തത്വം. "ഞാൻ ഉദ്യമിക്കേണ്ട; വിധിച്ചതുപോലെ വരും" എന്നുള്ള മനഃസ്ഥിതിയത്രേ സൎവോപരി വൎജ്ജനീയമായുള്ളതു്.

"അകൃത്വാ മാനുഷം കൎമ്മ
യോ ദൈവമനുവൎത്തതേ
വൃഥാ ശ്രാമ്യതി, സമ്പ്രാപ്യ
പതിം ക്ലീബമിവാംഗനാ".

എന്നു വ്യാസഭഗവാൻ അനുശാസനപർവ്വത്തിൽ ഈ മനഃസ്ഥിതിയുടെ ഹേയതയെ യുക്തിയുക്തമായി അപഹസിച്ചിട്ടുണ്ടു്. ഒരു മനുഷ്യൻ താൻ ചെയ്യാനുള്ള കൃത്യം ചെയ്യാതെ ദൈവത്തെ നോക്കി വായും പൊളിച്ചു കൈയും കെട്ടി തൂണും ചാരി നില്ക്കുന്നതു സന്താനത്തിനുവേണ്ടി കേവലം നപുംസകമായ ഭർത്താവിനെ സ്ത്രീ പ്രാപിക്കുന്നതുപോലെയാകുന്നു എന്നത്രേ ആ മഹർഷിവര്യൻ പാമരന്മാരായ നമ്മെ, നമുക്കു കേട്ടാൽ മനസ്സിലാകത്തക്ക ഭാഷയിൽ പഠിപ്പിക്കുന്നതു്. അതുകൊണ്ടു് ഉണരുക; ഉത്ഥാനം ചെയ്യുക; ഉപര്യുപരി പ്രയത്നിക്കുക; ഉദ്ഗതി നമ്മെ സ്വയം വരിക്കാതെ എന്തു ചെയ്യും? ഇന്നല്ലെങ്കിൽ നാളെ; നാളെയല്ലെങ്കിൽ നാലുനാൾ കഴിഞ്ഞിട്ടു്; പക്ഷേ പ്രയത്നിക്കണം; വിഷ്ണുഭഗവാൻകൂടി യോഗനിദ്രാവ്യാജേന പാലാഴിയിൽ ലോകസ്ഥിതിയെ ലക്ഷീകരിച്ചു പ്രയത്നിക്കുന്നു; പോരാ തപസ്സുചെയ്യുന്നു എന്നത്രേ പുരാണവചനം.

"അർത്ഥോഹ്യർത്ഥസ്യനക്ഷത്രം കിംകരിഷ്യന്തിതാരകാഃ?" "അർത്ഥംതന്നെയാണു് അർത്ഥത്തിന്റെ ഗ്രഹം. നവഗ്രഹങ്ങളും മററും വിചാരിച്ചാൽ ഉത്സാഹശീലനെ എന്തുചെയ്യാൻ കഴിയും" എന്നു ചോദിക്കുന്നു. ചന്ദ്രഗുപ്തനെ ചക്രവർത്തിയായി വാഴിച്ച മഹാത്മാവും കർമ്മശൂരനുമായ അർത്ഥശാസ്ത്രകാരൻ കൌടില്യൻ. വ്യവസായശീലനെ ഗ്രഹങ്ങൾ മാത്രമല്ല ഈശ്വരനും മാനിക്കും; സ്നേഹിക്കും; അനുഗ്രഹിക്കും. അത്യുൽക്കടമായ വ്യവസായം മാത്രമാകുന്നു തപസ്സു്.

---

With the kind permission of Rao Sahib Mahakavi Ulloor S. Parameswara Iyer Avl., M. A., B. L.

---

# II. ഭാഷാസാഹിത്യം.

[വി. കൃഷ്ണൻതമ്പി അവർകൾ ബി. ഏ.]

കേരളത്തിൻെറ പരിമാണവും ജനസംഖ്യയും നോക്കുമ്പോൾ കൈരളിക്കു സിദ്ധമായിരിക്കുന്ന സാഹിത്യം അതിവിപുലമാണു്; അതിവിശിഷ്ടമാണു്; അത്ഭുതാവഹമായ രീതിയിൽ വിവിധപ്രസ്ഥാനങ്ങളാൽ ശാഖോപശാഖമാണു്. ഇത്ര കുറച്ചു ആളുകൾമാത്രം സംസാരിക്കുന്ന മററൊരു ഭാഷയിലും ഇത്ര സംസ്കാരവും പാകവും ലഭിച്ച ഒരു സാഹിത്യം കാണുന്നില്ല. ഇതിനു കാരണം, വളരെ മുൻപു മുതല്ക്കുതന്നെ കേരളീയർ ഉയന്നതരത്തിലുള്ള സംസ്കൃതിയും സഹൃദയത്വവും സമ്പാദിച്ചിരുന്നുവെന്നുള്ളതാണു്. സംസ്കൃതഭാഷ, ഏതാനും ദ്രാവിഡഭാഷകൾ, ഉത്തരഇൻഡ്യയിലെ ഏതാനും ഭാഷകൾ, എന്നിവ നല്ലപോലെ പഠിക്കുക എന്നുള്ളതു് കേരളത്തിൽ പണ്ടേ തുടങ്ങി ഇടക്കാലംവരെ നടപ്പുള്ള ഒരു സമ്പ്രദായമായിരുന്നു. ഇടക്കാലത്തു് ഇംഗ്ലീഷ് ആ ഭാഷകളുടെ സ്ഥാനം കൈയേററു. എന്നാൽ, ഇങ്ങനെ മററു ഭാഷകളിലെ സാഹിത്യം വഴിയായി സംസ്കാരം ലഭിക്കുന്നവൎക്കു പലപ്പോഴും പററാറുള്ളതു്, വേൽസിനും (Wales) അയർലണ്ടിനും (Ireland) പററിയതുപോലെ, സ്വന്തഭാഷ വെറും അടുക്കളഭാഷയായിത്തീൎന്നു് അതിലെ സാഹിത്യം ശോഷിച്ചു നശിച്ചുപോവുകയാണു്. കേരളീയൎക്കാകട്ടെ, ഉദ്യോഗം ഭരിക്കുക, വാദിക്കുക, പടവെട്ടുക, കച്ചവടം

നടത്തുക മുതലായതു് ഏതു ഭാഷയിലും ആകാൻ വിരോധമില്ലെങ്കിലും, ചിരിക്കുക, കരയുക, ഇണങ്ങുക, വണങ്ങുക മുതലായതൊക്കെ സ്വന്തഭാഷയിൽ വേണമെന്നു് അന്നും ഇന്നും നിർബന്ധമുണ്ടായിരുന്നിട്ടുണ്ടു്. ഇവയാണു് സാഹിത്യത്തിനു് അടിസ്ഥാനവും. പുതുതായി കണ്ടെത്തുന്ന ഓരോ പഴയപാട്ടും കേരളീയരുടെ ഈ പുരാതനമായ അഭിനിവേശത്തെ സ്പഷ്ടമാക്കുന്നുണ്ടു്. അതിനാൽ, കേരളീയരുടെ സ്വഭാഷാസ്നേഹമാണു് അവക്കു ചിരന്തനമായ, ബഹുമാന്യലബ്ധമായ സംസ്കൃതിയെ തറവാട്ടിൽ കൊണ്ടുവന്നു മുതൽക്കൂട്ടുവാൻ അവരെ പ്രേരിപ്പിച്ചതും, ഇതു മൈനാറിട്ടി (വിരളപക്ഷ) സമുദായമായ നമുക്കു് ഇതു വിപുലവും വിശിഷ്ടവും ആയ സാഹിത്യം സിദ്ധമാകുവാൻ ഇടയാക്കിയിട്ടുള്ളതും. ഇതു നമുക്കു് എത്രയും അഭിമാനജനകമാണു്. എന്നാൽ ഈ ഒരു വസ്തുത നമ്മുടെ സാഹിത്യത്തിൻെറ വളച്ചയെ മറെറാരുവിധത്തിൽ നിയന്ത്രിച്ചുകൊണ്ടുതന്നെ ഇരിക്കും. മുൻപെന്നപോലെ ഇന്നും നമുക്കു പഠിക്കുവാനുള്ള ഭാഷ ഒന്നു്, പറയാനുള്ള ഭാഷ വേറൊന്നു് എന്ന വ്യത്യാസം ഉണ്ടായിരിക്കതന്നെ ചെയ്യും. പണ്ടു് സംസ്കൃതത്തിലെ തക്കവും വേദാന്തവും വ്യാകരണവും അലങ്കാരവും പഠിച്ചുകിട്ടിയ സംസ്കാരം, മലയാളത്തിൽ രാമായണമായും കൃഷ്ണഗാഥയായും ചമ്പുക്കളായും മററും പകന്നു. ഈ ഗ്രന്ഥങ്ങളിൽ വികസിച്ചു ശോഭിച്ചു കാണുന്ന തത്വകുസുമങ്ങൾക്കു കക്കശമായ സാധകബാധകചിന്തനം ചെയ്യുന്ന സൂത്രഭാഷ്യവും ഗതാധീയവും ആരും മലയാളത്തിൽ എഴുതിയില്ല. ഇന്നു

പാശ്ചാത്യരുടെ [1]Sociology-യും, [2]Philosophy-യും, [3]Poetry-യും, [4]History-യും, മററും പഠിച്ചു ലഭിച്ച സംസ്കാരത്തിൻെറ സാരവും സാരസ്യവും ഊർജ്ജസ്വല ങ്ങളായ ഉത്കൃഷ്ടഗ്രന്ഥങ്ങളിൽ പകൻവരുന്നുണ്ടു്. എന്നാൽ ആ ശാസ്ത്രങ്ങളിൽ ഒരെണ്ണത്തിൻെറ അകത്തെ ഉദ്ഗ്രന്ഥങ്ങളെല്ലാം അത്ര പാടേ പകത്തി തനിക്കു താൻ പോന്ന നില നേടാൻ കൈരളിക്കു ഒരിക്കലും സാദ്ധ്യമല്ല താനും. സ്വർഗ്ഗംഗയോളം ഉയരന്നേത്താവുന്ന കൈരളീ രാജഹംസിയുടെ ഉഡ്ഡയനത്തിൻെറ പരിധി പരിമിത മാണു്. അന്യഭാഷകൾ പഠിച്ചു് പല വിജ്ഞാനശാഖ കളുടേയും ശിഖരങ്ങളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിട്ടുള്ള ചില പണ്ഡിതന്മാർ, ഇനി പഠിക്കുന്നവക്കു മാതൃഭാഷാ മുഖേന ബി. ഏ., യോ എം. ഏ., യോ ഒക്കെ പാസ്സാ കുന്നതാണു് അഭിമാനകരമെന്നും അതാതു വിഷയങ്ങളിൽ ഏതാനും പാഠ്യപുസ്തകങ്ങൾ എഴുതി ഉണ്ടാക്കിക്കൊണ്ടിരു ന്നാൽ മതിയാകുമെന്നും ഇപ്പോഴും ഉദ്ഘോഷിച്ചു കേൾ ക്കാറുണ്ടു്. കേരളീയരുടെ സംസ്കൃതിയെപ്പററി പണ്ടേ യുള്ള വിശ്രുതിക്കു സമൂലനാശം നേരിടുവാൻ വേറെ മാർഗ്ഗം വേണ്ട. നമ്മുടെ സാഹിത്യത്തിൻെറ സ്വച്ഛന്ദ ഗതിക്കു് അതിരുകൾ ഉണ്ടെന്നുള്ള സവപ്രത്യക്ഷമായ സംഗതി ഇവിടെ പ്രസ്താവിച്ചു എന്നേയുള്ളു.

2. കൈരളിയുടെ ഇന്നത്തെ സാഹിത്യസമ്പ ത്തിൻെറ നിലയെപ്പററി അല്പം ആലോചിക്കുന്നതും നമ്മുടെ കൃത്യമാണെന്നു തോന്നുന്നു. സൌകര്യത്തിനുവേണ്ടി

---

1. സമുദായശാസ്ത്രം. 2. തത്ത്വമീമാംസ. 3. കവിത. 4. ചരിത്രം.

സാഹിത്യത്തെ ഇവിടെ രണ്ടിനമായി പിരിക്കുന്നു. അഭിനയം, സംഗീതം, കളികഠം വിനോദങ്ങഠം മുതലായവയെ ഉപജീവിച്ചുകാണുന്ന സാഹിത്യത്തെ പ്രായോഗികം എന്നു വിവക്ഷിക്കാം; അംഗിയായി, അതു തന്നെ പ്രധാനമായി മറെറാരു കലയുടെ സാഹായ്യം കൂടാതെ നില്ക്കുന്ന സാഹിത്യം ശുദ്ധസാഹിത്യമെന്നും പറയാം. (Pure and applied Literature) സാഹിത്യദൃഷ്ട്യാ നോക്കുമ്പോഠം പരമകാഷ്ഠയിൽ എത്തുവാൻ സാദ്ധ്യമാകുന്നതു് ശുദ്ധസാഹിത്യത്തിനു മാത്രമാണല്ലോ. അപ്രകാരമുള്ള ശുദ്ധസാഹിത്യത്തിൽ അന്തർഭവിക്കുന്ന പല കൃതികളും ഇന്നുണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നതു് നമുക്കു അഭിമാനപ്രദമാണെങ്കിലും അതിൻെറ അന്തരീക്ഷം ഏററവും ക്ഷുബ്ധമായിട്ടാണു് കാണുന്നതെന്നുള്ള വസ്തുത മറക്കാനോ മറയ്ക്കാനോ തരമില്ല. പ്രസ്ഥാനഭേദങ്ങളെപ്പററിയുള്ള ചില ഉറച്ച ഇഷ്ടാനിഷ്ടങ്ങഠം നിമിത്തം പലക്കും പല കവിതകളും വായിക്കുവാൻതന്നെ സാധിക്കാതെ കണ്ടിട്ടുണ്ടു്. ഈ പ്രസ്ഥാനവിശേഷങ്ങളുടെ സ്വഭാവത്തേയും അവയുടെ പുതുമയേയും പഴമയേയും പററി വളരെ സ്വല്പമായെന്തു നിഷ്കഷിക്കുന്നതു് അസ്ഥാനത്തിലാവുകയില്ലല്ലോ. എല്ലാ കൃതികളിലും, പ്രാധാന്യമനുസരിച്ചും, സൗകര്യമുദ്ദേശിച്ചും മൂന്നു പ്രസ്ഥാനഭേദങ്ങഠം ഉള്ളതായി സങ്കല്പിക്കാം. കഥനരീതിയിലും വൎണ്ണനാരീതിയിലും ഉള്ള കവിതകഠം ഒരുതരം രസം ചിന്നിച്ചിതറുന്ന വ്യംഗ്യഭംഗിയോടുകൂടി ബാഹ്യപ്രകൃതിയും അന്തരപ്രകൃതിയും ചിത്രീകരിച്ചു് കഥാഗതിയെ സുവൎണ്ണരേഖകഠംകൊണ്ടു നമ്മുടെ

ഹൃദയങ്ങളിൽ ആലേഖനംചെയ്യുവാൻ പോരുന്ന ഈ കവികൃത്യത്തിനു് ഉത്തമോദാഹരണം രഘുവംശമാണു്. മററു പ്രസ്ഥാനങ്ങളിൽനിന്നു് ഇതിനെ വേർതിരിക്കുന്ന സംഗതി കവിയുടെ മനോഭാവമാണു്. കവി അനുഭവിക്കുന്ന രസം ഒന്നുണ്ടെന്നു പറയണമെങ്കിൽ അതു് ശാന്തരസമാണു്. അവസരാനുഗുണമായി വേണ്ട ശബ്ദാൎത്ഥപരികരങ്ങളോടുകൂടി മററു രസങ്ങളെ അപ്പോഴപ്പോൾ ഈ ശാന്തരസം ആശ്രയിക്കുന്നുവെന്നേയുള്ളു. രണ്ടാമത്തെ ഒരു പ്രസ്ഥാനം ഇംഗ്ലീഷിൽ Lyric എന്നു പറയുന്നതാണു്. "ഗാഥ" എന്നു് അതിനു പേരുകൊടുക്കുന്നതിൽ ഔചിത്യം കണ്ടേയ്ക്കാം. ഒരു പ്രത്യേക പരിതഃസ്ഥിതി സങ്കല്പിച്ചു് അതിൽപെട്ട നായകന്റേയോ നായികയുടേയോ മനോഭാവത്തോടു കവി അഭേദം സമ്പാദിക്കുന്നുവെന്നതാണു് ഈ പ്രസ്ഥാനത്തിന്റെ വിശേഷം. ശിശുനാശം സംഭവിച്ച മാതാവിന്റേതാണു് പരിതഃസ്ഥിതിയെങ്കിൽ കവി ആ മാതാവിന്റെ സ്ഥാനത്തുനിന്നു് ലോകം മുഴുവൻ ശിശുവിന്റെ ലീലകളെ അനുസ്മരിപ്പിക്കുന്നതായിട്ടുതന്നെ കാണുന്നു. നുരയണിഞ്ഞ തിരമാലകളും മലരണിഞ്ഞ വല്ലികളും ഉച്ചിയിൽ തലകെട്ടി പിച്ചിപ്പൂ ചൂടിയ പൈതലായി ചമയും. ഇത്തരം കവിതയുടെ പാരമ്യം മേഘദൂതിൽ കാണുന്നുണ്ടു് നായകനായ യക്ഷന്റെ, അല്ലെങ്കിൽ കവിയുടെ ദൃഷ്ടിയിൽ പ്രകൃതി മുഴുവൻ ശൃംഗാരക്കലവിയുടെ വിവിധചിത്രങ്ങൾ മാത്രമാണു്. മേഘദൂതത്തിന്റെ അനുകരണങ്ങളിൽ ഈ രസക്കുറവു ചിലപ്പോൾ കാണുന്നുണ്ടെങ്കിൽ കവി ഈ സങ്കല്പപദ്ധതിയിൽനിന്നു തെററിമറിഞ്ഞു്, മാർഗ്ഗവർണ്ണന

യിലും, മററും കേവലം ഇന്നത്തെ ഒരു യാത്രക്കാരനായി ത്തീരുന്നതുകൊണ്ടാണ്. അങ്ങനെ ചെയ്യുമ്പോഴും ഏതാണ്ടൊരു കവിത്വം അവർ സമ്പാദിച്ചിരിക്കാം. എന്നാൽ അതു് കഥനരീതിയിലുള്ള കവിത്വമാണ്. Lyric Poetry യാകുന്നില്ല. മൂന്നാമത്തെ പ്രസ്ഥാനം 'Mystic' കവിതയാണ്. ഇവിടെ മിക്കവാറും ആദ്ധ്യാത്മികമായി ജീവിച്ചു് അഗാധമായ ചിന്താശക്തിയോടുകൂടി ലോകരംഗത്തെ ക്രാന്തദൃഷ്ടികൊണ്ടു് നിരീക്ഷണം ചെയ്യുന്ന കവിയ്ക്കു് വാക്കുകൾകൊണ്ടു് കുറിക്കാൻ കഴിയാത്ത ചില അനുഭൂതികൾ സിദ്ധിക്കുന്നു. ഏതാണ്ടു സമാനാനുഭൂതിയുള്ളവരുടെ അന്തഃകരണത്തിൽ മാത്രം അദ്ദേഹത്തിൻെറ വാക്കുകൾക്കു് ഒരു പ്രതിധ്വനി ഉണൎത്തുവാനും അത്തരം അനുഭൂതികൾ പകൎത്തുവാനും സാധിക്കും. കവി ഇവിടെ രസാതീതനാണ്. ഇത്തരത്തിലുള്ള കവിതയുടെ മെച്ചം കാണുന്നതു് ഉപനിഷത്തുകളിലാണ്. ഈയിടെ മിസ്ററിക് കവിത പലരുടേയും അധിക്ഷേപത്തിനും ഭ്രൂക്ഷേപത്തിനും പാത്രമായിട്ടുണ്ടെങ്കിൽ അതു് അത്യുത്കൃഷ്ടമായ ഈ പ്രസ്ഥാനത്തിൻെറ കുററമല്ല. ഇനി ഈ പ്രസ്ഥാനങ്ങൾ പ്രാചീനകവികൾക്കു് എത്രത്തോളം ആദരണീയമായി തോന്നിയിട്ടുണ്ടു് എന്നാലോചിക്കുകയാണെങ്കിൽ, മഹാഭാരതവും രാമായണവും ഈ മൂന്നു പ്രസ്ഥാനങ്ങളേയും അംഗീകരിച്ചു്, വെവ്വേറായി ഇവയെ അവലംബിച്ചിട്ടുള്ള മററു കൃതികൾക്കു് ഇന്നോളം അതിശയിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത മെച്ചത്തോടുകൂടി ഏകത്ര കൂട്ടിയിണക്കിയിട്ടുണ്ടു്. ഇവയിലെ ഓരോ ഖണ്ഡവും പ്രത്യേകം പിരിച്ചെടുക്കുന്നപക്ഷം ഈ മൂന്നു പ്രസ്ഥാനങ്ങൾക്കും വിശിഷ്ടോദാഹര

ങ്ങളായിരിക്കും. ഒരു ലതയിൽ ഇലയും തളിരും പൂവും പോലെയാണു് ഈ കൃതികളിൽ ഈ മൂന്നു പ്രസ്ഥാനങ്ങളും മേളിച്ചു കാണുന്നതു്. പിൻകാലങ്ങളിലെ വിശകലനം നിമിത്തമുണ്ടായ ഖണ്ഡകാവ്യങ്ങൾ ഈ പ്രസ്ഥാനങ്ങളിൽ ഓരോന്നിനെ വെവ്വേറായി അനുകരിച്ചുകാണുന്നു. രണ്ടു സഹസ്രാബ്ദം മുൻപു് കാളിദാസന്റെയും, ഇന്നു് ടാഗൂറിന്റെയും വാഗ്ദേവതയ്ക്കു് ഉന്മേഷം നല്കിയ ഉപനിഷദിതിഹാസങ്ങളിൽ പ്രസ്പഷ്ടമായ ഈ പ്രസ്ഥാനങ്ങൾക്കു് പുതുമയും പഴമയും ആരോപിച്ചുള്ള തർക്കങ്ങൾ ബുദ്ധിക്കു വ്യായാമം കൊടുക്കുന്നതുകൊണ്ടു മാത്രം ആദരണീയങ്ങളാണെന്നു സാരം. ഇടക്കാലത്തുള്ള സാഹിത്യകാരന്മാർക്കു് ഓരോ ശ്ലോകത്തിലും അലങ്കാരാദി വൈചിത്ര്യങ്ങൾ വേണമെന്നുള്ള നിർബന്ധംപോലെ എഴുതുന്നതൊക്കെ 'ലിറിക്കോ' 'മിസ്റ്ററിക്കോ' ആയിരിക്കണമെന്നുള്ള ആഗ്രഹം യുക്തിയുക്തമല്ല. കഥനരീതിയും വർണ്ണനാരീതിയും ധാരാളം കവിത്വത്തിനു് അവകാശം നല്കുന്നുമുണ്ടു്. അതു് അത്യന്തം ആവശ്യവുമാണു്. ഭാരതരാമായണാദികളുടെ സ്കന്ധങ്ങളിൽ പൊട്ടിമുളച്ചുണ്ടായ തളിരുകളും പൂക്കളുമാണു് 'ബന്ധനസ്ഥനായ അനിരുദ്ധൻ' 'ചിന്താവിഷ്ടയായ സീത' 'പിങ്ഗള' മുതലായവ. വാല്മീകിയുടെയും വ്യാസന്റെയും സൃഷ്ടികളായ അനിരുദ്ധാദികളുടെ പരിചയമാണു് ഖണ്ഡകാവ്യങ്ങളിൽനിന്നു് നമ്മുക്കുണ്ടാകുന്ന രസത്തിന്റെ ഉറവു്. കൃഷ്ണഗാഥ മുതലായവയുടെ മാതൃകകൾ പഴഞ്ചനായിപ്പോയി എന്നു് ചില സ്നേഹിതന്മാരുടെ അഭിപ്രായം അറിവുള്ളതുകൊണ്ടാണു് ഇത്രയും ഈ വിഷയത്തെപ്പററി പറഞ്ഞതു്.

KRISHNA VILASOM GRANDHASALA TRIVANDRUM

ശുദ്ധസാഹിത്യത്തിലെ ഗദ്യത്തിലേയ്ക്കു് പ്രവേശിക്കുകയാണെങ്കിൽ നോവലുകളാണു് പ്രഥമഗണനീയമായിട്ടുള്ളതു്. ഇവയിൽ ചരിത്രാഖ്യായികകൾ മാത്രമേ നമുക്കു പൂർണ്ണാഭിമാനത്തിനു വകയായിത്തീർന്നിട്ടുള്ളു. ഇതു് നോവൽസാഹിത്യത്തിൻെറ വളർച്ചയിൽ ആദ്യഘട്ടമേ ആയിട്ടുള്ളു. ഇന്ദുലേഖയ്ക്കും ശാരദയ്ക്കും പരമാർത്ഥത്തിൽ സഹോദരികൾ ഉണ്ടായിട്ടില്ല. ചെറുകഥാപ്രസ്ഥാനം ആദരിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും ഉത്കൃഷ്ടമെന്നു പറയുമാറു് ചിലതേ നമുക്കു സിദ്ധിച്ചിട്ടുള്ളു. ഫലിതസാഹിത്യത്തിലും നമുക്കു് വിലയേറിയ ചില കൃതികൾ ഉണ്ടു്.

3. പ്രായോഗിക സാഹിത്യം:—ശുദ്ധ സാഹിത്യത്തിൻെറ മേന്മ ഇതിനൊരിക്കലും സംഭവിക്കയില്ലെങ്കിലും ഇതു ഭാഷയ്ക്കു് അത്യന്താപേക്ഷിതമാണു്. എത്രയും ഇളം വയസ്സുമുതൽ തന്നെ മുൻപുള്ളവർ ചൊല്ലിക്കേട്ടു് പരിചയിച്ചുപോന്നതായ താരാട്ടുപാട്ടു്, ഊഞ്ഞാൽപാട്ടു്, ഓണപ്പാട്ടു്, കല്യാണക്കളിപ്പാട്ടു്, ബ്രാഹ്മണിപ്പാട്ടു്, വഞ്ചിപ്പാട്ടു് കൃഷിപ്പാട്ടു്, തുള്ളൽപ്പാട്ടു്, കഥകളിപ്പാട്ടു് എന്നിങ്ങനെ പലമാതിരി പാട്ടുകൾ ഉണ്ടായിരുന്നു. കേരളീയരുടെ ഏതു പ്രധാനപ്രവൃത്തിക്കും അപരിഹാര്യമായിരുന്നു പാട്ടു്. ഇങ്ങനെ ജനിച്ച വാസനയുടെ ഫലമായിട്ടാണു് കൈരളീസാഹിത്യത്തിൽ പ്രണയവും രസികതയും അവക്കു് സിദ്ധമായതും ഒടുവിൽ ഉത്കൃഷ്ടങ്ങളായ കാവ്യങ്ങൾ രസിക്കുവാനും ആസ്വദിക്കുവാനും അവക്കിടയായതും. സർവസ്പർശകമായ ശക്തിയോടുകൂടിയുള്ള ഇംഗ്ലീഷിൻേറയും, സംസ്കൃതത്തിൻേറയും, തമിഴിൻേറയും ഈയിടെ ഹിന്ദി

യുടേയും ഉപമർദ്ദം പ്രബലമായിരിക്കുന്ന ഇക്കാലത്തു് മുൻ പറഞ്ഞ തരത്തിലുള്ള പ്രായോഗികസാഹിത്യം നമുക്കു് പ്രത്യേകിച്ചും അവശ്യമായിത്തീൎന്നിട്ടുണ്ടു്. എത്ര മഹാകവികൾ എത്ര അമൃതധാര പൊഴിച്ചാലും കൈരളീപ്രതിപത്തിയോടും കേരളീയ സംസ്കാരത്തോടുംകൂടി വളരാത്ത കേരളീയക്കു് അതു് ആകർഷകമാകാതെ പോകും; അതു് മനസ്സിലാക്കുവാൻ ശക്തിയില്ലാതെപോകും. നമ്മുടെ പുരാതനപ്രായോഗിക സാഹിത്യങ്ങളിൽപലതും ഇപ്പോൾ ഗവേഷകന്മാൎക്കുമാത്രം അവശ്യമായിരിക്കുന്നതേയുള്ളു. മററു പലതും ക്രമേണ ക്ഷയിച്ചു് അചിരേണ അസ്തമിക്കുമെന്നുള്ള നിലയിലായിട്ടുണ്ടു്. ഒന്നുംതന്നെ ഇന്നു വേണ്ട മട്ടിൽ നിലവിലിരിക്കുന്നുമില്ല. പുതുതായി ഉണ്ടായിട്ടുള്ള പദ്ധതികൾക്കു് ഇനിയും ഉറപ്പു കിട്ടീട്ടില്ലതാനും. നമ്മുടെ സാഹിത്യത്തിനു ശ്രേയസ്സു് അന്യൂനമായിത്തന്നെയിരിക്കണമെന്നു കാംക്ഷിക്കുന്നപക്ഷം, ഇത്തരം സാഹിത്യത്തിനു് അവലംബമായിരുന്നിട്ടുള്ള കലകളിൽ മേലും പോഷിപ്പിക്കാനവകാശം നല്കുന്നവയെ എല്ലാം പ്രത്യേകം ശ്രദ്ധയോടെ ഉദ്ധരിച്ചു പ്രതിഷ്ഠിക്കുകയാണു് നമ്മുടെ ആദ്യകൃത്യം. അപ്രകാരമുള്ള കലകളിൽ പ്രധാനപ്പെട്ടവയെ മാത്രം ഇവിടെ ഗണിക്കുന്നു.

൧. കഥകളി:—ഇന്നു് ഇതിൻെറ മേന്മയെപ്പററി പ്രസംഗിക്കേണ്ട അവശ്യമില്ലാത്തമട്ടിൽ അതിൻെറ യശസ്സു് വിശ്വവിശ്രുതമായിത്തീൎന്നിട്ടുണ്ടു്. അതിനു് മഹാകവി വള്ളത്തോൾ ഏകനിദാനവുമാണു്. എന്നാൽ കഥകളിയുടെ മെച്ചമെന്താണു്? എന്തു പുതിയ തത്വമാണു്

കഥകളി കലാവിഷയകമായി ലോകത്തിനുപദേശിക്കുന്നതു് എന്ന ചോദ്യത്തിനു ശരിയായ ഉത്തരമുണ്ടു്. കഥകളിയിലെ അഭിനയം, ഭിന്നരീതിയിലാണെങ്കിലും, നാടകത്തിലും കാണാം. ആന, സിംഹം, ഹംസം മുതലായവയുടെ ചമത്കാരസഹിതമായ, സർവാംഗസമാകൃതമായ ചിത്രീകരണവും ചേഷ്ടാനുകരണവും ഈയിടെയുണ്ടായിട്ടുള്ള ചില പാശ്ചാത്യനൃത്തങ്ങളിലും കണ്ടുവരുന്നു. എന്നാൽ ലോകത്തിൽ യാതൊരഭിനയകലയിലും കാണാത്ത ഒരു വിശേഷം കഥകളിയിലുണ്ടു്. അതായതു് അഭിനയകലയ്ക്കു് അപ്രതിഹതമായ സ്വാതന്ത്ര്യവും സംപൂർണ്ണതയും കഥകളിയിലെപ്പോലെ മറ്റെങ്ങും കാണുകയില്ല. നാടകത്തിൽ, 'കൊമ്പനാന വനനിൽക്കുന്നു' എന്നൊരുനടൻ പറഞ്ഞാൽ വല്ലതും അഭിനയം സ്ഫുരിക്കണമെങ്കിൽ, അതു്, ആ വാക്കുപറഞ്ഞു കഴിയുമ്പോൾ അവസാനിപ്പിച്ചുകൊള്ളണം. അവിടെ ഓടുകയാണു് പ്രകൃതമെങ്കിൽ ഉടൻ ഓട്ടം നടിച്ചുകൊള്ളുകയും വേണം. എന്നാൽ ക്ഷണം കൊണ്ടാണെങ്കിലും ബുദ്ധികൊണ്ടും മനസ്സുകൊണ്ടും വളരെ പ്രവൃത്തികൾ അവിടെ നടക്കുന്നുണ്ടു്. ഇവ ഒക്കെ വിട്ടിട്ടു് കേവലം ബാഹ്യചേഷ്ടയായ ഓട്ടംമാത്രം നടക്കുന്നതു് യഥാർത്ഥാഭിനയമല്ല. അഭിനയാഭാസമാണു്. കഥകളിയിലാകട്ടെ കൊമ്പനാനയുടെ ആകൃതിയും പ്രകൃതിയും മദോന്മത്തതയും, അതു കണ്ടിട്ടു് ആ പാത്രത്തിനുള്ള വികാരവും ഒക്കെ അഭിനയിച്ചു് അരമണിക്കൂർ കഴിച്ചുവെന്നു വരാം. പാട്ടുകാരൻ 'കൊമ്പനാന വനനിൽക്കുന്നു' എന്നു് എത്രവണ വേണമെങ്കിലും ആവർത്തിച്ചു പാടിക്കൊ

ളളും. അന്തരായത്തു് സാഹിത്യം അഭിനയത്തിനു് ദാസ്യം വഹിച്ചു് സമയം കാത്തുനിന്നുകൊള്ളും. ഇതു രസഭംഗമല്ലേ, ഔചിത്യഭംഗമല്ലേ എന്നൊക്കെ ചോദ്യമുണ്ടാകാം. എന്നാൽ, സദസ്യർ രസിക്കുകതന്നെ ചെയ്യുന്നു. ഔചിത്യത്തിനു് ലേശം ഭംഗമില്ലെന്നു് ആലോചിച്ചാൽ സ്പഷ്ടമാകും. ഒരു കുന്നിനേയും ഒരു പനയേയും ഒരു മനുഷ്യനേയും അടുത്തടുത്തുതന്നെ, ഏതാണ്ടു് ഒരേ വലിപ്പത്തിൽതന്നെ, ചിത്രീകരിച്ചുകാണുന്ന ചൈനീസ്കപ്പുകളും ഭരണികളും തൃഷ്ണയോടെ സംഭരിക്കുന്ന പാശ്ചാത്യ സഹൃദയനു് ഈ വലിപ്പച്ചെറുപ്പത്തിന്റെ കുഴപ്പം ഗണ്യമായിട്ടേ തോന്നുന്നില്ല. സർവ്വേക്കാരൻ അംഗീകരിച്ചിരിക്കുന്ന വലിപ്പച്ചെറുപ്പമല്ല കലാകാരൻ അംഗീകരിക്കുന്നതു്. സർവ്വേക്കാരൻ ബാഹ്യദൃഷ്ടിയെ പ്രമാണമാക്കുന്നുവെങ്കിൽ കലാകാരൻ ദ്രഷ്ടാവിന്റെ മനസ്സിൽ സങ്കല്പിച്ചിരിക്കുന്ന പ്രാധാന്യത്തെ പ്രമാണമാക്കിയായിരിക്കാം വലിപ്പച്ചെറുപ്പം നിശ്ചയിക്കുന്നതു്. കൂടാതെ കലയെ സംബന്ധിച്ചിടത്തോളം ഹൃദയംഗമമായ സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ കണക്കുകൾ ചോദ്യപ്പെട്ടുകയില്ല. ഇങ്ങനെ അഭിനയത്തിനു സ്വതന്ത്രഗതി നൽകിയിട്ടുള്ള ഒരൊററ കലാപ്രസ്ഥാനമാണു് കഥകളി. നൃത്തം, സംഗീതം, സാഹിത്യം എന്നീകലകൾക്കു് ഇതിൽ വേണ്ടുവോളം അവകാശം സിദ്ധിച്ചിട്ടുണ്ടു്. ഇപ്രകാരമുള്ള ഈ കഥകളിയെ പോഷിപ്പിക്കേണ്ടതു് നമ്മുടെ അതിപ്രധാനമായ കർമ്മമാണു്. അതിനു് ഒററമാർഗ്ഗമേയുള്ളു. മുൻപിലത്തെപ്പോലെ ജനങ്ങൾക്കു് അതു സുലഭമാക്കിക്കൊടുക്കണം. ഏതാണ്ടന്തരിച്ചുപോയ വാസന വീണ്ടും ഉണർത്തണം. ഇങ്ങനെ വരുമ്പോൾ എത്രയോ നടന്മാക്കും ഗായകന്മാക്കും തൊഴിൽ കിട്ടുകയും അതിന്റെ

പരിണതഫലമായി ഏതാനും ഉത്കൃഷ്ടരായ നടന്മാരും ഗായകന്മാരും എല്ലാക്കാലത്തും ഉണ്ടായിരിക്കുകയും ചെയ്യും. തിരുവനന്തപുരത്തെ കഥകളിക്ലബ്ബിന്റെ അഭിമുഖ്യത്തിൽ ആണ്ടുതോറും രണ്ടു കാലങ്ങളിലായി പത്തുപ്പത്തു കളിവീതം നടത്തുന്ന സമ്പ്രദായം കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും നടപ്പിൽ വരുത്തുന്നതു മേൽ പറഞ്ഞ പ്രകാരം കഥകളിയെ വീണ്ടും സജീവവും പരിപുഷ്ടവുമാക്കുന്നതിനു പര്യാപ്തമാകും.

b. തിരുവാതിരക്കളി:—സാഹിത്യദൃഷ്ട്യാ വളരെ ഉത്കൃഷ്ടങ്ങളല്ലെങ്കിലും മനോഹരങ്ങളായ തിരുവാതിരപ്പാട്ടുകൾ നമുക്ക് ഉണ്ടു്. അവയുടെ സംഖ്യ വദ്ധിക്കണം. കളിക്കുതന്നെ പല കോട്ടങ്ങളും പററിക്കാണുന്നുണ്ടു്. വളരെ അടുത്ത കാലത്തുതന്നെ നമുക്കു കണ്ടു പരിചയമുള്ള കളിയുടെ സാരസ്യവും വിലാസവും വിട്ടു് ചിലെടത്തു വെറും സക്കസ്സുമട്ടായി പരിണമിച്ചിട്ടുണ്ടു്. ഗ്രാമ്യവും കണ്ണാരുന്നുദവുമായ സാഹിത്യം കലന്ന സംഗീതവും ഒട്ടുവളരെ കടന്നുകൂടീട്ടുണ്ടു്. ഏതുകാലത്തും അഭിമാനപുരസ്സരം പ്രദർശിപ്പിക്കാവുന്ന നമ്മുടെ ഒരു പ്രധാന സമ്പത്താണു് തിരുവാതിരക്കളി. നാഥനില്ലായ്മകൊണ്ടു് അതിനു വന്നുകൂടീട്ടുള്ളതും അതിനെ പാടേ നശിപ്പിക്കാൻ പോരുന്നതുമായ കളങ്കങ്ങളെ ഏതു ബുദ്ധിമുട്ടിയും നാം പരിഹരിക്കേണ്ടതാണു്. അതിനുത്തമമായ മാർഗ്ഗം കേരളത്തിലെ പല ഭാഗങ്ങളിലുമുള്ള വിദഗ്ദ്ധകളും വിദുഷികളുമായ മഹതിമാർ ചേൎന്നു് ഒരു യോഗംകൂടി ഈ കളിയുടെ ചുവടുകൾക്കും സമ്പ്രദായങ്ങൾക്കും നല്ല മാതൃകകൾ ഏൎപ്പെടുത്തുക

യാണു്. എന്നിട്ടു സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കു് ഈ മാതൃകകളനുസരിച്ചുള്ള ശിക്ഷണം നല്കുമാറു് ഏർപ്പാടുകൾ ചെയ്യുകയും വേണം.

൮. സംഗീതം:—മലയാളിക്കു പാട്ടില്ലെന്നൊരു വെറും പഴിയുണ്ടു്. മലയാളിക്കു മൂക്കില്ലെന്നോ മര്യാദയില്ലെന്നോ പറയുന്നതു് ഇതിൽ കൂടുതൽ സത്യവും സഹ്യവുമായിരിക്കും. എന്നാൽ പരക്കെ പ്രശസ്തി നേടിയ സംഗീതവിദ്വാന്മാരും വിദുഷികളും ഇന്നു നമ്മുടെ ഇടയിൽ വളരെ വിരളമാണെന്നുള്ളതു സത്യവുമാണു്. അതിനു കാരണം നമുക്കു സ്വതന്ത്രമായിരുന്ന സംഗീതകലയെ നാം പാടേ വെടിഞ്ഞു് അന്യസമ്പ്രദായംതന്നെ അംഗീകരിച്ചതാണു്. അനുകരണോപജീവനം നമ്മെ ഒരിക്കലും ഒന്നാംകിടയിലേക്കു കടത്തിവിടുകയില്ല. സകലവിധ ദാസ്യത്തിലുംവച്ചു് കലാവിഷയകമായ ദാസ്യമാണു മനുഷ്യനെ എന്നെന്നേയ്ക്കും താഴ്ത്തുന്നതു്. പാണ്ടിയിലുള്ളവർ പടിഞ്ഞാറുതിരിഞ്ഞു് മഴയെത്തുന്നപോലെ നാം സംഗീതത്തിനുവേണ്ടി കിഴക്കോട്ടു തിരിഞ്ഞുനിന്നു് സഹ്യാദ്രിശിഖരങ്ങളിൽ ഉത്കണ്ഠിതങ്ങളായ ദൃഷ്ടികൾ ഉറപ്പിക്കുന്നു. സ്വാതിതിരുനാളിന്റെ കൃതികൾ, ഇരയിമ്മൻതമ്പിയുടെ കൃതികൾ, ചില കഥകളിപ്പദങ്ങൾ എന്നിവ എത്രയോ തനി മലയാളപാട്ടുകച്ചേരിക്കു പോന്നവയാണു്. കേരളീന്ന സംഗീതശാസ്ത്രജ്ഞാനത്തിനു പര്യാപ്തങ്ങളുമാണു്. ഇവയെത്തന്നെ നാം പ്രാധാന്യേന അഭ്യസിക്കണം. എന്നാൽ ഏററവും ഹൃദ്യങ്ങളായ തമിഴു്, തെലുങ്കു്, ഹിന്ദുസ്ഥാനി മുതലായ സംഗീതരീതികളിൽ നമുക്കുള്ള അഭിനിവേശം ഒരിക്കലും വെടിയ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ണമെന്നല്ല. മുൻപു നമ്മുടെ സ്വന്തസമ്പ്രദായത്തിൽ പരിചയം സിദ്ധിച്ചിട്ടു് ഇവ പഠിക്കണമെന്നേയുള്ളു. ഈ സംഗതിയെപ്പററി വേണ്ട ചർച്ചചെയ്തു പ്രവൃത്തിമാർഗ്ഗങ്ങൾ നിശ്ചയിക്കുവാൻ മുൻപറഞ്ഞപോലെ ഒരു യോഗം ഏർപ്പെടുകതന്നെ വേണം.

വാമൊഴി സാഹിത്യംപോലെ വിശിഷ്ടമായ ഒരു വാമൊഴി സാഹിത്യവും നമുക്കു വളരെ മുൻപു മുതല്ക്കേ ഉണ്ടായിരുന്നിട്ടുണ്ടു്. ഭക്തിപ്രധാനവും ഫലിതപ്രധാനവുമായിട്ടുള്ള ഈ സാഹിത്യം, പാഠകം, കൂത്തു് മുതലായവയെ അവലംബിച്ചു കാണുന്നു. ഇപ്പോഴും നമ്മെ ഇവ അത്യന്തം രസിപ്പിക്കുന്നുണ്ടെങ്കിലും ഭാഷാസമ്പ്രദായം അംഗീകരിച്ചു വളരെക്കാലം കിടന്നുപോയതുകൊണ്ടു് ഇവയ്ക്കു കാലോചിതമായ വളർച്ച സിദ്ധിക്കുവാൻ ഇടയായിട്ടില്ല. ആദർശങ്ങൾക്കും ആശയങ്ങൾക്കും കാലകൃതമായി വന്നുപോയിട്ടുള്ള ഭേദങ്ങൾക്കു് ഇവയിൽ പ്രതിഫലനമേ കാണുന്നില്ല. അന്നത്തെ സംസ്കാരത്തിൻെറ ഉച്ചസ്ഥാനത്തിൽ നിലകൊണ്ടവരാണു് ഈ കഥകളിപ്രസ്ഥാനം അന്നു് ആരംഭിച്ചതു്. ഇന്നത്തെ സംസ്കാരത്തോടു മിക്കവാറും യാതൊരു പൊരുത്തവും പ്രദർശിപ്പിക്കാത്തവരുടെ കയ്യിലാണു് ഇന്നു് അതു സ്ഥിതിചെയ്യുന്നതു്. ഈ വിശിഷ്ടകലയെ ആകാവുന്നിടത്തോളം കാലോചിതമാക്കേണ്ടതിന്നു് നാം പ്രവർത്തിക്കേണ്ടതുണ്ടു്.

തമിഴിലെ സംഗീതസാഹിത്യഘടിതമായ ഹരികഥാപ്രസ്ഥാനവും നമുക്കു് ആദരണീയമാണു്. എന്നാൽ പരിഷ്കൃതാശയങ്ങൾക്കു രസിക്കത്തക്കവണ്ണം കഥാപ്രവചന

നംചെയ്യണമെങ്കിൽ കഥകൻ നല്ല സാഹിത്യത്തിലും അഭിനയത്തിലും പ്രവചനത്തിലും സംഗീതത്തിലും ഒരുപോലെ പ്രാവീണ്യം സമ്പാദിച്ചിരിക്കണം. ഇത്രയും കൂടിച്ചേൎന്നു കിട്ടുവാൻ വിഷമവുമാണു്. നല്ല കണ്ഠമാധുൎയ്യവും അല്പം പ്രവചനസാമൎത്ഥ്യവും ജന്മസിദ്ധമായിട്ടുള്ളവർ കണ്ടേക്കാം. ഇവൎക്കു് തോന്നുന്നതൊക്കെ പറഞ്ഞുകൊള്ളുവാനുള്ള സ്വാതന്ത്ര്യം കൊടുത്തേച്ചാൽ കഥനത്തിനു ഗ്രാമ്യതയും രസാഭാസവും കേൾക്കുന്നവരുടെ, വിശേഷിച്ചു ബാലന്മാരുടെയും മററും, വാസനകൾക്കു ദൂഷണവും ഫലമാകുമെന്നുള്ളതിനു് നാം കേട്ടിട്ടുള്ള പല പ്രവചനങ്ങളും ദൃഷ്ടാന്തങ്ങളാണു്. മലയാളത്തിൽ ഉത്തിഷ്ഠമാനമായ ഈ പ്രസ്ഥാനത്തിനു കൂത്തുകൾക്കും മററുമുണ്ടായിരുന്നിട്ടുള്ളപോലെ ആദിദശയിൽ മിക്കവാറും ഏട്ടുപാഠിത്തവും അല്പാല്പമായി മാത്രം സ്വാതന്ത്ര്യവും അവലംബിച്ചുള്ള ഒരു രീതി ഏൎപ്പെടുത്തുകയായിരിക്കും നല്ലതു്. സാഹിത്യത്തിനു ഏററവും പ്രധാനമാകാവുന്ന ഈ ശാഖയ്ക്കു നാം ഉത്കൃഷ്ടങ്ങളായ മാതൃകകൾ ഉണ്ടാക്കിക്കൊടുത്തിട്ടില്ലെങ്കിൽ ഏററവും ബീഭത്സമായ ഒരു കഥകളിപ്രസ്ഥാനം കേരളത്തിൽ വേരുറച്ചുപോകതന്നെ ചെയ്യുമെന്നു് നാം ഓൎക്കണം. സാഹിത്യകാരന്മാർ അനുഗ്രഹിച്ചിട്ടില്ലാത്ത പുതിയ പന്ഥാക്കളിൽക്കൂടി ലോകരുചി പാഞ്ഞു തുടങ്ങുമ്പോൾ അവർ അലസമായി മാറിനിൽക്കയല്ല വേണ്ടതു്. ആ പുതിയ പന്ഥാക്കളേയും സ്വീകരിച്ചു സംസ്കരിക്കുവാനുള്ള ശ്രമം ഉടൻ ആരംഭിക്കുകയാണു വേണ്ടതു്.

d. നാടകം:—പിടിവിടാതെയും പിടി തരാതെയും കോളത്തിൽ സർവത്ര ചംക്രമണം ചെയ്യുന്ന ഒരു കലയാ

ണ് നാടകം. അഭിനയത്തെപ്പററി പണ്ടേമുതൽ മനസ്സി ലാക്കിയിട്ടുണ്ടായിരുന്നത് കൂത്തിലേയും കൂടിയാട്ടത്തിലേയും കഥകളിയിലേയും പന്ഥാവനുസരിച്ചാണല്ലോ. ഇന്ന് നാടകം എന്നു പറയുമ്പോൾ നാം ധരിക്കുന്ന രീതിയിലുള്ള ഒരു കല വളരെ അർവാചീനമായിട്ടേ ഉണ്ടായുള്ളു. ഇംഗ്ലീഷിൻേറയും തമിഴിൻേറയും രീതികൾ കണ്ടിട്ടാണ് അത് ഉദ്ഭവിച്ചിട്ടുള്ളതും. അതിനുണ്ടായിട്ടുള്ള വിപരിണാമങ്ങൾ ഏവക്കും അറിവുള്ളതാണ്. ഇന്നു കാളേജുകളിലും സ്കൂളുകളിലും വായനശാലകളിലും മററും ഒരു ഗദ്യനാടകം അഭിനയിക്കുക ഒരു വാർഷികച്ചടങ്ങായിത്തീന്നിട്ടുണ്ട്. വളരെ നല്ല ഗദ്യനാടകങ്ങളും ഏതാനും ചിലതുണ്ടായിട്ടുണ്ട്. അഭിനയത്തിന് അതിസമത്ഥരായ അനവധി ആളുകൾ ഈ നാട്ടിലുണ്ടെന്നുള്ള വസ്തുതയും സർവപ്രത്യക്ഷമായിട്ടുണ്ട്. ഇങ്ങനെ ഒക്കെയായിട്ടും നാടകം വിജയകരമായ ഒരു തൊഴിലിൻെറ നിലയിൽ ഇനിയും എത്തിയിട്ടില്ല. അതിനെപ്പററി നമുക്ക് ഖേദത്തിനു കാരണവുമില്ല. എന്തെന്നാൽ ററരികഥയുടെ എന്നപോലെ നാടകത്തിൻെറ വിഷയത്തിലും അസംസ്കൃതരുടെ സ്വേച്ഛാചാരിത്വം എത്രത്തോളം ആപത്കരമാകാമെന്ന് തമിഴിലെ ചില നാടകപ്രയോഗങ്ങൾ നമുക്കു സ്പഷ്ടമാക്കിയിട്ടുണ്ട്. നമ്മുടെ ധനക്കുറവും ഭാഷയുടെ വ്യാപ്തിക്കുറവും ജനങ്ങളുടെ ഉത്സാഹക്കുറവും നമ്മെ ഈ ആപത്തിൽനിന്നും ഇത്രയും കാലം രക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ രക്ഷ ചിരന്തനമായിരിക്കുമെന്നു വിചാരിക്കാൻ തരമില്ല. ആകൃതിസൌഷ്ഠവവും ഗാനമാധുൎയ്യവും ചേന്ന യുവതീയുവാക്കന്മാർ പ്രയോഗങ്ങൾ ചേൻ Talkies-ലെ തമിഴ്കഥകളുടെ നീചാനുകരണങ്ങ

ളായ നാടകാഭിനയങ്ങൾകൊണ്ടു് നമ്മെ കബളീകരിക്കു ന്ന കാലമാണിതു്. ഇപ്പോഴാണു നാം ജനങ്ങളുടെ രുചി ഗതിക്കു് നിയാമകങ്ങളായ മാതൃകകൾ സൃഷ്ടിച്ചു സ്ഥാപി ക്കേണ്ടതു്. സംസ്കൃതാശയരായ കലാരസികന്മാർ ഇതി നെപ്പററി ഗാഢമായി ആലോചിക്കണം. ഒരു മൂലധനം സമ്പാദിക്കണം. ഏതാനും സമർത്ഥരായ നടീനടന്മാരെ ച്ചേർത്തു് ഒരു യോഗമുണ്ടാക്കണം. നല്ല നാടകങ്ങൾ തിര ഞ്ഞെടുത്തു് അവരെ നല്ലപോലെ അഭ്യസിപ്പിക്കണം. കേര ളമൊട്ടുക്കു സഞ്ചരിച്ചു് അഭിനയങ്ങൾ നടത്തണം. സനല്ല ഷ്ട്യാ ഇതു വിജയമായിത്തന്നെ പരിണമിക്കുമെന്നുള്ളതിനു സംശയമില്ല.

പ്രായോഗികസാഹിത്യത്തെപ്പററിയും അതു് അവലം ബിച്ചിട്ടുള്ളതും അവലംബിക്കേണ്ടതുമായ കാലവിശേഷ ങ്ങളെപ്പററിയും കുറേ ദീർഘമായി പറഞ്ഞുപോയിട്ടുണ്ടു് എന്നെനിക്കുതന്നെ ബോദ്ധ്യമാണു്. എന്നാൽ ഏററവും പ്രധാനമായ ഒരു വിഷയമാണു് ഇതു് എന്നു് ആരും സമ്മതിക്കുമല്ലോ. കേരളീയ സംസ്കാരം മുൻപിലത്തെ പോലെ വർദ്ധമാനമായിക്കാണണമെങ്കിൽ, കേരളസാഹി ത്യത്തിനു പുഷ്ടി—അല്ല—ദീർഘകാലത്തേയ്ക്കു സത്തത തന്നെ ഉണ്ടായിരിക്കണമെങ്കിൽ, നമ്മുടെ ചെവിക്കും കണ്ണിനും ആതിഥ്യം നൽകുന്ന കലകൾ നമ്മുടെ സാഹി ത്യംകൊണ്ടു്—നമ്മുടെ മേൽത്തരത്തിലുള്ള സാഹിത്യം കൊണ്ടു്—അനുഗ്രഹീതമായിരിക്കണം.

ഇതു സാദ്ധ്യമാകത്തക്കവിധത്തിൽ വേണ്ട പ്രവൃത്തി ചെയ്യേണ്ടതു് പരിഷത്തിന്റെ പ്രധാന കൃത്യമാണു്.

ശുദ്ധസാഹിത്യത്തിൻെറ പുരോഗതിക്കു നമ്മുടെ ശ്രമത്തിൻെറ വലിയ ആവശ്യമില്ല. സാഹിത്യപരിഷത്തിൻെറ ഒരു പ്രമേയവും ഒരു കുയിലിനേയൊ ഒരു വാനമ്പാടി പക്ഷിയേയൊ ഒരു കവിയേയൊ ഇതുവരെ ബന്ധിച്ചതായി അനുഭവമില്ല. കവിതയെപ്പററിയും കവിതാപ്രസ്ഥാനങ്ങളെപ്പററിയും വിമർശനങ്ങൾ നാം ചെയ്യുന്നുണ്ടു്; ചെയ്യേണ്ടതുമാണു്. അതു നമ്മുടെ സംസ്കാരസൗഷ്ഠവത്തിനുവേണ്ടിയാണു്. യഥാൎത്ഥകവി അതിനപ്പുറത്താണു്. എന്നാൽ സാമൂഹികകലകളെ നാം വേണ്ടപോലെ പോഷിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക അത്യാവശ്യമാണു്.

4. ഇനി ഇന്നത്തെ അതിപ്രധാന പ്രശ്നമായിത്തീൎന്നിട്ടുള്ള കേരള സൎവകലാശാലയെപ്പററി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. യൂണിവേഴ്സിററിക്കു് രണ്ടു പ്രയോജനങ്ങളാണുള്ളതു്. അവ യുവജനങ്ങൾക്കു ലോകയാത്രക്കു വേണ്ട ബോധവും മാനസികവുമായ സംസ്കാരം നല്കുകയും ഓരോ വിഷയത്തിലും നാം സഞ്ചയിച്ചിട്ടുള്ള ജ്ഞാനത്തിനു വളൎച്ച സമ്പാദിക്കുകയും ആകുന്നു. യുവജനങ്ങളുടെ സചേതനമായ സംസ്കൃതിയാണല്ലോ കേവലം വിഷയങ്ങളുടെ വളൎച്ചയേക്കാൾ പ്രധാനമായി കരുതേണ്ടതു്. അതിലേയ്ക്കു തന്നെയാണു് സൎവകലാശാലകൾ കൂടുതൽ ധനവ്യയം ചെയ്യുന്നതു്. വിഷയങ്ങൾക്കു് അഭിവൃദ്ധിനല്കുക എന്നതു് യൂണിവേഴ്സിററിയുടെ പ്രവൃത്തിപരിപാടിയിൽ ഉൾപ്പെട്ടതാണെങ്കിലും ഒന്നു വേർതിരിഞ്ഞു നില്ക്കുന്ന Research Institute-ൻെറ കൃത്യമാണു്. അ

തിൽ ബന്ധിക്കുന്നതു് ചില പ്രത്യേക രുചികളുള്ള ഏതാനും വിദ്യാൎത്ഥികൾ മാത്രമാണു്. യൂണിവേഴ്സിററിയുടെ പ്രധാന കൃത്യമായ സംസ്കൃതിവിതരണത്തിൽ അതിപ്രധാനമായ ഒരംശമാണു് വിദ്യാൎത്ഥികളുടെ പരസ്പരസമ്മേളനം. ഉത്തരക്കടലാസുകളുടെ സമ്മേളനം ഇത്തരം സംസ്കൃതിക്കു മതിയാകുന്നതല്ല. വിവിധങ്ങളായ സകല സംസ്കാരങ്ങളിലും ഉൾപ്പെട്ട വിദ്യാൎത്ഥികളുടെ സമ്മേളനമായിരിക്കണം വിശ്വഭാരതിയുടെ ആദൎശം. അതു സാദ്ധ്യമല്ലെങ്കിലും ഭാരതത്തിൽ തന്നെയുള്ള എല്ലാ അവാന്തരവിഭാഗങ്ങളിലും ഉൾപ്പെട്ട യുവജനങ്ങളുടെ പരസ്പരസമ്പൎക്കം അവശ്യസമ്പാദനീയമാണു്. ദില്ലിയിൽ ഒരു വിശ്വകലാശാലയുണ്ടാകയും ഭാരതത്തിലെ ഓരോ ദേശത്തുനിന്നും തത്തദ്ദേശീയരായ യുവജനങ്ങൾക്കു സൗകൎയ്യപ്രദമായി ആ വിശ്വകലാശാലാസീമയിൽ കാളേജുകൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ നമ്മുടെ ആദൎശത്തിനു് അതു് യോജിച്ചിരിക്കും. ഇങ്ങനെ നാലോ അഞ്ചോ എട്ടോ കലാശാലകൾ ആവശ്യപ്പെട്ടേയ്ക്കും. എന്നാൽ രീതി ഇതായിരിക്കണമെന്നേയുള്ളു. ഇന്നത്തെ കലാശാലകൾ പോലെ അവ ഇൻഡ്യയെ ഖണ്ഡങ്ങളായി വേർതിരിക്കരുതു്. പരസ്പരം യോജിപ്പിക്കുകയും ചെയ്യണം. 'ആക്സ്ഫോർഡ്' യൂണിവേഴ്സിററിയും 'കേംബ്രിഡ്ജ്' യൂണിവേഴ്സിററിയും 'ലണ്ടൻ' യൂണിവേഴ്സിററിയും ബ്രിട്ടീഷ് സാമ്രാജ്യത്തെ മൂന്നായി പങ്കിട്ടിട്ടില്ല. കൂടുതൽ യോജിപ്പിച്ചിട്ടേയുള്ളു. ഒരു കേരളീയ വിദ്യാൎത്ഥിക്കു് ഒരു പഞ്ചാബി വിദ്യാൎത്ഥിയോടോ ബംഗാളിവിദ്യാർത്ഥിയോടോ അടുത്തു പെരുമാറുവാൻ സാധിച്ചിട്ടുള്ളതു് പലപ്പോഴും

ഇൻഡ്യയിൽവെച്ചല്ല, ഒരു ഇംഗ്ലീഷ് യൂണിവേഴ്സിററിയിൽവെച്ചായിരിക്കും. എല്ലാ വിദ്യാർത്ഥികൾക്കും ഇങ്ങനെ ദൂരസ്ഥിതമായ ഒരു യൂണിവേഴ്സിററിയിൽചെന്നു പഠിക്കുവാൻ സാദ്ധ്യമാകുമോ എന്നു ചോദ്യമുണ്ടാകാം. ഓരോപ്രവിശ്യയിലും ഉപരിവിദ്യാഭ്യാസത്തിനുവേണ്ടി ഇന്നു ചെലവാക്കുന്ന പണംകൊണ്ടു് ഇങ്ങനെ ഒരു യൂണിവേഴ്സിററിയിൽ ഓരോ കാളേജു സ്ഥാപിക്കുവാനും, അവിടെ ച്ചെന്നു പഠിക്കുവാൻ വിദ്യാർത്ഥികൾക്കു വേണ്ടിവരുന്ന കൂടുതൽ ചെലവുകൾ കൊടുപ്പാനും സാധിക്കുന്നതാണു്. അങ്ങനെയാവുമ്പോൾ നമ്മുടെ സ്വന്തസംസ്കാരത്തെ പുലത്തുവാൻ നമുക്കെങ്ങനെ സാധിക്കുമെന്നു് വേറൊരു ചോദ്യം വരാം. അതിലേയ്ക്കു വേണ്ടതു് ഏററവും വിചക്ഷണങ്ങളും സകല സൗകര്യസംഘടിതങ്ങളുമായ ഗവേഷണശാലകളാണു്. യൂണിവേഴ്സിററിയല്ല. യൂണിവേഴ്സിററിയെസംബന്ധിച്ചിടത്തോളം ഒരു ഭാരതീയനു് മുൻവിവരിച്ച ആദശ്മാണുണ്ടായിരിക്കേണ്ടതെന്നു് വ്യക്തമാക്കുവാൻ വേണ്ടിയാണു് ഇത്രയും പ്രസ്താവിച്ചതു്.

എന്നാൽ ഇതു നടപ്പിൽ വരണമെങ്കിൽ ഇൻഡ്യയിൽ ഒരു പൊതുജനാഭിപ്രായം രൂപവൽകൃതമാകാതെ നാം മാത്രം അഗ്രഹിച്ചാൽ പോരെന്നുള്ളതുകൊണ്ടും അങ്ങനെ നടപ്പിൽവരുന്ന കാലാവധി ക്ലിപ്തമല്ലാത്തതുകൊണ്ടും അന്യന്മാരേയും മററുംപോലെ നാമും പ്രത്യേകം ഒരു സർവ്വകലാശാല സൃഷ്ടിക്കുവാൻ നിർബന്ധിതരായിത്തീന്നിരിക്കുന്നു. ഇപ്രകാരം നിർബന്ധിതരാണെന്നു ബോധം വന്നാൽ "ഉടൻതന്നെ ഒരു സർവ്വകലാശാല

സ്ഥാപിക്കുവാൻ ഉദ്യമിക്കണം" എന്നൊരു പ്രമേയം കൊണ്ടുവരുന്നതും ന്യായം തന്നെയാണ്. എന്നാൽ എനിക്കൊരു വിനീതമായ അഭിപ്രായമുള്ളതു് കേരളസംസ്കാരപോഷണപരമായും ഗവേഷണപരമായും ഒരു "റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും" ഉടൻ സ്ഥാപിക്കുവാനുള്ള ശ്രമം നാം ചെയ്തുതുടങ്ങണമെന്നാണ്. യൂണിവേഴ്സിററിയുടെ ഉദ്ദേശ്യം ഒന്ന്. അതിൻെറ സ്ഥാപനത്തിനു നമ്മിൽ ഒരു കൂട്ടർ ശ്രമിക്കട്ടെ. റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രയോജനം വേറൊന്നാണ്. അതിൻെറ സ്ഥാപനത്തിനുവേണ്ടി പ്രത്യേകിച്ചു വേറൊരു കൂട്ടരും ശ്രമിക്കണം. റിസച്ച് ഇൻസ്റ്റിറ്റ്യൂട്ട് യൂണിവേഴ്സിററിയുടെ അംഗമാകുന്ന സ്ഥിതിക്ക് രണ്ടിനുംകൂടി ഒരുമിച്ചു ശ്രമിച്ചാൽ മതിയാകുമല്ലോ എന്നൊരു അഭിപ്രായമുണ്ടായേക്കാം. അതിനു സമാധാനം പറയാം. യൂണിവേഴ്സിററി സ്ഥാപിക്കുവാനുള്ള പണി ഇന്നുതന്നെ ആരംഭിച്ചാലും അതു സ്ഥാപിതമാകുവാൻ കുറെ കൊല്ലങ്ങൾ വേണം. ഒരു റിസച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഇന്നാരംഭിക്കുന്ന പക്ഷം അടുത്ത നമ്മുടെ സമ്മേളനത്തിനു മുൻപു് അതു് സ്ഥാപിതമാവും. അതിലേയ്ക്കു വേണ്ടുന്ന സാമഗ്രികൾ എല്ലാം കേരളത്തിലെ ഗവമ്മെൻറുകളുടെ അധീനതയിൽ ഇന്നു സജ്ജങ്ങളാണ്. സിൽബന്ധികളും തയ്യാറുണ്ടു്. കേരളസംസ്കാരത്തിൻെറ വിവിധശാഖകളിൽ ചിരകാലത്തെ സ്ഥിരപ്രയത്നം ചെയ്തിട്ടുള്ള മഹാജനങ്ങൾ ഹൃദയംഗമമായി പങ്കുകൊള്ളുവാനും കാത്തിരിക്കുന്നുണ്ടു്. നിര്ജ്ജീവങ്ങളായി തുടങ്ങിയ കേരളീയ കലകളെ സജ്ജീവങ്ങളാക്കു

വാൻ സദാ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന വള്ളത്തോളും, ഉൽ കൃഷ്ടകാവ്യബന്ധത്തിനിടയിലും ഉദ്യോഗകാര്യവ്യഗ്രതയ്ക്കിടയിലും പല ഉത്തമസാഹിത്യാംശങ്ങൾ പ്രസിദ്ധപ്പെടുത്തുവാനും ചരിത്രവിഷയകങ്ങളായ ഗവേഷണങ്ങൾ നടത്തുവാനും സാധിച്ചിട്ടുള്ള ഉള്ളൂരും, അകുണ്ഠമായ പാണ്ഡിത്യം കൊണ്ടും തീക്ഷ്ണമായ യധിഷണകൊണ്ടും ഗവേഷണവിഷയങ്ങളായ പ്രശ്നങ്ങളിൽ വിധി പറയുവാൻ വിചക്ഷണനായ പി. കെ. യും, സർവോപരി കേരളീയ സംസ്കൃതിയെ സംബന്ധിച്ചുള്ള ഏതു വിഷയത്തിലും അവഗാഹവും നിസർഗ്ഗസുന്ദരമായ രാജന്യസൗജന്യവും സമരഞ്ജനമധുരമായ സാഹിത്യഭരണവും ആന്ന അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടും, ഇവരോടൊപ്പംതന്നെ പ്രശസ്തിനേടാൻ ഇടയായിട്ടില്ലെങ്കിലും ഏതദ്വിഷയകമായ പ്രണയത്തിലും പ്രയത്നത്തിലും ലേശം പിന്നോക്കമല്ലാത്ത അനവധി സഹൃദയശിരോമണികളും ഈ പന്ഥാവിനനുഗ്രഹം നൽകുവാൻ സന്നദ്ധരാണ്. ശാന്തമായി സൈ്വരമായി ഒരിടത്തിരുന്ന് പ്രവൃത്തിച്ചുകൊള്ളുവാൻ അനുവാദവും അവക്ക് വേണ്ടുന്ന സുഖസൗകര്യാദികളും ലഭിക്കുമെങ്കിൽ ജീവിതം മുഴുവൻ കൈരളീസേവയിൽ കഴിക്കുവാൻ അത്യാഗ്രഹമുള്ള പലരുമുണ്ടാകും. അതുപോലെതന്നെ ഇത്തരമൊരഭയസ്ഥാനം ചിരകാലമായി കാംക്ഷിച്ചു പല കൈരളീയ സന്താനങ്ങളായ കലകളും പോഷണം പ്രതീക്ഷിച്ചു കഴിക്കുന്നു. ഉത്തരഭാരതത്തിൽ സഞ്ജാതങ്ങളാണെങ്കിലും കേരളീയരുടെ കരലാളനയിൽ പുതിയ പ്രസാധനങ്ങൾ സിദ്ധിച്ചിട്ടുള്ളവയും ഇന്നു പ്രായോഗികമായ പ്രയോജനം

വളരെയുള്ളവയുമായ രണ്ടു വിശിഷ്ടശാസ്ത്രങ്ങൾ, ജ്യോതിഷവും ആയുർവ്വേദവും, ഇതിനെ ശരണീകരിക്കുവാൻ ഒരുങ്ങിക്കാത്തു നില്ക്കുന്നു. ഇങ്ങനെ കേരളസംസ്കാരസർവ്വസ്വത്തിനു സങ്കേതമായ ഒരു സ്ഥാപനത്തിനു നാം ഉടൻ പ്രയത്നിച്ചു തുടങ്ങേണ്ടതാണ്. അതിന്റെ നിർമ്മിതി ക്ഷിപ്രസാദ്ധ്യമാണ്. അങ്ങനെ ബഹുമുഖമായ പ്രവർത്തനങ്ങൾകൊണ്ടു ഭാവുകഭൂയിഷ്ഠമായ ഒരു ഭാവി ഭാഷാസാഹിത്യത്തെ ഭാസുരമാക്കട്ടെ!

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL
J. 549

With the kind permission of Mr. V. Krishnan Tampi B. A.

## III. മഹാന്മാരുടെ ആവശ്യം.

[എൻ. കുഞ്ഞുരാമൻപിള്ള അവർകൾ എം. ഏ. ബി. എൽ]

മഹാന്മാർ ജനതയുടെ കണ്ണാകുന്നു. ഉച്ചമായ ഒരു ലക്ഷ്യത്തിലേയ്ക്കു് പ്രയാണം ചെയ്യുന്നതിനു് അഗ്രഗാമികളായി അവർ മററുള്ളവരെ പ്രേരിപ്പിക്കയും, പ്രോത്സാഹിപ്പിക്കയും, മാർഗ്ഗക്ലേശം ലഘൂകരിക്കയും ചെയ്യുന്നു. വസ്തുതകളുടേയും സംഭവങ്ങളുടേയും നിയാമകങ്ങളായ അന്തഃപ്രകൃതികളെ കണ്ടറിഞ്ഞിരിക്കുന്നതിനാൽ ദുഃഖദമായ വഴിവിട്ടു് സുഗമമായ പന്ഥാക്കളിലൂടെ തങ്ങളുടേയും ബഹുജനങ്ങളുടേയും പുരോഗതിയെ നിയന്ത്രിക്കുന്നതിനു് അവർക്കു സാധിക്കുന്നു. ജാതിയും വംശവും ദേശവും രാഷ്ട്രവും തങ്ങളുടെ ജനനംകൊണ്ടു മഹിമപ്പെടുകയും, ലോകാഭിവൃദ്ധിക്കു തങ്ങളുടെ ഭാഗം നിറവേററീട്ടു് "ഇങ്ങിനി വരാതവണ്ണം" മറയുമ്പോൾ പരിഭ്രമജ്ജനകമായ ഈ പ്രപഞ്ചചതുഷ്പഥത്തിലെ കാപഥികനു് ശാശ്വതമായ ഒരു ദീപസ്തംഭവും ക്ലേശാകുലനായ അദ്ധ്വനീനനു് ആനന്ദദായകമായ ഒരു നിവാസസ്ഥാനവും ആയി ഭവിക്കയുംചെയ്യുന്നു.

മഹാന്മാരിൽ വിശ്വസിക്ക സ്വാഭാവികമാകുന്നു. എല്ലാ ജനതയുടേയും പുരാണേതിഹാസങ്ങളിൽ മനുഷ്യാതീതമായ ശക്തിയുള്ള ദേവന്മാരുടെ കഥകൾ കാണ്മാനുണ്ടു്. മതത്തിലും അവരാണു മുമ്പിട്ടു നില്ക്കുന്നതു്. നിത്യമായ ശ്രേയസ്സിനുള്ള ആഗ്രഹം അറിയാതെതന്നെ ജീവികളിൽ കുടികൊണ്ടിരിക്കയാൽ പ്രേയസ്സിനെ ജയിച്ച മഹാന്മാരെ

അന്വേഷിക്കാതെയും അവരിൽ വിശ്വസിക്കാതെയും അവരെ ആരാധിക്കാതെയും ഇരിക്കുന്നതിനു് ഒരുത്തക്കും കഴിയുന്നതല്ല. വാസ്തവത്തിൽ, മഹാന്മാരുടെ ധർമ്മനിരതകൊണ്ടാണു് ഈ ലോകം നിലനില്ക്കുന്നതു്. ഭൂമി വാസയോഗ്യവും ജീവിതം ആശാജനകവും ആകുന്നതു് അവർ നിമിത്തമാണു്. അവരുമായി സഹവസിച്ചിട്ടുള്ള ഭാഗ്യവാന്മാക്കു ജീവിതം പ്രസന്നമധുരവും ആശയോത്തേജകവും പുഷ്ടിപ്രദവും ആയി തോന്നിയിരിക്കണം. നമുക്കും അവരുടെ സമ്പക്ക്ം എല്ലായ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ചുററുപാട്ടുമുള്ള ആളുകൾക്കും സ്ഥലങ്ങൾക്കും അവരുടെ പേരുകളാണുള്ളതു്; അവരുടെ കൃതികളും ചിത്രങ്ങളും എല്ലായിടങ്ങളിലും കാണുന്നു; നമ്മുടെ ദൈനംദിനകൃത്യങ്ങൾ അവരുടെ ഏതെങ്കിലും ഒരു കഥയെ ഓർമ്മപ്പെടുത്താതിരിക്കുന്നില്ല; എന്നുവേണ്ടാ മുലപ്പാലിൽകൂടി അവർ നമ്മുടെ ഉള്ളിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു.

മഹാന്മാരെക്കുറിച്ചുള്ള അന്വേഷണം ചെറുപ്പത്തിലെ വിനോദകരമായ അഭിലാഷവും പ്രൌഢകാലത്തെ ഗൌരവാവഹമായ ജോലിയും ആകുന്നു. അവരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നതിനുള്ള പിപാസയും അവരുടെ ചിത്രങ്ങൾ കാണുന്നതിനുള്ള ഔൽസുക്യവും അനുനിമിഷം വദ്ധിക്കുന്നു. അവരുടെ പാവനമായ ദർശനത്തിനു് എത്രദൂരം പോകണമെങ്കിലും നമുക്കു ക്ലേശമില്ല. ഒരിടത്തു വാസസൗകര്യങ്ങളും, ഒരിടത്തു സമൃദ്ധമായ സമ്പത്തും, മററൊരിടത്തു മനോഹരമായ കാഴ്ചകളും ഉണ്ടായി എന്നു വന്നേയ്ക്കാം. എന്നാൽ സുഖവാസത്തിനോ, ധനാജ്ജനത്തിനോ,

നയനാനന്ദത്തിനോ, സ്നേഹപൂർവ്വമായ പെരുമാററത്തിനോ അല്ല ദേശസഞ്ചാരം ചെയ്യേണ്ടതു്. അവ തുച്ഛങ്ങളായ സഹചാരിഭാവങ്ങൾമാത്രം. യഥാൎത്ഥമായി ജീവികളെ ആകർഷിക്കുന്ന അയസ്കാന്തം എവിടെ ഇരിക്കുന്നു, ബഹുജനമനഃപത്മങ്ങളെ വികസിപ്പിക്കുന്ന ജ്ഞാനഭാസ്കരൻ എവിടെ ഉദയം ചെയ്തിരിക്കുന്നു, ആനന്ദമകരന്ദം അന്വേഷിച്ചു വലയുന്ന ചിന്താക്രാന്തരായ ഭൃംഗപോതങ്ങൾക്കു മൃഗ്യമായ സുരഭിലകുസുമം എവിടെ ഉൽഫുല്ലമായിരിക്കുന്നു, പരിശുദ്ധസാന്നിദ്ധ്യമുള്ള ആ സ്ഥലത്തു എത്തുന്നപക്ഷം അതുതന്നെയല്ലേ നമ്മുടെ ദേശാടനത്തിലെ കൃതാൎത്ഥത? പുഷ്കലമായ സമ്പത്തും, ഹിതമായ ശീതോഷ്ണസ്ഥിതിയും അവിടെ തനിയേ ഉണ്ടാകയില്ലേ?

വാസ്തവത്തിൽ 'മഹാൻ' എന്ന നാമധേയത്തിന് അൎഹത ആൎക്കുണ്ടു്? അതുലവിഭവയുക്തമായി ആഡംബരപൂൎണ്ണമായി പ്രതാപസമേതമായ കുബേരത്വം മഹത്വത്തിനു മാനദണ്ഡമായിരിക്കരുതാമോ? വിസ്തൃതമായ അധികാരസീമയും ഗംഭീരമായ ആജ്ഞാശക്തിയും അതിന് അവകാശപ്പെട്ടുത്തുമോ? നമ്മുടെ കായികസൗകൎയ്യങ്ങളെ ശരിപ്പെടുത്തുന്നതിൽ കൂടുതലായി പറയത്തക്ക എന്തു പ്രയോജനമാണു് ഇവക്കുള്ളതു്? ആഹാരാദിചതുഷ്ടയങ്ങൾ മൃഗപക്ഷിജന്തുക്കൾക്കും സാധാരണമായുള്ളതല്ലേ? മഹത്വം ഇവയിലല്ല, നിശ്ചയം. ഉച്ചവും ഉദാത്തവുമായ ഭാവങ്ങളിൽ നിയമേന ജീവിക്കുന്ന ഒരാൾക്കാണു് യഥാൎത്ഥമായ മഹത്വം. മററുള്ളവർ വഴുതിയും വിഷമിച്ചും കയറിച്ചെല്ലുന്ന സ്ഥലം അദ്ദേഹത്തിനു നിത്യപരിചയമുള്ളിടത്താണു്. സംഗതി

കളെ അവയുടെ സൂക്ഷ്മമായ രൂപത്തിലും പരിമാണത്തിലും യഥാബന്ധത്തിലും അദ്ദേഹത്തിന്ന കണ്ണു തുറക്കുമ്പോൾ തന്നെ കാണാം. മററുള്ളവക്കാകട്ടെ, പ്രമാദമൂലങ്ങളെ ഓർമ്മിച്ചുകൊണ്ടു് സദാ ജാകരൂകമായിരുന്നു് ഗാഢമായ പര്യവേക്ഷണം ചെയ്യേണ്ടിവരുന്നു. പിച്ചകത്തിന്ന സൌരഭ്യവും ഗംഗയ്ക്കു പാവനത്വവും പ്രകൃത്യാ ഉള്ളതാണു്. മററുള്ളവർ അനുകരണംകൊണ്ടു വലയുമ്പോൾ അദ്ദേഹം സ്വന്തജോലി ഏററവും ലഘുവായി നിവ്വഹിക്കുന്നു. കാര്യപ്രാവീണ്യം പ്രവൃത്തിലാഘവം കൊടുക്കുന്നതാണല്ലൊ.

ഇതുമാത്രമല്ല, മഹത്വം മഹത്വത്തെത്തന്നെ വിളയിക്കയും വ്യാപരിപ്പിക്കുകയും ചെയ്യുന്നു. കസ്തൂരിക്കു സൗഗന്ധ്യംപോലെയും അഗ്നിക്കു ചൂടും വെളിച്ചവുംപോലെയും സാഹചര്യപരിധിക്കുള്ളിൽ പെടുന്നവരിൽ മഹാന്മാർ ഒരു വിദ്യുഛക്തിപ്രവാഹം പരത്തും. ലീനമായ ഉദാരവികാരങ്ങളെ പ്രകൃഷ്ടമാക്കുവാനും, തന്ദ്രീവശമായ അത്ഭുതശക്തികളെ ഉൽബുദ്ധമാക്കുവാനും, വടിവുറയ്ക്കാത്ത ചാരിത്രഗതിയെ പ്രവൃത്ത്യുന്മുഖമാക്കി ബലപ്പെടുത്തുവാനും, മഹത്വത്തിന്ന മാത്രമേ സാധിക്കു. ഒരു പുഷ്പംപോലെ അതിനെ നിഷ്പ്രയാസം ദാനം ചെയ്യുന്നതിന്ന മഹാന്മാക്കു കഴിവുണ്ടു്. അവർ നമ്മോടു് ഏററവും അടുത്തിരിക്കുന്നു. അവരെ കാണുന്ന മാത്രയിൽത്തന്നെ നാം അറിയുന്നു. നമ്മുടെ ആശകളെ പൂരിപ്പിക്കയും, ആശങ്കകളെ അകററുകയും വിഷമങ്ങളെ മനസ്സിലാക്കുകയും ചെയ്യുന്നു. ജീവിതത്തിന്ന നൂതനമായ അത്ഥങ്ങളും അവരിൽനിന്നു ലഭിക്കുന്നു. നാം സംതൃപ്തിയും അടയുന്നു.

ഈദൃശമായ മഹത്വം എത്ര നിസ്സാരസംഭവത്തിലും ഏതു കർമ്മക്ഷേത്രത്തിലും പ്രത്യക്ഷപ്പെട്ടും. ഹൃദയപ്രതിഭകളുടെ ഹൃദ്യമായ സമ്മേളനം എത്ര ചെറിയ സംഗതിയേയും മഹനീയമാക്കിത്തീക്കും. ആപ്പിൾപഴം മുൻപു ധാരാളം വീണിട്ടുണ്ടെങ്കിലും ന്യൂട്ടൻെറ ദൃഷ്ടിയിൽ പെട്ടപ്പോൾ അതു് ഒരു മഹത്തായ പ്രമാണത്തിൻെറ ലക്ഷ്യമായി പരിണമിച്ചു. കൊളംബസ് മേശപ്പുറത്തു മുട്ട നിറുത്തിയതുപോലെ പ്രവൃത്തിച്ചുകഴിഞ്ഞാൽ "ഇതാണോ" എന്നു നമുക്കു തോന്നിയേക്കാമെങ്കിലും അതേവരെ വഴി ഏതാണെന്നൂഹിക്കാൻപോലും കഴിവുണ്ടായിരിക്കയില്ല. ഓരോരിക്കലും ഉള്ള വാക്കുകളും പ്രവൃത്തികളും അതാതു സന്ദർഭത്തിലേയ്ക്കു് ഉത്തമമായിരിക്കും; മററവസരത്തിലേയ്ക്കോ, മററുള്ളവൎക്കോ അനുകരണസാദ്ധ്യമായിരിക്കയുമില്ല. മഹാന്മാരുടെ പ്രതിഭാശക്തി എപ്പോഴും ഉണൎവ്വോടുകൂടിത്തന്നെയിരിക്കും. വെള്ളത്തിൽ വാളെന്നപോലെ പരിസരങ്ങളിൽക്കൂടി അതു പാഞ്ഞുകയറി എപ്പോഴും മുന്നണിയിൽത്തന്നെ നില്ക്കുകയും ചെയ്യും.

പരിസരങ്ങളെ ഇഷ്ടിക്കുന്ന രീതിയിൽ പരിവൎത്തനം ചെയ്യിക്കുന്നതിനും അവൎക്കു പ്രയാസമില്ല. പ്രകൃതിയിലുള്ള ഓരോ സാധനവും ബഹുജനങ്ങൾക്കു് ഉപകരിക്കത്തക്കവണ്ണം അവർ രൂപാന്തരപ്പെടുത്തുന്നു. അഗ്നി, ആവിശക്തി, കാന്തശക്തി, വിദ്യുച്ഛക്തി, ഇരുമ്പു്, കണ്ണാടി, പഞ്ഞി, കടലാസ്സ്, ലിപി, അച്ചടി, ദശാംശം, ദൃഗ്ഗണിതം, സുകുമാരകലകൾ ഇവ ഓരോന്നും കണ്ടുപിടിച്ച ആളുകൾ പിന്നീടുള്ളവൎക്കു് മാൎഗ്ഗം എത്ര സുഖസഞ്ചാരയോഗ്യമാക്കി

ത്തീത്തിരിക്കുന്നു. ഓരോരുത്തരും പ്രകൃതിയുടെ ഓരോ അംഗമായി പ്രത്യേകം ബന്ധപ്പെട്ടപോലെ തോന്നുന്നു; അതാതംശങ്ങളെ ലോകദൃഷ്ടിയിൽ പെടുത്തുന്ന ഏജൻറാ യും, അവയുടെ നിഗ്രൂഢാത്ഥങ്ങളെ വെളിപ്പെടുത്തുന്ന ഒരു ഭാഷ്യകാരനായും ഭവിക്കുന്നു. അപ്രകാരമാണ് മാതംഗ മഹർഷിക്കു മതംഗത്തിൻേറയും, കണാദനു കണികകളു ടേയും, സ്കന്ദനു ഖേചരങ്ങളുടേയും ലിന്നേയസ്സിന് ഔഷ ധികളുടേയും, മാർക്കോണിക്കു വായുതരംഗങ്ങളുടേയും അത്ഥം മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതും.

മനുഷ്യനുമായി ഇടപെടുമ്പോഴാണ് ജഡമായ ഓ രോന്നും സജീവമാകുന്നത്. അയാറം മാലയ്ക്കു നൂലുപോലെ യാണ്. ഘനദ്രവബാഷ്പങ്ങളായുള്ള സകലതും, ലോഹാ ലോഹങ്ങളായുള്ള സകലതും, ചേതനാചേതനങ്ങളായും ചരാചരങ്ങളായുമുള്ള സകലതും, പരസ്പരബന്ധം അറി യുന്നതു് മനുഷ്യനിൽ കൂടിയാണ്. ഭൂമിയുടെ പരിഭ്രമണ ത്തിൽ ഓരോ ഭാഗവും ഓരോ സമയത്തു സൂര്യനോടു നേരി ട്ടുവരുന്നുണ്ടല്ലോ. അതുപോലെ പ്രകൃതിയിൽ വ്യതിരിക്ത മായ ഓരോന്നും മനുഷ്യസമ്പക്ക്ത്താൽ പ്രകാശമാനമായി ഭവിക്കുന്നു. ഓരോന്നിനും അനന്തമായ കാലത്തെയ്ക്കു പ്രതീ ക്ഷിക്കേണ്ടിവരുമായിരിക്കും; എന്നാൽ എന്നെങ്കിലും ഒരി ക്കൽ ഈ സമ്പക്കം ഉണ്ടാകാതെ കഴികയില്ല. എത്ര നിസ്സാ രവസ്തുവിനും ദിവ്യമായ ഒരംശമുണ്ടു്. അതു വെളിപ്പെടു ത്തുന്നതു മനുഷ്യനിൽ കൂടെയാണെന്നുമാത്രം. ചെടികാം മണ്ണിനെ വസ്തുഭേദപ്പെടുത്തി ജന്തുക്കറംക്കു ഭക്ഷ്യമാക്കുന്ന തുപോലെ മനുഷ്യൻ മററെല്ലാററിലും തന്നിൽത്തന്നെയും

ഉള്ള ദിവ്യത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നു. ആ ദിവ്യത്വം അല്ലെങ്കിൽ ദൈവത്വത്തിലേയ്ക്കാണുതാനും എല്ലാററിൻേറയും ഗതി. ബാഷ്പം ഘനീഭവിച്ചു മൃത്തായും, മൃത്തു് ഔഷധിയായും, ഔഷധി മൃഗമായും, മൃഗം മനനം ചെയ്യുന്ന മനുഷ്യനായും ഭവിക്കുന്നു. വാസ്തവത്തിൽ മനുഷ്യൻ ധ്രുവങ്ങൾക്കു മദ്ധ്യേയുള്ള ഘടികപോലെയാണു്. ജഡചൈതന്യമൂൎത്തികളെ ഏകകാലത്തിൽ ഏകതന്തുവിൽ അയാൾ മോചിപ്പിക്കുന്നു. രണ്ടിനേയും പ്രതിനിധീകരിക്കുന്നു; രണ്ടിൻേറയും ഭാഗഭാക്കാകുകയും ചെയ്യുന്നു. അല്ലെങ്കിൽ മേല്പറഞ്ഞ സംയോജന സാധിക്കുന്നതല്ല. സമാനഗുണങ്ങൾ ഉള്ളവയ്ക്കേ പരസ്പരധാരണ സാദ്ധ്യമാകൂ.

മനുഷ്യർക്കു്, പ്രത്യേകിച്ചു മനീഷികൾക്കു് ഉള്ള ഈ ദ്വിഭാഷിത്വം ലോകത്തെ സമ്പന്നവും വൎദ്ധമാനവും ആക്കുന്നു. പട്ടാളത്തിനു വഴിവെട്ടുകാരെപ്പോലെ അവർ മുന്നടന്നു മാൎഗ്ഗവിധാനം ചെയ്യുന്നു. അവരുടെ അന്വേഷണഫലം വെള്ളംപോലെ നിമ്നോന്നതങ്ങളിൽ ഒരുപോലെ പരക്കയും ജ്ഞാനതൈലം അതിവേഗത്തിൽ ഉയരുകയും ചെയ്യുന്നു. പിന്നീടു വരുന്നവർ ഈ ഉയൎന്നതലത്തിൽനിന്നു പ്രയാണം ആരംഭിച്ചാൽ മതിയാകും. ഇങ്ങനെ നമ്മുടെ ജീവിതം ഒരേ സമയത്തു വിപുലവും സാന്ദ്രവും, നമ്മുടെ വീക്ഷണകേന്ദ്രം സൂക്ഷ്മവും, സ്ഫുടവും, അന്യജീവികളുമായുള്ള നമ്മുടെ ബന്ധങ്ങൾ നൂതനവും, അവരുമായുള്ള പെരുമാററം പ്രേമപൂൎണ്ണവും ആയിത്തീരുന്നു. പഴയതിൽ പുതിയ അൎത്ഥം കാണുന്നതും പുതിയതു കിട്ടുന്നതിനു തുല്യമാണു്. പൂൎവാർജ്ജിതമായ ഈ സ്വത്തു് പാടങ്ങളേ

യും പറമ്പുകളേയുംകാൾ വിലയേറിയതാണ്. ഇതു ദേഹസംബന്ധികൾക്കു മാത്രം അവകാശപ്പെട്ടതല്ല. ഇതിൻെറ കൈമാറ്റം ചെയ്യുന്നതിനു നീതിന്യായക്കോടതികളുടെ സഹായം വേണ്ട; ഇതിൻെറ ആദായം അനുഭവിക്കുന്നതിനു നികുതി ഏല്പെടുന്നതുമല്ല. ഊനമില്ലാത്ത ധനവും വിഗതിയില്ലാത്ത ഗതിയും പ്രതിചലനമില്ലാത്ത ചലനവുമാകുന്നു ഇതു്.

മനസ്സ്, ബുദ്ധി, ആത്മ ഇവമുഖാന്തിരമുള്ളവയാണു് യഥാൎത്ഥ സഹായം. മററു സഹായങ്ങൾ ക്ഷണികങ്ങളും തുച്ഛങ്ങളുമാണു്. ദരിദ്രന്മാൎക്കു് അന്നവസ്ത്രാദിദാനങ്ങൾ എത്ര നിമിഷനേരത്തേയ്ക്കാണുപകരിക്കുന്നതു്. അതു കഴിഞ്ഞാൽ അവരുടെ സ്ഥിതി മുമ്പിലത്തേതുതന്നെ. നൈതികശക്തി, ചാരിത്രവീൎയ്യം, ആത്മബലം ഇവ അക്ഷയ്യമായ ഗുണത്തെ പ്രദാനം ചെയ്യും. അതുള്ളയാൾ അറിഞ്ഞും അറിയാതെയും പരോപകാരം ചെയ്യുന്നു. ജ്വലിക്കുന്ന അഗ്നിപോലെ ഉദ്ദേശിക്കാത്തവൎക്കുംകൂടി അതു പ്രയോജനപ്പെടുന്നു. കാർണേജിയുടെ ധനത്തേക്കാൾ അദ്ദേഹത്തിൻെറ ധനാൎജ്ജനബുദ്ധി അനൎഘമാണു്. അൎജ്ജുനൻെറ ദിഗ്വിജയത്തെക്കാൾ മെച്ചമേറിയതല്ലേ ആ ക്ഷാത്രവീൎയ്യം അഭിമന്യുവിനു ലഭിച്ചതു്? മഹാന്മാരുടെ ജീവചരിത്രം കൊണ്ടുള്ള പ്രയോജനം ഇതാണു്. ചിരന്തനമായ ഫലം നൽകുന്നതു് സ്വഭാവത്തിൽ ദൃഢമൂലമാകത്തക്കവണ്ണം ശക്തിയേറിയ ഭാവങ്ങളെ ദൃഷ്ടാന്തപൂൎവ്വം പ്രചരിപ്പിക്കുന്നതിനാലാകുന്നു.

സൂക്ഷ്മമായി നോക്കുമ്പോൾ ഒരുത്തക്കും ഒന്നും ദാനം ചെയ്യാൻ കഴിവില്ല. ദാനം എന്നതു് പ്രകൃതിയുടെ ധമ്മത്തിന്ന വിപരീതമാകുന്നു. ഒട്ടുമാവിനെപ്പോലെ ഒട്ടിച്ചുവച്ചു വളത്താൻ സാധിക്കയില്ല. മനുഷ്യൻ സ്വയമായും സ്വതന്ത്രമായും വളരുന്ന ജീവിയാകുന്നു. കൃഷിക്കാരൻ ചാലുകളിൽ ജലം സംഭരിക്കുന്നതുപോലെ സവ്വശക്തികളും ബീജമായി മനുഷ്യനിൽ സംഭരിച്ചിരിക്കുന്നു. അണ മുറിക്കാത്ത താമസം, അതു നിലങ്ങളിൽ പാഞ്ഞുപോയി വിളവിനെ പുഷ്ടിപ്പെടുത്തുന്നു. വിദ്യാഭ്യാസംകൊണ്ടു് ഈ അണ മുറിക്ക മാത്രമേ ചെയ്യുന്നുള്ളൂ. അതിനാൽ അന്യരെ സഹായിക്കുന്നു എന്നതു് ഔദ്ധത്യപോഷകമായ മിഥ്യാബോധമാകുന്നു. പരസഹായം വാസ്തവത്തിൽ അവരവക്കുതന്നെ സഹായമായി പരിണമിക്കുന്നു.

എങ്കിലും മഹൽസംസഗ്ഗം നമ്മുടെ ചാരിത്രത്തെ സങ്കുചിതമാക്കി നിറുത്തിയിരിക്കുന്ന അണകൾ വേഗം ഭഞ്ജിക്കുന്നതിന്ന നമ്മെ പ്രാപ്തരാക്കുന്നു. ഉന്മേഷം ശീഘ്രം പടൎന്നുപിടിക്കുന്നതാണു്. അവർ ദർശിക്കുന്ന കേന്ദ്രത്തിൽ നിന്നു ദർശിക്കാനും അതേ വിഷയങ്ങളെപ്പറ്റി സംഭാഷിക്കാനും നമുക്കു വശമാകയും ൎവരെ ആകർഷിച്ച ആനന്ദം നമുക്കു ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു. ഒരേ ശത്രുവിനോടു കൂടെക്കൂടെ യുദ്ധം ചെയ്യരുതെന്നു് നെപ്പോളിയൻ പറയാറുണ്ടത്രേ. നമ്മുടെ യുദ്ധതന്ത്രങ്ങൾ അയാൾ മനസ്സിലാക്കിക്കളയും. ഊർജ്ജിതബുദ്ധിയുള്ള ഒരാളുമായി ധാരാളം സംസാരിച്ചാൽ അയാളുടെ വിചാരസരണിയെ നല്ല പദപ്രയോഗങ്ങൾപോലും നമുക്കു സിദ്ധിക്കുന്നു. ജാത്യാന്ധനു കാഴ്ച ലഭിച്ചതുപോലെ അപ്പോൾ നൂതന

PRESENTED BY:
SRI M.K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

മായി ചില ഇന്ദ്രിയകവാടങ്ങൾ തുറക്കുന്നതായിക്കാണാം. സംഭാഷിക്കുന്നവരിൽ തങ്ങളറിയാത്ത സമ്പത്തിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കയും, ധനവാന്മാർക്കു് അവരുടെ ദാരിദ്ര്യം മനസ്സിലാക്കിക്കൊടുക്കയും, ദരിദ്രന്മാർക്കു ധനാഗമമാർഗ്ഗങ്ങൾ ഉപദേശിക്കയും ആണു് അവരുടെ പ്രവൃത്തി. മാലിന്യപങ്കിലമായ ഗർത്തത്തിലാണു് നമ്മുടെ ആസ്ഥാനമെന്നു് അനുഭവത്താൽ ബോധ്യപ്പെടുത്തി അതിനോടു നമുക്കു വിരക്തി ജനിപ്പിക്കും. എന്നാൽ തൽസ്ഥാനം ശൂന്യമാക്കിയിടാതെ ധവളവും നിർമ്മലവും സംശുദ്ധവും ആയ ഉയർന്ന അന്തരീക്ഷത്തിലേയ്ക്കു് ആസക്തി അങ്കുരിപ്പിച്ചിട്ടാണു് ആ വൈരാഗ്യബുദ്ധി ഉല്പാദിപ്പിക്കുന്നതു്. കാലക്രമേണ ജീവിതം ഗൌരവമേറിയതാണെന്നു തേറി, സ്വഭാവത്തിനനുഗുണമായ ഒരു ലക്ഷ്യം നിശ്ചിതമാക്കി, തൽപ്രാപ്തിക്കു നിരന്തരവും കഠിനവുമായി പ്രയത്നിക്കുന്നതിനു നാം പ്രേരിതരായിത്തീരുന്നു. 9328

മഹത്വം ചാരിത്രത്തെപ്പോലെ എല്ലാം ഒരേതട്ടിലുള്ളതല്ല. മഹാന്മാർ സോപാനത്തിന്റെ ഓരോപടിയിൽ സ്ഥിതിചെയ്യുന്നു. അവർതമ്മിൽ അകലം വളരെയുണ്ടുതാനും. പ്രദർശനശാലയിൽ സാമഗ്രികളുടെ വൈവിധ്യം കണ്ടാനന്ദിക്കുന്നതുപോലെ പ്രവേശനത്തിനനുവാദം നമുക്കും ലഭിക്കുകയാണെങ്കിൽ പ്രതിഭാശക്തിയുടെ മാററവും, കൂർച്ചയും, മേധയുടെ ഉറപ്പും കഴമ്പും, ധാരണയുടെ പിടിത്തവും മൂർച്ചയും, നോട്ടത്തിന്റെ പരപ്പും ആഴവും മൂർത്തീഭവിച്ച വിശിഷ്ടന്മാരായ പല ലോകോത്തരന്മാരെയും ദർശിക്കാം. കായികാഭ്യാസംചെയ്തു് അംഗങ്ങൾക്കു മുഴുപ്പും ഉറപ്പും വരുത്തീട്ടുള്ള മല്ലന്മാരെക്കാണു,

മ്പോൾ ഉണ്ടാകുന്ന കണ്ണിന്റെ കുളൎമ്മയും സുഖവും വിചാരിച്ചാൽ മേല്പറഞ്ഞതും ഏറെക്കുറെ ഊഹ്യമാണ്. നമുക്ക് അത്ഭുതംകൊണ്ടു പാരതന്ത്ര്യം ഭവിക്കും. ഐന്ദ്രജാലികന്റെ പിഞ്ഛികപോലെ മഹിമകണ്ടു മയങ്ങിയും കണ്ണു മഞ്ചിയും പോകും. മധുരവും അധികമായാൽ ചെടിക്കും. വിശേഷിച്ചു താരതമ്യമില്ലാത്ത രണ്ടെണ്ണം യോജിച്ചുവരുമ്പോൾ വലുതു ചെറുതിനെ ഗ്രസിച്ചുകളയും. ഇന്ദ്രിയങ്ങൾ പ്രവൎത്തനക്ഷമങ്ങളല്ലാതെ തീൎന്ന് "അസൊ അസേല്ലൊ" മൂളുകമാത്രമേ ഉള്ളൂ. അങ്ങനെ എല്ലാം ഒരേ കരുവിൽ വാൎത്താൽ ജീവിതത്തെ രുചികരമാക്കുന്ന വൈചിത്ര്യം നശിച്ചു മുഷിപ്പിക്കുന്ന ഐകരൂപ്യം ഉണ്ടായി വളൎച്ച കുറഞ്ഞു് ഓജഃക്ഷീണവും, സ്വാശക്തിക്കുറവും, വീൎയ്യരാഹിത്യവും ഭവിക്കുന്നു. എന്നാൽ സാക്ഷാൽ മഹത്വമുള്ളവർ മററുള്ളവരെ തങ്ങളിൽനിന്നു രക്ഷിക്കും. അവർ സൃഷ്ടിക്കയും വൎദ്ധിപ്പിക്കയും ദൃഢപ്പെടുത്തുകയും അല്ലാതെ ഒരിക്കലും നശിപ്പിക്കയില്ല.

അങ്ങനെയുള്ളവർ ജീവിതമത്സരത്തെ കഴിയുന്നതും മയപ്പെടുത്തുന്നതല്ലാതെ മൂൎച്ഛകൂട്ടുന്നതല്ല. ഈ ജീവിതചക്രത്തിന് അവരുടെ ആശയവിനിയമനം തൈലസേചനമാണ്. ബഹളവും മത്സരവും ദിവസംതോറും വൎദ്ധിച്ചുവരുന്ന കമ്പോളത്തിലാണ് നാം കഴിഞ്ഞുകൂട്ടുന്നതു്. അന്യരുടെ സന്തോഷത്തിൽ സുഖമില്ലെന്നു മാത്രമല്ല, അന്യദുഃഖത്തിൽ കുതുകമുണ്ടുതാനും. സത്യവും പൌരുഷവും വെടിയാതെ നല്ലവനാകാനും പരദ്രോഹംചെയ്യാതെ വലിയവനാകാനും അസാദ്ധ്യമായിരിക്കുന്നു. അന്തസ്സില്ലാത്ത ഒരു ധൃതി എല്ലായിടത്തും കാണ്മാനുണ്ടു്. മേന്മയുടെ

ഏറ്റക്കുറച്ചിൽ തുല്യന്മാരുടെ ആശാഭംഗം, മനോദുഃഖം, വെറുപ്പ് മുതലായവയുടെ കൂട്ടതൽക്കുറവിനെ അസ്പദമാക്കിയാണ് ഗണിക്കുന്നതു്. എന്നാൽ മഹത്തായ ആദർശവും ഉൽകൃഷ്ടമായ ജീവിതവും ഇപ്പോഴുള്ളവരുടെ ശ്ലാഘയ്ക്കു വിഷയീഭവിച്ചില്ലെങ്കിലും, ഈ മൽപിടിത്തത്തെ വളരെ ശാന്തപ്പെടുത്തുകയും കാലാന്തരത്തിൽ ഗുണകാമമായിത്തീരുകയും ചെയ്യാതിരിക്കയില്ല.

ആവൃത്തചക്ഷുസ്സനായ ഒരാൾക്കു് ഈ ധൃതികാലവ്യയമാണെന്നു ബോധ്യമാകും. ദിനകൃത്യങ്ങൾ ഉത്സാഹത്തോടെ ഏതുനാൾ വേണമെങ്കിലും നടത്താം. എന്നാൽ അന്തിയായി കണക്കുകൂട്ടുമ്പോൾ നമുക്കു ലാഭമൊന്നുമില്ലതന്നെ. ഈ ഭൌതികഭൂമി അതി ദീർഘമായ ഒരു ഇടുക്കുവഴി; ഉന്തുംതള്ളും ഇവിടെ വളരെ കലശൽ; അതിൽതന്നെ സമയം വളരെ കഴിയും; മിക്കവാറും വീണുപോകാനും ഇടയുണ്ടു്. നമുക്കു് ഉറപ്പും വിസ്താരവുമേറിയ നൈതികഭൂമിയിലേയ്ക്കു കടക്കാം. അവിടെ ആസ്ഥാനസൌഖ്യമുണ്ടു്. കുറേക്കൂടി മുന്നോട്ടു നീങ്ങി ആത്മീയരാജ്യത്തിൽ പ്രവേശിച്ചാൽ അവിടെ തിരക്കു കുറയും; ദേവദർശനവും കഴിക്കാം.

"അവതാരങ്ങൾ ആവിക്കപ്പലുകൾപോലെയാണ്." എന്നു് ഒരാൾ പറഞ്ഞിട്ടുണ്ടു്. അസംഖ്യമസംഖ്യം ആളുകളെ തനിച്ചു് ആഴിക്കപ്പുറം കടത്തുന്നു. മഹാന്മാരും ഏതാണ്ടു ചെറുതോതിലുള്ള കപ്പലുകളാണ്. രാമകൃഷ്ണപരമഹംസൻ, വിവേകാനന്ദൻ, ദയാനന്ദസരസ്വതി, കേശവചന്ദ്രസേനൻ ആദിയായവർ മതത്തിലും രമേശചന്ദ്രദത്തൻ, ബങ്കിമചന്ദ്രൻ, വിദ്യാസാഗരൻ, ഗിരീശൻ, മൈക്കേൽത്തുടങ്ങിയ

വർ സാഹിത്യത്തിലും; തുംഗസ്ഥാനത്തു ദിവ്യജ്യോതിസ്സുക ളായി വിളങ്ങിക്കൊണ്ടു് എത്ര താരാഗണങ്ങളെ പ്രകാശി പ്പിച്ചിട്ടുണ്ടു്. മഹാത്മജി, തിലകൻ തുടങ്ങി രാഷ്ട്രത ന്ത്രത്തിലുണ്ടായവരെപ്പററി പറയാനുമില്ലല്ലോ. ഇരുപ താംനൂററാണ്ടിലെ നാഗരികത്വം ഭാവിശതാബ്ദങ്ങളിൽ കേവലം "കാടത്വം" ആയി പരിണമിച്ചേയ്ക്കാം. രാമ സേതുവിനെ പണ്ടു് അർജ്ജുനൻ ആക്ഷേപിച്ചതുപോലെ ഇപ്പോഴത്തെ ശ്രമങ്ങൾ ഇനിമേൽ മങ്ങിപ്പോകയും യുദ്ധ രീതികൾക്കു് "മരങ്ങത്വം" ചുവയ്ക്കയും ചെയ്തേയ്ക്കാം. എങ്കിലും ഈ നാമധേയങ്ങൾ ഭൂമിയും ആകാശവും ഉള്ള നാളൊക്കെയും പ്രഭയ്ക്കും പുതുമയ്ക്കും ഒട്ടും വാട്ടംതട്ടാതെ ഭാസുരമായി പ്രശോഭിക്കതന്നെ ചെയ്യും. കഷ്ടം! കേരള വുമായി സംബന്ധിച്ചു് ഇതുപോലെ ഒരു നാമവും ഉച്ചരി ക്കാൻ മാർഗ്ഗമില്ലല്ലോ എന്നു ദീർഘനിശ്വാസം ഉണ്ടാകുന്നു. ശങ്കരാചാര്യരെ വിളയിച്ച ഭൂമി കേവലം ഊഷരദേശമാ യിത്തീർന്നുപോയല്ലോ. സാമുദായികമായുള്ള കൃമിഹററരോ ഗങ്ങൾക്കു് ഒററമൂലിതേടുന്ന ആളുകൾക്കു കേശവദാസ ൻേറയും വേലുത്തമ്പിദളവയുടേയും പേരുകളോടുകൂടി ഉദാ ഹരണങ്ങൾ അവസാനിക്കയും ചെയ്യുന്നു. പരിതാപക രമായ ഈ അവസ്ഥയെക്കുറിച്ചു ലജ്ജതോന്നാത്തവരെ നമസ്കരിക്കതന്നെ വേണം. അതെങ്ങനേയും പോകട്ടെ. മഹാന്മാരെക്കുറിച്ചുള്ള ഈവക സംഗതികൾ ആലോചി ക്കുമ്പോൾ മഹത്വത്തിൻെറ ഔന്നത്യം ഊഹഗോചരമാ കുന്നു. ക്രമാഗതമായ വളർച്ചയാണു് പ്രകൃതിയുടെ പ്രമാ ണം. ബീജത്തിനനുസരിച്ചാണു ഫലവും. ചെമ്പുനട്ടാൽ തെങ്ങായിട്ടു മുളയ്ക്കുന്നില്ല. കുററിക്കാട്ടുകളിൽ കുറുക്കനും

കുന്നിൻപുറങ്ങളിൽ എഴുന്നുള്ളമല്ലാതെ മാമരങ്ങളും കേസരിവീരന്മാരും ഹിമാലയത്തിലേ കാണു.

മഹത്വംതേടി അധികദൂരം പോകുമ്പോൾ മഹത്വം അറിയാത്ത ഒരു സ്ഥാനത്തു നാം എത്തുന്നതായിക്കാണാം. പരിധിയിൽനിന്നും മദ്ധ്യത്തിലേയ്ക്കു അടുക്കുംതോറും അന്തരം കുറയുന്നു. ഉച്ചനീചത്വങ്ങൾ ആപേക്ഷികങ്ങളാണു്. അതിനപ്പുറംകടന്നാൽ വ്യക്തിത്വം നശിച്ചു് എല്ലാം ഏകമായി ദർശിക്കാം. വിചാരവും വികാരവും ജ്ഞാനവും ഭക്തിയും ശൃംഗത്തിങ്കൽ ഏകബിന്ദുവിൽ യോജിക്കുന്നു, ലയിക്കുന്നു. അതു ദേശകാലനിമിത്തങ്ങൾക്കു അതീതമായിടത്തുമാണു്. ഗുണങ്ങളും ശക്തികളുമാണു് സ്ഥായിയായിട്ടുള്ളവ. ആകൃതികൾ അവയുടെ ആലംബനങ്ങൾമാത്രം. പ്രതീകങ്ങൾ നശിച്ചാലും അവ പ്രതിനിധീകരിക്കുന്നഭാവം നശിക്കുന്നില്ല. അതു രാവും പകലും ഇടവിടാതെ പ്രതിനിമിഷം നൂതനോപാധികളെ ആശ്രയിച്ചുവ്യാപിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഗുണശക്തികളും ഏകഭാവത്തിൻെറ പ്രകടനഭേദങ്ങളാണു്. എങ്കിലും മനുഷ്യബുദ്ധി എത്തുന്നിടത്തോളംദൂരം ഉപാധികൾ വേണ്ടിയിരിക്കുന്നു. മഹത്തരന്മാർ ഉണ്ടാകുന്നതിനു മഹാന്മാർ ആവശ്യമാണു്. ഏകത്വം അറിയുന്നതിനു നാനാത്വവും കൂടിയേ തീരു.

യദ്യദ്വിഭൂതി മൽ സത്വം
ശ്രീമദൂർജ്ജിതമേവവാ
തത്തദേവാവ ഗച്ഛത്വം
മമതേജോംശസംഭവം.

---

With the kind permission of Mr. N. Kunjuraman Pillai M. A., B. L.

# IV. കേരളീയകവിതാരീതി.

(പി. അനന്തൻപിള്ള അവർകൾ എം. ഏ.)

കവിതയുടെ ആത്മാവും ശരീരവും മനുഷ്യരുടെ ആത്മാവും ശരീരവുംപോലെതന്നെ അന്യോന്യാശ്രയീഭൂതങ്ങളാകയാൽ അവ രണ്ടും വേർതിരിച്ചു പ്രകാശിപ്പിക്കയെന്നതു കേവലമൊരു വ്യാവഹാരിക വ്യവസായമെന്നേ വിചാരിക്കേണ്ടതുള്ളു. കവിതയുടെ ആത്മാവു കവിയുടെ മനോമണ്ഡലത്തിൽ പ്രതിബിംബിതമായിത്തീരുന്ന പ്രപഞ്ചതത്വമാണല്ലോ. സുന്ദരമായ ഒരു ദൃശ്യാവലിയോ, രസകരമായ ഒരു സംഭവമോ നമ്മുടെ മനസ്സിൽ പതിയുമ്പോൾ അതു പ്രകാശിപ്പിക്കുവാൻ നാം പല യത്നങ്ങളും ചെയ്യുന്നു. ചിലപ്പോൾ സാധിച്ചേക്കാമെന്നേയുള്ളു. എന്തായാലും, അപ്രകാരമുണ്ടാകുന്ന ബാഹ്യരൂപം ആ നൂതനസൃഷ്ടിയായി പരിണമിക്കുന്നു. ഈ സൃഷ്ടിയുടെ അന്തരമായ ചൈതന്യശക്തി സാഹിത്യകലയിൽ കവിതയുടെ ആത്മാവും ബാഹ്യരൂപം ശരീരവുമാണെന്നു സാമാന്യമായിപ്പറയാം. പ്രാപഞ്ചികപദാൎത്ഥങ്ങൾ മനസ്സിൽ പതിയുന്നതു പലവിധത്തിലുമായിരിക്കാം. അത്യുത്തമവും അതിസുന്ദരവും ആയ പ്രതിബിംബംപോലെതന്നെ ചിലപ്പോൾ അതി നികൃഷ്ടവും, ഭയാനകവുമായ ഛായകൾ പതിഞ്ഞു എന്നു വരാം. എങ്ങനെ ആയാലും ഈ മാനസസൃഷ്ടിക്കു കവിമനോധർമ്മം എന്ന പേരാണു് നിരൂപകന്മാർ നല്കിക്കാണുന്നതു്. അത്യുൽകൃഷ്ടങ്ങളായ ഓരോ വിഷയങ്ങൾ

SREE KRISHNA VILASOM GRANDHASALA TRIVANDRUM

ആദിമഹാകവികളുടെ ഹൃദയതലങ്ങളെ സ്പർശിച്ചപ്പോൾ അവക്കുണ്ടായ വികാരത്തിന്റെ ഒരു പ്രതിഛായ കവിതാരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ആ കവിത വായിച്ചവരിൽ അതേ വികാരംതന്നെ ഉത്ഭൂതമായി എന്നുള്ളതിനു സംശയമില്ല. ഇങ്ങനെയായിരിക്കണം ശൃംഗാരാദി രസങ്ങൾ വ്യവസ്ഥാപിതങ്ങളായതു്. പിന്നീടു ഓരോ രസം വർണ്ണിച്ചു ഫലിപ്പിക്കാൻ സ്വാനുഭവജ്ഞാനത്തിന്റെ അഭാവത്തിൽപോലും ശിക്ഷാസാമർത്ഥ്യത്താൽ കവികൾക്കു സാധിച്ചിട്ടുണ്ടു്. ഇതിൽ ഏതെല്ലാമാണു കല്പനകൾ എന്നും, ഏതെല്ലാമാണു അനുകരണങ്ങൾ എന്നും കാലാന്തരത്തിൽ അറിവാൻ മേലാതെ പോയെങ്കിൽ അതിലത്ഭുതപ്പെടുവാനില്ല.

ക്രൌഞ്ചമിഥുനത്തിൽ ഒന്നു വേടൻ വധിച്ചപ്പോൾ അതുകണ്ടു ഉള്ളുരുകിപ്പോയ വാല്മീകി മഹർഷി തൽക്ഷണം സൃഷ്ടിച്ച "മാനിഷാദാ"ദിപദ്യം ആണു് ആദ്യത്തെ കവിതയെന്നു പറയുന്നതിൽ പാശ്ചാത്യവിമർശകന്മാരിൽ ചിലർ കണ്ണു ചുളുപ്പിക്കുന്നതെന്തിനാണെന്നറിയുന്നില്ല. നമ്മുടെ രാമായണാദി ഇതിഹാസങ്ങളൊക്കെ കള്ളമാണെന്നു പറഞ്ഞാലും ഈ ക്രൌഞ്ചമിഥുനത്തിന്റെകാര്യത്തിൽ വ്യാജലേശമില്ലെന്നു പ്രതിജ്ഞ ചെയ്യാവുന്നതാണു്. അഥവാ അന്നത്തെ ഒരു ചരിത്രസംഭവത്തിൽ ആ ദീർഘദർശിയായ മഹർഷി സ്വാനുഭവസാദൃശ്യം കണ്ടിട്ടു് ഒരു മഹാകാവ്യം എഴുതി എന്നു വരാവുന്നതാണല്ലോ. ബ്രഹ്മാവു വന്നുൽബോധിപ്പിച്ചു എന്നുള്ളതായിരിക്കാം കള്ളക്കഥ. തന്റെ കാലത്തും രാജ്യത്തിലും നടന്ന സംഭവം ഈ മനോഗതിയോടുകൂടി ഒരു കവി പ്രതിപാദിച്ചതിൽതന്നെ അനു

കരണത്തിന്റെ ഛരായ വന്നിട്ടുള്ള സ്ഥിതിക്ക് ആ ഇതിവൃത്തത്തെ അസ്പദമാക്കി പിന്നീടു എഴുതിയിട്ടുള്ള കാവ്യങ്ങൾക്ക് ആദർശത്തിൽനിന്നും എത്രമാത്രം അകൽച്ച വന്നിരിക്കണം! ആ ആദർശത്തിന്റെ പ്രേരണ നോക്കൂ! ക്രൌഞ്ചമിഥുനത്തിന്റെ കാര്യം രാമായണ കഥയിൽ എവിടെയെല്ലാം ഏതെല്ലാം പ്രകാരത്തിൽ കവിയുടെ മനോഗതി നമുക്കു സ്പഷ്ടമായി കാണിച്ചുതരുന്നു! ഭർത്തൃവധത്താൽ താരയ്ക്കും മണ്ഡോദരിക്കുമുണ്ടായ ദുഃഖം, സീതാവിയോഗത്താൽ ശ്രീരാമനുണ്ടായ ദുഃഖം ഇങ്ങനെ കരുണരസത്തിന്റെ പ്രാബല്യം ഒന്നുമാത്രം പുരസ്കരിച്ച് ആ കാവ്യത്തിന്റെ ഉൽക്കർഷം നിരാക്ഷേപമായി സ്ഥാപിക്കാവുന്നതാണ്. ഇടയ്ക്കു വിപ്രലംഭശൃംഗാരം—അതോ, വിപ്രലംഭകരുണമോ എന്നു തീർച്ച പറവാൻ നിവൃത്തിയില്ല—കവിതയുടെ മറെറാരു മാർഗ്ഗത്തെ നിർദ്ദേശിച്ചു. അതു പല മഹാകവികളേയും ആകർഷിച്ചു വശത്താക്കി. എത്രയെത്ര പുരുഷാന്തരങ്ങളായി ഇങ്ങനെ വായനക്കാരുടെ ചിത്തവൃത്തികളെ ഈ ക്രൌഞ്ചമിഥുനസൂചിതങ്ങളായ കവിമനോധർമ്മം പ്രേരിപ്പിച്ചിരിക്കുന്നു എന്നു നോക്കുക.

ആദി കവിതയ്ക്കു ആത്മാവും ശരീരവുമുണ്ടെങ്കിലും, ആത്മാവിനുതന്നെയാണു മഹത്വം കല്പിക്കേണ്ടതെന്നു മാനിഷാദാദിപദ്യം സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. യാതൊരു ശബ്ദഭംഗിയും അതിനുള്ളതായി തോന്നുന്നില്ല. എന്നാൽ സാധാരണ മനുഷ്യർ അവരുടെ ആശയങ്ങൾ വിനിമയം ചെയ്യുന്നതുപോലെയല്ല, ചുരുക്കിപ്പറഞ്ഞാൽ വൃത്തമുണ്ടെന്നാണു ഭേദം. ഇംഗ്ലീഷിൽ 'റിതം' (Rhythm) എന്നു പറയുന്ന ശബ്ദങ്ങളുടെ ഗുണം വൃത്തംകൊണ്ടു സാധിക്കുന്നു

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU

എന്നു ഞാൻ പറയുന്നില്ല. വൃത്തം ഗദ്യപദ്യങ്ങളെ വേർതിരിക്കുന്നതേയുള്ളു. 'റിതം' അപ്രകാരം ചെയ്യുന്നു എന്നു പറവാൻ മേല. ഗദ്യപദ്യങ്ങൾക്കു് ഉഭയസാധാരണമായിട്ടുള്ളതാണു 'റിതം'. സംഗീതത്തിൻെറ ഒരു ശക്തിയാണെന്നു പറയാമെന്നല്ലാതെ ശരിയായി നിർവചിക്കാൻ പ്രയാസം. എന്നാൽ സ്വരങ്ങളുടെ ആരോഹാവരോഹം കൊണ്ടുമാത്രം സിദ്ധമാകുന്ന ആസ്വാദ്യതയിലും എത്ര ഉപരിയായിട്ടാണു് ഈ ഗുണം സ്ഥിതിചെയ്യുന്നതു്. പദങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ നമുക്കു സാധിച്ചില്ലെങ്കിലും സംഗീതാനുഭവം മാത്രമേ ഉണ്ടാകുന്നുള്ളു. അർത്ഥം മനസ്സിലാക്കി, ആയതു മനോഹരമെന്നു തോന്നുന്നപക്ഷം ശബ്ദങ്ങളുടെ 'റിതം' നമുക്കു് അത്യന്തം രസപ്രദമായിത്തീരുന്നു. അപ്പോൾ 'റിതം' എന്നതു് സഹൃദയഹൃദയാഹ്ളാദജനകമായ ചമൽക്കാരവിശേഷംതന്നെയെന്നു വന്നുകൂടുന്നു. സംഗീതരസികനും സഹൃദയനുമായിട്ടു വളരെ അന്തരമുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ഞാനൊരു സംഗീതജ്ഞനല്ല. എന്നാൽ നല്ല കവിത പാടിക്കേൾക്കാൻ വളരെ കൗതുകമുണ്ടു്. അതാണു ചില വലിയ സംഗീതസദസ്സുകളിലുംമററുംവച്ചു് നളചരിതം ആട്ടക്കഥയിലെ ഒരു പദമോ പൂന്തം നമ്പൂതിരിയുടെ ഒരു ശ്ലോകമോ ചൊല്ലിക്കേട്ടാൽ കൊള്ളാമെന്നു് അപേക്ഷിക്കുന്നതു്. പക്ഷേ, അപേക്ഷയുടെ അനൗചിത്യം മററുചിലർക്കു തോന്നാറുള്ളതുപോലെ എനിക്കു തോന്നാറില്ലെന്നേയുള്ളു.

ആത്മാവിനനുരൂപമായ ശരീരം കവിതയ്ക്കുണ്ടാകുന്നതു് എങ്ങനെയെന്നു വിശദമാക്കാൻ വളരെ പ്രയാസമാണു്. നല്ലനല്ല ആശയങ്ങൾ മനസ്സിൽനിന്നു ബഹിർഗ്ഗ

മിക്കുമ്പോൾ നല്ലനല്ല രൂപങ്ങളെ പ്രാപിക്കുമെന്നും, ഷേക്സ്പീയർ, കാളിദാസൻ മുതലായ മഹാകവികളുടെ ആശയസമ്പത്താണു് മനോഹരപദാവലികളായി തീൎന്നിട്ടുള്ളതെന്നും നമുക്കു് അനുഭവംകൊണ്ടറിയാം. കവിതാനദിയുടെ ഉല്പത്തിയാണു് പരിശുദ്ധമായിരിക്കേണ്ടതു്. പുറപ്പെട്ടുകഴിഞ്ഞതിന്റെശേഷം പോഷകനദികളാലും മററും എത്രതന്നെ വിസ്തൃതമായിത്തീൎന്നാലും, ജലത്തിന്റെ നന്മ കൂടിവരുമോ എന്നുസംശയമാണു്. പ്രപഞ്ചരമ്യത അതിന്റെ ഏതെങ്കിലുംഒരംശത്തിൽ കവിഹൃദയത്തിൽപതിയുമ്പോൾ, കവിക്കുണ്ടാകുന്ന മാനസികമായും, കായികമായുമുള്ള ഭാവഭേദങ്ങൾ അകപ്പാടെ അതിനെ സ്പൎശിച്ചു വാഗ്രൂപമായി പുറപ്പെടുന്നു. വാസനാവിശേഷങ്ങൾക്കു വല്ലതും ഒരിളക്കം തട്ടേണ്ട താമസമേയുള്ളു. പിന്നീടു വേണ്ടതെല്ലാം സന്നദ്ധമായിരിക്കയാണു്. ഇന്ദുമതിയെ സ്വയംവരമണ്ഡപത്തിലേക്കു പ്രവേശിപ്പിച്ചപ്പോൾത്തന്നെ സഞ്ചാരിണീദീപശിഖ, തെരുവീഥി ഇതെല്ലാം ഒരോന്നായി കാളിദാസന്റെ മനോധൎമ്മകവാടമാൎഗ്ഗങ്ങളിൽ തിക്കിക്കൂടിത്തുടങ്ങി. ആശയവും അനുരൂപപദാവലികളും ഇങ്ങനെ ഒരേ സമയത്തു ഉത്ഭവിക്കുമ്പോൾ ആ കവിത നിസൎഗ്ഗമനോഹരമെന്നു പറയാം. എന്നാൽ ചിലതു പ്രഥമദൃഷ്ടിയിൽ മാത്രമേ അങ്ങനെ തോന്നുകയുള്ളു. മുമ്പൊരു കവി സൃഷ്ടിച്ചതു് കവിശിക്ഷയാൽ മറെറാരാൾക്കു സ്വാധീനമായിത്തീരുകയും അയാൾ അതു സാമൎത്ഥ്യത്തോടുകൂടി പ്രയോഗിക്കുകയും ചെയ്താൽ നാം ചരിത്രാന്വേഷണംചെയ്തു് അതിന്റെ പ്രഥമകൎത്തൃത്വത്തെ സ്ഥാപിക്കാൻ തുടങ്ങുന്നതാണോ? പക്ഷേ,

ദൈവാധീനത്താൽ ഇതുവരെ രസികന്മാരെ സംബന്ധിച്ചിടത്തോളം അതിനു അവശ്യം നേരിട്ടിട്ടില്ല.

സംസ്കൃതസാഹിത്യത്തിൻെറ ആരംഭഘട്ടങ്ങളിൽ നോക്കുകയാണെങ്കിൽ വാല്മീകി, വ്യാസൻ മുതലായ മഹാകവികൾ പ്രകൃതിയെ പകൎത്തിവച്ചിരിക്കുന്നതായിക്കാണാം. പിന്നീടു മനുഷ്യരുടെ മനോഗതിക്കു ക്രമപ്രവൃദ്ധത്താൽ വന്നുചേൎന്ന മാററത്താൽ പ്രകൃതിനിരീക്ഷണവും തദ്ദ്വാരാ മനോധൎമ്മത്തിലുള്ള പ്രതിക്ഷേപവും, അതിൻെറ പ്രകാശനവും ഏതാണ്ടു വ്യത്യസ്ഥമായിത്തീൎന്നു. ഇതു് ഊൎദ്ധ്വഗതിയേയൊ അധോഗതിയേയൊ നിൎദ്ദേശിച്ചതെന്നു ഖണ്ഡിതമായിപ്പറവാൻ മേല. എങ്കിലും ലോകം അനുദിനം പരിഷ്കാരത്തെ പ്രാപിച്ചുവരുകയാണെന്നു പറയുന്നവരോടുകൂടി നമുക്കും ചേരാമെന്നേയുള്ളു. അങ്ങനെയാണെങ്കിൽ, ഈ പരിഷ്കാരം മനുഷ്യവ്യാപാരങ്ങളിലെല്ലാം ദൎശിക്കേണ്ടതാണല്ലോ. കാളിദാസമഹാകവി വാസനാവിശേഷത്താൽ പല കവിതയും സൃഷ്ടിച്ചിട്ടുള്ളതുപോലെതന്നെ അഭ്യാസബലത്താലും അപ്രകാരം ചെയ്തിട്ടുണ്ടെന്നു പറഞ്ഞാൽ അതദ്ദേഹത്തിൻെറ അനശ്വരമായ യശസ്സിനു മാലിന്യമായിത്തീരുമോ എന്തോ? വാസനാബലം എത്രതന്നെ ഉണ്ടായിരുന്നാലും ആത്മാവിനു നമ്മുടെ ശൈശവംമുതൽ സിദ്ധിച്ചുവരുന്ന സംസ്കാരത്തിൽനിന്നും ഒഴിഞ്ഞുനിൽക്കാമോ എന്നു സംശയമാണു്. കവിതയ്ക്കു പ്രപഞ്ചവീക്ഷണത്തിൽനിന്നും ഗ്രാഹ്യമാകുന്ന ച്ഛായ ബാഹ്യരൂപത്തെ പ്രാപിക്കുമ്പോൾ സംസ്കാരത്തിൻെറ പ്രേരണയ്ക്കു് അധീനമായിത്തീരുന്നു എങ്കിൽ അത്ഭുതപ്പെടുവാനില്ല. അതൊരു അപരാധമായി ഗണിക്കേണ്ടതുമില്ല.

സീത വൽക്കലം ധരിച്ചതു ഭാസന്റെ മനോധമ്മത്തിനു വിഷയമായപ്പോറം "സവ്വമോഹനീയം സുരൂപം നാമ" എന്നു സൂചിപ്പിക്കാനേ കഴിഞ്ഞുള്ളു. ശകുന്തളയുടെ വല്ക്കലധാരണമാകട്ടെ,

സരസിജമനുവിദ്ധംശൈവ
ലേനാപിരമ്യം
മലിനമപിഹിമാംശോർലക്ഷ്മ-
ലക്ഷ്മീംതനോതി
ഇയമധികമനോജ്ഞാവൽക്ക
യേനാപിതന്വീ
കിമവഹിമധുരാണാം മണ്ഡ
നം നാ കൃതീനാം"

എന്നിങ്ങനെയുള്ള കാളിദാസന്റെ പ്രകൃതിനിരീക്ഷണവിചക്ഷണമായ മനോധമ്മത്താൽ പരിഷ്കൃതമായി. ഇവിടെ ഭാസനെപ്പററിയുള്ള കാലദേശവാദങ്ങളിൽ ഞാൻ പ്രവേശിക്കുന്നില്ല. കാളിദാസനെ സംബന്ധിച്ചിടത്തോളം ഭാസനാടകമോ, അഥവാ ഈ ആശയത്തെ ഉത്തേജിപ്പിച്ചിട്ടുള്ള മററു വല്ല ഗ്രന്ഥമോ, അദ്ദേഹം വായിച്ചിരിക്കാൻ ഇടയുണ്ടെന്നും, ഇങ്ങനെയുള്ള പൂവ്വസാഹിത്യപരിചയം മഹാകവികറംക്കു യാതൊരുവിധത്തിലും അപകഷകമായിത്തീരുകയില്ലെന്നും പറഞ്ഞേ തീരൂ. എന്നുമാത്രമല്ല, ഈ സംസ്കാരം വാസനാവിഷയത്തിൽ ചേന്നതല്ലയോ എന്നും ഞാൻ സംശയിക്കുന്നു. കാളിദാസനു മുൻപുള്ള സംസ്കൃതസാഹിത്യത്തിൽ കടന്നു വിമർശിക്കാനുള്ള ധൈര്യം എനിക്കിനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. എങ്കിലും,

വാല്മീകി, വ്യാസൻ, ഭാസൻ, അശ്വഘോഷൻ മുതലായ മഹാകവികളുടെ കൃതികളും എന്നുവേണ്ട അക്കാലംവരെ ഉണ്ടായിട്ടുള്ള സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും കാളിദാസൻ നല്ലപോലെ വായിച്ചിട്ടുണ്ടായിരുന്നു എന്നും എന്നാൽ അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്ന അസംഖ്യം സ്വതന്ത്രകല്പനകൾമൂലമായി അവ അന്തർജ്ഞാനമയമാണെന്നു സ്ഥാപിക്കുവാൻവേണ്ടിയാണു് ചിലർ അദ്ദേഹത്തിന്റെ ബാല്യജീവിതത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ നിൎമ്മിച്ചിട്ടുള്ളതെന്നും ഊഹിപ്പാൻ പ്രയാസമില്ല. ദമ്പതിമാരുടെ പരസ്പരപ്രേമത്തിലന്തർഭവിച്ചിരിക്കുന്ന "ശൃംഗാരരസം" വിയോഗത്തിൽ കരുണമായിത്തീരുന്നതു് മാനിഷാദാദിപദ്യത്തിൽനിന്നും രാമായണത്തിൽ സംക്രമിച്ചതു സൂചിപ്പിച്ചു. എന്നാൽ സംഭോഗം, വിപ്രലംഭം എന്നിങ്ങനെ രസചക്രവൎത്തിയായിത്തീൎന്ന ശൃംഗാരത്തിന്റെ ഭാവഭേദങ്ങൾ ആ മഹാകവി പിൽക്കാലികന്മാരായ എത്രയെത്ര മഹാകവികളുടെ യശോവിജൃംഭണത്തിനു മാർഗ്ഗങ്ങളാക്കിത്തീൎത്തു എന്നു നോക്കുക.

ഇങ്ങനെ ഒരേ സാഹിത്യത്തിൽത്തന്നെ അനേകം കാലങ്ങളിലായി കവിതയുടെ ആത്മാവും ശരീരവും വലിയ മാററമൊന്നുംകൂടാതെ പലരുടേയും സൃഷ്ടിരൂപങ്ങളായി നമുക്കു കാണുന്നതിനു കഴിയുമെങ്കിൽ ഭാഷ മാറുമ്പോഴത്തെ കാൎയ്യം ചോദിക്കാനുണ്ടോ? ഈ വേഷംമാററത്തെയല്ലേ പൂൎവ്വപ്രകൃതം എന്തെന്നറിവാൻ മേലാത്തവർ കണ്ണുമടച്ചുകൊണ്ടു് അരാധിക്കുന്നതു്? പരിഭാഷയുടെ കാൎയ്യം പോകട്ടെ. അതു ശരീരത്തിന്റെ വസ്ത്രധാരണംപോലെ വിചാരിച്ചാൽ മതി. സ്വതന്ത്രകൃതികളായ കവിതകളുടെ

ആത്മാവും ശരീരവും സ്വതസ്സൃഷ്ടികളാണെന്നു തെളിയിക്കാൻ എത്ര കവികഠം സധൈര്യം മുന്നോട്ടു വരുമോ എന്നോ? അവരെപ്പോലെയുള്ള സംസ്കാരം സിദ്ധിക്കാത്തവർ അത്ഭുതപരതന്ത്രരായി പുകഴ്ത്താൻ ഒരുമ്പെട്ടേയ്ക്കാം. മൂലകൃതികളിൽ പരിചയം സിദ്ധിച്ചിട്ടുള്ളവരാകട്ടെ ഏതാണ്ടു പുച്ഛരസത്തിൽ ഭാഷയുടെ ഗ്രന്ഥദാരിദ്ര്യം നീങ്ങിക്കൊള്ളട്ടേ എന്ന ഭാവത്തിൽ ഒരു അനുമതിപത്രിക നഠംകുക മാത്രമേ ചെയ്കയുള്ളൂ.

എന്നാൽ ഈ അപവാദം ഓരോ പ്രത്യേകമായ ആശയങ്ങളേയും അവയെ പ്രകാശിപ്പിക്കുന്ന രീതിയേയും പററി മാത്രമേ പ്രധാനമായി പറയാവൂ. ഒരു കാവ്യം ആകപ്പാടെ നോക്കുന്നതായിരുന്നാൽ അതിനും ഒരാത്മാവും ശരീരവുമുണ്ടല്ലോ. ഇവിടെയും പുരാണകഥകളെ ശരണം പ്രാപിക്കുന്ന കവികഠം അപരാധവിമുക്തരായിത്തീരുന്നില്ല. എങ്കിലും പുരാണങ്ങളിലെ മണൽത്തരി വാരിയെടുത്തു കനകപ്പൊടിയാക്കാനുള്ള ചിലരുടെ അന്യാദൃശമായ സാമർത്ഥ്യം യഥാർത്ഥകവിതാസൃഷ്ടിയിൽ അന്തർഭവിച്ചതാണെന്നു ചിലർ വാദിച്ചിട്ടുണ്ട്. ഇതു് ഏറെക്കുറെ പരമാർത്ഥവുമാണു്. കുമാരസംഭവം, രഘുവംശത്തിലെ രാമായണഭാഗം, ഉത്തരരാമചരിതം നാടകം എന്നിങ്ങനെ പല ഉദാഹരണങ്ങളെക്കൊണ്ടും ഇതു ശരിയാണെന്നു തെളിയിക്കാം.

"തയോർയഥാപ്രാർത്ഥിതമിന്ദ്രിയാർത്ഥാ
നാദേദുഷോഃ സത്മസു ചിത്രവത്സു
പ്രാപ്താനിദുഃഖാന്യപിദണ്ഡകേഷു
സംചിന്ത്യമാനാനിസുഖാന്യഭൂവൻ."

എന്ന രഘുവംശപദ്യമാണ ഭവഭൂതിയുടെ മനോമണ്ഡലത്തിൽ ഉത്തരരാമചരിതം നാടകത്തിൻെറ സൃഷ്ടിവിധാനത്തിനുള്ള കാര്യപരിപാടിപതിപ്പിച്ചതെന്നു് ആ കൃതി സൂക്ഷ്മമായി വായിച്ചാൽ അറിയാവുന്നതാണു്. ഉദാഹരണങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കണമെന്ന വിചാരിക്കുന്നില്ല.

ഈ ആര്യസംസ്കാരം ഗ്രന്ഥങ്ങൾ വഴിയായി നമുക്ക സിദ്ധിച്ചില്ലെങ്കിൽ കൈരളിയുടെ സ്ഥിതി എന്തായിരുന്നേനെ. സംസ്കൃതസാഹിത്യവുമായുള്ള പരിചയത്താൽ സ്വദേശജാതമായ മനോധർമ്മം ഒരിക്കൽ അസ്തമിതപ്രായമായി എന്നു പറയാം. എന്നാൽ ഈ സംസ്കാരം എത്ര കാലംകൊണ്ടാണ കേരളത്തിൽ സംസ്ഥാപിതമായതു്? ഇപ്പോഴും ചിലെടത്തു പഴയ പാട്ടുകൾതന്നെ പാടി ആളുകൾ സാഹിത്യരസം അനുഭവിക്കുന്നില്ലെന്നു പറഞ്ഞുകൂടാ. ഉൽകൃഷ്ടകവിതയാണെങ്കിൽ അർത്ഥം പറയുവാൻ വിദ്വാന്മാർ വേണം. എന്തെന്നാൽ അത്തരം കവിതയുടെ ആത്മാവോ ശരീരമോ ഗ്രഹിക്കാൻ അവർ ശക്തരാകുന്നില്ല. പഴയ പാട്ടുകൾക്കും ഈ ആത്മാവും ശരീരവുമില്ലയോ? പക്ഷെ നമുക്കിപ്പോൾ അതു വായിച്ചുനോക്കിയാൽ ഇപ്പറഞ്ഞ ഈ രണ്ടും ഇല്ലെന്നു തോന്നിയേയ്ക്കാം. അവയെ ശരണം പ്രാപിച്ചിട്ടുള്ളവർ ഉൽകൃഷ്ടകവിതയെന്നു പറഞ്ഞു നാം അഭിമാനിച്ചുവരുന്നതിനെപ്പററിയും അപ്രകാരം വിചാരിച്ചേയ്ക്കാം. വടക്കൻ പാട്ടുകളിൽ ഒന്നായ കുഞ്ഞിച്ചന്തുവിൻെറ പാട്ടിൽ നായികയെ വർണ്ണിച്ചിരിക്കുന്നതിങ്ങനെയാണു്.

"ഈവകപ്പെണ്ണുങ്ങൾ പൂമീലുണ്ടോ
മാനത്തീന്നെങ്ങാനും പൊട്ടിവീണോ

പൂമീന്നുതന്നിയെമുളച്ചുവന്നോ
എന്തുനിറമെന്നു ചൊല്ലേണ്ടുഞാൻ.
കുന്നത്തുകൊന്നയും പൂത്തപോലേ
ഇളമാവിൻതൈയ്യു തിളിർത്തപോലേ
കുരുത്തോല ആയതിൻ വർണ്ണംപോലേ
കുന്നിക്കുരുവിൻെറ വർണ്ണംപോലെ
വയനാടൻ മഞ്ഞളും മുറിച്ചപോലേ."
"മനുഷ്യലോകാബലമാരിലീദൃശം
മനോജ്ഞമാം രൂപമുദിപ്പതെങ്ങനേ
അനഗ്ഗളം വൈദ്യുതമായവിഭ്രമം
നിനയ്ക്കിലിബ് ഭൂമിയിലുത്ഭവിക്കുമോ"

എന്ന കാളിദാസകവിത പാട്ടുകാരൻ കേട്ടിരിക്കുമോ എന്തോ! അറുനൂറാമാണ്ടിൻെറ ആരംഭത്തിൽ ഇത്തരം വർണ്ണനയിൽ ആര്യസംസ്കാരംകൊണ്ടു വന്നിട്ടുള്ള മാററം, നാടൻ മനോധമ്മത്തിൻെറ പരിവാരങ്ങളോടുകൂടിയാണെങ്കിലും നമ്മെ അത്ഭുതപരതന്ത്രരാക്കിത്തീക്കുന്നതാണു്.

"അന്നപ്പേടയ്ക്കുതി മൃദുപദന്യാസ
വൈദഗ്ദ്ധ്യലീലാം
തന്നെത്തന്നേമുഴുവനറിയിപ്പൊന്ന
യാത്രാവിലാസം
ഉന്നിദ്രാണാം തരുണകമലം
വെല്ലുമച്ചേവടിത്താ-
രന്യസ്ത്രീണാമരിയകബരീ
ഭൂഷണം മൽപ്രിയായാഃ.
മിത്രംപാർത്താൽത്തിരുവിരൽ പരം
പങ്കജാന്തർദ്ദളാനാം

മുക്താജാലദ്യുതിമുഴുവനെക്കക്കെ
വെല്ലും നഖാളീ
ഗുൽഫേഗ്രൂഢം പുറവടിവെടിഞ്ഞീട്ട-
മക്കുമ്മശോഭാം
മൽപ്രേയസ്യാഃ പ്രണമതികണാങ്കാൽക്കു-
മായൂരകണ്ഠം.
ഒപ്പംനില്ലാമനസിജമണിച്ചെപ്പു-
ജാനുദ്വയത്തോ-
ടപ്പാലാക്കും കരികരരുചിക്കുമു
മൂരുപ്രകാണ്ഡം
അപ്പൂ ബാണന്നനുപമ മഹാരാജ്യ-
മാമോമലംഗം
മൽപ്പുണ്യാനാം പരിണതിപദം ചൊല്ല
വല്ലേൻ പ്രിയായാഃ.
ക്ലാന്തംമദ്ധ്യം ബകുളകുസുമശ്രീഭരം
നാഭിദേശം
കാന്തംവേണീ മറുനിഴലിവപ്രേക്ഷ്യതേ
രോമരാജി
കല്യാണാംഗ്യാ നിജമധുരിമാ പൂർണ്ണലാ-
വണ്യഗംഗാ
കല്ലോലാളീവലികളുദരം കൈത്തലം
ചിത്തയോനേഃ.
പൂന്തേൻവെല്ലും മധുരവചനം ചന്ദ്രികാ
മന്ദഹാസം
കാന്താദന്താവലിമരതകാദർശലീ
ലൈൗകപോലൌ

കണ്ണാന്തംനീണ്ടിനിയമറിമാൻനോക്കവെൽ
വൊന്നനേത്രം
കണ്ണൌപൂമാതഴകൊട്ടകളിപ്പോരുപൊ-
ന്നായലല്ലോ."

ഇങ്ങനെപോകുന്നു. ആക്കാണു് ഈ ഗുണങ്ങളെ ല്ലാമുള്ളതു്?

"മുണ്ടയ്ക്കൽചേന്നഴകുപൊഴിവോ
രുണ്ണുനീലിക്കു്"

അതേ, മുണ്ടയ്ക്കൽ ഉണ്ണുനീലി അമ്മയ്ക്കുതന്നെ. ഇതിൽ നിന്നുമൊക്കെ നാം എന്താണു മനസ്സിലാക്കേണ്ടതു്? കവിതയുടെ ആത്മാവു് എങ്ങനെയുള്ളതായിരുന്നാലും അതു നാം അതിൻെറ ശരീരംകൊണ്ടേ അറിയുന്നുള്ളു. അതിൻെറ ഉൽക്കർഷാപകർഷങ്ങളും ശരീരത്തെ അവലംബിച്ചിരിക്കുന്നു. ആകയാൽ കവിതയുടെ ശരീരം ആത്മാവിനേക്കാളും പ്രധാനപ്പെട്ടതല്ലയോ എന്നു സംശയിക്കാനും ഇട വരുന്നു. ഇതു കേരളീയരായ നമ്മുടെ കുററമല്ല. സംസ്കൃതാലംകാരികന്മാർ രീതിയെന്നു പറയുന്നതു് ഭാഷാരീതിയല്ല. പിന്നെയോ കവിതാരീതിയാണു്. അതായതു കവികളുടെ നിരീക്ഷണം ഒന്നുകൊണ്ടുമാത്രം കവിത ഉണ്ടാവുകയില്ലെന്നും രീതിയാണു പ്രധാനമായിട്ടുള്ളതെന്നും അവർ വളരെ നേരത്തെ സ്ഥാപിച്ചു. നേരത്തെ എന്നു വച്ചാൽ ഏകദേശം നമ്മുടെ കൊല്ലവർഷാരംഭത്തിനു മുൻപു് കാളിദാസൻെറ കവിതയെ മാതൃകയാക്കിക്കൊണ്ടു് 'ദണ്ഡി' എന്ന മഹാപണ്ഡിതൻ അലംകാരം മാത്രമല്ല, (കവിതാ) രീതിയും കവിതയ്ക്കു അവശ്യം വേണ്ടതാണെന്നു

സ്ഥാപിച്ചു. അദ്ദേഹം ദക്ഷിണഇൻഡ്യാക്കാരനായിരുന്നതിനാൽ ഇവിടെയാണു് ഈ മതം ആദ്യമായി പ്രചരിച്ചതു്. സിംഹളകണ്ണാടകരാജ്യങ്ങളിലെ കവികൾ ദണ്ഡിയെ അനുകരിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ദണ്ഡിക്കുമുൻപു് അലംകാരമായിരുന്നു കാവ്യത്തിന്നു് അധിപ്രധാനമായി വേണ്ടതെന്നു് ഭാമഹാദി നിരൂപകന്മാർ സ്ഥാപിച്ചിരുന്നു. അർത്ഥാലങ്കാരങ്ങളും ഏതാനും ശബ്ദാലങ്കാരങ്ങളും കവികൾ ആദരിക്കേണ്ടതാണെന്നു് അവർ നിർബ്ബന്ധിച്ചു. ദണ്ഡിയാകട്ടെ "ഇഷ്ടാർത്ഥവ്യവച്ഛിന്നാപദാവലി" എന്നു കവിതയെ നിർവ്വചിക്കുകയാൽ ഈ 'മാർഗ്ഗം' അലംകാരത്തിനും മേലെയാണെന്നാണല്ലോ വന്നുകൂടുന്നതു്. ഈ കവിതാഗുണത്തിനു് 'മാർഗ്ഗം' എന്നാണു് അദ്ദേഹം പറഞ്ഞുകാണുന്നതു്. അതു രണ്ടുതരത്തിലുണ്ടെന്നും ദേശഭേദം അനുസരിച്ചു "വൈദർഭി" എന്നും "ഗൌഡി" എന്നും പേരുകളുണ്ടെന്നും പ്രസ്ഥാവിച്ചു. ദണ്ഡി ഇവയെ സവിസ്തരം പ്രസ്താവിക്കുന്നുണ്ടു്. ശ്ലേഷം, പ്രസാദം, സമത മുതലായി പദപ്രയോഗത്തിൽ വരുത്തേണ്ട ഗുണങ്ങൾക്കു് അലംകാരം എന്നുകൂടി പേർ പറഞ്ഞുകാണുന്നു എങ്കിൽ അതു് ഏററവും വ്യാപകമായ അർത്ഥത്തിലാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

9328

ദണ്ഡിയുടെ മതം പ്രത്യേകം എടുത്തു് ആയതു സർവ്വസമ്മതമാക്കിത്തീർക്കണമെന്നായിരുന്നു വാമനന്റെ ഉദ്ദേശം. അലംകാരംകൊണ്ടു ശരീരത്തെ മോടിപിടിപ്പിച്ചാൽ പോരെന്നും, ശരീരാന്തസ്ഥിതമായ ആത്മാവു് കവിതയിൽ തെളിഞ്ഞുകാണേണ്ടതാണെന്നും, രീതികൊ

ണ്ടേ ഇതു സാധിക്കയുള്ളൂ എന്നും, ചുരുക്കത്തിൽ രീതി തന്നെയാണ് കാവ്യത്തിൻെറ ആത്മാവെന്നും അദ്ദേഹം സിദ്ധാന്തിച്ചു.

ഈ ആചാര്യന്മാരുടെ കാലം ഇതുവരെ ഖണ്ഡിതമായി നിർദ്ദേശിച്ചിട്ടില്ലെങ്കിലും, നമ്മുടെ കൊല്ലവർഷം തുടങ്ങുന്ന ക്രിസ്താബ്ദം ൮൨൫-നോടുകൂടി അവരുടെ സിദ്ധാന്തങ്ങൾ ദക്ഷിണദേശങ്ങളിൽ പ്രചാരപ്രചുരങ്ങളായി എന്നു പറയുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. അന്നുമുതൽക്കുള്ള കേരളീയ സംസ്കൃതകവികൾ പരിശോധിച്ചുനോക്കിയാൽ രീതിക്ക് (വൈദർഭിയോ ഗൌഡിയോ ഏതെങ്കിലും ഒന്നിന്) തൽശ്രദ്ധാക്കൾ വളരെ ശ്രദ്ധ നൽകിയിരിക്കുന്നതായിക്കാണാം. ഇതു ക്രമപ്രവൃദ്ധമായുണ്ടായ സാഹിത്യംവഴിക്കുള്ള പരിശീലനത്തിൻെറ ഫലമായിട്ടാണെന്നും പറയാവുന്നതാണ്.

"അസാരേ സംസാരേ നിജഭജന
ദൂരേ ജഡധിയാ
ഭ്രമന്തം മാമന്ധം പരമകൃപയാ
പാതുമുചിതം"
"ആനന്ദാമൃതപൂരിതാഹരപദാംഭോജാ
ലവാലോദ്യത്മ
സ്ഥൈര്യോപഘ്നമുപേത്യ
ഭക്തിലതികാശാഖോപശാഖാന്വിതാ"
"ദൂരീകൃതാനിദുരിതാനിദുരക്ഷരാണി
ദൌർഭാഗ്യദുഃഖദുരഹംകൃതിദുർവ്വചാംസി"
"നളിനീദളഗതജലമതിതരളം
തദ്വജ്ജീവിതമതിശയചപലം."

ക്രി. പി. ൮൦൦-ാമാണ്ടോടുകൂടി ഉണ്ടായ ശങ്കരാചാൎയ്യകൃതികളിൽ കാണുന്ന രീതിമാഹാത്മ്യം നോക്കുക. ഇവയെ തുടൎന്നു മുറയ്ക്കു ശുകസന്ദേശം, ശ്രീകൃഷ്ണവിജയം, നാരായണീയം, രാമപഞ്ചശതി, രാമപാണിവാദകൃതികൾ ഇത്യാദി സംസ്കൃത കൃതികളിലെല്ലാം കാണുന്ന ഈ കവിതാഗുണം ഇൻഡ്യാരാജ്യത്തിൻെറ ഇതരഭാഗങ്ങളിലെങ്ങാനും അനുസ്യൂതമായി നിലനിന്നുപോന്നിട്ടുണ്ടോ എന്നു സംശയമാണ്. ഈ കൃതികൾ ഔത്തരാഹന്മാരെ എത്രമാത്രം അത്ഭുതപരതന്ത്രരാക്കീട്ടുണ്ട്.

"അഗ്രേപശ്യാമിതേജോനിബിഡതരകളാ
യാവലീലോഭനീയം
പീയൂഷാപ്ലാവിതോഹം തദനുതദുദരേ
ദിവ്യകൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാ
സ്വാദരോമാഞ്ചിതാംഗൈ
രാവീതംനാരദാദ്യൈൎവിലസദുപനിഷ
ത്സുന്ദരീമണ്ഡലൈശ്ച."

എന്ന ശാന്തത്തിലാകട്ടെ, മറേറതു രസത്തിലാകട്ടെ രീതിചമൽക്കാരംകൊണ്ടുമാത്രം ശ്രോതാക്കളെ അപഹൃതചിത്തവൃത്തികളാക്കുന്ന കാവ്യങ്ങൾ കാളിദാസനെക്കഴിഞ്ഞാൽ പിന്നെ ആര്, എവിടെയാണു നിൎമ്മിച്ചിട്ടുള്ളതു്?

കാളിയമർദ്ദനത്തിൽ ശ്രീകൃഷ്ണൻെറ നൎത്തനം.

"കളശിഞ്ജിതനൂപുരമഞ്ജുമിളത്
കരകങ്കണസംകുലസംക്വണിതം

എന്നും രാസക്രീഡ,

വേണുനാദകൃതതാനദാനകളഗാന
രാഗഗതിയോജനാ
ലോഭനീയമൃദുപാദപാതകൃതതാള
മേളനമനോഹരം
പാണിസംക്വണിതകങ്കണം ച മുഹുരംസ
ലംബിതകരാംബുജം
ശ്രോണിബിംബിതചലഭംബരംഭജനരാസ
കേളിരസഡംബരം.

എന്നു വർണ്ണിച്ചിരിക്കുന്നതു നോക്കുക. ഒടുവിലത്തെ ശ്ലോകത്തിന്റെ അർത്ഥം നോക്കേണ്ട, ആപത്താണു്. ഒടുവിൽ കാണുന്ന "രസഡംബരം" ഇവിടെ ഉദാഹരിക്കണമെന്നേ വിവക്ഷയുള്ളു. രീതികൊണ്ടുള്ള ഈ രസഡംബരം ആനന്ദവർദ്ധനൻ കണ്ടിരുന്നു എങ്കിൽ "കാവ്യസ്യാത്മാ ധ്വനി" എന്നു പറയത്തക്കവണ്ണമുള്ള ആനന്ദം വർദ്ധിച്ചു മതിമറന്നുപോകയില്ലായിരുന്നു. മമ്മടൻ കണ്ടിരുന്നു എങ്കിൽ വാമനനെ അധിക്ഷേപിക്കത്തക്കവിധം മഹാമറയനായിത്തീരുകയില്ലായിരുന്നു.

നമ്മുടെ ഭാഷയിൽ ആദികാലത്തുണ്ടായ മണിപ്രവാളം കേവലമൊരു ഭാഷാരീതി മാത്രമാണെന്നു ഭ്രമിച്ചുപോയ പലരും ഉണ്ടായിരുന്നു എങ്കിലും അതിനെപ്പററി കൂലംകഷമായി ചർച്ച ചെയ്തിട്ടുള്ള ലീലാതിലകകാരൻ "ഭാഷാസംസ്കൃതയോഗോമണിപ്രവാളം" എന്നു സാമാന്യമായി നിർവ്വചിച്ചതിന്റെശേഷം പിന്നീടുള്ള ഒൻപതു സൂത്രങ്ങളിലും രസത്തോടുകൂടി ഘടിപ്പിച്ചാണു് അതിന്റെ വൈശിഷ്ട്യം വെളിപ്പെടുത്തുന്നതു്. ചുരുക്കിപ്പറയുന്നതായാൽ

മണിപ്രവാളം "രീതിരാത്മാകാവ്യസ്യ" എന്ന വാമനമതത്തെ സർവ്വദാ അനുസരിക്കുന്നു എന്നാണു് അദ്ദേഹം സമർത്ഥിച്ചിരിക്കുന്നതു്. പാട്ടിൻെറ കാര്യമായപ്പോൾ രസാത്മകത്വം എന്ന അംശം തള്ളീട്ടു കേവലമായ ഭാഷാരീതിയെ മാത്രം പുരസ്കരിച്ചു്,

"ദ്രവിഡസംഘാതാക്ഷരനിബദ്ധമെതുക-
മോനവൃത്തവിശേഷയുക്തംപാട്ടു്"

എന്നു നിർവ്വചിച്ചിരിക്കുന്നു. ഇതത്ര ശരിയാണെന്നു പറവാൻ പാടില്ല. എങ്കിലും ലീലാതിലകത്തിനുശേഷം, അധികം കാലം കഴിയുന്നതിനു മുമ്പു് പാട്ടും മണിപ്രവാളവും തമ്മിൽ യോജിപ്പിക്കുന്നതിനുള്ള പല യത്നങ്ങളും കാണുന്നുണ്ടു്. കൃഷ്ണഗാഥ ഇതിനൊരു നല്ല ദൃഷ്ടാന്തമാകുന്നു. സംസ്കൃതമോ മണിപ്രവാളമോ പാട്ടാക്കിത്തീർക്കുന്നതിനുമാത്രം ബദ്ധകങ്കണരായി പുറപ്പെട്ടിട്ടുള്ളവരിൽ ഒരാളാണു് രാമായണം ഇരുപത്തിനാലുവൃത്തത്തിൻെറ കർത്താവെന്നു തോന്നുന്നു. എൻെറ സ്നേഹിതൻ മിസ്റ്റർ നാരായണപണിക്കരുടെ ശ്രമത്താൽ ഈ കൃതിയെപ്പററി വിദ്വാന്മാരുടെ ഇടയിൽപോലും ഉണ്ടായിരുന്ന അസ്ഥാനത്തിലുള്ള മതിപ്പിനു സാരമായ ഉടവു തട്ടീട്ടുണ്ടെന്നു പറഞ്ഞേതീരു. എന്നാൽ ഞാൻ നിർദ്ദേശിച്ച മാതിരിയിലുള്ള രീതിപരിണാമത്തിൽ ഈ കൃതിയും വളരെ വിലയുള്ളതാണു്. ആ പരിണാമം എഴുത്തച്ഛനോടുകൂടി പരിപൂർണ്ണതയെ പ്രാപിക്കുകയാലാണു് ഇതുപോലെയുള്ള അസംഖ്യം കൃതികൾ അദ്ദേഹത്തിൻെറപേരിൽ പതിഞ്ഞതു്.

എഴുത്തച്ഛൻ പുരാണദൃഷ്ടിയിൽ കൂടിയാണു പ്രപഞ്ചത്തെ വീക്ഷിക്കുന്നതെങ്കിലും, ഓരോ ദശാവിശേഷങ്ങളേ

യും ദൃശ്യാവലികളേയും പുനഃസംസൃഷ്ടി ചെയ്യുന്നതുപോലെ തോന്നുന്നതു രീതിമാഹാത്മ്യം ഒന്നുകൊണ്ടാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പാട്ടിൽ നിസ്സാരമെന്നു ലീലാതിലകക്കാരൻ തള്ളിക്കളഞ്ഞ (ഭാഷ) രീതിയെ എഴുത്തച്ഛൻ പ്രൗഢമാക്കി. ദണ്ഡി പ്രഭൃതികൾ നിർദ്ദേശിച്ച ഗുണങ്ങൾ അതിനു നൽകി രസാത്മകമാക്കി. എഴുത്തച്ഛൻെറ കാലമായപ്പോഴേയ്ക്കും ധ്വനികാരന്മാരായ ആനന്ദവൎദ്ധനപ്രഭൃതികളുടെ കാലം കഴിഞ്ഞു് സംസ്കൃതസാഹിത്യനിരൂപണത്തിൽ കവിതയ്ക്കു് "രമണീയാൎത്ഥപ്രതിപാദകശ്ശബ്ദം" എന്ന ജഗന്നാഥപണ്ഡിതരുടെ നിൎവ്വചനം സൎവ്വസമ്മതമായിത്തീൎന്നിരുന്നു എന്നുള്ള വസ്തുതയും നാം സ്മരിക്കേണ്ടിയിരിക്കുന്നു. പിന്നീടുള്ള സംസ്കൃതകാവ്യങ്ങളുടെ ഗതി എങ്ങനെയിരുന്നാലും, എഴുത്തച്ഛൻെറ മാതൃക പിൽക്കാലത്തെ വാസനാവിശിഷ്ടന്മാരായ കവികളും സരസഗദ്യകാരന്മാരും സ്വീകരിച്ചിട്ടാണു നമ്മുടെ ഭാഷാകവിതയെ നാം ആധുനികനിരൂപണത്തിൽ കാണുന്നതെന്നു സധൈൎയ്യം പറയാവുന്നതാണു്. സൗഭദ്രികകഥയിൽ സന്ന്യാസവേഷത്തിൽ ചെന്നു താമസിച്ച അൎജ്ജുനൻെറ മനോഗതി വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

ആളികളോട്ടുംകൂടിക്കേളികൾ കോലുമ്പോഴും
വ്രീളാദിമനോഹരഭാവങ്ങൾ കാണുമ്പോഴും
പന്താടുന്നതുകണ്ടും പമ്പരക്കളികണ്ടും
ചിന്തുകൾ പാടുന്നതും ചന്തമായാടുന്നതും

ചാതുൎയ്യം കണ്ടും വേണു വീണാദികളിൽ ശീല-
മാധുൎയ്യംകണ്ടും ഭാവഗാംഭീൎയ്യംകണ്ടും നേത്ര-
കാതൎയ്യംകണ്ടും ചേതോവൈധുൎയ്യംകണ്ടും മാര
വൈകാൎയ്യംകണ്ടും വാഞ്ഛരാ സൌകൎയ്യംകണ്ടും വേഷ
സൌകുമാൎയ്യംകണ്ടുംതല്ലാവണ്യം കണ്ടുംവൃത്തി
ദാക്ഷിണ്യംകണ്ടുമുള്ളിൽ കാരുണ്യം കണ്ടും നല്ല
താരുണ്യംകണ്ടുംഭാവവൈവൎണ്യം കലൎന്നിതു
സവ്യസാചിക്കുമേന്മേൽ

പാണ്ഡവദാഹത്തിൽ:—

പാണ്ഡവകരഗതഗാണ്ഡീവവിലാസവും
പാണ്ഡവകരഗതപാവകവിലാസവും
പന്നഗപക്ഷിമൃഗജാലങ്ങൾ ദഹിച്ചൊക്കെ
സ്സന്നങ്ങളാകുന്നേരമുണ്ടായവിലാപവും
പക്ഷികൾപറന്നന്തരീക്ഷേപൊങ്ങീടുന്നേരം
പക്ഷങ്ങൾകരിഞ്ഞുവെന്തഗ്നിയിൽപതിക്കയും
വൃക്ഷങ്ങൾവെന്തുപൊട്ടിയലറിവീഴുന്നതും
ഋക്ഷങ്ങൾചാടിച്ചാടിപ്പിടഞ്ഞുകേഴുന്നതും

ഇങ്ങനെയുള്ള അഗ്നിയുടെ പരാക്രമം അടുത്തുതന്നെ കല്പാന്തവൎഷം തുടങ്ങിയപ്പോൾ,

നിഷ്ഠുരതരമിടിവെട്ടിയുംത്രിഭുവനം
ഞെട്ടിയുംമരംവെന്തുപൊട്ടിയുംതെരുതെരെ
ദൃഷ്ടികൾമിന്നൽകൊണ്ടുനഷ്ടമായ്ച്ചിമകയും
വൃഷ്ടികൾകരികരാകാരമായ്ച്ചൊരികയും
ഘോരമാരുതവേഗാലോരോരോ ദിക്കുകളും

വാരിധിപൂരങ്ങളുമിളകിമറിയുന്നു
അഭ്രസഞ്ചയംപരന്നഭ്രവും മറയുന്നു
വിഭ്രമംപൂണ്ടുജഗദ്വാസികൾമറുകുന്നു
ശബ്ദങ്ങൾതോറുമുണ്ണമുൾപ്പുക്കപിടയുന്നു.

എന്ന മട്ടിൽ അസ്തമിതപ്രായമാക്കിയും, അവിടെത്തന്നെ,

"ഗന്ധവാഹനനഗ്നിതന്നിക്കും ദേവേന്ദ്രനും
ബന്ധുവായ്നിന്നാൻ വിദഗ്ദ്ധന്മാരങ്ങനെയുള്ളു"

ഇത്യാദി അർത്ഥാന്തരന്യാസം പ്രയോഗിച്ചും, മൂലഭാരതത്തിലെ സദൃശഭാഗങ്ങളേക്കാൾ സരസതരങ്ങളാക്കിയും, സമുദ്രംപോലെ വിസ്തൃതമായ കഥയുടെ സർവാംഗീണമായ സൗന്ദര്യത്തിനോ സംഘടനയ്ക്കോ ഹാനി വരുത്താതെ ഒരു പുനഃസംസൃഷ്ടി ചെയ്തിരിക്കുന്നതുപോലെതന്നെ രീതിവൈശിഷ്ട്യത്താൽ കവിതാദേവിയെ എന്നെന്നേയ്ക്കും കേരളത്തിൽ നൃത്തം ചെയ്യിക്കുമാറാക്കിയ ഈ മഹാകവിയോളം തനിക്കു സിദ്ധിച്ച ആത്മസംസ്കാരം ഭാഷാസാഹിത്യവിഷയമായി മററാക്കെങ്കിലും ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു സംശയമാണു്. "കാർഡിനൽ ന്യൂമാൻ" പൌരസ്ത്യരുടെ രീതിയെപ്പററി അപലപിക്കുന്നതു് ഈ ഘട്ടത്തിൽ എന്റെ സ്മരണയിൽ എത്തുന്നു.

"ആശയമുള്ളയാൾ പദസ്വാധീനമുള്ളവന്റെ അടുത്തുവരുന്നു. ആശയം വല്ലപാടും രീതിനിപുണനെ അറിയിക്കുന്നു. ഉടനെ അയാളുടെ തൂലിക ചലിച്ചുതുടങ്ങി. പ്രണയസന്ദേശമാണെങ്കിൽ കോകിലാലാപമായിട്ടും, വ്യസനവാർത്തയാണെങ്കിൽ മന്ദമാരുതക്രന്ദനമായും, ഓരോ ലേഖനം സൃഷ്ടിക്കുന്നതിൽ രീതിക്കാരൻ അതിസമർത്ഥനാണത്രേ." അറബികളെപ്പററിയാണു് ഈ സൂചനയെങ്കിലും

സാമാന്യമായി പൌരസ്ത്യരെന്നു പ്രസ്താവിക്കയാൽ ന്യൂമാൻ തൻെറ അന്തഃസ്സാരശൂന്യതയാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നതു്. പരമാൎത്ഥമാലോചിച്ചാൽ എഴുത്തച്ഛൻ കവിതയുടെ ആത്മാവും ശരീരവും സ്വയം സൃഷ്ടിക്കയാണു ചെയ്യുന്നതു്. അല്ലാതെ മഹാഭാരതത്തിലെ ഓരോ ആശയമെടുത്തു ശരീരം മാത്രം സൃഷ്ടിക്കയല്ല. പക്ഷേ ഭാരതീയരെ സംബന്ധിച്ചിടത്തോളം പ്രപഞ്ചമുകുരമായ ഇതിഹാസമാണ്, തൻെറ വീക്ഷണപഥം. ലോകപരിചയംകൊണ്ടുള്ള ജ്ഞാനവും മനസ്സിൽ നിക്ഷേപിച്ചിട്ടുണ്ടു്. അതുകൊണ്ടു് കാളിദാസനെപ്പോലെ ഈ മഹാകവിയും വാസനാവിശിഷ്ടമായ തൻെറ മനോരംഗത്തിൽ കവിതാദേവിയെ പ്രവേശിപ്പിച്ചു നൃത്തം ചെയ്യിക്കുന്നതിൽ രീതിയെ സൂത്രധാരത്വം വഹിപ്പിക്കുന്നു.

"മാകന്ദമരകന്ദബിന്ദുപാനവുംചെയ്തു
കൂകുന്നപികകുലപഞ്ചമം കേട്ടുകേട്ടും
വണ്ടുകൾമധുപാനംചെയ്തു മത്തതപൂണ്ടു
കൊണ്ടാടിമുരണ്ടുടൻ കണ്ട പുഷ്പങ്ങൾതോറും
കുണ്ഠഭാവവും നീക്കി സംഭ്രമിച്ചീടുന്നതും
കണ്ടാരാനന്ദംപൂണ്ടു മധുരപാനംചെയ്തും
മന്മഥലീലകൊണ്ടു കൺമുനചാമ്പിച്ചാമ്പി
സമ്മോദംവളൎന്നുള്ളിൽ സമ്മോഹം പെരുകിയും
വന്മലമുകളേറി നിൎമ്മലശിലാതലേ
നന്മലർമെത്തതന്മേലുന്മേഷം പൂണ്ടുവാണും"

കഴിച്ചുകൂട്ടിയ നവദമ്പതിമാരുടെ, "മധുവിധു" എത്ര മനോഹരമായിരിക്കുന്നു. പൎവ്വതപാർശ്വത്തിലുള്ള ഒരു ശാന്തപ്രദേശം.

യക്ഷരാക്ഷസഗന്ധർവ്വോരഗ നിഷേവിതം
പക്ഷിസഞ്ചാരഹീനം രഹിതമൃഗഗണം
പുഷ്പസൗഗന്ധ്യംപൂണ്ട മന്ദമാരുത സേവ്യം.

വല്ല ശബ്ദവുമുണ്ടാക്കിയാൽ ശാസിക്കുന്നതിനു് "ലതാഗൃഹദ്വാരഗതോഥനന്ദീ വാമപ്രകോഷ്ഠാർപ്പിതഹേമവേത്രഃ മുഖാർപ്പിതൈകാംഗുലിസംജ്ഞയൈവ മാ ചാപലായേതിഗണാൻവ്യനൈഷീത്" ഒരു നന്ദികേശ്വരൻെറ കുറവേ അവിടെ ഉണ്ടായിരുന്നുള്ളു എന്നു തോന്നും. കർണ്ണപർവ്വത്തിലെ ഭീമദുശ്ശാസനയുദ്ധമല്ലേ പിൽക്കാലത്തുണ്ടായ കഥകളിയിലെ യുദ്ധപ്പദത്തിനുവേണ്ടിയുള്ള സകല ചടങ്ങുകളും നിർദ്ദേശിച്ചതെന്നൂഹിപ്പാൻ വഴിയുണ്ടു്. ഇങ്ങനെ ഓരോ രസഭേദങ്ങളെ വായനക്കാരിൽ ഉത്തേജിപ്പിക്കുന്നതിനുള്ള ഈ മഹാകവിയുടെ പാടവം കഥകളിയിൽ സാമാന്യമായി കാണുന്നതുപോലെ കേവലം ശബ്ദധ്വനിപ്രധാനമായിട്ടുള്ളതല്ലെന്നു പറയേണ്ട ആവശ്യം ഇല്ല. ഈ രീതിയെ ദർശിച്ചു കുഞ്ചൻനമ്പ്യാർ "കവിതാരീതിവൈഷമ്യമത്രേ" എന്നു പറഞ്ഞൊഴിയുന്നതിൽ അത്ഭുതപ്പെട്ടുവാനില്ല. രാമപാണിവാദവാദം ഞാൻ ഇവിടെ സ്മരിക്കുന്നെങ്കിലും ഇന്നത്തെ മാന്യ അദ്ധ്യക്ഷൻ പണ്ടൊരിക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, നമ്പ്യാരുടെ ആത്മസംസ്കാരോൽക്കർഷം സംശയിതവ്യമായിട്ടാണിരിക്കുന്നതെന്നു് കേരളത്തിൽ ക്രമാഗതമായി വന്നുചേൎന്നിട്ടുള്ള രീതിയിൽ അദ്ദേഹത്തിനുള്ള (നമ്പ്യാക്കു്)അനാസ്ഥ നല്ല തെളിവായിരിക്കുന്നു. പ്രപഞ്ചവീക്ഷണത്തിൽ ഉത്തമകവികൾ ദർശിക്കുന്ന രമ്യത കവിതാരൂപത്തെ പ്രാപിക്കുമ്പോൾ അതിൽനിന്നും ഉൽഭൂതമാകുന്ന രസം, മുഴുവൻ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

വാച്യമായിരിക്കണമോ എന്നാണ് ആലോചിപ്പാനുള്ളതു്. കാളിദാസനിൽ വ്യംഗമാണെന്നുതന്നെ പറയാം. അതുകൊണ്ടാണോ അദ്ദേഹത്തിൻെറ ശൃംഗാരാദി ഉത്കൃഷ്ടരസങ്ങളിൽ കാണുന്ന ഭംഗിവിശേഷം അന്യദുർല്ലഭമായിരിക്കുന്നതു്. ഹാസ്യരസംപോലും വ്യംഗ്യമാക്കിയിരിക്കയാണെന്നു് ശാകുന്തളത്തിലെ വിദൂഷകപാത്രസൃഷ്ടി സാക്ഷ്യംവഹിക്കുന്നു. നമ്പ്യാരാകട്ടെ സകലരസങ്ങളും വാച്യമായിത്തന്നെ വർണ്ണിച്ചിരിക്കുന്നകൂട്ടത്തിൽ ഫലിതം പ്രബലമായിത്തീൎന്നതു് സ്വാഭാവികമായിട്ടുതന്നെയാണു്. ഇങ്ങനെ നോക്കുമ്പോൾ നമ്പ്യാരുടെ കൃതികൾ പഴയ പാട്ടുകളുടെ അടുത്ത പടിയിൽ നില്ക്കുന്നതുകാണാം. ആകയാൽ ആത്മസംസ്കാരം സിദ്ധിക്കാത്തവരെ അദ്ദേഹത്തിൻെറ കവിത ആകർഷിച്ചു് വശത്താക്കുന്നു. പുരാണപ്രപഞ്ചം ഇടുങ്ങിയ സീമകൾക്കുള്ളിലാണു് അദ്ദേഹം ദർശിക്കുന്നതു്. അദ്ദേഹം ഫലിതരസമാണു് പുറപ്പെടുവിക്കുന്നതു്. ആയതു് അസംഗതങ്ങളായ ഘടനാവിശേഷങ്ങളാലാകുന്നു. സുബ്രഹ്മണ്യക്ഷേത്രത്തിൽ അനവധി കാവടിക്കാർ വന്നകൂട്ടത്തിൽ ഒരു സായിപ്പും കാവടി എടുത്തുതുള്ളി എന്നു പറഞ്ഞാൽ നമ്പ്യാരുടെ ശ്രോതാക്കൾ ചിരിക്കും. ആ ചിരി അവസാനിക്കുന്നതിനുമുൻപു് നമ്പ്യാരുടെ മനസ്സിൽ മറെറാരു അസംഗതമായ സംഗതിതോന്നും. പുരാണങ്ങളിലെ കഥാബന്ധത്തിലാണു് ഈ സംഗതികൾ കടന്നുകൂടുന്നതു്. ഇങ്ങനെ സ്വാതന്ത്ര്യമായ ഒരു രീതി ആ മഹാൻ സ്ഥാപിച്ചിട്ടുണ്ടെന്നു് സമ്മതിക്കാമെങ്കിലും, എൻെറ ഉപന്യാസത്തിലെ പല്ലവിയായിത്തീൎന്നിരിക്കുന്ന "രീതിരാത്മാകാവ്യസ്യ" എന്നുള്ള വാമനമതം ഇവിടെ ആവർത്തിക്കണമോ എന്നു് സംശയിക്കുന്നു.

ഈ ഉപന്യാസത്തിൽ ഞാൻ ചൎച്ചചെയ്തുകൊണ്ടു വന്നിട്ടുള്ള രീതി സകലവിധത്തിലും ഉള്ള അഭിപ്രായഭേദങ്ങളേയും അഭിമുഖീകരിച്ചതിനുശേഷം കേരളവൎമ്മവലിയ കോയിത്തമ്പുരാനോടുകൂടി മലയാളഭാഷാസാഹിത്യത്തിൽ ഏതാണ്ടു സ്ഥിരമായ ഒരു നിലയെ പ്രാപിച്ചു എന്നു പറഞ്ഞുപസംഹരിക്കുകയല്ലാതെ, ആധുനികകവിതാസാമ്രാജ്യത്തിൽ പ്രവേശിച്ചു്, അതിന്റെ ഗതിയെ തുടങ്ങുന്നതിനു് ഈ ക്ലിപ്തസമയംകൊണ്ടു് സാധിക്കാതെപോയതിൽ വ്യസനിക്കുന്നു.

---

With the kind permission of Mr. P. Ananthan Pillai M. A.

# V. പഴഞ്ചൊല്ലുകൾ

[ഡാക്ടർ കെ. ഗോദവർമ്മ, എം. ഏ.,
പി. എച്ച്. ഡി. (ലണ്ഡൻ)

സാഹിത്യം, ആദ്യമായി പദ്യമെന്നോ ഗദ്യമെന്നോ വ്യവച്ഛേദിയ്ക്കുവാൻ അസാദ്ധ്യമായ വിധത്തിലും, എന്നാൽ സാധാരണമായ സംഭാഷണത്തിൽനിന്നും എത്രയും വ്യത്യസ്തമായ രീതിയിലും ഉള്ള ചില അസംഘടിതശബ്ദരൂപങ്ങളിലാണു് പ്രത്യക്ഷീഭവിച്ചിട്ടുള്ളതു്. നമുക്കു് അറിയുവാൻ കഴിയുന്നിടത്തോളവും പ്രാചീനമെന്നു് സാധാരണമായി വിശ്വസിച്ചുപോരുന്ന പഴയ പാട്ടുകൾക്കും മുൻപിൽ ഭാഷാസാഹിത്യത്തിന്റെ ഉദയത്തിനു ലക്ഷ്യമായി എത്രയോ പഴഞ്ചൊല്ലുകളെ എടുത്തു കാണിയ്ക്കുവാൻ കഴിയും. പഴഞ്ചൊല്ലുകൾ മാനവസമുദായത്തോളംതന്നെ സാമാന്യേന പഴക്കമുള്ളവയായിരിയ്ക്കണം. പരിവർത്തനദശകളിൽ നവീനങ്ങളായവ ആവിർഭവിയ്ക്കുന്നതു് മേല്പറഞ്ഞതിനു വിരുദ്ധവുമല്ല. സംഭാഷണത്തിൽത്തന്നെ കാര്യഗർഭങ്ങളും ഹൃദയസ്പൃക്കുകളും, സർവോപരി, ഉച്ചാരണത്തിൽ അത്യധികമായ സൗകുമാര്യത്താൽ സമുല്ലസിതങ്ങളും ആ അനതിദീർഘവാക്യങ്ങളാകുന്നു 'പഴഞ്ചൊല്ലുകൾ' എന്നു് ചുരുക്കത്തിൽ പറയാവുന്നതാണു്. എത്രയോ പരിവൃത്തി പലരും പറഞ്ഞു പഴകിയ ചൊല്ലുകൾ—വചനങ്ങൾ, എന്നത്രേ പഴഞ്ചൊല്ലുകളുടെ അന്വർത്ഥത.

സാഹിത്യത്തിൻെറ പ്രാരംഭദശയെ കുറിയ്ക്കുന്നവയായുള്ള രമണീയവാക്സമുദായങ്ങളിൽ, കുട്ടികൾ ഓരോരോ കളികളിൽ ഏല്പെട്ടമ്പോൾ പ്രയോഗിയ്ക്കാറുള്ളവയും ശബ്ദങ്ങളുടെ പ്രാസത്തിലും മററുമല്ലാതെ അർത്ഥത്തിൽ പറയത്തക്ക ശ്രദ്ധ പതിപ്പിച്ചിട്ടില്ലാത്തവയും ഏതോ ചില കഥകളുടെ ശകലങ്ങളായി അഭാസിയ്ക്കുന്നവയും ആയ പദസംഘാതങ്ങളും, വയോഭേദമെന്ന്യേ വിനോദാർത്ഥകമായും ഓർമ്മശക്തിയേയും നിരീക്ഷണശക്തിയേയും വർദ്ധിപ്പിച്ച് ബുദ്ധിവികാസത്തിനു സാധകമായും വിശ്രമാവസരങ്ങളിൽ പ്രയോഗിയ്ക്കപ്പെട്ടുന്നവയും ശിശുക്കളുടെ ഭാവനാവിലാസംപോലെ അദ്ഭുതകരമായ കല്പനാജാലംകൊണ്ടു് നൈസർഗ്ഗികരൂപത്തിൽ കവിതയെ അവഹിയ്ക്കുന്നവയും ആയ കടങ്ങളും (riddles), ഭാരവാഹകന്മാർ തുടങ്ങി വിവിധവർഗ്ഗങ്ങളില്പ്പെട്ട തൊഴിലാളികൾ തങ്ങളുടെ ശ്രമത്തിൻെറ ലഘൂകരണത്തിനായി ഒത്തുചേൻ ഘോഷിയ്ക്കാറുള്ള ശബ്ദജാലങ്ങളും, കാലക്രമത്തിൽ യഥാശ്രുതമായ അർത്ഥത്തിനു പ്രസക്തി തീരെ നശിച്ച് പ്രകരണവശാൽ ഏതെങ്കിലും സങ്കേതസിദ്ധമായ അർത്ഥത്തെക്കുറിയ്ക്കുന്നവയായുള്ള ശൈലികളും പഴഞ്ചൊല്ലുകളോടൊപ്പം തന്നെ ശ്രദ്ധേയങ്ങളാകുന്നു. എന്നാൽ പ്രസ്തുത സാഹിത്യാംശങ്ങളുടെ കാലികമായ പൌർവ്വാപര്യം പരിച്ഛേദിക്കാവുന്നതല്ല. എങ്കിലും അർത്ഥത്തിൻെറ പടിപടിയായുള്ള സമാവേശത്തെപ്പററി ചിന്തിയ്ക്കുമ്പോൾ കടങ്ങൾക്ക് ഇതരാപേക്ഷയാ പ്രാചീനത്വം നല്കേണ്ടതാണെന്നു് വിശദമാകുന്നതാണ്. എന്നു മാത്രമല്ല, പഴഞ്ചൊല്ലുകളും ശൈലികളും പില്ക്കാലത്തെ സാഹിത്യപ്രകടനങ്ങളിൽ അവശേഷിച്ചിട്ടുള്ളതിനും പുറമേ സാഹിത്യത്തിൻെറ പ്രധാന ഘടകങ്ങളിൽ ശബ്ദനിഷ്ഠ

മായോ അൎത്ഥനിഷ്ഠമായോ ഉള്ള ഏതൊന്നിനോട്ടം കിടനില്ക്കുന്നുമുണ്ടു്. കുട്ടികളുടെ കളിച്ചൊല്ലുകളേയും കടങ്ങളേയും ശൈലികളേയും പഴഞ്ചൊല്ലുകളേയും ചില ഉദാഹരണങ്ങൾകൊണ്ടു് വ്യതിരേകിച്ചു കാണിക്കുന്ന പക്ഷം മേല്പറഞ്ഞ തത്വം പ്രസ്ഫുടമാകുമെന്നു വിചാരിയ്ക്കുന്നു.

കുട്ടികൾ വട്ടമിട്ടിരുന്നു്, കൈയ്കൾ കമഴ്ത്തിവെച്ചു്, താഴെപറയുന്നവണ്ണം താളമൊപ്പിച്ചുപാടി, യഥാക്രമം പുറംകയ്യിൽ കുത്തുന്ന സമ്പ്രദായത്തിൽ ഒരു കളി ഉണ്ടു്:

"അരിപ്പാൻചട്ടി ഇരിപ്പാൻചട്ടി അങ്കിളി പെങ്കിളി കാവുതിക്കണ്ണൻ പന്ത്രണ്ടേലുമ്മേക്കേറെട ഇറങ്ങെട വെട്ടെട കുത്തെട ചീനാ കോടാ ചെന്താർമണിയൻ തുങ്ങിവരുമ്പോൾ ചീപ്പുകൊണ്ടൂരിയാൽ എന്തുണ്ടു? മുരുക്കുണ്ടു. മുരുക്കിലും ചൊരിക്കിലും കിടന്നവളേ മുന്നാഴി എണ്ണ കുടിച്ചവളേ അക്കര നിക്കണ ചക്കിപ്പെണ്ണിന്റെ കയ്യോ കാലോ രണ്ടാലൊന്നു തട്ടി മുട്ടി എടുത്തുമലത്താങ്കോ."

കേരളത്തിൽ പണ്ടൊരുകാലത്തു കാവുതിക്കണ്ണൻ എന്നു പേരായ തസ്കരപ്രമാണിയുടേയും അയാളുടെ പന്ത്രണ്ടു് അനുചരന്മാരുടേയും ഉപദ്രവങ്ങൾ ഉണ്ടായിരുന്നതായി പരമ്പരയാ ധാത്രീകഥകളിൽനിന്നും മററും ബാലന്മാർ ഗ്രഹിച്ചതായിരിയ്ക്കണം. ഇന്നു് അല്പമൊക്കെ വികൃതമായിത്തീൎന്നുപോയതായിരിയ്ക്കാവുന്ന ഈ കഥ എന്നുള്ളതിന്നു് കേവലം അഭ്യൂഹത്തിനു പുറമെ ഭ്രതരായരിലെ ഏതദ്വിഷയകമായ പ്രസ്താവം ചെറിയൊരു സാക്ഷ്യവുമാണു്.

കല്ലു്, പൊക്കിയിട്ടു്, കൈയ് നിലത്തടിച്ചു്, അകല്ലു താഴെ വീണുപോകാതെ ഗ്രഹിച്ചു്, അങ്ങനെ പല

പരിവൃത്തികളും കഴിഞ്ഞു്, ഒട്ടവിൽ എതിരാളിയ്ക്കു് കടം വരുത്തിവെയ്ക്കുന്നമാതിരി ഒരു കളിയുള്ളതിനു കുട്ടികൾ താഴെപ്പറയുന്ന പാട്ടു് ഉപയോഗിച്ചുകാണുന്നു:—

"ഒന്നും തല്ലിപ്പാററി
രണ്ടും തല്ലിപ്പാററി
മൂന്നും തല്ലിപ്പാററി
നാലും തല്ലിപ്പാററി
അഞ്ചും തല്ലിപ്പാററി
ആറും തല്ലിപ്പാററി
ഏഴും തല്ലിപ്പാററി
എട്ടുകെട്ടു്, താമരമൊട്ടു്
വയ്ക്കത്തെപ്പാ കോതേച്ചി
കോത്കുളങ്ങര കുളിക്കാൻ പോയപ്പം
വെള്ളീലപ്പൻെറ വെള്ളിക്കിണ്ണം
തല്ലിപ്പൊട്ടിച്ചു കുപ്പേലാക്കി
കുപ്പക്കാരൻ ഭാഷ പറഞ്ഞു
പച്ചമരത്തേൽ കേറിയിറങ്ങി"

കടമൊന്നു്.

ഈ ശബ്ദസമുച്ചയത്തിനും മുൻപറഞ്ഞതുപോലെ ചില സംഭവങ്ങളുടെ സൂചനകൾ ഉണ്ടെന്നു് കാണാവുന്നതാണല്ലോ! കളികളോടുചേൎന്നിണങ്ങി ചില ശബ്ദങ്ങൾ പുറപ്പെട്ടുവിയ്ക്കുന്നതല്ലാതെ, താത്കാലികമായവികാരങ്ങളുടേയും വിചാരങ്ങളുടേയും ഫലമായി പ്രത്യക്ഷപ്പെടുന്നതോ ശ്രോതാക്കളിൽ വിശേഷവിധിയായി എന്തെങ്കിലും രസം ജനിപ്പിയ്ക്കുന്നതോ അല്ല, കുട്ടികളുടെ ഈ കളിച്ചൊല്ലുകൾ എന്നുള്ളതിനു് സംശയമില്ല.

കടംകഥ എണ്ണംകൊണ്ടു് അപരിമിതവും പ്രത്യേകം വ്യക്തിതചമുള്ളതും പരിഷ്കൃതകാലത്തിലെ കവികളുടെ

സങ്കേതങ്ങൾക്കോ അലങ്കാരപ്രയോഗങ്ങൾക്കോ അഭിധാദി വ്യാപാരത്രയത്തിനോ ഒന്നിനും തന്നെ അസ്പൃശ്യമാം വണ്ണമുള്ള ഒരു രൂപത്തിൽ ബുദ്ധിവ്യാപരണത്തിന്ന്, വിശേഷിച്ച് കുട്ടിപ്രായത്തിൽ, വളരെ ഉപകരിയ്ക്കുന്നതും ഒരുതരത്തിൽ മനുഷ്യരിൽ കവിത്വത്തിനും സഹൃദയത്വത്തിനും പ്രഥമപ്രവേശം നല്കി മനസ്സംസ്കാരം സാധിയ്ക്കുന്നതും ആകയാൽ കുറേക്കൂടി പ്രാധാന്യമുള്ളതാകുന്നു. ചുവടെ ഉദ്ധരിയ്ക്കുന്ന ഉദാഹരണങ്ങളിൽനിന്നും കടംകഥകളുടെ സാമാന്യസ്വഭാവം പരിശോധിച്ചറിയാവുന്നതാണ്.

1. മാനത്തൊരുമയിലിൻമുട്ട: ഓടിച്ചെന്നാൽ കൊണ്ടുപോരാം.

2. കാട്ടിൽ പട്ടുംചൂടിയിരിയ്ക്കുന്നു.

3. കറുത്തിരുണ്ടവൻ കണ്ണുരണ്ടുള്ളവൻ കടിച്ചാൽ രണ്ടുമുറി.

4. ഇവിടെക്കുത്തിയ നാരായം വെട്ടൂർചെന്നു പുറപ്പെട്ടു.

5. കാള കിടക്കും കയറോടും.

6. ആനകേറാമല, ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി.

7. കാനകനാറി പൂത്തു കുടംചാടി.

8. കാട്ടിൽ നില്ക്കും മരം, കാട്ടാളർ വെട്ടും മരം, ഇരുമ്പിട്ടടിയ്ക്കും മരം, ഇരുകാലിൽ ഓടും മരം.

9. ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി.

10. പെട്ടി, പെട്ടി, ചിങ്കാരപ്പെട്ടി, പെട്ടിതുറക്കുമ്പോൾ കായം മണക്കും.

11. മുററത്തെ ചെപ്പിന്ന് അടപ്പില്ല.

---

1. തേങ്ങ. 2. പിറുത്തിച്ചക്ക, കടച്ചക്ക (Pine-apple). 3. പാക്കുവെട്ടി. 4. ഞാഞ്ഞൂൾ. 5. മത്തങ്ങ. 6. നക്ഷത്രങ്ങൾ. 7 സൂര്യോദയം. 8. വള്ളം. 9. പേൻ. 10. പഴുത്ത ചക്ക, 11. കിണറ്.

12. കാട്ടിൽ കൊച്ചരി തൂവി.
13. ഒരമ്മ പെററതെല്ലാം തൊപ്പിയിട്ട മക്കൾ.
14. പലകക്കീഴെ പച്ചയിറച്ചി.
15. എന്നിയ്ക്കുണ്ടാലുടനെ നാലുപേരെ തിന്നണം.
16. കൊച്ചുമുററത്തു ചളമ്പുകുത്തുന്നു.
17. കൊക്കിരിയ്ക്കു കുളം വററി.
18. മുള്ളുണ്ട്, മുരുക്കല്ല; കയ്പുണ്ടു, കാഞ്ഞിരമല്ല.
19. ചത്തകാള, വടിയെടുക്കുമ്പോളോടും.
20. ഊരിയവാൾ ഉറയിലിട്ടുംകാലം പൊന്നിട്ടകത്തി പണയംതരാം.
21. ഒരെരുത്തിൽ നിറച്ചു വെള്ളക്കാള.
22. നാലുപേർ ഒരുവഴിക്കു പോയി; തിരിയെ വന്നപ്പോൾ ഒരാളേ ഉള്ളു.
23. ഇപ്പോൾ വെട്ടിയ പുത്തൻ കിണററിൽ തുവെത്തുവെ വെള്ളം.
24. നാക്കു നാലു്, നടകാലു പത്തു്; മൂക്കു മൂന്നു്, മുഖത്താറു കണ്ണു്.
25. അകത്തു തിരിതെറുത്തു; പുറത്തു മുട്ടയിട്ടു.
26. വെട്ടിയകുററി കിളുക്കുംകാലം പൊന്നിട്ട കത്തി പണയംതരാം.
27. കാട്ടിൽകിടന്നവൻ കൂട്ടായിവന്നു.
28. പിന്നാലെ വന്നവൻ മുന്നാലെ പോയി.
29. ആനയ്ക്കും നിലയില്ല, ആനക്കാരനും നിലയില്ല, അമ്പാടിക്കൃഷ്ണനു് അരയററം വെള്ളം.
30. മണ്ണിൻ്റടിയിൽ പൊന്നമ്മ.

---

12. ചിതൽ. 13. അടയ്ക്കു. 14 നഖത്തിൻെറ അടിവശം. 15. വെററിലമുറുക്കുക. 16. നെററിയിൽ ചന്ദനം തൊടുക. 17. വിളക്കു്. 18. പാവയ്ക്കാ. 19. വള്ളം. 20. കറന്നപാൽ. 21. പല്ലുകൾ. 22. വെററിലത്തുപ്പൽ 23. കരിയ്ക്കു്. 24. നിലംപൂട്ടുന്നതു്. 25. കുരുമുളകു്. 26. പൊക്കിൾ. 27. വടി. 28. പല്ലു്. 29. തവള. 30. മഞ്ഞൾ.

മനുഷ്യജീവിതത്തിലെന്നപോലെ, സാഹിത്യത്തിലും ശൈശവദശ മനോമോഹനം തന്നെ. തരിമണലിനെ പഞ്ചസാരയായും, ചരല്ക്കല്ലുകളെ പൊൻകട്ടകളായും പൂഴിമണ്ണിനെ പാച്ചോറായും, പിലാവിലകളെ കന്നുകാലികളായും, കുരുത്തോലകളെ തങ്കത്താലികളായും, കടലാസിനെ കപ്പലായും, മുററത്തു കെട്ടിക്കിടക്കുന്ന വെള്ളത്തെ മഹാസമുദ്രമായും സംകല്പിയ്ക്കുവാനുള്ള ഭാവനാവിലാസം ശിശുക്കൾക്കുള്ളതു് നമുക്കു് എങ്ങനെ നിത്യാനുഭവങ്ങളായിരിയ്ക്കുന്നുവോ അതുപോലയോ അതിലധികമായോ മേല്പറഞ്ഞ കടംകഥകളിലൂടെ സാഹിത്യത്തിൻെറ ശൈശവദശയിലെ അകൃത്രിമരമണീയങ്ങളോ സർവഥാ അനിയന്ത്രിതങ്ങളോ ആയ കല്പനാഗതിവൈഭവങ്ങളെ സ്ഫടികസ്ഫുടമായി നമുക്കു് ദർശിക്കുവാൻ കഴിയും. കടംകഥകളിലെ കല്പനകൾ രസയുക്തങ്ങളാണെങ്കിലും പ്രാചീനകാലത്തെ ജനങ്ങളുടെ പ്രവൎത്തനരംഗത്തിൻെറ പരിമിതത്വം കൊണ്ടു് കേവലം സംകുചിതവീക്ഷണജന്യങ്ങളായിരിയ്ക്കുന്നുവെന്നുള്ളതു് സമ്മതിച്ചേ കഴിയൂ. നിത്യപരിചിതങ്ങളായ കാഴ്ചകളോ സംഭവങ്ങളോ അല്ലാതെ കൂടുതലായൊന്നും അവരുടെ കല്പനകൾക്കു് വിഷയീഭവിച്ചിട്ടില്ല. തെങ്ങും, കുരുമുളകും, മത്തനും, മഞ്ഞളും ഉണ്ടും ചില കടംകഥകൾക്കു് വിഷയമാകുമ്പോൾ, ആനയും ആടും പശുവും പേൻകൂട്ടവും മററു ചിലവയും, നിലം പൂട്ടുന്നതും വള്ളം തുഴയുന്നതും വേട്ടയാടുന്നതും വേറെ ചിലവയും വിഷയങ്ങളാകുന്നതു നോക്കുക! സൂൎയ്യോദയത്തെ കാനകനാറി പൂത്തു കുടം ചാടിയതായും, നക്ഷത്രങ്ങൾ ആകാശത്തിലെങ്ങും പ്രകാശമാനങ്ങളായതിനെ

"ആനകേറാമല, ആടുകേറാമല, ആയിരംകാന്താരി പൂത്തിറങ്ങി"യതായും ചിത്രണം ചെയ്തുള്ള പ്രകൃതിവർണ്ണനങ്ങൾ ആധുനികകാലത്തിൽപോലും ആദരണീയങ്ങളായിട്ടിരിയ്ക്കുന്നില്ലേ! ഉപമകളോ ഉത്പ്രേക്ഷകളോ ഉല്ലേഖങ്ങളോ രൂപകങ്ങളോ അതിശയോക്തികളോ എല്ലാം എത്രയോ പഴക്കമുള്ള കടംകഥകളിൽ അകൃത്രിമരൂപത്തിൽ നമുക്കു ദർശിക്കാം. കാലം മാറിയതുകൊണ്ടും മനുഷ്യരുടെ ജീവിതരീതി അതിനൊപ്പം പരിഷ്കൃതമായതുകൊണ്ടും ഇന്ന് ഏതാദൃശങ്ങളായ കല്പനകൾ സുദുർല്ലഭങ്ങളായിരിയ്ക്കുന്നതിൽ അദ്ഭുതപ്പെടുവാനില്ല. പക്ഷേ, ഇന്നു കാണുന്ന വളർച്ച തത്താദൃശമായ ശൈശവത്തിന്റെ പിന്നിലാണു് ഏതുനിലകൊണ്ടും സ്ഥിതിചെയ്യുന്നതെന്നു് സമ്മതിച്ചേ തീരൂ.

ഗൂഢാത്മകവിതയുടെ (Mystic Poetry) അന്തരതത്ത്വവും കടംകഥകളുടെ നിർമ്മിതിതത്ത്വവും ചില അംശങ്ങളിൽ ഏകീഭവിയ്ക്കുന്നുവെന്നുള്ളതു് വക്തവ്യമത്രെ. പ്രസ്തുതങ്ങളായ രണ്ടു പ്രസ്ഥാനങ്ങളിലും ഗൂഢത നല്ലപോലെ അനുഭവപ്പെടുന്നുണ്ടല്ലോ. പക്ഷേ, ഗൂഢാത്മകവിതയും കടംകഥയും കാര്യാംശത്തിൽ അത്യധികം വിയോജിയ്ക്കുന്നു. വക്താവിന്റെ വിചാരപരമ്പരകൾ കൃത്രിമമായ യാതൊരു ക്രമത്തിനും വിധേയമാകാതെ, പൂർണ്ണതയ്ക്കോ പരിഷ്കൃതിയ്ക്കോ വേണ്ടി പുനർവ്വിചാരണയ്ക്കു വിഷയമാകാതെ, നൈസർഗ്ഗികതയുടെ തന്മയരൂപമായി ബഹിർഗമിക്കുന്ന, ആത്മാനുഭൂതികളുടെ കേവലചിത്രങ്ങളാണു് ഗൂഢാത്മകവിതയെന്നും, നേരെമറിച്ചു് വർണ്ണ്യവസ്തുവിന്റെ ഗൂഢതകൊണ്ടു് പരന്മാക്കു ദുർഗ്രഹത ഉളവാക്കി ബുദ്ധിവ്യാപാരത്തെ

ലക്ഷീകരിച്ചു് സാരസ്യം നിറഞ്ഞതായി കൃത്രിമതയ്ക്കു ധാരാളം പ്രവേശം നല്കി ഭാവനാവിലാസത്താൽ സംകല്പിതമാകുന്നതാണു് കടംകഥയെന്നും സാമാന്യമായി അവയുടെ ഭേദം നിർദ്ദേശിയ്ക്കാവുന്നതാണു്. കടംകഥ ഇന്നു നാം കാണുന്ന ശ്രദ്ധാത്മകവിതയോടു് സാഹിത്യരസത്തിൽ സഗന്ധത്വം വഹിക്കുന്നുവെന്നുള്ളതാണു് വാസ്തവം.

പഴഞ്ചൊല്ലുകളെ കടംകഥകളുടെ അനന്തരഘട്ടമായിട്ടു് എടുക്കേണ്ടതാണു്. എന്നാൽ, പഴഞ്ചൊല്ലുകളോളം വ്യാപ്തിയില്ലാത്തവയും, കടംകഥകളെക്കാളും സാഹിത്യത്തിൽ ഉന്നതസ്ഥാനം നേടിയിട്ടുള്ളവയും, പലപ്പോഴും കടംകഥകളോടും പഴഞ്ചൊല്ലുകളോടും സാജാത്യമുണ്ടെന്നു തോന്നിയ്ക്കുന്നവയും ആയ മറെറാരുതരം സാഹിത്യഘടകങ്ങളെപ്പററിയും ഈ ഘട്ടത്തിൽ പറയേണ്ടതായിട്ടിരിയ്ക്കുന്നു. അവയാണു് ശൈലികൾ. ഏതൊരു ഭാഷയുടേയും പുഷ്ടി അതിലുള്ള ശൈലീസമ്പത്തിനെ കണക്കാക്കി നിർണ്ണയിയ്ക്കുന്നതു സമുചിതമായിരിയ്ക്കും. കുറഞ്ഞ പദങ്ങളെക്കൊണ്ടു വിപുലമായ അത്ഥത്തെ പ്രകടിപ്പിയ്ക്കുവാൻ ശൈലികളോളം മറെറാന്നും ഉപകരിയ്ക്കുന്നതല്ല. ശൈലികളുടെ വലിയൊരു ഭാഗം സുപ്രസിദ്ധങ്ങളായ കഥകളിലെ പാത്രങ്ങളേയോ സംഭവങ്ങളേയോ ആസ്പദമാക്കിയുള്ളതാണു്. അതുകഴിഞ്ഞാൽ, നാട്ടിലെ നടപടികളും വ്യക്തികളുടെ അനുഭവങ്ങളും ശൈലികൾക്കു ഭാഷയിൽ സ്ഥാനം കൊടുത്തിട്ടുള്ളതായി പറയാം. ഇങ്ങനെ ശൈലികളായിത്തീരുന്ന ആ പ്രയോഗവിശേഷങ്ങൾ മാഞ്ഞുപോകാത്തവണ്ണം ഹൃദയത്തിൽ പതിഞ്ഞു് ജനസാമാന്യത്തിനു പരിചിതതരങ്ങളായിത്തീന്നിട്ടുണ്ടെന്നു കാണാം. ചുരുക്കം ചിലെടത്തു്

ശൈലികൾ ഉപമാനസ്ഥാനികങ്ങളായി പ്രയുക്തങ്ങളായെന്നും വരാം. പദങ്ങൾ ഏതൊരു പ്രകാരത്തിലാണോ തദ്വാചകങ്ങളിൽ ശക്തങ്ങളോ സങ്കേതിതങ്ങളോ ആയിരിയ്ക്കുന്നതു്, അതുപോലെ ശൈലികളും തത്സൂചിതങ്ങളായ കാര്യങ്ങളുടെ സാരൂപ്യമോ സാദൃശ്യമോ പ്രയോഗബാഹുല്യത്താൽ സിദ്ധിച്ചു് എല്ലായ്പോഴും നിഷ്കൃഷ്ടമായ ഒരത്ഥത്തെ കുറിയ്ക്കുന്നവയായിത്തീൎന്നുപോകുന്നു. ശൈലികളുടെ വൈവിധ്യവും കടംകഥകളിൽനിന്നും പഴഞ്ചൊല്ലുകളിൽനിന്നും ഉള്ള വൈജാത്യവും പ്രദശിപ്പിയ്ക്കുവാനായി ചില ദൃഷ്ടാന്തങ്ങൾ ഉദ്ധരിയ്ക്കാം:

1. ചെണ്ട കൊട്ടിയ്ക്കുക.
2. പുളിശ്ശേരി കുടിയ്ക്കുക.
3. ഇഞ്ചി കടിയ്ക്കുക.
4. പുലിവാലു പിടിയ്ക്കുക.
5. കച്ച കെട്ടുക.
6. പമ്പ കടക്കുക.
7. തോവാളക്കോട്ട കടത്തുക.
8. ദീപാളി കുളിയ്ക്കുക.
9. ഗോപി തൊടുവിയ്ക്കുക.
10. കണ്ണന്നുകിട്ടിയ ശാസ്ത്രോപദേശംപോലെ.
11. കുന്തം ആവുക.
12. വെള്ളത്തിലാവുക.
13. എന്നാൽ നമ്പിടി നാടുനീങ്ങുമോ?
14. കൊങ്ങിണി പുലികണ്ടപോലെ.
15. നാരദൻ.
16. ഹരിശ്ചന്ദ്രൻ.

17. ശകുനി.
18. ഗണപതിയുടെ കല്യാണംപോലെ.
19. ഭഗീരഥപ്രയത്നം.
20. സുഗ്രീവാജ്ഞ.
21. കായംകുളംവാൾ.
22. നക്ഷത്രം എണ്ണിയ്ക്കുക.
23. ശിങ്കിരി പാടിയ്ക്കുക.
24. ധനാശി പാടുക.
25. ശ്ലോകത്തിൽ കഴിയ്ക്കുക.
26. അറുത്തകൈയ്ക്കുപ്പിടാത്തവൻ.
27. ചതുർത്ഥി കാണുക.
28. അടിയറവു പറയിയ്ക്കുക.
29. തുറന്നരശായി കിടക്കുക.
30. എന്നും പകിട പന്ത്രണ്ടു്.
31. കുടത്തിലെ വിളക്കു്.
32. കുപ്പയിലിട്ട സാളഗ്രാമം.

ശൈലികളുടെ അർത്ഥം വിഭിന്നസംഗതികളെ ആസ്പദമാക്കി സങ്കേതിതമാകുന്നു. ഇഞ്ചികടിയ്ക്കുക, വെള്ളത്തിലാകുക, നക്ഷത്രം എണ്ണിയ്ക്കുക മുതലായി ചിലതു് കേവലം പ്രകൃതിസിദ്ധമായ അനുഭവത്തെ അധിഷ്ഠിതമാക്കി കുറച്ചൊരു കവിതചം കലർത്തി പ്രയുക്തങ്ങളായവയാണു്. കച്ചകെട്ടുക, അരയും തലയും മുറുക്കുക മുതലായവ പഴയ കളരിസമ്പ്രദായത്തിൽനിന്നും, ശ്ലോകത്തിൽ കഴിയ്ക്കുക, ശിങ്കാരി പാടിയ്ക്കുക, ധനാശി പാടുക മുതലായവ കഥകളിയിൽനിന്നും ഭാഷയിൽ ശൈലികളായി കടന്നുകൂടിയിട്ടുള്ളവയാണു്. നാരദൻ, ഹരിശ്ചന്ദ്രൻ, ഭഗീരഥപ്രയത്നം,

അഴകിയരാവണൻ എന്നിങ്ങനെ എത്രയോ ശൈലികൾ പുരാണപ്രസ്താവനകളെ അസ്പദമാക്കിയിരിയ്ക്കുന്നു. നാട്ടാചാരങ്ങളേയും ഭൂസ്ഥിതികളേയും അടിസ്ഥാനമാക്കിയുള്ള ശൈലികളും ചുരുക്കമല്ലെന്നു് ദീപാളി കുളിയ്ക്കുക, തോവാളക്കോട്ടകടത്തുക, പമ്പകടക്കുക മുതലായവ തെളിയിക്കുന്നു. ശൈലികൾക്കു് കടംകഥകളെപ്പോലെ ഗൂഢതയോ പഴഞ്ചൊല്ലുകളെപ്പോലെ വ്യാപകതയോ ഇല്ല. കടംകഥകൾ പൂർവ്വാപരങ്ങളില്ലാതെ തനിയേ നില്ക്കുന്നവയാണു്. പഴഞ്ചൊല്ലുകളുടെ ഉപയോഗം, പറഞ്ഞതിനെ സമർത്ഥിപ്പാനോ പറയേണ്ടതിനെ ഭംഗ്യാന്തരേണ പറയുവാനോ ആകുന്നു. എന്നാൽ, ശൈലികൾ അർത്ഥാന്തരന്യാസത്തിലെ അവാന്തരവിഭാഗമായ, 'വിശേഷംകൊണ്ടു് സാമാന്യം സമർത്ഥിതമാവുക,' എന്ന രൂപത്തിൽ മിക്കവാറും വർണ്ണ്യത്തോടു ചേർന്നുതന്നെ നിലകൊള്ളുന്നു. നാം ശൈലികളെന്നു് കരുതിപ്പോരുന്ന പലതിനേയും സൂചിതകഥകളായി പരിഗണിയ്ക്കുന്നതുംനന്നായിരിയ്ക്കുമെന്നു് അഭിപ്രായപ്പെടേണ്ടിയിരിയ്ക്കുന്നു. പക്ഷേ, അത്തരത്തിലുള്ളവ സൂചിതകഥകൾ എന്ന നിലകടന്നു് ഏതെങ്കിലും നിർദ്ദിഷ്ടാർത്ഥത്തിൽ പര്യവസിതമായിപ്പോയാൽ അവ ശൈലികൾ തന്നെയാണു്. 'കണ്ണനുകിട്ടിയ ശസ്ത്രോപദേശം പോലെ', 'എന്നാൽ നമ്പിടി നാടുനീങ്ങുമോ' ഇത്യാദികൾ ഇപ്പോൾ ശൈലീപ്രായങ്ങളായിത്തീർന്നിട്ടുള്ളവയാണല്ലോ.

ശൈലികൾക്കു് സാഹിത്യത്തിൽ വേണ്ടുവോളം പ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. അതു് കാലോചിതം വളർന്നുകൊള്ളുകയും ചെയ്യും. എന്നാൽ പഴഞ്ചൊല്ലുകളുടെ പ്രധാനാശ്രയം വായ്മൊഴിയായിട്ടാണിരിക്കുന്നതു്.

കുഞ്ചൻനമ്പ്യാരെപ്പോലുള്ള സരസകവികൾ അലങ്കാര നിബന്ധനങ്ങളുടെ കൂട്ടത്തിൽ അല്പം രൂപഭേദം വരുത്തി, പഴഞ്ചൊല്ലുകളുടെ ഗുണമഹിമയും ലോകവിശ്രുതിയും ഹേതുവായി ഇടയ്ക്കിടയ്ക്ക് അവയെ പ്രയോഗിക്കുന്നതിൽ ഉത്സുകരായിട്ടുണ്ട്. എങ്കിലും കാലക്രമേണ പഴഞ്ചൊല്ലുകൾ, ഉള്ളവതന്നെ നഷ്ടപ്പെട്ടുപോകുകയും പ്രചാരലോപത്താൽ പലതും സന്ദിഗ്ദ്ധാർത്ഥങ്ങളായിഭവിച്ച് പ്രയോഗയോഗ്യത കുറഞ്ഞവയായിത്തീരുകയും ചെയ്യുന്നുവെന്നുള്ളതാണ് ഏററവും പരിതാപകരമായിട്ടിരിക്കുന്നത്. ഇന്ന് ഗ്രാമവൃദ്ധന്മാരാണ് പഴഞ്ചൊല്ലുകളുടെ അവശിഷ്ടമായ സങ്കേതം എന്നു പറയുന്നതിൽ വലിയ തെററുണ്ടാകുവാൻ തരമില്ല. ആധുനികമായ വിദ്യാഭ്യാസരീതിയും അഭിനവങ്ങളായ വ്യവസായോത്കർഷണങ്ങളും അസ്ഥിരങ്ങളായ ആചാരരീതികളും മററും പഴഞ്ചൊല്ലുകളുടെനേക്ക് വേണ്ടുവോളമുള്ള സമാദരത്തിന് പ്രതികൂലങ്ങളായി എന്നു പറയാവുന്നതല്ലെങ്കിലും തീരെ അനുകൂലതയില്ലാത്തവയായിത്തീൎന്നുപോയി. പരക്കെ നാട്ടുഭാഷയെക്കുറിച്ചുണ്ടായ ഇടക്കാലത്തെ അനാസ്ഥയും പഴഞ്ചൊല്ലുകളെപ്പോലെയുള്ള പൂൎവ്വസമ്പത്തുകളുടെ രക്ഷയ്ക്ക് വലിയൊരിടിവ് ഉണ്ടാക്കിത്തീൎത്തുവെന്നും പറയേണ്ടതായിട്ടുണ്ട്. അഖിലകേരളീയരുടേയും ഏകോപിച്ചുള്ള ശ്രദ്ധ ത്വരിതമായി പതിയുന്ന പക്ഷം എത്രയോ സഹസ്രം പഴഞ്ചൊല്ലുകൾ ഇനിയും ഉദ്ധരിക്കപ്പെട്ടുവാനും അവയ്ക്ക് യഥാൎഹം സാഹിത്യത്തിൽ പ്രതിഷ്ഠ ലഭിക്കുവാനും ധാരാളം ശക്യതയുണ്ടെന്നുള്ളത് അല്പം ആശ്വാസകരംതന്നെ. പഴഞ്ചൊല്ലുകൾ അവയുടെ കാലപ്പഴക്കമനുസരിച്ച് പൂൎവ്വകാലചരിത്ര

ത്തേയും ഏതാണ്ട വെളിപ്പെട്ടുത്തുന്നുണ്ടെന്നുള്ളതുംകൂടി ഓക്കുമ്പോഠം അവയുടെ ഉദ്ധാരണം എത്രയും അപരിഹാൎയ്യമായിത്തീരുന്നതാണല്ലൊ.

ഇന്നത്തെ സ്ഥിതിയ്ക്ക് പഴഞ്ചൊല്ലുകളെ ഏതെങ്കിലും ഉപാധിയിന്മേൽ തരംതിരിക്കുന്നതു് കുറെ വിഷമമാകുന്നു. എല്ലാ പഴഞ്ചൊല്ലുകളുടേയും അൎത്ഥവിഷയകമായ വ്യാപ്തി സമമായിരിയ്ക്കുന്നില്ല. പരസ്പരവിരുദ്ധങ്ങളായ പഴഞ്ചൊല്ലുകഠം കാണുന്നതുകൊണ്ട് അവ അവിചാല്യങ്ങളായ തത്വങ്ങളെ പ്രകാശിപ്പിക്കുന്ന വിധത്തിലും വിഭജിയ്ക്കപ്പെടാവുന്നതല്ലല്ലൊ. പലരുടേയും പ്രയോഗത്താൽ അനേകരൂപത സംഭവിച്ച പഴഞ്ചൊല്ലുകളും ചുരുക്കമല്ല. പണ്ഡിതന്മാർ ഇതരഭാഷയിലെ ആശയങ്ങളെ അനുകരിച്ചോ വിവൎത്തനംചെയ്തോ മററു പഴഞ്ചൊല്ലുകളോടൊപ്പംതന്നെ സ്ഥാനം നേടിക്കൊടുത്തവയായി ചിലതും കാണപ്പെടുന്നു. വിശേഷിച്ചും സംസ്കൃതകവി പ്രയോഗങ്ങഠം പലതും തത്സമരൂപത്തിൽതന്നെ അനഭ്യസ്തവിദ്യരുടെ ഇടയ്ക്കുപോലും പഴഞ്ചൊല്ലുകളായി പ്രചാരത്തിൽ ഉണ്ട്. വാച്യാൎത്ഥത്തിൽ തീരെ അപ്രധാനമാകയാൽ, പഴഞ്ചൊല്ലുകളെ അവയിൽ പ്രയുക്തങ്ങളായ പദങ്ങളുടെ നിലനോക്കി വിഭജിയ്ക്കാവുന്നതേ അല്ല. പ്രചീനങ്ങളായ സമുദായസ്ഥിതികഠം പഴഞ്ചൊല്ലുകളുടെ ആധാരമായിരുന്നിട്ടുണ്ടെന്നല്ലാതെ, അവ നേരെ ആ അൎത്ഥത്തെ കുറിക്കുന്നവയോ അതിലേയ്ക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയോ അല്ലല്ലൊ. ഇങ്ങനെ പഴഞ്ചൊല്ലുകളുടെ വിഭാഗകരണത്തിനു് ആൎത്ഥികമായും ശാബ്ദികമായും വിവിധങ്ങളായ

വൈഷമ്യങ്ങളെ നാം അഭിമുഖീകരിക്കേണ്ടതായിട്ടുണ്ടെങ്കിലും ഏതെങ്കിലും സ്വീകാൎയ്യമായ ഒരു പന്ഥാവു് അശ്രയിച്ചു് പഴഞ്ചൊല്ലുകളുടെ വൈവിധ്യപ്രദൎശനത്തിനായി ചില മാതൃകകൾ ചുവടെ ചേൎക്കുന്നു.

## ഉപദേശങ്ങൾ.

1. ആളേറെപ്പോകുന്നതിനെക്കാൾ താനേറെപ്പോകുന്നതു് നന്നു്.
2. ഉച്ചിവെച്ച കൈയ്കൊണ്ടു് ഉദകക്രിയ ചെയ്യരുതു്.
3. എല്ലുമുറിയെ പണിതാൽ പല്ലുമുറിയെത്തിന്നാം.
4. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.
5. കടയ്ക്കൽ നനച്ചേ തലയ്ക്കൽ പൊടിക്കൂ.
6. കരിമ്പെന്നും കരുതി വേരോളം ചവയ്ക്കരുതു്.
7. കാലുപിടിച്ചും കാച്ചിക്കളിച്ചും കഴിയരുതു്.
8. കൊച്ചിക്കല നല്ലാഞ്ഞാൽ കോടാലിക്കും അരുതു്.
9. കൊണ്ടും കൊണ്ടു് കുലം പേശൊല്ല.
10. കൊയ്ത്തോളം കാത്തിട്ടു് കൊയ്ത്താറാകുമ്പോൾ ഉറങ്ങരുതു്.
11. ചുണ്ടയ്ക്ക കൊടുത്തു് വഴുതനങ്ങ വാങ്ങരുതു്.
12. ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം.
13. തല മറന്നെണ്ണ തേയ്ക്കരുതു്.
14. വായിച്ചുണ്ടാകും മുൻപേ വായിച്ചുണ്ടാകണം.
15. തുശികൊണ്ടെടുപ്പാനുള്ളതു് തൂമ്പകൊണ്ടെടുക്കരുതു്.

മേല്ക്കാണിച്ചവയെല്ലാം പ്രത്യക്ഷത്തിൽതന്നെ ഉപദേശങ്ങളാണല്ലൊ. "സത്യം പറയണം, ഗുരുക്കന്മാരെ വന്ദിക്കണം" എന്നു തുടങ്ങിയ ഉപദേശങ്ങളിൽനിന്നു് ഇപ്രകാരമുള്ള പഴഞ്ചൊല്ലുകൾക്കുള്ള വൈജാത്യം ശ്രദ്ധിക്കപ്പെടേണ്ടതാണു്. പഴഞ്ചൊല്ലുകളുടെ സാമാന്യലക്ഷണമായ അർത്ഥവ്യാപകത്വവും സർവസാധാരണത്വവും തന്നെയാണു് സാമാന്യോപദേശങ്ങളിൽനിന്നും അവയെ വ്യാവർത്തിപ്പിക്കുന്ന ധർമ്മങ്ങളെന്നു് നിഷ്കൃഷ്ടപരിശോധനത്തിൽ വെളിപ്പെടുന്നതാണു്. എന്നാൽ അതിലും മേലായി പഴഞ്ചൊല്ലുകളിൽ ഒന്നുംതന്നെ സാധാരണങ്ങളായ ഉപദേശങ്ങളെപ്പോലെ ഏതെങ്കിലും ക്രമം അനുസരിച്ചോ മററോ അർത്ഥം പറഞ്ഞുകൊടുത്തു ധരിപ്പിക്കുന്നതോ അനന്തരകൃത്യങ്ങളെ നിയന്ത്രിക്കുന്നതോ ആയിട്ടുള്ള രൂപത്തിലല്ല പുറപ്പെടുന്നതെന്നുള്ളതു് പ്രത്യേകിച്ചും ഓർക്കേണ്ടതാണു്.

## ലോകസ്വഭാവം

1. അഴകുള്ള ചക്കയിൽ ചുളയില്ല.
2. അകത്തു കത്തിയും പുറത്തു പത്തിയും.
3. അക്കര നിന്നവൻ തോണി ഉരുട്ടി.
4. അക്കര നില്ക്കുമ്പോൾ ഇക്കരെപ്പച്ച.
5. അച്ചിയ്ക്കു് കൊഞ്ചു പക്ഷം, നായർക്കു ഇഞ്ചി പക്ഷം.
6. തുശി കടത്താൻ ഇടകൊടുത്താൽ തുമ്പാ കടത്തും.
7. വിരണ്ടവൻ കണ്ണിനു് ഇരുണ്ടതെല്ലാം പേയ്.
8. ഒടുക്കമിരുന്നവൻ കട്ടിലൊടിച്ചു.

9. കുപ്പയിലിരുന്നോൻ മാടം ക്നാവുകാണും.

10. തേങ്ങ ചോരുന്നതു് കാണുകയില്ല, എള്ളു ചോരുന്നതു് കാണും.

11. വില്ക്കാമാട്ടിനു കൊള്ളാവില

12. കാക്കയ്ക്കും തൻകുഞ്ഞു് പൊൻകുഞ്ഞു്.

13. കരയുന്ന കുട്ടിയ്ക്കേ പാലുള്ളു.

14. കണ്ടാൽ കളി, കണ്ടില്ലെങ്കിൽ കാര്യം.

15. കുടലെടുത്തു കാണിച്ചാലും വാഴനാരു്.

ഇപ്രകാരമുള്ള പഴഞ്ചൊല്ലുകളെ ലോകസ്വഭാവനിർദ്ദേശകങ്ങളായിഭേദിപ്പിച്ചതിൻെറയുക്തതയെപ്പററി അല്പം പറയേണ്ടതായിട്ടുണ്ടു്. ലോകസ്വഭാവം എന്നുള്ളതിൻെറ അൎത്ഥം കുറെ അധികംവ്യാപകമാണു്. ലോകരിൽ സാമാന്യേന അന്തൎഭവിച്ചിരിക്കുന്നവയും അതുകൊണ്ടുതന്നെ യഥാൎത്ഥഭൂതങ്ങളും ആയ കാൎയ്യങ്ങളാണു് ലോകസ്വഭാവമെന്നു പറയുമ്പോൾ മുഖ്യമായി നിർദ്ദിഷ്ടമാകുന്നതു്. എന്നാൽ ലോകത്തിൻെറ ഒരു ന്യൂനപക്ഷത്തിൽമാത്രം ദർശിക്കാവുന്നവയും പലപ്പോഴും അവ്യാപ്ത്യതിവ്യാപ്ത്യസംഭവരൂപമായ ലക്ഷണദോഷത്രയത്താൽ ബാധിതങ്ങളാകാവുന്നവയും ആയ സ്വഭാവങ്ങളെയാണു് പ്രസ്തുതങ്ങളായ പഴഞ്ചൊല്ലുകൾ ലക്ഷീകരിച്ചിട്ടുള്ളതു്. സാമാന്യജനതയുടെ യഥാർത്ഥഭാവങ്ങളല്ല, അല്പപക്ഷജനതയുടെ ക്ഷണികങ്ങളും വിചിത്രങ്ങളുമായ പ്രവൃത്തികൾകൊണ്ടു് കല്പിതങ്ങളായ ഭാവങ്ങളാണു് പഴഞ്ചൊല്ലുകൾക്കു് വിഷയീഭവിച്ചിട്ടുള്ളതു്. "അഴകുള്ള ചക്കയ്ക്കു് ചുളയില്ല" എന്ന പഴഞ്ചൊല്ലു് ഒരിക്കലും ഇളകാത്ത ഒരു തത്വത്തെ അല്ല പ്രസ്താവിക്കുന്നതെന്നു്

പറയേണ്ടതില്ലല്ലോ. ബാഹ്യഗുണങ്ങളും അഭ്യന്തരഗുണങ്ങളും ഭിന്നാധികരണങ്ങളായി എവിടെയെങ്കിലും സംഭവിച്ചിരിക്കുമ്പോൾ ഈ പഴഞ്ചൊല്ല് പ്രയോഗിക്കത്തക്കതാണ് എന്നല്ലാതെ അതിൽകൂടുതലായി അതിന്നു പ്രസക്തി കല്പിക്കാവുന്നതല്ല. "അകത്തു കത്തിയും പുറത്തു പത്തിയും" എന്നതു് ഒരു ദുർജ്ജനലക്ഷണത്തേയും "അക്കരെ നിന്നവൻ തോണിയുരുട്ടി" "ഒട്ടക്കമിരുന്നവൻ കട്ടിലൊടിച്ചു"മുതലായവ ചിലരുടെ അപരാധാരോപണസമ്പ്രദായത്തേയും "കാക്കയ്ക്കും തൻകുഞ്ഞു് പൊൻകുഞ്ഞു്" ഇത്യാദികൾ സാധാരണമായ ഒരു മനോഗതിയേയും ചിത്രീകരിക്കുന്നതേയുള്ളു. പഴഞ്ചൊല്ലുകൾ,ശാസ്ത്രവാക്യങ്ങൾപോലെ തത്വമാതൃകങ്ങളാകാത്തതു് ദോഷമല്ല, ഗുണമാണെന്നും കൂടി ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

നിരീക്ഷണം.

1. പോക്കററാൽ പുലി പുല്ലും തിന്നും.
2. കുളത്തിലുണ്ടെങ്കിലേ മടയിൽ പായൂ.
3. ഒരേററത്തിന്നു ഒരിറക്കവും ഉണ്ടു്.
4. ഏച്ചുകെട്ടിയാൽ മുഴച്ചു നില്ക്കും.
5. നരിയ്ക്കു വിളയാട്ടം; ഞണ്ടിന്നു പ്രാണാവസ്ഥ.
6. മൂക്കില്ലാരാജ്യത്തു് മുറിമൂക്കൻ രാജാവു്.
7. ഇരുന്നുണ്ടാൽ കുന്നും തുലയും.
8. ചിരട്ടയിൽ വെള്ളം ഉറുമ്പിന്നു് സമുദ്രം.
9. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.
10. ജാത്യാലുള്ളതു് തൂത്താൽ പോകുമോ?

ഇങ്ങനെ നിരീക്ഷണപ്രധാനങ്ങളും ഇതിന്നുമുൻപു് കാണിച്ച ലോകസ്വഭാവപരങ്ങളായവയെക്കാൾ വ്യാപക

ങ്ങളും ആപേക്ഷികമായി ദ്വന്ദ്വങ്ങളും ആയ തത്ത്വങ്ങളുടെ നിദർശനങ്ങളായുള്ള പഴഞ്ചൊല്ലുകളും ധാരാളമായിട്ടുണ്ട്. "പോക്കററാൽ പുലി പുല്ലുംതിന്നും," എന്ന പഴഞ്ചൊല്ലുതന്നെ നോക്കുക. അത്യ 'ഗത്യന്തരമില്ലാതെവരുമ്പോൾ എത്ര അഭിമാനിയായുള്ളവനും കേവലം ഒരു സാധാരണനെപ്പോലെ ജീവസന്ധാരണം ചെയ്യുവാൻ നിർബന്ധിതനായിത്തീർന്നപോകുന്നതാണ്' എന്നുള്ള തത്ത്വത്തെ നിരീക്ഷണംചെയ്തു് പ്രസ്താവിച്ചിട്ടുള്ളതല്ലയോ? ഈ തത്ത്വങ്ങൾക്കു് സാർവ്വത്രികമായ പ്രസക്തിയും സംഭവിക്കുന്നുണ്ടു്. വർണ്ണ്യവസ്തുവിൻെറ സമർത്ഥനത്തിനു് ഉപകാരകങ്ങളായ ദൃഷ്ടാന്തങ്ങളത്രെ പഴഞ്ചൊല്ലുകളിലെ ഉള്ളടക്കങ്ങൾ എന്നുള്ളതും പ്രസ്താവ്യമാണ്.

പഴഞ്ചൊല്ലുകളെ രൂപം പ്രമാണിച്ചു നോക്കുമ്പോൾ അക്കാലത്തെ ജനതയുടെ സാമുദായികസ്ഥിതികളും ശാസ്ത്രസംബന്ധങ്ങളായ വിശ്വാസങ്ങളും വിവിധങ്ങളായ ജീവികാവ്യാപാരങ്ങളും അവയിൽ ഏറിയകൂറും പ്രതിഫലിക്കുന്നതായി കാണുവാൻ കഴിയും. ഉപദേശങ്ങൾ, ലോകസ്വഭാവങ്ങൾ, തത്ത്വദർശനങ്ങൾ എന്നിങ്ങനെ അർത്ഥനിഷ്ഠമായി വിഭിന്നത പ്രതിപാദിച്ചതുപോലെ ശബ്ദനിഷ്ഠമായ ഒരു ഭേദപ്രദർശനം സുകരമോ കാര്യകാരിയോ അല്ല.

"അരിയെത്രാരു കത്തി പുരയെത്രാരു മുത്തി; അമ്മായി ഉടച്ചതു് മൺചട്ടി, മരുമകളുടച്ചതു് പൊൻചട്ടി; ഉത്രാടം ഉച്ചയാകുമ്പോൾ അച്ചിമാർക്കൊരു വെപ്രാളം; അമ്മിയും കുഴവിയും ചവിട്ടീട്ടോ വന്നതു്; അമ്മ ചത്തുകിടന്നാലും വാഴയ്ക്കാത്തോലു് വാരിക്കളഞ്ഞിട്ടു് കരയണം; ആരുമില്ലാ-

ഞ്ഞാൽ പട്ടർ, ഏതുമില്ലാഞ്ഞാറം താറം; ആശാരിയുടെ ചേലു് അടിയും ഒട്ടവും കഷ്ടം; ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലംവരെ" എന്നിങ്ങനെ ശ്രവണമാത്രത്തിൽ സാമുദായികസ്ഥിതികളെഅവലംബിച്ചുള്ളവയും, "അഞ്ചാമത്തെപ്പെണ്ണാരവാരത്തോടെ; ഒൻപതാമത്തെ പെണ്ണ് പൊൻപണം വാരും; ആൺമൂലം അറവെയ്ക്കും; ആയില്യം അയൽമുടിക്കും; എട്ടാമത്തെപ്പെണ്ണ് നോക്കുന്നേടം മുടിയും; കള്ളനെ വിശ്വസിച്ചാലും കുള്ളനെ വിശ്വസിച്ചുകൂടാ; അരണ കടിച്ചാൽ ഉടനേ മരണം" എന്നിങ്ങനെയുള്ള പൊതുവിശ്വാസങ്ങളും, "അടിസ്ഥാനമുറച്ചേ അതുദ്ധമുറയ്ക്കൂ; അതിവിടയമുണ്ടെങ്കിൽ അതിസാരം പുറത്ത്; ആയിരം കുറുന്തോട്ടി കുടിച്ചാൽ അയൽ അറിയാതെ പെറും" എന്നിങ്ങനെ ശാസ്ത്രോക്തികളോട്ടു് ബന്ധപ്പെട്ടവയും കൃഷി,കച്ചവടം മുതലായ തൊഴിലുകളേയും നായാട്ടു്, കളരിപ്പയറ്റു് മുതലായ വിനോദസമ്പ്രദായങ്ങളേയും കുറിക്കുന്നവയും ആണു് മിക്ക പഴഞ്ചൊല്ലുകളും എന്നു് അധികം പ്രയാസംകൂടാതെ ധരിക്കാവുന്നതാണു്.

പരിതഃസ്ഥിതിയുടെ സംകുചിതത്വംനിമിത്തം പഴഞ്ചൊല്ലുകൾ പ്രായേണ സാർവ്വലൌകികത്വം ഇല്ലാത്തവയായിത്തീർന്നുപോയിട്ടുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. പക്ഷേ, ഇതരസാഹിത്യങ്ങളോട്ടും സമാനാത്മകത്വംകൊണ്ടു് ഏകജാതീയത്വം സിദ്ധിക്കുവാൻ യോഗ്യതയുള്ള ഒട്ടനേകം പഴഞ്ചൊല്ലുകൾ കേരളഭാഷയിൽ കാണുന്നതു് മാനുഷസമുദായത്തിൻെറ ചിത്തവൃത്തി വിഭിന്നസ്ഥലങ്ങളിലും അഭിന്നമായി സംഭാവ്യമാണെന്നുള്ളതിനെ നല്ലപോലെ തെളിയിക്കു

ന്നുണ്ടു്. തജ്ജമകളാണെന്നുള്ള സന്ദേഹത്തിനു കൂടി അനാസ്പദങ്ങളായ പഴഞ്ചൊല്ലുകളെയാണു് ഈ പ്രകൃതത്തിൽ ഉദ്ദേശിച്ചിട്ടുള്ളതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഭാഷയിലുള്ള ഏതാനും പഴഞ്ചൊല്ലുകളേയും അവയോടു് മിക്കവാറും തുല്യാർത്ഥകങ്ങളായി മറെറതെങ്കിലും ഭാഷയിലുള്ള പഴഞ്ചൊല്ലുകളേയും ചുവടെ ഉദ്ധരിക്കാം.

1. പതുക്കെത്തിന്നാൽ പനയുംതിന്നാം.
Slow and Steady wins the race.

2. പണംകൊണ്ടെറിഞ്ഞെങ്കിലേ പണത്തേൽ കൊള്ളൂ.
Nothing venture nothing have.

3. ആന ചോരുന്നതറിയില്ല, കൊതു ചോരുന്നതറിയാം.
Penny-wise and pound foolish.

4. ചുണ്ടയ്ക്കു കാലു്പ്പണം ചുമട്ടുകൂലിമുക്കാലു്പ്പണം.
The game is not worth the candle.

5. ജാത്യാലുള്ളതു് തൂത്താൽ പോകുമോ?
What is bred in the bone cannot go out of flesh.

6. ദാനംകിട്ടിയ പശുവിൻെറ പല്ലുനോക്കാറുണ്ടോ?
Look not a gift horse in the mouth.

7. പലതുള്ളി പെരുവെള്ളം.
Many a mickle makes a muckle.

8. ചേരതിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം.
When you are at Rome, do as the Ramans do.

9. കുരയ്ക്കുംപട്ടി കടിയ്ക്കുല്ല.
Barking dog seldom bite.

10. കുറക്കുടം കൂത്താട്ടം!
Empty vessels make the greatest sound.

ഭിന്നഭാഷകൾക്ക തമ്മിലുള്ള ഈ സാദൃശ്യം ഭാഷാപ്രയോഗത്തിൻെറ ഉദ്ദേശം ഒന്നു തന്നെയാണന്നുള്ളതുകൊണ്ടും എല്ലാ മനുഷ്യരുടെ ഹൃദയവും ബുദ്ധിയും ഒരേ മാതിരിയിൽ ആണു് പ്രവൎത്തിയ്ക്കുന്നതെന്നുള്ളതുകൊണ്ടും സാദ്ധ്യകൃതമാകുന്നു.

സുപ്രസിദ്ധങ്ങളായ പല പഴഞ്ചൊല്ലുകൾക്കും സാഹിത്യകാരന്മാർ സ്വകീയകല്പനകളോടൊപ്പം സ്ഥാനം നല്കിയിട്ടുണ്ടെന്നു് മുൻപു സൂചിപ്പിച്ചുവല്ലൊ. ഇന്നത്തെ പരിഷ്കൃതദശയിൽ ഉപന്യാസങ്ങളിലും മററും കവിവാക്യങ്ങൾ ഉദ്ധരിയ്ക്കപ്പെടുന്നതുപോലെ എല്ലാക്കാലത്തും സംഭാഷണഭാഷയിൽ പഴഞ്ചൊല്ലുകൾ ഒരുതരം പ്രമാണവാക്യങ്ങളായിത്തന്നെ പ്രയോഗിക്കപ്പെട്ടുന്നവയാണു്. അതുകൊണ്ടു് കവികൾക്കും വിവിധപാത്രങ്ങളുടെ ഭാഷണത്തിൽ പലപഴഞ്ചൊല്ലുകളേയും ഉപാദാനം ചെയ്യേണ്ടിവരുന്നതു് സ്വാഭാവികമാണല്ലൊ. ചിലപ്പോൾ കവിയുടെ സംസ്കാരപ്രവണമായ തൂലിക, പൂൎവ്വാധികം ആകൎഷകമായ രൂപംനല്കി പ്രകൃതിഭേദംപോലും ശങ്കിക്കപ്പെടാത്ത

ക്കവണ്ണം പ്രകടീകരിച്ചിട്ടുള്ളതും ഇടയ്ക്കിടയ്ക്ക് സംദൃശ്യമാണ്. സാധാരണജനങ്ങളുടെ ജീവിതസംപ്രദായങ്ങളെ ഭംഗ്യന്തരേണ മിശ്രണം ചെയ്തിട്ടുള്ള കുഞ്ചൻനമ്പ്യാരുടെ തുള്ളല്ക്കഥകളാണ് ഭാഷാസാഹിത്യത്തിൽ പരശ്ശതം പഴഞ്ചൊല്ലുകൾക്ക് കേദാരങ്ങളായിട്ടുള്ളത്. ഒരു തുള്ളല്ക്കൃതി, അതും അപൂർണ്ണമായി മാത്രം, രചിച്ചിട്ടുള്ള വിദ്വാൻ കോയിത്തമ്പുരാനും കുഞ്ചൻനമ്പ്യാരോടൊപ്പം തന്നെ അളവിൽ കൂടുതൽ പഴഞ്ചൊല്ലുകൾ നിബന്ധിച്ചിട്ടുണ്ട്. കൃഷ്ണഗാഥാകർത്താവും പഴഞ്ചൊല്ലുകൾ പ്രയോഗിക്കുവാൻ കിട്ടിയ സന്ദർഭങ്ങൾ വെറുതെ വിട്ടുകളഞ്ഞിട്ടില്ലെന്നുള്ളതും പ്രസ്താവ്യമാണ്. സരസന്മാരായ ചില കഥകളിഗ്രന്ഥകാരന്മാരും തങ്ങളുടെ സംസ്കൃതപ്രചുരമായ ഭാഷാരീതിയോടൊത്തുതന്നെ വേഷംമാററി ചില പഴഞ്ചൊല്ലുകൾ പ്രയോഗിച്ചിട്ടുള്ളതു കാണാം. അത്രയുമല്ല, പ്രാചീനരും അധുനികരും ആയ എല്ലാ ഉത്തമ സാഹിത്യകാരന്മാരും യഥോചിതം പഴഞ്ചൊല്ലുകളെ ആദരിച്ചിട്ടുള്ളവരത്രെ. ഇതിലേയ്ക്ക് ദിങ്മാത്രമായി ചില ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കുന്നതിന്നേ ഈ പ്രകൃതത്തിൽ ഉദ്ദേശിക്കുന്നുള്ളു.

"കുരയ്ക്കും പട്ടികളുണ്ടോ കടിയ്ക്കുന്നു? നിജസ്തോത്ര-
മുരയ്ക്കുന്നോരുടെ വിദ്യയ്ക്കിരിയ്ക്കും ദൂഷണമെല്ലാം."[1]

... ... ... ... ... ...

"ഊണുമുറക്കമിളച്ചുലഭിച്ചതു
വേണമെന്നിയ്ക്കെന്നോതീടാമോ?
തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടുംപണമതു മാരാന്മാർക്കും."[2]

---

1. കുരയ്ക്കും പട്ടി കടിക്കുകയില്ല. 2. അടികൊള്ളാൻ ചെണ്ട, പണം പററാൻ മാരാൻ.

വെട്ടും കുത്തും പരിശക്കുത്രേ
കിട്ടുംവിരുത്തു പണിക്കക്കെന്നും.[3]
ഇത്തരമുള്ള പഴഞ്ചൊല്ലോട-
ഞ്ഞൊത്തീട്ടുന്നീ വാത്തകളെല്ലാം.

... ... ... ...

“നമ്മുടെമകനെന്നാകിലുമിങ്ങനെ
നിമ്മരിയാദം ഭാവിച്ചാലതു
സമ്മതമല്ലനമുക്കൊരുനാളും
തന്മദഭംഗം ചെയ്യേ പോരു;
തള്ളയ്ക്കിട്ടൊരുതല്ലുവരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളു.[4]
തന്നെക്കാൾ പ്രിയമുള്ള ജനത്തിനു
തന്നുടലിന്നു പിറന്നതുപോലും
വല്ലാമക്കളിലില്ലാമക്കളി-
തെല്ലാവക്കും സമ്മതമല്ലോ.”

... ... ... ...

“കൊററിനില്ലാത്തവൻ കോപ്പുമോഹിയ്ക്കുമോ
വററിനില്ലാത്തവൻ പാല് കുടിച്ചീടുമോ
വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടു-
മൂട്ടിലും കിട്ടാ ദരിദ്രനെന്നോക്കണം.”[5]

... ... ... ... ...

“കയ്യിൽ കിട്ടിയ കനകമുപേക്ഷി-
ച്ചിയ്യും കൊള്ളാനിച്ഛിയ്ക്കൊല്ലാ.

... ... ... ...

3. പട്ടും വളയും പണിക്കക്ക്; വെട്ടും കുത്തും പരിശക്ക്. 4. തള്ളയ്ക്കു ചുടുമ്പോൾ കുട്ടിയെ ഇട്ടു ചവിട്ടും. 5. വീട്ടിൽ ചോറുണ്ടെങ്കിൽ വിരുന്നു ചോറും ഉണ്ട്.

ഈററനോവിൻെറ പരമാത്ഥമൊക്കെയും
പെററപെണ്ണുങ്ങൾക്കു തന്നേയറിയാവൂ.[6]
കണ്ടാലറിവാൻ സമത്ഥനല്ലെങ്കിൽ നീ
കൊണ്ടാലറിയുമതിന്നില്ലസംശയം.
കൂനൻമദിച്ചെന്നാൽ ഗോപുരംകുത്തുമോ.[7]
വാനരന്മാരെന്തു കാട്ടുന്നുനമ്മോട്."
... ... ... ... ... ... ...
"കേട്ടതും കണ്ടതും കാട്ടിത്തുടങ്ങിയാൽ
കാട്ടുകോഴിക്കെന്തു സംക്രാന്തിയെന്നപോൽ[8]
നാട്ടുകാരാരും യജമാനനെച്ചെററു
കൂട്ടാക്കയില്ലെന്നു വന്നുകൂട്ടം ക്രമാൽ"
(കുഞ്ചൻനമ്പ്യാർ)

"തേവരെസ്സേവിക്കയല്ലാതെ ഞാൻ വേലി
തുവുന്നകല്ലെത്തൊഴുവുമാറില്ലെടോ."[9]
... ... ... ... ... ... ...
"പൂച്ചയ്ക്കു പൊന്നുരുക്കീടുന്നിടത്തെന്തു
കാഴ്ച കാണ്മാനുള്ള കാര്യം നിനയ്ക്കുകിൽ.[10]
പെററ പെണ്ണല്ലാതെ പേററിൻെറ നൊമ്പലം
മററുള്ളവരറിഞ്ഞീടുന്നതെങ്ങനെ"?
... ... ... ... ... ...
ചെട്ടിക്കു കിട്ടിയ കള്ളപ്പണം പോലെ."[11]
മുട്ടിച്ചു ചോദിപ്പതിനും വഴിയില്ല.
(വിദ്വാൻ കോയിത്തമ്പുരാൻ)

---

6. പെററവൾക്കറിയാം പിള്ളവരുത്തം. 7. കൂനൻ കലുക്കിയാൽ ഗോപുരം കലുങ്ങുമോ. 8. കാട്ടുകോഴിക്കുണ്ടോ മകരസംക്രാന്തി. 9. തേവർ ഇരിക്കെ വേലിക്കല്ലിനെ തൊഴേണ്ട. 10. പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നേടത്തു കാര്യം. 11. ചെട്ടിക്കു കള്ളപ്പണം വന്നാൽ കഴിച്ചുമൂടുകയേയുള്ളൂ.

“ഓക്കിൽ ഞാൻ” ചൊന്നതു യോഗ്യമായ് വന്നിട്ടും
പോക്കററ വൻപുലി പുല്ലുമേയും.[12]
ആയിരംകാകനു പാഷാണമൊന്നുതാൻ.[13]
വേണ്ടുന്നതെന്നതു കേൾപ്പുണ്ടല്ലോ.”

... ... ... ... ... ...

കാളയുണ്ടെങ്ങോട്ടു പെററുകിടക്കുന്നു
നീളമുണ്ടായൊരു പാശംകൊണ്ടാ.[14]
എന്നങ്ങു ചൊല്ലുന്ന വേലയോടൊക്കുമേ
ഇന്നിങ്ങൾ ചിന്തിച്ചു ചെയ്വതെല്ലാം”

(ചെറുശ്ശേരി)

“മിളിതം പദയുഗളേ
നിഗളതയാ മാർഗ്ഗിതയാ ലതയാ.”[15]

... ... ... ... ... ...

പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ?[16]

(ഉണ്ണായിവാര്യർ)

അഞ്ജനൌഷധി തേടുമളവില-
പാരദൈവയോഗാൽ—നിധി
കഞ്ജനേർമിഴി! കാലിലണഞ്ഞതു
കളയുന്നവരുണ്ടോ?

(വിദ്വാൻ കോയിത്തമ്പുരാൻ)

മേല്ക്കാണിച്ചിട്ടുള്ള കവിവാക്യങ്ങളിൽനിന്നും പഴഞ്ചൊല്ലുകളുടെ സന്ദർഭോപയോഗിത്വം വിശദമാകുമല്ലോ!

---

12. പോക്കററാൽ പുലി പുല്ലും തിന്നും. 13. ആയിരം കാക്കയ്ക്കു് ഒരു കല്ല്. 14. കാള പെററന്നുകേട്ടു കയറെടുത്തു. 15. തേടിയ വള്ളി കാലിൽ ചുററി. 16. ചിറ മുറിഞ്ഞിട്ടു് അണകെട്ടിയാൽ ഫലമെന്തു്?

പഴഞ്ചൊല്ലുകൾതന്നെ, ഒരുവക സാഹിത്യമുക്തകങ്ങളാണെന്നും പറയാവുന്നതാണു്. എത്രകാലം കഴിഞ്ഞാലും പഴഞ്ചൊല്ലുകൾക്കു് പഴമ എന്നൊരു ദോഷം സംഭവിച്ചുപോകുന്നതല്ല. പഴഞ്ചൊല്ലുകളെ ആസ്പദമാക്കി കേരളീയരുടെ സ്വന്തമായ രചനാവിശേഷങ്ങളും നിർദ്ധാരണം ചെയ്യാവുന്നതാണു്. സംസ്കൃതരീതിയിലുള്ള ഭാഷാധർമ്മങ്ങളെയാണു് അധികമായി നമ്മുടെ അലങ്കാരശാസ്ത്രകാരന്മാരും മററും പരിവർത്തനം ചെയ്തിട്ടുള്ളതു്. പഴഞ്ചൊല്ലുകൾ മുഴുക്കെയും നോക്കുമ്പോൾ കേരളഭാഷയ്ക്കു് സ്വാഭാവികങ്ങളായ അലങ്കാരവിശേഷങ്ങളും മററും പല അംശത്തിലും ഇതരഭിന്നങ്ങളാണെന്നു് കാണ്മാൻ കഴിയുമെന്നാണു് ദൃഢമായി ഉപന്യസിക്കുവാനുള്ളതു്. ഭാഷയിൽ തർജ്ജമകളായി കടന്നുകൂടിയിട്ടുള്ള പഴഞ്ചൊല്ലുകളെപ്പററി വിശേഷവിധിയായി യാതൊന്നും പറയുന്നില്ല. പക്ഷേ, ആശയസമൃദ്ധിക്കു് മററു ഭാഷകളിൽനിന്നും പലതിനോടുമൊപ്പം പഴഞ്ചൊല്ലുകളേയും തർജ്ജമ ചെയ്യേണ്ടതാണെന്നിരുന്നാലും അങ്ങനെയുള്ളവയ്ക്കു് ഒരിക്കലും കേരളീയയ്ക്കു് സ്വന്തമായി സിദ്ധിച്ചിട്ടുള്ള പഴഞ്ചൊല്ലുകളോടു് കിടനില്ക്കുവാൻ കഴിയുന്നതല്ലെന്നു് പറയേണ്ടിയിരിക്കുന്നു. കൂടാതെ ഗവേഷകന്മാർ ഇങ്ങനെ രണ്ടു പ്രകാരത്തിൽ ഭാഷയിൽ സ്ഥാനം പിടിച്ചിട്ടുള്ള പഴഞ്ചൊല്ലുകളെ പരസ്പരം മിശ്രണം ചെയ്യുന്നതു് ശുഭകരമായിരിക്കുമെന്നും തോന്നുന്നില്ല.

എന്തെല്ലാം പരിവർത്തനങ്ങളും പരസ്പരവിനിമയങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിലും ഇതേവരെയും യാതൊരു

KRISHNA VILASOM GRANDHASALA

കോട്ടവും വന്നിട്ടില്ലാത്തതും ഒരുകാലത്തും വരാത്തതും കൈരളിയുടെ തറവാട്ടുസ്വത്തായി എന്നെന്നും പരിലസിക്കുന്നതും ആയ അമൂല്യഭണ്ഡാഗാരങ്ങളാണ് പഴഞ്ചൊല്ലുകൾ. കേരളീയരുടെ ദേശാഭിമാനം, ഇപ്പോൾ അശ്രദ്ധകൊണ്ടു് ക്രമേണ വിലയം പ്രാപിച്ചുപോരുന്ന പഴഞ്ചൊല്ലുകളുടെ അഹ്ത്തമമായ രക്ഷണപോഷണങ്ങൾക്കു് പ്രയോജകമാകുമെങ്കിൽ അതെത്രയോ അഭിലഷണീയമായിത്തീരുന്നതാണു്.

പഴഞ്ചൊല്ലിൽ പതിരില്ല.

With the kind permission of Dr. K. Goda Varma
M. A., Ph. D. (London)

# VI. കാന്താരത്തിലെ കാമ്യനഗരി.

[കോന്നിയൂർ കെ. മീനാക്ഷിഅമ്മ എം. എ.]

തിരുവിതാംകൂറിൻെറ ഭൂതകാലചരിത്രം അന്വേഷിച്ചുപോകേണ്ടതു്, എത്രയോ ശതാബ്ദങ്ങളായി അതിനെ നിഗ്രഹനംചെയ്തു ഗംഭീരമായി ശയിക്കുന്ന കാന്താരഗഹനതയിലാണെന്നുള്ള പരമാൎത്ഥം, അല്പം ആലോചിച്ചാൽ വേഗത്തിൽ ധരിക്കാവുന്നതാണു്. പരിഷ്കാരകേന്ദ്രങ്ങളായി ഗണിക്കപ്പെടുന്ന ഇന്നത്തെ ജനപദങ്ങളെല്ലാം വിദൂരമായ ഭൂതകാലത്തിൽ കണ്ണു കടക്കാത്ത കാനനതലങ്ങളും പൎവ്വതപ്രദേശങ്ങളുമായിരുന്നുഎന്നുള്ളതു് അനന്തൻകാടും, വഴുതക്കാടും, തൈക്കാടുമെല്ലാം വിളിച്ചുപറയുന്നുണ്ടു്. നേരെമറിച്ചു കേവലം കുഗ്രാമങ്ങളോ വനപ്രദേശങ്ങളോ ആയി കണക്കാക്കപ്പെടുന്ന, കാട്ടുപത്തനാപുരം, പത്തനംതിട്ട, മലയാപ്പുഴ, രാമപുരം, നിലയ്ക്കൽ മുതലായ സ്ഥലങ്ങൾ അനതിദൂരമായ ഒരു കാലഘട്ടത്തിൽകൂടി അവയുടെ നാമം സൂചിപ്പിക്കുന്നതുപോലെ സൎവ്വസുന്ദരങ്ങളായ പട്ടണങ്ങളായിരുന്നു എന്നു മനസ്സിലാക്കാം.

കടുവാ, പുലി മുതലായ ദുഷ്ടമൃഗങ്ങളുടെ ആവാസരംഗങ്ങളായി, സംരക്ഷിതകാനനങ്ങളായി, ഘനശാമ്യങ്ങളായി അസൂൎയ്യംപശ്യകളായി ഇന്നു പ്രത്യക്ഷപ്പെടുന്ന ഘോരവനാന്തരങ്ങളിൽ കടന്നുനോക്കുകയാണെങ്കിൽ അവിടവിടെയായി കാണുന്ന അനവധി ക്ഷേത്രങ്ങളുടേയും വിശാലവാപികളുടേയും, വൻപിച്ച ഭവനങ്ങളുടേയും, വിസ്തൃത

വീഥികളുടേയും നഷ്ടശിഷ്ടങ്ങൾ നമ്മെ അത്ഭുതപ്പെടുത്താതിരിക്കുകയില്ല.

റാന്നി, റിസർവ്വിൽപെട്ട, നിലയ്ക്കൽ, എബ്രാംകുടി മുതലായ ഭയങ്കരവനങ്ങൾ ഒരഞ്ഞൂറുവർഷങ്ങൾക്കുമുൻപ് പ്രതാപദീപ്തങ്ങളായ മാതൃകാനഗരികളായിരുന്നിരിക്കണമെന്നുള്ള ലക്ഷ്യങ്ങൾ ഇന്നും അവിടെ കാണ്മാനുണ്ട്. ഏതോ അവ്യക്തമായ നിദാനത്താൽ നിലയ്ക്കലെ കുടി പതിനായിരവും അഞ്ചു ശതാബ്ദങ്ങൾക്കു വളരെ മുൻപുതന്നെ പുത്തുതായി സമുദ്രംമാറി നിവാസയോഗ്യമായ കുട്ടനാടൻ പ്രദേശങ്ങളിലേക്കു സംക്രമിച്ചതായി ഒരൈതിഹ്യം ഇപ്പോഴും പ്രചാരത്തിലുണ്ട്. നമ്മുടെ നാട്ടിന്റെ നാനാഭാഗത്തും അനേകമനേകമേക്കർസ്ഥലം വെട്ടിയഴിച്ചു റബ്ബർതോട്ടങ്ങളാക്കി ഭീമമായ ആദായമെടുത്തുവരുന്ന പരിശ്രമശീലരായ സായ്പന്മാരോടു ചോദിക്കുകയാണെങ്കിൽ ഈ അനുമാനം എത്രകണ്ടു പരമാൎത്ഥമാണെന്നു മനസ്സിലാകും. പൂൎവ്വകാലങ്ങളിൽ കേരളത്തിൽപ്രചാരത്തിലിരുന്ന ബുദ്ധമതത്തിന്റെ ഒട്ടസംഖ്യം, സംഘാരാമങ്ങളും ദേവാലയങ്ങളും കന്യകാമഠങ്ങളും പഴയ നാമത്തിൽ ഇന്നും ഈ വനരംഗങ്ങളിൽ ദർശിക്കാനുണ്ടെന്നുള്ളതിനു ഈ ലേഖക തന്നെ ഒരു ദൃക്സാക്ഷിയാണ്. കേരളാവനിയുടെ രക്ഷയ്ക്കായി നൽജന്മദനായ ശ്രീപരശുരാമനാൽ പ്രതിഷ്ഠാപിതമായ പഞ്ചശാസ്താക്കന്മാരിൽ ഒട്ടും അപ്രധാനനല്ലാത്ത ഒരാളുടെ അധിഷ്ഠാനരംഗമാണ് ചരിത്രപ്രസിദ്ധമായ അച്ചൻകോവ്. ക്ലേശങ്ങൾ സഹിച്ചു യാത്രചെയ്യുന്നതിനും, ഘോരാരണ്യങ്ങളിൽ നെഞ്ചിടിപ്പു കൂടാതെ വിഹരിക്കുന്നതിനും സന്നദ്ധത

യുമുള്ള ആക്കം ഇന്നും അവിടെ കണ്ടാനന്ദിയ്ക്കാവുന്ന അത്ഭുതദൃശ്യങ്ങളെപ്പററിയാണു് ഞാൻ ഇവിടെ പ്രസ്താവിക്കുവാൻ തുടങ്ങുന്നതു്.

കൌതുകാവഹമായ അനവധി ചരിത്രരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത ദേശത്തെപ്പററിയും പല ഐതിഹ്യങ്ങളും ഞങ്ങൾ കേട്ടിട്ടുണ്ടായിരുന്നു. ഗവേഷണതാല്പര്യത്തോടെ ഒരു ദിവസം ഞങ്ങൾ "വന്യഭൂഭാഗഭംഗികൾ" കണ്ടാനന്ദിക്കുന്നതിനോടൊപ്പം വിജ്ഞാനം സമ്പാദിക്കുന്നതിനുമായി ഒരു വിനോദയാത്രയ്ക്കു തീച്ചയാക്കി. "സുപ്രദീപത്തെ കത്തിച്ചെത്തിയ ഉഷസ്സോടൊപ്പം" ഉണൎന്നു നിസ്സീമമായ സഞ്ചാരകൌതുകത്തോടും യുവസഹജമായ ഉന്മേഷത്തോടും ഞങ്ങൾ പാലരുവിപ്രാന്തത്തിലേയ്ക്കു പ്രയാണമാരംഭിച്ചു.

പ്രകൃതിയുടെ വിലാസരംഗമായ ആ പ്രദേശം ഞങ്ങളുടെ ഹൃദയത്തെ ബലമായി ആകർഷിച്ചു. വീഥിയുടെ ഇരുഭാഗവുമുള്ള വൃക്ഷവൃന്ദങ്ങൾ മാരുതവിലോളിതമായ ശാഖാഹസ്തങ്ങൾ നീട്ടി ഞങ്ങൾക്കു സ്വാഗതമരുളി. പച്ചക്കിളികളും കുയിലിനങ്ങളും മോഹനസ്വരങ്ങൾ പൊഴിച്ചു കണ്ണുകളെ കുളുപ്പിച്ചു. "ധമ്മോസ്മൽകുലദൈവതം" എന്നുള്ള മുദ്രാവാക്യം സാൎത്ഥമാക്കമാറു് വിസ്തൃതമായ പത്രങ്ങൾ കാട്ടി രാജകീയ വൃക്ഷങ്ങളായ തേക്കുകൾ ഞങ്ങളെ കാനനവിരുന്നിനായി ക്ഷണിച്ചു.

വൻവൃക്ഷശിഖരസൗധത്തിൽ സ്ഥിതിചെയ്തുകൊണ്ടു നമ്മുടെ മുത്തച്ഛന്മാരായ വാനരന്മാർ അവരുടെ സൈരത ഭഞ്ജിച്ചതിൽ അസഹ്യത്തോടെ പല്ലിളിച്ചു ഞങ്ങളെ

കൊഞ്ഞനംകാട്ടി. കണ്ണുകളെ ആനന്ദിപ്പിച്ച കാഴ്ചകൾ കാലുകളെ വിഷമിപ്പിച്ച ദുർഘടവഴികൾ അറിയാതെ തരണംചെയ്യുന്നതിനു് സഹായകമായി ഭവിച്ചു. കേവലം വിജനമായ കാനനത്തിലേക്കു കടന്നതോട്ടുകൂടി പ്രകൃതിയുടെ സൗമ്യവും നിഷ്ഠുരവുമായ അവസ്ഥാദ്വയങ്ങൾ ഒരേസമയംതന്നെ ഞങ്ങൾക്കു കാണാൻ സാധിച്ചു. പരിതോപരി ലസിച്ച പച്ചപ്പുൽപരവതാനികളും ഊക്കൻ പർവ്വതങ്ങളും കാർമ്മേഘസദൃശമായ പരന്ന പാറക്കൂട്ടങ്ങളും, ആകാശത്തോട്ടു വേഴ്ചയ്ക്കു പോകുന്ന വൻവൃക്ഷങ്ങളും ഫലനമ്രങ്ങളായ തരുവൃന്ദങ്ങളും കാററിൽ ചാഞ്ചാടിയാടുന്ന ലതാവല്ലികളും, പാറയിൽതട്ടി പതച്ചു പായുന്ന കൊച്ചരുവികളും, കൂലംകുത്തി പ്രവഹിക്കുന്ന ചെറുനദികളും, എന്നു വേണ്ട മററനവധി പ്രകൃതിവിഭവങ്ങളും അവിടെ സുലഭമായിരുന്നു.

വൃക്ഷത്തിൻെറ മറവിൽ പതുങ്ങിനിന്നു നോക്കിയിട്ടു് കുറുനരിക്കൂട്ടങ്ങൾ ഒളിച്ചു കടക്കുന്നതും, കൂർത്ത ചെവികൾ പൊന്തിച്ചു നിന്നിമേഷമായി കുറെ സമയം നിന്നിട്ടു് മനുഷ്യദർശനത്താൽ ഭയന്നു മുയലുകൾ പാഞ്ഞു മറയുന്നതും ഞങ്ങളുടെ സംഭാഷണബഹളം ശ്രവിച്ചു സംഭ്രമത്തോടെ ശൃംഗാരശോഭിതമായ ശിരസ്സുയർത്തി മനോഹരനയനഭംഗി കാട്ടിക്കൊണ്ടു മാൻകൂട്ടങ്ങൾ കുതിച്ചുമണ്ടുന്നതും കൂസലെന്യേ സൂക്ഷിച്ചുനോക്കിനിന്നിട്ടു് സർവ്വും നിസ്സാരമെന്ന മട്ടിൽ ചെന്നായ്ക്കൾ സാവധാനം നടന്നുപോകുന്നതും മററും കണ്ടു ഞങ്ങൾ അമിതമായ ആനന്ദത്തിൽ നിമഗ്നരായി.

കാനനമദ്ധ്യത്തിൽനിന്നും ഇടയ്ക്കിടെ കടുവാ മുറുകുന്നതും, പുലി മുളുന്നതും അല്പം മനശ്ചാഞ്ചല്യത്തോടെങ്കിലും ഞങ്ങൾ ശ്രദ്ധവച്ചു കേട്ടു. കാട്ടാനയും കരടിയും സ്വച്ഛന്ദം സഞ്ചരിക്കുന്ന ആ ഘോരാരണ്യമദ്ധ്യേ ഫലങ്ങൾ നിറഞ്ഞ പ്ലാവുകൾ, കമുകുകൾ, ആഞ്ഞിലിവൃക്ഷങ്ങൾ മുതലായ നാടൻതരുക്കൾ തഴച്ചുവളർന്നു നില്ക്കുന്നതു ദർശിച്ച സമയം അവ്യാഖ്യമായ പല ചിന്തകളും എൻെറ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. ഹൃദ്യങ്ങളായ പഴങ്ങളും അച്ഛസ്ഫടികതുല്യമായ കുളിർവാരിയും നൾകിയ ആതിഥ്യം സ്വീകരിച്ചു വർദ്ധമാനമായ ഉത്സാഹത്തോടെയാണ് ഞങ്ങൾ യാത്ര തുടന്നതു്.

ഇപ്പോഴേക്കു ഭൂപ്രകൃതിതന്നെ ഒന്നു പകർന്നുകണ്ടു. ഞങ്ങൾ തരണംചെയ്തുകൊണ്ടിരുന്ന പാത വിസ്തൃതവും നിരപ്പേറിയതുമായിരുന്നു. വഴിയുടെ ഒരുവശത്തായി ഉയർന്ന കുന്നുകളും മറുവശത്തു അഗാധമായ കുഴികളും കാണ്മാനുണ്ടായിരുന്നു. താഴ്ന്ന ഭാഗത്തായി തിരുവനന്തപുരംപട്ടണത്തിൽ കൊച്ചാറിൻെറ ഇരുകരകളിലും കാണാനുള്ളതുപോലെ കരിങ്കൽത്തൂണുകളിൽ ചേർത്തിട്ടുള്ള ഇരുമ്പുവേലികൾ ദർശിച്ചപ്പോൾ ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. കാലപ്പഴക്കംകൊണ്ടു ഇരുമ്പുകമ്പികൾ ദ്രവിച്ചും പൊടിഞ്ഞും പോയിരുന്നു എങ്കിലും ദാർഢ്യത്തിൻെറ അക്ഷയതയെ ദൃഷ്ടാന്തീകരിച്ചുകൊണ്ടു് കരിങ്കൽത്തൂണുകൾ അതേരീതിയിൽ യാതൊരു കോട്ടവുംകൂടാതെ നിന്നിരുന്നു. ഞങ്ങളുടെ അവധാനപൂർവ്വമായ പരിശോധനയുടെ ഫലമായി ഈ വഴി ഒരുകാലത്തു രാജയോഗ്യമായ ഒരു പാതയായിരുന്നു എന്നു ധരിക്കാൻ കഴിഞ്ഞു. പ്രവൃദ്ധമായ ഉത്സാഹത്തോടും

ആശയോടും ഞങ്ങൾ മുന്നോട്ടു പാഞ്ഞു. ഒന്നിനൊന്നു വിസ്താരമേറിവന്ന ആ പന്ഥാവു് വിശാലമായ ഒരു പ്രദേശത്തു ചെന്നവസാനിച്ചു.

തഴച്ചു പടൎന്നുനിന്നിരുന്ന തൊട്ടാവാടിച്ചെടികളെ അലക്ഷ്യമായി ചവുട്ടി അമൎത്തിക്കൊണ്ടു ഞങ്ങൾ ഒരു ഫർലാംഗ്ഗ് കൂടി മുന്നോട്ടു പോയി. അഹോ! ആശ്ചൎയ്യം! അവിടെ ഞങ്ങളുടെ നയനങ്ങളെ അനുഗ്രഹിച്ച കാഴ്ച അത്ഭുതാവഹം തന്നെയായിരുന്നു. "ഝില്ലിഝങ്കാരനാദമണ്ഡിതമായും സിംഹവ്യാഘ്രശല്യാദിമൃഗഗണനിഷേവിതമായും" ഭീമതരുലതാദിപരിപൂരിതമായുമുള്ള ഈ വമ്പിച്ച കാന്താരമദ്ധ്യത്തിൽ ഉയൎന്നുനില്ക്കുന്നതായ രണ്ടു ഊക്കൻ കരിങ്കൽ മണ്ഡപങ്ങൾ ഞങ്ങളുടെ അക്ഷികൾക്കു ലക്ഷീഭവിച്ചു. വളരെ മനോഹരമായി പണിചെയ്തിരുന്ന ഈ മണ്ഡപങ്ങൾ പ്രസ്തുത പ്രദേശത്തിന്റെ പുരാതനത്വം വഹിച്ചുകൊണ്ടു നില്ക്കുന്ന രണ്ടു ശിലാസ്തംഭങ്ങൾ തന്നെയായിരുന്നു.

മണ്ഡപങ്ങളിൽ ഒന്നു സാമാന്യം ചെറുതും അല്പം താണ ചരുവിലായി കെട്ടപ്പെട്ടിട്ടുള്ളതുമായിരുന്നു. അടുത്തു തന്നെയുള്ള ഒരു ഉയൎന്ന പാറയുടെ മദ്ധ്യേയായി നിൎമ്മിക്കപ്പെട്ടിരുന്ന ഒരു വലിയ മണ്ഡപം ഒരു താപസന്റെ ഗാംഭീൎയ്യത്തോടും നിശ്ചലതയോടും കാണപ്പെട്ടു. അവിചാരിതമായുണ്ടായ ഈ കാഴ്ചയിൽ അതിശയഭരിതരായി ഞങ്ങൾ സ്തംഭിച്ചുനില്ക്കവേ, കുളുൎമ്മയേറിയ ഒരു സുരഭിലമാരുതൻ എവിടെനിന്നോ ആഗതനായി ശീതോപചാരം ചെയ്തു ഞങ്ങൾക്കു വഴികാട്ടി. തുടൎന്നുപോയ പന്ഥാവിലൂടെ ഞ-

PRESENTED BY
SRI M. K. VASUDEVAN NAIR

ങ്ങൾ വീണ്ടും ഗമനം തുടങ്ങി. മതിമോഹനമായ ഒരു പരിമളം പുറപ്പെട്ടതിൻെറ നിദാനമറിയുന്നതിനായി ഞങ്ങൾ ചുററും ദൃഷ്ടികൾ അയച്ചു. എന്തോ മേഘനിസ്വനംപോലൊരു ഗംഭീരധ്വനി കേട്ടു ഞങ്ങൾ പൂർവ്വാധികം കൌതുകത്തോടെ ശ്രദ്ധിച്ചു.

9324

ഞങ്ങൾ ഗതി തുടൎന്നപോയ പാതയുടെ വടക്കുഭാഗത്തായി പൂത്തു തിമിൎത്തു അനവധി പനിനീർചെമ്പകച്ചെടികൾ കാററിലാഞ്ഞു നില്ക്കുന്നുണ്ടായിരുന്നു. ഇടതുൎവ്വശത്തുപിടിച്ചിരുന്ന വനവല്ലികളുടെ മദ്ധ്യേ മനോഹരമായ് വിലസിനിന്ന ആ വികസിതകുസുമങ്ങൾ, എന്തെല്ലാം ഉല്ലേഖങ്ങൾ ഞങ്ങളുടെ ഹൃദയത്തിൽ ഉദിപ്പിച്ചുവെന്നോ? ഒന്നുകൂടി സമീപത്തണഞ്ഞപ്പോൾ ശുഭ്രവസ്ത്രധാരിണികളായ കുമാരികൾക്കുതുല്യം ധാവള്യമേറിയ പുഷ്പങ്ങൾ അണിഞ്ഞു പുഞ്ചിരി തൂകി നില്ക്കുന്ന അനവധി വനജ്യോത്സ്നകളേയും ഞങ്ങൾ ദർശിക്കാതിരുന്നില്ല. ഒരുകാലത്തു സവ്സുന്ദരമായ ഒരു ആരാമത്തിൻെറ അവശിഷ്ടങ്ങളായിരുന്നു ഞങ്ങൾ അവിടെ കണ്ടതെന്നു പിന്നീടു ഞങ്ങൾക്കു മനസ്സിലായി. ചെറിയ ചെങ്കൽപടുത്തുകെട്ടിയിരുന്ന ഒരു കേളീഗൃഹത്തിൻെറ ജീൎണ്ണിച്ച ഭാഗങ്ങളും അവിടെ കാണ്മാനുണ്ടായിരുന്നു. എത്രയോ വസന്തങ്ങളായി മനുഷ്യഗന്ധംപോലുമില്ലാതിരുന്ന ഈ വൻകാട്ടിൽ അതീതകാലത്തിലെ ഏതോ ദിവ്യസന്ദേശവും വഹിച്ച്, ദലാധരത്തിലൂടെ പുഞ്ചിരിതൂകി രാഗപരിവേഷ്ടിതരായി ഇളംകാററിൽ ആടിനിന്നിരുന്ന ആ—റോസാപ്പൂക്കൾ, പുഷ്പസൌന്ദൎയ്യത്തിൻേറയും പരിമളത്തിൻേറയും വിജയപതാകകളായ, അ

മോഹനസൂനങ്ങൾ, എന്തെല്ലാം പ്രകൃതിതത്വങ്ങളാണ് ആവിഷ്കരിച്ചതു്. അഹോ! ആ രഹസ്യം ആക്കറിയാം.

അല്പസമയം മനസ്സിനെ മഥിച്ച ഈദൃശചിന്തകൾ ഉപേക്ഷിച്ചു ഞങ്ങൾ ആരാമദേശത്തെ കടന്നു വലിയ മണ്ഡപത്തിന്റെ സമീപം ചെന്നുചേൻ. അവിടെ അസംഖ്യം ദേവതാവിഗ്രഹങ്ങൾ സ്ഥാനഭ്രംശം ഭവിച്ചും പൂജാദികൾ കൂടാതെ അനാദരിയ്ക്കപ്പെട്ടും മറിഞ്ഞും തിരിഞ്ഞും കിടപ്പുണ്ടായിരുന്നു. ശിലാനിമ്മിതമായ മണ്ഡപങ്ങൾക്ക് സാരമായ യാതൊരുകേടും ഭവിച്ചിട്ടില്ലായിരുന്നു. ചുററുമുള്ള തൂണുകളിലും പടികളിലും പഴയ തമിഴ് ലിപികളിൽ എഴുതപ്പെട്ടിട്ടുള്ള അക്ഷരങ്ങളും, കൊത്തുപണികളും കാണ്മാനുണ്ടായിരുന്നു.

നദീതീരത്താണു മണ്ഡപങ്ങൾ നില്ക്കുന്നതു്. പണ്ടത്തെ പ്രതാപവാന്മാരായ കാരണവന്മാക്കുള്ളതുപോലെ മിനുത്ത ശിലാമകുടത്തിൽ പാഴ്പുല്ലുകളാകുന്ന കുടുമ്മ ധരിച്ചു പ്രശോഭിച്ച ആ മണ്ഡപത്തലവൻ ഞങ്ങളുടെ സവിശേഷമായ ശ്രദ്ധയ്ക്കും ആദരവിനും പാത്രമായി. ചെറിയ മണ്ഡപം ഗാംഭീര്യം കുറഞ്ഞതെങ്കിലും നിമ്മാണഭംഗിയിൽ മികച്ചതായിരുന്നു. മണ്ഡപം സ്ഥിതിചെയ്തിരുന്ന ഉയൎന്ന പാറയിൽ കയറിനിന്നുകൊണ്ടു ഞങ്ങൾ നാലുഭാഗങ്ങളിലേയ്ക്കും ദൃഷ്ടികളോടിച്ചു. അപ്പോൾ അവിടെ "തേനൊലിപ്പഴങ്ങളും തൂമണം തൂളുമ്പുന്ന സൂനങ്ങൾതോറും തത്തിക്കളിക്കും കുളുർകാററും, മാനസംതെളിഞ്ഞുള്ള പക്ഷികളുടെ കളഗാനവും

ചേരുംലീലാരാമങ്ങൾ ചിലടിക്കിൽ
താമരയിലകളാൽ പച്ചവില്ലീസ് പുതച്ചാ-

മട്ടിൽവിളങ്ങുന്ന പൊയ്കകൾ ചിലടിക്കിൽ
നക്ഷത്രങ്ങളെ ചൂഡാരത്നങ്ങളാക്കും നാനാ-
വൃക്ഷൾതിങ്ങും ശൈലാരണ്യങ്ങൾ ചിലടിക്കിൽ"

എന്ന മട്ടിൽ പ്രകൃതിരമണീയവും, ശാന്തഗംഭീരവും, സുകൃതിനിഷേവ്യവുമായ ഒരു മാന്ത്രികദേശമായിരുന്നു, ഞങ്ങൾ കണ്ടതു്.

ആകാശവിമാനത്തിൻെറ ഗമനകോലാഹലത്തെ വെല്ലുന്ന ഒരു ഭയങ്കരശബ്ദം ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു. മണ്ഡപത്തിൻെറ ദക്ഷിണഭാഗത്തായി പർവ്വതോപരി കാണപ്പെട്ട ഒരു ഉന്നതമായ പാറയുടെ മൂർദ്ധാവിൽനിന്നാണു് ആ ശബ്ദം പുറപ്പെട്ടതു്. ആ സ്ഥലത്തേക്കു ഞങ്ങൾ സാവധാനം സമീപിച്ചു. ഏതോ പാൽപുഴ, അണപൊട്ടിച്ചു പ്രവഹിക്കുന്നതുപോലെ പതഞ്ഞുപരഞ്ഞു വെണ്മയേറിയ ജലധാര, ഏകദേശം നൂററിയൻപതു അടിപൊക്കത്തിൽനിന്നും അതിശക്തിയോടെ പാറക്കെട്ടിൽ തട്ടി കീഴ്പോട്ടേയ്ക്കു പതിയ്ക്കുന്ന കാഴ്ചയുടെ ഭംഗി അവർണ്ണനീയമത്രേ. പല ഉയരത്തിലും വ്യാസത്തിലുമുള്ള പാറക്കൂട്ടങ്ങൾ നിറഞ്ഞിരുന്ന, ആ സ്ഥലത്തു വിശേഷിച്ചു, അരുവിയുടെ പതനതലത്തിലും അതിനുമുകളിലും ചില ചിത്രപ്പണികളും ശിലാലിഖിതങ്ങളും ഞങ്ങൾ കണ്ടു. അതീതകാലങ്ങളിലെ തൻെറ വിവിധവിധജീവിതാനുഭവങ്ങൾ അവിടവിടെയായി അരുവി രേഖപ്പെടുത്തി പ്രയാണം ചെയ്യുകയോ എന്നു തോന്നുമാറു് അതിനു സമീപത്തുള്ള ശിലകളിലായിരുന്നു അവ ധാരാളമായി ദർശിച്ചതു്. ഊക്കോടും ഘോരനിസ്വനത്തോടും അടിയിൽ പതിച്ച അ......തടി

നി പിന്നീട്ട നാലുഭാഗവും പരന്നു് മന്ദമായിട്ടാണ തൻെറ ഗതി തുടൎന്നതു്. നദിയുടെ വിസ്തൃതമായ മാൎവ്വിൽ അഖണ്ഡമായ ഏകാന്തത അനുഭവിച്ചും, അന്ധകാരത്തെ സന്തതമണച്ചും, ദുഷ്ടമൃഗങ്ങൾക്ക അഭയമരുളിയും അപൂൎവ്വം ചില ഭയദകന്ദരങ്ങളും കാണ്മാനുണ്ടു്. പാറകൊണ്ടു മൂടപ്പെട്ടിരുന്ന ആ പ്രദേശം വിനോദങ്ങൾക്ക പററിയ ഒന്നായിരുന്നു. പ്രവാഹിനീതീരത്തുള്ള തരുക്കളുടെ നിബിഡച്ഛായയിൽ സ്വച്ഛന്ദം വിശ്രമിച്ചും കുളിൎവാരിയിൽ മുഴുകി ആനന്ദിച്ചും ഞങ്ങൾ അധികസമയം അവിടെത്തന്നെ വിനിയോഗിച്ചു. യാത്രയ്ക്കു ആരംഭിച്ചപ്പോൾ കരുതിയിരുന്ന ഫലഹാരങ്ങൾകൊണ്ടു ഒരു കാനനവിരുന്നു കഴിഞ്ഞിട്ടു പൂൎവ്വാധികമായ ഉത്സാഹത്തോടെ ഞങ്ങൾ അരുവിയ്ക്കു ചുററുമുള്ള പ്രദേശങ്ങൾ കാണുന്നതിനായി തിരിച്ചു. മണ്ഡപങ്ങളുടെ വടക്കഭാഗത്തായി കണ്ട ഒരു ചെറുകുന്നിൻെറ മുകളിൽ യാദൃശ്ചികമായി ഞങ്ങൾ കയറിച്ചെന്നു. ശിവ! ശിവ! അവിടെ ഞങ്ങൾ വീക്ഷിച്ചതു് ഗംഭീരമായ ഒരു മന്ദിരത്തിൻെറ അവശിഷ്ടങ്ങൾ ആയിരുന്നു. അതീതമായ പ്രതാപകാലത്തെപ്പററിയുള്ള സ്മരണയിൽ ലയിച്ചു എരിഞ്ഞണഞ്ഞ അഗ്നിപൎവ്വതമെന്നപോലെ ശാന്തമായി കാണപ്പെട്ട ആ സൌധം ശരിയായി കാണുന്നതിനു കാന്താരത്തിൻെറ ഗഹനത ഞങ്ങളെ അനുവദിച്ചില്ല. അനന്തകാലത്തെ ചരിത്രരഹസ്യങ്ങളെ അന്തരംഗത്തിൽ വഹിച്ചു അവസാന സുഷുപ്തിയിൽ ലയിച്ചിരുന്ന ആ രാജസൌധവീരൻെറ അസ്ഥിപഞ്ജരങ്ങൾ ഞങ്ങൾ അവിടവിടെ ദൎശിയ്ക്കാതിരുന്നില്ല. കൊട്ടാരത്തിൻെറ പ്രൌഢിയും പരപ്പും സുവ്യക്തമായി ഊഹിയ്ക്കത്തക്ക നിലയിലായി

രുന്നു അതിൻെറ നഷ്ടശിഷ്ടങ്ങൾ. എത്ര എത്ര രാജകേസരികളുടെ ഗംഭീരഗർജ്ജനം ആ വനമേടയുടെ അന്തർഭാഗത്തു് അലയടിച്ചിരുന്നിരിയ്ക്കണം. എത്ര എത്ര മധുരഭാഷിണികളായ രാജാംഗനകളുടെ കളനിസ്വനങ്ങൾ ആ സൌധവരൻെറ ഹൃദയത്തെ കുളുർപ്പിച്ചിരുന്നിരിയ്ക്കണം. എത്ര എത്ര ഭൃത്യജനങ്ങൾക്കും ആതുരാത്മാക്കൾക്കും അതു് അഭയകേന്ദ്രമായിരുന്നിരിയ്ക്കണം. എന്നാൽ ഇപ്പോൾ അതിൻെറ ദയനീയസ്ഥിതി നോക്കുക. അല്ലെങ്കിൽ ഈ പ്രപഞ്ചലീലയിൽ, ഏതൊന്നാണു ശാശ്വതം! ഈദൃശ്യമായ ചിന്താവൈവിധ്യത്താൽ ക്ലാന്തമായ ഒരു ഹൃദയത്തോടെയാണു് ഞങ്ങൾ ചരിത്രപ്രധാനമായ ഈ കാന്താരനഗരിയെ വിട്ടുപോന്നതു്.

"പാലരുവി" എന്നു പ്രസിദ്ധിപെററിരുന്ന ആ ഭൂഭാഗം "പാഴരുവി" എന്ന നാമത്താലാണു് ഇപ്പോൾ അറിയപ്പെടുന്നതെന്നും വളരെ പുരാതനമായ കാലംമുതല്ക്കു ഈ രമണീയദേശം പാണ്ഡിപ്പെരുമാക്കന്മാരുടേയും അതിനുശേഷം കേരളരാജാക്കന്മാരുടേയും സുഖവാസകേന്ദ്രമായി പലനാൾ പരിലസിച്ചിരുന്നു എന്നും ഒരു മുന്നൂററിഅൻപതു വർഷങ്ങൾക്കു മുൻപുവരെ വേണാട്ടധിപന്മാർ പാലരുവിയിൽ ഗ്രീഷ്മകാലസുഖവാസത്തിനു വേണ്ടി താമസിയ്ക്കാറുണ്ടായിരുന്നു എന്നും ഐതിഹ്യം പറയുന്നു. സർവ്വത്ര സുന്ദരമായ ഈ മോഹനദേശത്തെ ഉപേക്ഷിയ്ക്കുന്നതിനു് അവരെ പ്രേരിപ്പിച്ച സംഭവത്തെപ്പററിയും രസകരമായ ഒരു കഥ ശ്രവിയ്ക്കുന്നതിനിടയായി.

എത്രയോ ശതവർഷങ്ങളായി പാണ്ഡിഭൂപതികൾ വിനോദവാസമായി കരുതിയിരുന്ന പാലരുവിയിൽ അന്ന

വധി ദൈവപ്രതിഷ്ഠകളും രാജകുലപുംഗവന്മാരുടെ ആത്മ പ്രതിഷ്ഠകളും ഉണ്ടായിരുന്നു എന്നും മൂപ്പുകൊണ്ടു ബഹുമാന്യരായ വേണാട്ടരചന്മാർ അവിടെ നിവാസമാരംഭിച്ചതു് ഇവർക്കു് അസുഖപ്രദമായി തോന്നുകയാൽ ആ സാന്നിധ്യമൊഴിവാക്കാനായി ഒരു ഫണത്തെ അയച്ചു് അവരെ ഭയപ്പെടുത്തി എന്നും പള്ളിമെത്തയിൽ പത്തിയും വിടുർത്തിയിരുന്ന സർപ്പത്തിനെക്കണ്ടു് അദ്ദേഹം ഭീതനായി പ്രശ്നകാരിയെ വരുത്തി ചോദിച്ചതിൽ പരമാർത്ഥം മനസ്സിലായി എന്നും അന്നുമുതൽ പാലരുവി ഉപേക്ഷിച്ചിട്ടു് എന്നെന്നേയ്ക്കുമായി സ്വരാജധാനിയിൽ മടങ്ങി എന്നുമാണു് ഐതിഹ്യം. ഈ കഥയുടെ വിശ്വാസ്യതയെക്കുറിച്ചുള്ള വിമർശം വായനക്കാർക്കു വിട്ടിരിയ്ക്കുന്നു.

പാലരുവിയിൽ വിടരുന്ന ഓരോ പൂവിലും ചലിയ്ക്കുന്ന ഓരോ പത്രത്തിലും മുളയ്ക്കുന്ന ഓരോ പുല്ലിലുംകൂടി പുരാതനചരിത്രരേഖകൾ സൂക്ഷ്മബുദ്ധികൾക്കു തെളിഞ്ഞുകാണാം. ഇപ്രകാരമുള്ള അനവധി കാമ്യനഗരികൾ നമ്മുടെ കാന്താരമദ്ധ്യത്തിൽ മറഞ്ഞു് ഇന്നും കിടപ്പുണ്ടു്. സങ്കല്പശക്തിക്കു ഊർജ്ജിതത്വവും പ്രവർത്തനകുശലതയ്ക്കു് ഉത്തേജകത്വവും യുവത്വപ്രവാഹത്തിനു് അമൃതസരണിയും പ്രദാനം ചെയ്യാവുന്ന ഒരു ശാഖയാണു് ചരിത്രഗവേഷണം. ഈ വിഷയത്തിലേയ്ക്കു് യുവസഹോദരന്മാരുടെ സത്വരശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

---

With the kind permission of Srimati Konniyoor K. Meenakshi Amma, M. A.

# VII. സ്വച്ഛന്ദഗീതം

[ലിറിക്ക കവിത]

(ശൂരനാട്ട് പി. എൻ. കുഞ്ഞൻപിള്ള എം. ഏ.)

ആംഗലസാഹിത്യാവതരണത്തോടെയാണ് ലിറിക്ക സമ്പ്രദായത്തെപ്പററി നമുക്ക് ഏതാണ്ടു ക്ലിപ്തമായ ഒരു ജ്ഞാനമുണ്ടായതെന്നു പറഞ്ഞാൽ പ്രഥമവീക്ഷണത്തിൽ ശരിയെന്നുതോന്നും. കാവ്യകലയിൽഅതിപ്രാധാന്യം വഹിക്കുന്ന ഈ സമ്പ്രദായം ഏതു സാഹിത്യത്തിലും കാണാവുന്നതാണ്. പ്രത്യേകമായ പേരുകല്പിച്ചു നിരൂപകന്മാർ വിമർശനവിഷയമാക്കാത്തതുകൊണ്ട് അങ്ങനെയൊരു സമ്പ്രദായം നമ്മുടെയിടയിൽ ഇല്ലെന്നു പറയുന്നതു തെററാണ്. അതു്, ധ്വനി ഇംഗ്ലീഷ്സാഹിത്യത്തിൽ ഇല്ലെന്നു ശഠിക്കുന്നതുപോലെ ആയിപ്പോകും. നിരൂപണവിഷയമാകുന്നതോടുകൂടി അതിൻെറ അഭിവൃദ്ധിക്കു് ഗണ്യമായ വലിപ്പമുണ്ടാകുമെന്നേ വയ്ക്കാവൂ. ഇതു് ഇംഗ്ലീഷും മലയാളവും താരതമ്യപ്പെട്ടുത്തിനോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. ഇംഗ്ലീഷിൽ ലിറിക്ക പ്രസ്ഥാനം അതിപ്രാമാണ്യം അർഹിക്കുന്ന ഒരു സാഹിത്യശാഖയാണ്. ലിറിക്ക കവിത മലയാളത്തിലും സംസ്കൃതത്തിലും കാണാനുണ്ടെങ്കിലും പാശ്ചാത്യർ കല്പിക്കുന്ന പ്രത്യേകതരത്തിലുള്ള പ്രാധാന്യമോ വിശേഷമോ ഇവിടെ നിരൂപണവിഷയമാക്കിയിട്ടില്ല. ഖണ്ഡകാവ്യമെന്നു പറഞ്ഞാൽ ലിറിക്കിനെ

ഉൾപ്പെടുത്താൻ ശക്തമാണെന്നു പറയാമെങ്കിലും ലിറി ക്കല്ലാത്ത പലതും അതിൽ ഉൾപ്പെട്ടുപോകും. മഹാ കാവ്യം, ഖണ്ഡകാവ്യം എന്നുള്ള വിഭാഗം ദൈർഘ്യമനുസ രിച്ചു ചെയ്തിട്ടുള്ളതാണു്. ദൈർഘ്യം കുറഞ്ഞതായിട്ടാണ സാധാരണ ലിറിക്കുകൾ കാണുന്നതെങ്കിലും ദൈർഘ്യം കുറഞ്ഞതെല്ലാം ലിറിക്കാണെന്നു പറഞ്ഞാൽ ന്യായശാസ്ത്ര സമ്മതം കിട്ടുകയില്ല. അതുകൊണ്ടു ലിറിക്കുപദംകൊണ്ടു ഇംഗ്ലീഷിൽ പറയുന്ന അർത്ഥം ശരിയായി പറവാൻ ഇവിടെ ഒരു വാക്കുതന്നെയില്ലെന്നുള്ളതു് മുൻപു പറഞ്ഞ തിനു് ഉപോദ്ബലകമാകുന്നുണ്ടല്ലോ.

ലിറിക്കു് എന്നാൽ എന്താണു്? അതു് ഭാരതസാഹി ത്യത്തിൽ ഇല്ലാത്ത ഒരു പ്രസ്ഥാനവിശേഷമാണോ? ഇത്തരം കാവ്യസമ്പ്രദായം ഇനിയും പോഷിപ്പിക്കേണ്ടതാ ണോ? അതിൽ സവിശേഷമായ ശ്രദ്ധപതിപ്പിക്കേണ്ട അ വശ്യമുണ്ടോ? എന്നെല്ലാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ആദ്യം സൂചിപ്പിച്ചതുപോലെ ഈവിധമായ കവിത ഏതു ദേശത്തും കാണാവുന്നതാണു്. ആത്മാവിഷ്കരണേ ച്ഛയാണു് ഇതിനു നിദാനം. വികാരപ്രസക്തിയിൽ നിന്നാണു് ഇതിൻെറ ഉല്പത്തി; ശൃംഗാരാദികളായ എല്ലാ രസങ്ങളും ഇതിൽ ഉൾപ്പെടും. പ്രകൃതിഭംഗികളെ ചിത്ര ണംചെയ്ക, മഹാകൃത്യങ്ങളെ രേഖപ്പെടുത്തുക, സൽഗുണ ങ്ങളെ പുകഴ്ത്തുക, സ്വഭാവവിശേഷണങ്ങളെ വിമർശി ക്കുക, വികാരാദികളെ പ്രത്യക്ഷപ്പെടുത്തുക മുതലായവ യാണു് കലകൾക്കു് സാമാന്യമായി വിശേഷിച്ചും കാവ്യ കലയിൽ കാരണതേചന ഉപാഗതമാകുന്നതു്. ഇതിൽ

അവസാനമായി പറഞ്ഞ കാരണവും തജ്ജന്യമായ കാവ്യസമ്പ്രദായവും ആപേക്ഷികമായി അധികം വിശിഷ്ടമാണെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാകും. അപ്രകാരം വിശിഷ്ടമാണെന്നു പാശ്ചാത്യനിരൂപകന്മാർ പൂൎണ്ണമായി സമ്മതിച്ചിട്ടുണ്ടു്. വികാരങ്ങളാണു് രസോല്പത്തിക്കു നിദാനം. രസമാണു കാവ്യജീവിതം. ഇതു് ഭാരതീയനിരൂപകന്മാരിൽ അഗ്രഗണ്യന്മാൎക്കു സമ്മതമാണു്. അതുകൊണ്ടു പ്രത്യേകം പറഞ്ഞില്ലെങ്കിലും വികാരജാതമാകുന്ന ഈ കാവ്യസമ്പ്രദായത്തിൻെറ മാഹാത്മ്യത്തെ അവരും സമ്മതിച്ചിട്ടുണ്ടെന്നുതന്നെ സിദ്ധിക്കുന്നു. ഭക്തി, സ്നേഹം, ദയ, ദ്വേഷം, അസൂയ, കോപം, സൗഹൃദ്യാദിഭാവങ്ങളിലുള്ള മനസ്സലിവു്, കഷ്ടതയിലുള്ള അഴൽച്ച, സുഖാനുഭവാദികളാൽ സഞ്ജാതമാകുന്ന ആനന്ദാനുഭൂതി, വിരഹംകൊണ്ടും മററും നേരിടുന്ന മനോവേദന, അത്ഭുതകൃത്യങ്ങളോ സുന്ദരാകൃതികളോ കാണുമ്പോൾ ഉണ്ടാകുന്ന വിസ്മയാഹ്ലാദചിത്തവൃത്തികൾ ഇതെല്ലാം ഭംഗിയായി പ്രത്യക്ഷപ്പെടുത്തുന്ന സമ്പ്രദായം ലിറിക്കുതന്നെയാണെന്നു സാമാന്യലക്ഷണം ചെയ്താൽ ഇതു നമുക്കു് അറിയാവുന്നതാണെന്നു് സാഹിത്യാഭിമാനികളെല്ലാം സശിരഃകമ്പം സമ്മതിക്കും. ഇതരപ്രസ്ഥാനങ്ങളിലും ഇതിൻെറ ഭംഗിസ്ഫുടമയോ അസ്ഫുടമയോ വരാതിരിക്കയും ഇല്ല. ഭാരതീയനാടകങ്ങളിൽ നാടകീയമായ രസത്തിനു് അപകർഷം വരത്തക്കവണ്ണംതന്നെ ഈ ഭംഗി വന്നുപോകുന്നുണ്ടെന്നു പാശ്ചാത്യനിരൂപകന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഉത്തരരാമചരിതം, വിക്രമോൎവ്വശീയം, തുടങ്ങിയുള്ളവ ഇതിനു പ്രത്യേകം ഉദാഹരണങ്ങളാണു

താനും. ഉത്തരരാമചരിതത്തിൽ 'മായാസീതാംകം' പ്രത്യേകിച്ചും ഓർമ്മയിൽ വരുന്നു. അവിടെ പ്രത്യക്ഷപ്പെടുന്ന വികാരതീക്ഷ്ണത അസാമാന്യമാണ്. നാടകത്തിൻെറ ധർമ്മത്തെ വിസ്മരിച്ചുതന്നെ ഭവഭൂതിവികാരാവിഷ്കരണത്തിനു സന്നദ്ധനാകുന്നു. ശ്രീരാമൻ കരയുന്നു. വായനക്കാരും കണ്ണുനീർ വർഷിക്കുന്നു. ഹാ! അതു നാടകമല്ലായിരുന്നെങ്കിൽ എന്തു നല്ല കവിതയായിരിക്കുമായിരുന്നു.

"തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ-
ത്തെല്ലൊതുക്കുന്നതിന്നാ-
യുള്ളത്തിൽതൽക്ഷണം ഞാൻബഹുവിധമിഹചെ-
യ്യുന്നയത്നത്തെയെല്ലാം!
വെള്ളത്തിൽവേഗമേറും ഗതിമണലണയെ-
ത്തള്ളിനീക്കുന്നപോലെ-
തള്ളിത്തള്ളിപ്പുറക്കുന്നിഹബത! വലുതാ-
യുള്ളചേതോവികാരം."

മായാസീതയുടെ കരസ്പർശത്തിൽ "കശക്കിപ്പിഴിഞ്ഞ് എണ്ണാങ്കൻെറ കരങ്ങളെപ്പുരമൊഴിച്ചീടുന്ന നൽധാരയോ" എന്നു പറയുന്ന ശ്രീരാമൻെറ ദുഃഖാധിക്യം നമുക്ക് ഏതാണ്ടു പ്രത്യക്ഷപ്പെടുന്നു. വിക്രമോർവ്വശീയത്തിലും ഇതുപോലെതന്നെ പുരൂരവസ്സിൻെറ വിരഹതീക്ഷ്ണത വ്യക്തമാകുന്നു.

സർവ്വക്ഷിതിഭൃതാംനാഥ! ദൃഷ്ടാസർവ്വാംഗസുന്ദരീ
രാമരമ്യേവനാന്തേƒസ്മിൻ മയാവിരഹിതാത്വയാ!

എന്ന് ഒരു ശ്ലോകത്തിൽ രാജാവിൻെറ ചോദ്യവും പർവ്വതത്തിൻെറ ഉത്തരവും അടക്കി കാളിദാസൻ രാജാവിൻെറ

വിരഹവേദനയെ പ്രത്യക്ഷപ്പെട്ടത്താൻ തുടങ്ങുന്നു. ഈ അപ്രകൃതപ്രസ്താവം ഇങ്ങനെ നില്ക്കട്ടെ. ഭാരതീയമായ ഇതരസാഹിത്യപ്രസ്ഥാനങ്ങളിലും ഇതിൻെറ സങ്കലനമുണ്ടെന്നു കാണിയ്ക്കാൻവേണ്ടിമാത്രം ഇങ്ങനെ തെററിമാറി ചിലതു പറഞ്ഞുപോയെന്നേ ഉള്ളു. സംസ്കൃതശാസ്ത്രകാരന്മാരുടെ സമ്പ്രദായമനുസരിച്ച് "പ്രകൃതമനുസാരമഃ" എന്നു പറഞ്ഞുകൊണ്ടു വിഷയം തുടരാം. 9 549

"ലിറിക്ക്" എന്ന പദം ഗ്രീക്കുഭാഷയിൽനിന്നു വന്നിട്ടുള്ളതാണ്. Lyre 'ലയർ' എന്നാൽ ഒരു സംഗീതയന്ത്രമാണ്. ഏതാണ്ടു വീണപോലെയാണതെന്നു നിർദ്ദേശിയ്ക്കാമെന്നു തോന്നുന്നു. അതിൻെറ തന്ത്രികളിൽ സുന്ദരങ്ങളായ നാദങ്ങളുണ്ടാക്കുന്നതിനെ അനുസരിച്ച് ഗാനരൂപമായ കവിതകഠം ചൊല്ലുന്നതു പുരാതനഗ്രീസുകാൎക്ക് ഒരു സാധാരണ പതിവായിരുന്നു. ആ സംഗീതയന്ത്രത്തെ അനുസരിച്ചു ഗാനം ചെയ്യുന്ന കവിതകഠക്കാണ് ആദ്യം 'ലിറിക്ക്' കവിതകഠം എന്നു പേരു കല്പിച്ചിരുന്നതു്. അങ്ങനെയുള്ള വികാരാവിഷ്കരണപ്രധാനങ്ങളായ ചെറിയ കവിതകഠക്ക് ആ പേരു രൂഢമായിത്തീൎന്നു. അല്ലാല്ലം ഭേദപ്പെട്ട പല സമ്പ്രദായങ്ങളും ഇതിൽ ഉഠപ്പെടുന്നതായി ഗ്രീസിൽ ഉണ്ടായിട്ടുണ്ട്. ഇതിൽ 'സാഫൊ' എന്ന ഒരു കവയിത്രിയുടേയും, പിൻഡാർ എന്ന ഒരു മഹാകവിയുടേയും പേരുകഠ സവിശേഷമായി ഓൎമ്മയിൽ വരുന്നു. സാഫൊയുടെ ജീവിതംതന്നെ വികാരപരവശമായ ഒന്നായിരുന്നു. ആ മഹതിയുടെ പ്രേമഗാനങ്ങഠ അതിവിശിഷ്ടമെന്നാണ് വിദ്വാന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

തന്നോടു സ്നേഹമില്ലാത്ത ഒരു യുവാവിനെ അതിയായി സ്നേഹിച്ചെന്നും, അവസാനം നിരാശകൊണ്ടു ഉന്നതമായ ഒരു പാറയിൽനിന്നു ചാടി ആത്മഹത്യചെയ്തെന്നുമാണു് സാഫൊയെപ്പററി ഒരു ഐതിഹ്യമുള്ളതു്.

വ്യുത്പത്തിയെപ്പററി ഇത്രമാത്രമേ പറയാൻ സ്ഥലവും സമയവും അനുവദിക്കുന്നുള്ളു. ഇതിൻെറ സാമാന്യസ്വരൂപവും സ്വഭാവവും എന്താണെന്നു നിശ്ചയിക്കാം. പൂർണ്ണമായ ഒരു ലക്ഷണനിർവ്വചനം ഇക്കാര്യത്തിൽ പ്രയാസമാണു്. വളരെ ദൈർഘ്യമില്ലെന്നു സാമാന്യമായി പറയാമെങ്കിലും ചിലപ്പോൾ ദീർഘമായ ലിറിക്കുകളും കാണുന്നുണ്ടു്. 'In memoriam' എന്ന ടെനിസ്സൻെറ വിലാപകാവ്യം പല ഖണ്ഡങ്ങളായി തിരിച്ചിട്ടുണ്ടെങ്കിലും വളരെ നീണ്ടതാണു്. ഒരു വിഷയത്തെ അധികരിച്ചു എഴുതിയിട്ടുള്ള പല ഖണ്ഡങ്ങളാണു് അതെന്നും പറയാം. സംഗീതരൂപമായിത്തുടങ്ങിയ ഈ പ്രസ്ഥാനത്തിനു് സംഗീതഭംഗി ഉണ്ടായിരിക്കണമെന്നതു് നിർബന്ധമാണല്ലോ. അതുകൊണ്ടു പല്ലവിപോലെ ഒരേ വരിയുടെ ആവർത്തനവും മററും ചിലപ്പോൾ കാണാം. ടെനിസ്സൻെറ 'ഈനണി' എന്നു കവിതയിൽ ഓരോ ഖണ്ഡികയും അവസാനിക്കുന്നതു് മിക്കവാറും "Mother Ida........"തുടങ്ങിയുള്ള ഒരുവരികൊണ്ടുതന്നെയാണു്. സ്പെൻസർ എന്ന കവി സ്വവിവാഹമംഗളാശംസ ചെയ്യുന്ന എപ്പിത്തലാമിയൺ (Epithalamion) എന്ന കവിതയിലും ഇതേ സമ്പ്രദായം അനുവർത്തിച്ചിരിക്കുന്നതു കാണാം. ഡ്രൈസൺ എന്ന കവിയുടെ "അലക്സാൻഡേഴ്സ് ഫീസ്റ്റ്" (Alexander's Feast) എന്ന കവിതയിൽ—

"None but the brave, none but the brave
None but the brave deserve the fair"
എന്നും,

"fallen, fallen, fallen, fallen,
fallen from his high estate"

എന്നും ആവൎത്തിച്ചു് ഈ ഭംഗിവരുത്തിയിരിക്കുന്നതു നോക്കുക. സംഗീതാലംബിയായ സ്വരരഞ്ജനയും പ്രാസവൈചിത്ര്യവും സാമാന്യത്തിൽ കൂടുതലായി നിഷ്കൎഷയോടു ചെയ്യുകാണും. ഇതിനു മലയാളത്തിൽനിന്നും ഒരുദാഹരണം കാണിക്കാം:—

"ഓമനത്തിങ്കൾക്കിടാവോ—നല്ല
കോമളത്താമരപ്പൂവോ"

എന്നു തുടങ്ങുന്ന ഗാനംതന്നെ നോക്കുക. ഇത്രഭംഗിയായ ഒരു ലിറിക്കുകവിത മലയാളത്തിൽ വേറെയില്ലെന്നുതന്നെയല്ല, ഇതരസാഹിത്യത്തിലും ചുരുക്കമായേ കാണുകയുള്ളു. മലയാളത്തിൽനിന്നുള്ള ഉദാഹരണം കുറച്ചു മുമ്പിൽകൂട്ടി ആയിപ്പോയതു ക്ഷമിക്കുക. മനസ്സിൽ ഉന്തിക്കയറി ഉയൎന്നുവന്നതുകൊണ്ടു് കാലമാകുന്നതിനു മുൻപു രംഗപ്രവേശം അനുവദിച്ചെന്നേ ഉള്ളു. നിൎവ്വചനം തുടരാം. ഷെല്ലിയുടെ ഗാനങ്ങളിലുള്ള സ്വരഭംഗി തദ്വിജ്ഞന്മാരോടു പറഞ്ഞറിയിക്കേണ്ട കാൎയ്യമില്ല. ഷേക്സ്പീയരുടെ നാടകങ്ങളുടെ മദ്ധ്യത്തിൽ ചെറിയ ഗാനരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന കവിതാശകലങ്ങൾ ലോകാതിശായികളാണു്. ഒരു വികാരത്തേയോ ഒരു ചെറിയ സംഭവത്തേയോ, അടിസ്ഥാനപ്പെടുത്തി എഴുതുന്നതായതുകൊണ്ടു് അതിനൊരു ഏകതാനതയും സ്വാതന്ത്ര്

പൂൎണ്ണിമയും കാണും. ആ പൂൎണ്ണിമയ്ക്കോ ഏകതാനതയ്ക്കോ വിച്ഛേദംവരുത്തുന്ന വല്ലതും ഇടയിൽ പറയുന്നതു രസവിഘ്നത്തിക്കു കാരണമാകും. ഔചിത്യമുള്ള കവിതകൾ അങ്ങനെ ചെയ്യാറില്ല. ഒരുനിമിഷത്തിൽ കവിഹൃദയത്തിൽ പ്രത്യക്ഷമാകുന്ന ഒരു സുന്ദരവികാരത്തിന്റെ അനൎഗ്ഗളധാരയായിരിക്കും അതു്.

"O my Love's like a red, red rose
That's newly sprung in June;
O my Love's like a melodie
That's sweetly played in June"

എന്നു തുടങ്ങുന്ന ബേൎൺസിന്റെ ചെറിയ കവിതാശകലം നോക്കുക. ഇതിന്റെ ഭാഷാന്തരം ദുസ്സാധമായതുകൊണ്ടു ഞാൻ ആ സാഹസത്തിനു തുടങ്ങുന്നില്ല. വെറും വികാരപ്രകടനം അൎത്ഥമുള്ള വാക്കുകൾകൊണ്ടു മാത്രം സാധിച്ചുവരികയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വെറും നിരൎത്ഥകങ്ങളെന്നു പ്രത്യക്ഷമാത്രയിൽ തോന്നുന്ന പദങ്ങളെ മാത്രം ഉപയോഗിച്ചും കവികൾ കാൎയ്യം നേടാറുണ്ടു്.

"Spring the sweet spring, the year's pleasant [king
Then blooms each thing, then maids dance in [ring,
Cold doth not sting, the pretty birds do sing
Cuckoe, jug—jug, pu—we to—witta—woo"

ഇതുതന്നെ നോക്കുക. ഇതിൽ നിരൎത്ഥകമായ അന്ത്യപാദത്തിൽത്തന്നെയാണു് എന്തെങ്കിലും കവിതയുണ്ടെങ്കിൽ ഉള്ളതെന്നു നിഷ്പക്ഷപാതികൾ സമ്മതിക്കും.

"Hey nonny nonny nonny
Hey nonny nonny nonny"

എന്നു വേറൊരിടത്തു കാണുന്നതും നോക്കുക. "ടം ടടണ്ടം ടടടം ടടണ്ടം" എന്നോ "ഗുള്ള ഗുഗ്ഗുള്ള ഗുഗ്ഗുള്ള" എന്നോ പറയുമ്പോഴും ഈ സമ്പ്രദായമല്ലേ അനുഷ്ഠിക്കുന്നതു്. "രാരിരാരാരാരോ" എന്ന താരാട്ടുചൊല്ലുമ്പോഴത്തെ പല്ലവി വാത്സല്യധാരയ്ക്കു് ഒരു ബഹിഃപ്രകടനം സാധിക്കുന്നതായിട്ടുവേണം വിചാരിക്കേണ്ടതു്. ഇനിയും ഇമ്മാതിരിയുള്ള വികാരങ്ങൾ പദ്യരൂപത്തിലാണു് സാധാരണ പ്രത്യക്ഷപ്പെടുന്നതെന്നുള്ളതും ശ്രദ്ധിക്കേണ്ടതാണു്. ലാംബിന്റെ ചില ഉപന്യാസങ്ങൾ ഇമ്മാതിരി പൂർണ്ണലക്ഷണയുക്തങ്ങളാണെന്നു് എനിക്കു തോന്നിയിട്ടുണ്ടു്. എന്നാലും വൃത്തനിബന്ധന മിക്കവാറും ഒഴിച്ചുകൂടാത്ത ഒരു ഉപാധിയാണെന്നു പറയേണ്ടിയിരിക്കുന്നു. ഗദ്യത്തിന്റെ പരമപരിധിയേയും തരണംചെയ്യുന്ന ചില ഭംഗികൾ പദ്യത്തിനുണ്ടെന്നു അറിയാതെതന്നെ സമ്മതിച്ചുപോകും. ഗദ്യത്തിന്റെ മാഹാത്മ്യത്തെ കുറയ്ക്കുകയല്ല; പദ്യത്തിന്റെ പരമമായ ഭംഗിയെ സമ്മതിക്കുകയേ ചെയ്യുന്നുള്ളു. ഇക്കാര്യത്തിൽ പദ്യഗദ്യങ്ങൾക്കുതമ്മിൽ ഏതാണ്ടു സ്ത്രീപുരുഷന്മാർതമ്മിലുള്ള വ്യത്യാസമുണ്ടെന്നു പറയാം. പുരുഷൻ അതിസുന്ദരനായാലും സഹജമായ ചില വിലാസങ്ങൾ സ്ത്രീകൾക്കുള്ളതു് അവനു സാമാന്യമായി അപ്രാപ്യമായിത്തന്നെയിരിക്കും. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് സാഹിത്യസാരത്തിൽ "ഛന്ദോനിബദ്ധമായ നീരന്ധ്രധാര" എന്നു സ്വച്ഛന്ദഗീതത്തെ നിർവ്വചിച്ചിട്ടുള്ളതു്. വൃത്തനിബന്ധന ഇത്തരം കവിതകൾക്കു് ഒരവശ്യമായ

ഉപാധിയാണെന്നു സിദ്ധിക്കുന്നു. ഭിന്നഭിന്നങ്ങളായ വികാരങ്ങളെ പ്രത്യക്ഷപ്പെടുത്താൻ സമർത്ഥന്മാരായ കവികൾ യോഗ്യങ്ങളായ വൃത്തങ്ങളെ സ്വീകരിച്ചിരിക്കുന്നതു കണ്ടുതന്നെ ആസ്വദിക്കണം.

"Half a league half a league" എന്നു തുടങ്ങുന്ന വരികളിൽ ടെനിസ്സൺ സാധിച്ചിട്ടുള്ള വൃത്തവൈചിത്ര്യം നോക്കുക. ഭാരതീയ സാഹിത്യത്തിൽനിന്നു് ഒരു ഉദാഹരണം കാണിക്കാം. ജയദേവൻെറ "ഗീതഗോവിന്ദം" സുജ്ഞാതമാണല്ലോ. ലിറിക്കുകവിതയ്ക്കു സംസ്കൃതസാഹിത്യത്തിലെ മൂർദ്ധാഭിഷിക്തോദാഹരണം അതാണു്. അതിൽ വൃത്തവിഷയകമായി സാധിച്ചിട്ടുള്ള വൈചിത്ര്യം അതി വിസ്മയാവഹമാണു്. ലിറിക്കിനു് ഇവിടെ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ലക്ഷണങ്ങളും അതിലെ ഗാനങ്ങളിൽ പൂർണ്ണഭംഗിയോടേ കാണാം. വികാരപ്രദർശനമോ, ഗാനമധുരിമയോ, പ്രാസഭംഗിയോ, വൃത്തവൈചിത്ര്യമോ, ആവർത്തനസാമർത്ഥ്യമോ ഏതാണു് അവിടെ കൂടുതലെന്നു നിർണ്ണയിയ്ക്കുക പ്രയാസമാണു്. "സന്ദർഭശുദ്ധിംഗിരാംജാനീതേ ജയദേവ ഏവ" എന്നു സ്വയം അഭിമാനിച്ചുകൊണ്ടു് ദ്രാക്ഷാദികളായ മധുരസാധനങ്ങൾക്കു് ലജ്ജാകാരണമായ സ്വവാഗ്വൈഭവത്തെ പ്രത്യക്ഷപ്പെടുത്തുന്ന ജയദേവൻ ഭാരതീയ ലിറിക്കു് പ്രസ്ഥാനത്തിൻെറ സുവർണ്ണപതാകയാണു്. ഈ ശാഖാചംക്രമണം ഇങ്ങനെ നിൽക്കട്ടെ. വൃത്തവിഷയകമായി ഇമ്മാതിരി കവിതകളിൽ കാണുന്ന ഭംഗി ഇത്രയുംകൊണ്ടു സിദ്ധമായല്ലോ. സമുച്ചയഭംഗി, പലവിധത്തിലുള്ള ആവർത്തനഭംഗി, ഒരേവരി തന്നെ തിരിച്ചും മറിച്ചും പ്രയോഗിയ്ക്കൂ എന്നു തുടങ്ങി പല

വിധസമ്പ്രദായങ്ങളും സൗകര്യംപോലെ കവികൾ പ്രയോഗിച്ചുകാണും. താഴെ കൊടുക്കുന്ന ചില ശ്ലോകങ്ങൾ നോക്കുക:—

"ഭക്തക്കിഷ്ടംകൊടുക്കും ഭുവനജനനിനിൻചെഞ്ചൊ-
ടിക്കും ചൊടിക്കും
ദൈത്യന്മാരെപ്പൊടിക്കും വിരുതിനുമിരുളിൽ പേർ മുടിക്കും
മുടിക്കും
അത്താടിക്കുംതടിക്കുംരുചിയുടെലഹരിക്കുത്തടിക്കും തടിക്കും
മദ്ധ്യംകൂപ്പാമടിക്കും ഗണപതിവിട്ടവാനായ്മടിക്കും-
മടിക്കും."[22]

ഇതിലെ ഭംഗി ഒന്ന്; ഒരു സുന്ദരരൂപത്തെക്കണ്ടുണ്ടായ അത്ഭുതവികാരം എങ്ങനെ പ്രത്യക്ഷപ്പെട്ടന്നെന്നു നോക്കുക:—

ശൃംഗാരത്തിൻെറനാമ്പോ! രസികതയൊഴുകി-
ച്ചോകുവാനുള്ളതുമ്പോ!
സൌന്ദര്യത്തിൻെറവമ്പോ! മദനരസചിതാനന്ദ
പൂന്തേൻ കുഴമ്പോ!
ബ്രഹ്മാവിൻസൃഷ്ടിവമ്പോ! നയനസുഖലത,
യ്ക്കുന്നുനൽകുന്നകമ്പോ!
കാമൻതാൻവിട്ടൊരമ്പോ! ത്രിഭുവനവിജയത്തി-
ന്നിവൻതോഴിയമ്പോ!

ഇതൊന്നു വേറെ. വിരഹതീക്ഷ്ണതകൊണ്ടു മതിമറന്നു ഒരാൾ ചേതനാ ചേതനാവ്യത്യാസം മറന്നു കാട്ടിൽകണ്ട ചെടികളെ അഭിസംബോധനം ചെയ്യുന്ന ഒരു ശ്ലോകത്തിൻെറ പദഘടന നോക്കുക:—

"ജാതീ!ജാതാനുകമ്പാഭവ; ശരണമയേ മല്ലികേ!
കുപ്പൂകൈതേ

കൈതേ! കൈതേരമിയ്ക്കാം കബരയിലണിവാൻ
കൈയിലാക്കും ദശായാം
ഖേദാന്നേതാൻ മദീയാനലർശരപരിതാപോ-
ദയാനാശു നീതാൻ
നീതാൻ നീതാനുണത്തിയ്ക്കുക ചടുലമഷി-
ക്കണ്ണിതൻ കണ്ണമൂലേ.”

ഇങ്ങനെ ഉദാഹരണങ്ങൾ ഉദ്ധരിയ്ക്കാനാണെങ്കിൽ ഒട്ടുനവധി ആകാം. അതിനിവിടെ സ്ഥലവുമില്ല; സൌക ര്യവുമില്ല. ഇത്രയും ദിഗ്ദർശനം ചെയ്യേന്നേയുള്ളു. ഇതിലും ഭംഗിയായ ഉദാഹരണങ്ങൾ വായനക്കാക്കുതന്നെ തോന്നുന്നുണ്ടായിരിയ്ക്കാം. ഇനിയും വിസ്തരം അവശ്യ മില്ല.

ഇത്രയുംകൊണ്ടു് ഏതദ്വിഷയകമായ സാമാന്യ ജ്ഞാനമുണ്ടായെന്നു വിശ്വസിക്കുന്നു. ഇനിയും ഭാരത ത്തിൽ ഈ പ്രസ്ഥാനത്തിനു വന്നിട്ടുള്ള അഭിവൃദ്ധിയെ സാമാന്യമായി നിർദ്ദേശിച്ചുകൊണ്ടു് വിരമിയ്ക്കാം.

ലോകത്തിലുള്ള സകല സാഹിത്യങ്ങളേയും എടുത്തു നോക്കിയാൽ ഇത്തരത്തിലുള്ള കവിത ആദ്യമായുണ്ടായതു് ഭാരതത്തിലാണെന്നു വരുന്നതു് നമുക്കു അഭിമാനകരമാ ണല്ലോ. ഋഗ്വേദത്തിലെ സൂക്തങ്ങളെല്ലാം ഈ തരത്തി ലുൾപ്പെട്ടതാണെന്നു് സാമാന്യമായിപ്പറയാം. Devotional lyrics സ്തോത്രങ്ങൾ എന്ന ഇനത്തിൽ ഉൾപ്പെടുന്നവ യാണു് ഋഗ്വേദസൂക്തങ്ങൾ. പ്രകൃതി ഭംഗികളിൽ നമ്മു ടെ പൂർവ്വികന്മാക്കുണ്ടായ അത്യാദരത്തിൻെറ ഫലമാണു് ഇവയെല്ലാം. ഉഷസ്സിനെപ്പററി ഗാനംചെയ്യുന്ന ഭാഗ ങ്ങൾ അതിവിശേഷമായ സാഹിത്യമാണെന്നു സവ്വസമ്മ

തമാണ്. ഇമ്മാതിരി ഉപാസനാഗാനങ്ങൾ നമ്മുടെ നാട്ടിൽ എന്നും ഉണ്ടായിട്ടുള്ളതാണ്. ഈശ്വരോപാസനാപരങ്ങളായ അതിവിശേഷങ്ങളായ കൃതികൾ ഇതരസാഹിത്യത്തെ അതിശയിയ്ക്കുമാറു നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. സംസ്കൃതത്തിൽ ഇമ്മാതിരി 'ലിറിക്കുകൾ' അനവധിയുണ്ട്. ശ്രീകൃഷ്ണകർണ്ണാമൃതം തുടങ്ങിയുള്ള കർണ്ണാമൃതങ്ങൾ, ഗംഗാലഹരി തുടങ്ങിയുള്ള ലഹരികൾ, ഇതെല്ലാം വളരെ പ്രസിദ്ധങ്ങളുമാണല്ലോ. ഇത്തരത്തിലുള്ള കവിതകളിൽ ശങ്കരാചാര്യരുടെ കവിതകൾ സവിശേഷശ്രദ്ധയെ അർഹിയ്ക്കുന്നവയാണ്. വാക്കിനും അർത്ഥത്തിനും ഒരുപോലെ ഭംഗിയുള്ള അദ്ദേഹത്തിന്റെ സ്തോത്രങ്ങൾ സർവലോകാദരണീയങ്ങളായിത്തീർന്നിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഇന്നു ജീവിച്ചിരിപ്പുള്ള മഹാപണ്ഡിതന്മാരുടെ ഗണനാപ്രസംഗത്തിൽ പല കാരണങ്ങളാലും കനിഷ്ഠികാധിഷ്ഠാനാർഹനായ മി. വി. കൃഷ്ണൻതമ്പി അവർകൾ ശേഖരിച്ചുവച്ചിട്ടുള്ള ആചാര്യസ്വാമികളുടെ വിശിഷ്ടങ്ങളായ സ്തോത്രങ്ങൾ ഒരുമിച്ചു കണ്ടപ്പോഴാണ് അവയെപ്പററി എനിയ്ക്കു പൂർണ്ണമായ ബോധമുണ്ടാകാനിടയായതു്. അദ്ദേഹം അവയെല്ലാം അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതായാൽ അതു സഹൃദയന്മാക്ക് അത്യന്തം കടപ്പാടിനു വകയാകുന്നതാണ്. ആചാര്യസ്വാമികളുടെ സ്തോത്രങ്ങൾ അതിപ്രസിദ്ധങ്ങളായതുകൊണ്ടും സ്ഥലച്ചുരുക്കത്താലും അവയൊന്നും ഇവിടെ ഉദ്ധരിയ്ക്കാൻ തുടങ്ങുന്നില്ല. ഇമ്മാതിരി കവിതകളുടെ കൂട്ടത്തിൽത്തന്നെ നാരായണീയവും ഉൾപ്പെട്ടതാമെന്നു തോന്നുന്നു. ഏതാനും ചില വിശേഷണങ്ങൾ ആവശ്യമാകുമെന്നിരുന്നാലും നാരായണ

നെപ്പോലെ ഒരു മഹാകവി കേരളത്തിൽ ജനിച്ചിട്ടില്ലെന്നു പറയാം. നാരായണീയത്തിലെ ഓരോ ദശകവും എത്ര ആസ്വാദ്യമായിരിക്കുന്നെന്നു് പറയാതെതന്നെ എല്ലാവർക്കും അറിവുള്ളതാണു്. "അഗ്രേപശ്യാമി" എന്നു തുടങ്ങുന്ന അന്ത്യദശകം, രാസക്രീഡാദശകം, ഇവയെല്ലാം വിമർശനപരിധിയെ അതിക്രമിച്ചുതന്നെ നിൽക്കുന്നു.

"യത് ത്രൈലോക്യമഹീയസോഽപിമഹിതം
സമ്മോഹനം മോഹനാൽ
കാന്തം കാന്തിനിധാനതോഽപിമധുരം
മാധുര്യധുര്യാദപി
സൌന്ദര്യോത്തരതോഽപി സുന്ദരതരം
ത്വദ്രൂപമാശ്ചര്യതോ
പ്യാശ്ചര്യം ഭുവനേനകസ്യകുതുകം
പുഷ്ണാതിവിഷ്ണോവിഭോ!"

ഇതിൽ വിശേഷമായിട്ടു് അവർണ്ണ്യമായ ഒരു മഹാഭാസ്സിനെ എവിടെ വിവരിച്ചിട്ടുണ്ടു്! ഇമ്മാതിരി സ്തോത്രങ്ങൾ സാഹിത്യഭംഗി നിറഞ്ഞതായിത്തന്നെ മലയാളത്തിലുമുണ്ടു്.

"കാറേറൽക്കുമ്പോൾ വിളങ്ങും തിരുമിഴി" എന്നു തുടങ്ങുന്ന ശ്ലോകം "ദിവ്യംകിഞ്ചന വെള്ളമുണ്ടു്" എന്നുള്ളതു് എന്നു തുടങ്ങി എത്ര എത്ര ഒററ ശ്ലോകങ്ങളും കീർത്തനങ്ങളും നമ്മുടെ ഭാഷയിലുണ്ടു്. ഇതെല്ലാം സാമാന്യമായിട്ടു് അറിയാവുന്നതുകൊണ്ടു് ഇവിടെ ദിഗ്ദർശനം ചെയ്യുന്നതേയുള്ളൂ.

സംസ്കൃതത്തിൽ മററു പല ഇനങ്ങളിൽ ഉൾപ്പെടുന്ന ലിറിക്കുകളും ഉണ്ടു്. ശൃംഗാരാദിരസങ്ങളെ അടി

സ്ഥാനപ്പെട്ടത്തിയുള്ള അനവധി ഒററ ശ്ലോകങ്ങളും, മേഘസന്ദേശം, ഋതുസംഹാരം, ഭാമിനീവിലാസം, പൌരപഞ്ചാശിക തുടങ്ങിയുള്ള അനവധി അതിവിശിഷ്ടങ്ങളായ ഖണ്ഡകാവ്യങ്ങളും കാണ്മാനുണ്ട്. ഗീതഗോവിന്ദത്തിൻെറ കാര്യം മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഭർത്തൃഹരിക്കു സംസ്കൃതത്തിലുള്ള സ്ഥാനം വളരെ ഉന്നതമായ ഒന്നാണ്. ശൃംഗാരം, നീതി, വൈരാഗ്യം എന്നീ മൂന്നു വിഷയങ്ങളെ അധികരിച്ചു മൂന്നു ശതകങ്ങളായി അദ്ദേഹം ലിറിക്കപ്രസ്ഥാനത്തിൽ സാധിച്ചിട്ടുള്ള വിജയം അന്യാദൃശംതന്നെ.

യാംകാമയാമിമയി സാ ച വിനഷ്ടകാമാ
സാ ചാന്യമിച്ഛതി സ ചാന്യവധൂപ്രസക്തഃ
മൽകാരണേന പരിശുഷ്യതികാമിദന്യാ
ധിക്താം ച തം ച മദനം ച ഇമാം ച മാം ച.

എന്നു ലോകസർവസ്വത്തേയും അക്ഷേപിക്കാനും, ശൃംഗാരാദി രസങ്ങളെ അതിരസകരമായി വർണ്ണിയ്ക്കാനും, ന്യായവാദം ചെയ്യാനും, വേദാന്തവിഹാരം ചെയ്യാനും അദ്ദേഹത്തിനു വളരെ വശമാണ്. ഇതിൽ കൂടുതൽ ഒന്നും ഇവിടെ വിസ്തരിയ്ക്കാൻ സാദ്ധ്യമല്ല. കവിയുടെ അന്തസ്സത്വത്തിൻെറ പൂർണ്ണപ്രതിഫലനമാണ് ഇതിലെല്ലാം സവിശേഷമായി തെളിഞ്ഞുകാണുന്നതു്. അതാതു വികാരങ്ങൾ നഗ്നഭാവത്തിൽ പ്രത്യക്ഷപ്പെട്ടു ശ്രോതാക്കളിൽ തത്തദ്വിധങ്ങളായ ഭാവങ്ങളെയുണ്ടാക്കും. ദാരിദ്ര്യവിഷയകമായി തനിയ്ക്കുള്ള സങ്കടത്തെ ഒരു കവി ഭഗവാനെ ധരിപ്പിയ്ക്കുന്നതു നോക്കുക:—

"അസേവ്യജ്ഞാനഹീനാനലമലമകൃതാഭിജ്ഞമാനാൻ
കദര്യാൻ
സ്വാമിൻ! ദാരിദ്ര്യമാപൽപദമഹഹ! മഹായാതുവദ്-
വ്യാധതേമാം
തല്ലക്ഷ്യാലാസ്യരംഗാൻ മയിവികിരകൃതോത്തുംഗദൌ-
ർഭാഗ്യഭംഗാ-
നംഗാപാംഗാൻ രഥാംഗായുധധര! ഭഗവൻപാഹി
രംഗാധിനാഥ!"

ഹാ! കഷ്ടം! എന്തൊരു ദാരുണവിലാപമാണു് ഇതു്!

സംസ്കൃതത്തെപ്പററിയുള്ള ചർച്ച ഇങ്ങനെ വിരമിപ്പിയ്ക്കുന്നു. ഇംഗ്ലീഷിലുള്ള ലിറിക്കുകവിതകളെപ്പററി അല്പമായെങ്കിലും പറയുന്നതിനു സ്ഥലമില്ല. ഷെല്ലി, വേഡ്സ്വത്തു് തുടങ്ങിയുള്ളവക്കു് ഈ പ്രസ്ഥാനത്തിൽ കിട്ടിയിട്ടുള്ള വിജയം അത്ഭുതാവഹമാണു്. ലിറിക്കുകവിതകളിൽ ഷെല്ലി ലോകസാഹിത്യഗണനയിലും പ്രഥമാവകാശിയാണു്. കീററ്സിൻെറ ചില കവിതകളും അസാമാന്യഭംഗി കലന്നവയാണു്. എന്നാൽ അതിനെപ്പററി ഒന്നും പറയാൻ തീരെ സമയമില്ല. മലയാളത്തെപ്പററി മാത്രം രണ്ടു വാക്കുകൂടി പറഞ്ഞുകൊണ്ടു് വിരമിച്ചുകൊള്ളാം.

മുമ്പുതന്നെ മററുകാര്യങ്ങൾ ഉദാഹരിയ്ക്കുന്നതിനിടയിൽ മലയാളത്തിൽനിന്നും ഈ പ്രസ്ഥാനത്തിനു ചില ഉദാഹരണങ്ങൾ കൊടുത്തിട്ടുണ്ടല്ലോ. ആംഗലസാഹിത്യത്തിൻെറ അവതരണത്തിനു ശേഷമേ ലിറിക്കു് എന്താണെന്നുള്ള പൂണ്ണബോധം നമുക്കുണ്ടായുള്ളു എന്നു പറയുന്നതു് വാസ്തവംതന്നെ. എന്നാൽ ലിറിക്കുകവിതകൾ

അതിനു മുൻപും ഇവിടെയുണ്ടായിരുന്നു. ഈയിടയ്ക്ക് ഇംഗ്ലീഷ് തോതിനെ അനുകരിച്ചു പലരും മലയാളത്തിൽ കവിതയെഴുതിയിട്ടുണ്ട്. ആശാൻെറ വീണപൂവ്, വള്ളത്തോളിൻെറ സാഹിത്യമഞ്ജരിയിലെ കവിതകളിൽ ഏറിയകൂറും, ഉള്ളൂരിൻെറ ചില കവിതകൾ ഇവയെല്ലാം ഇത്തരത്തിൽ ഉൾപ്പെടുന്നതെന്നു പറയാം. എന്നാൽ ഇതിൽ മിക്കതിനും മുൻപറഞ്ഞ പൂർണ്ണലക്ഷണങ്ങൾ യോജിയ്ക്കയില്ലതാനും.

"പതിവിനുലകുമേലുംവന്തു! പൊയ്യ്ക്കൊണ്ടിരിക്കും
മതിരവികളുദിക്കും മാരുതൻ സഞ്ചരിക്കും,
അതിലപാർസുഖിക്കാം ശൂന്യനായ് ഞാനെനിക്കി-
ക്ഷിതിയിനിമരുമാത്രം ജീവിതംഭാരമാത്രം."

എന്ന ശ്ലോകത്തിൽ വാക്കിലുള്ള വികാരാധിക്യം കവിയുടെ മനസ്സിലുണ്ടായിരിക്കയില്ലെന്നു നമുക്കു വേഗത്തിൽ മനസ്സിലാക്കാം. എന്നാൽ,

"പോരുംധീരചിത്തമേ, പ്രിയമെഴുന്നെന്നമ്മപോ-
യാൾവിര-
ഞ്ഞാരാൽനോക്കുകട്ടൃപത്രമതിലിക്കാണുന്നരൂക്ഷാക്ഷരം
നേരാമായതുനേരുതന്നെയറിയിക്കു സാധുവെൻമാതുലൻ-
പാരിൽപ്രാണിഗളസ്ഥയാം മൃതിമരിക്കാമമ്മരോഗാതുര."

എന്നതിലെ വികാരപ്രകടനവും വചനഭംഗിയും ഒരുപോലെ സുഖമായിട്ടുണ്ട്.

"അല്ലെങ്കിൽ കനിവേതെനിക്കുവിരഹക്ലേശാത്തയാം
തായെ ഞാൻ
തെല്ലും ഹാ! ഗണിയാതെയിന്നിരുപതാണ്ടോളം കഴിച്ചു-
ജഡൻ."

എന്ന വരികളിലെ വികാരമൂർഛ സവിശേഷം ശ്രദ്ധേയവുമാണ്.

മലയാളത്തിലുള്ള കവിതകൾ സാധാരണ അറിയാവുന്നതായതുകൊണ്ട് അധികം ഇവിടെ ഉദ്ധരിയ്ക്കണമെന്നു വിചാരിയ്ക്കുന്നില്ല. അതിൽ ചിലതെല്ലാം അതിവിശേഷമായ ഭംഗിയുള്ളവയാണ് എന്നു സമ്മതിച്ചേ തീരൂ. "എൻെറ ഗുരുനാഥൻ," "മാതൃവന്ദനം" തുടങ്ങിയ കവിതകൾ പ്രത്യേകം ആരാധനാർഹങ്ങളായി തോന്നിയിട്ടുള്ളതാണ്. യുവകവികളിൽ മുഖ്യനായ മിസ്ററർ മറവൂർ ഭാസ്കരൻനായരുടെ വിയോഗിനി സാഹിത്യാഭിമാനികളുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്.

"ചെറുമഞ്ജുതരംഗമേ! മണൽപ്പുറമേലും മമജീവ-
നാഥതൻ
നറുചെങ്കഴൽതൻെറ പാട്ടുനീവെറുതെ തെല്ലുമഴി
ക്കൊലാസഖേ!"

എന്ന പദ്യം ഒന്നുമാത്രം അദ്ദേഹത്തിൻെറ പദസ്വാധീനതയ്ക്കും ആശയലാളിത്യത്തിനും ലക്ഷ്യമായി ഉദ്ധരിച്ചുകൊള്ളുന്നു.

ഇത്രയുംകൊണ്ടു വിഷയത്തിൻെറ സ്വരൂപവും സ്വഭാവവും വ്യക്തമായിട്ടുണ്ടെന്നു വിശ്വസിയ്ക്കുന്നു. ഇമ്മാതിരിയുള്ള കവിതകളുടെ ആധിക്യംകൊണ്ടാണ് ഒരു സാഹിത്യത്തിൻെറ മേന്മ ഗണിയ്ക്കേണ്ടതെന്നു ചില പണ്ഡിതന്മാക്ക് അഭിപ്രായമുണ്ടു്. അതിനാൽ ഈ തരത്തിലുള്ള നല്ല കവിതകൾ നമ്മുടെ സാഹിത്യത്തിൽ ഇനിയും ഒട്ടധികം ഉണ്ടാകേണ്ടതാണെന്നു പ്രത്യേകം പറയണമെന്നില്ലല്ലൊ.

---

With the kind permission of
Mr. Suranad P. N. Kunjan Pillai M. A.

# VIII. സർ ആശുതോഷമുക്കർജി.

(കെ. പി. കരുണാകരമേനോൻ.)

വിവിധങ്ങളായ പ്രവൃത്തിരംഗങ്ങളിൽ വിസ്മയാവഹവും വിശേഷാത്തരവുമായ വിജയം സമ്പാദിക്കുകയും, സർവ്വതോമുഖമായ പാണ്ഡിത്യവൈഭവത്താലും, ഉജ്ജ്വലമായ പ്രതിഭാവിലാസത്താലും, സുദുർല്ലഭമായ സ്വാഭിപ്രായസ്ഥൈര്യത്താലും, തീക്ഷ്ണമായസ്വാതന്ത്ര്യതല്പരതയാലും ഭാരതീയരുടേയും, യൂറോപ്യന്മാരുടേയും അകൈതവമായ അഭിനന്ദനത്തിനു പാത്രീഭവിക്കുകയും ചെയ്ത നായകകുലാവതംസമാണ് സർ അശുതോഷമുക്കർജി. സത്യാന്വേഷകൻ, പണ്ഡിതശ്രേഷ്ഠൻ, അഭിഭാഷകൻ, പ്രാഡ്വിപാകൻ നിയമനിർമ്മാതാവ്, വിദ്യാഭ്യാസപ്രവർത്തകൻ, ദേശാഭിമാനി, വിദ്വൽസംഘങ്ങളുടെ രക്ഷാധികാരി, ഒരു ബോധനഗവേഷണകലാശാലയുടെ സ്രഷ്ടാവ് എന്നീ നിലകളിലെല്ലാം അശുതോഷമുക്കർജി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുകയും ആദരവിനെ ആർജ്ജിക്കുകയും ചെയ്യുന്നു.

### ജനനവും വിദ്യാഭ്യാസവും.

ഇദ്ദേഹം കല്ക്കട്ടായ്ക്കുസമീപമുള്ള 'ഭവാനിപുരം' എന്ന സ്ഥലത്ത് ൧൮൬൪-ാമാണ്ട് ജൂൺമാസം ൨൯-ാംതീയതി ഭൂലോകജാതനായി. അശുതോഷന്റെ പിതാവായ ഗംഗപ്രസാദമുക്കർജി സുപ്രസിദ്ധനായ ഒരു വൈദ്യകലാവിശാരദനായിരുന്നു. പിതാവിന്റെ സ്വാതന്ത്ര്യപ്രതിപത്തിയും വിജ്ഞാനസമ്പാദനതൃഷ്ണയും, ധീരതയും പുത്രനിൽ സംക്ര

മിച്ചു സമുല്ലസിക്കുന്നതിന്നിടയായി. കഥാനായകന്റെ വിദ്യാലയജ്ജീവിതം ഭാസുരമായിരുന്നു. കണക്കുശാസ്ത്രത്തിൽ അശുതോഷൻ അത്ഭുതകരമായ പ്രാഗത്ഭ്യം പ്രദർശിപ്പിച്ചു. ബെർനാഡ്സ്മിത്ത് എഴുതിയ കണക്കുശാസ്ത്രപരമായ ഒരു ഗ്രന്ഥത്തിലെ ചില പ്രമാദങ്ങൾ ഇദ്ദേഹം കണ്ടുപിടിക്കുകയും ഇതു സംബന്ധിച്ചു ഗ്രന്ഥകർത്താവിനു ഒരു കത്തയയ്ക്കുകയും ചെയ്തു. ഗ്രന്ഥകാരൻ "തെററു സമ്മതിക്കുകയും" ഷേക്‌സ്പീയർ കൃതികൾ മുഴുവനും പാരിതോഷികമായി വിദ്യാർത്ഥിയായ അശുതോഷനു് അയച്ചുകൊടുക്കുകയും ചെയ്തു. കണക്കുശാസ്ത്രസംബന്ധമായി കഥാനായകൻ നടത്തിയ ഗവേഷണങ്ങളുടെ ഫലങ്ങൾ "Mookerji's Theorems" എന്ന പേരിൽ ലോകപ്രസിദ്ധി സമ്പാദിക്കുകയും, കേംബ്രിഡ്ജ് സർവകലാശാലക്കാർ ഇവയെ അവരുടെ പാഠപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ൧൮൭൯-ൽ ഇദ്ദേഹം കൽക്കട്ടാ സർവകലാശാലയിലെ പ്രവേശനപ്പരീക്ഷയിൽ പ്രശസ്തമായ വിജയം നേടുന്നതിന്നിടയായി.

൧൮൮൦-ൽ അശുതോഷൻ പ്രസിഡൻസി കാളേജിൽ ചേർന്നു. കാളേജുസാഹിത്യസമ്മേളനങ്ങളിൽ ഇദ്ദേഹം ഉത്സാഹപൂർവം പങ്കെടുത്തു. അനന്തരകാലത്തു കഥാനായകനിൽ പ്രകാശിച്ച ഹൃദയംഗമമായ വാഗ്വൈഭവത്തിന്റെയും യുക്തിവാദനൈപുണിയുടേയും പരിശീലനരംഗമായിരുന്നു പ്രസ്തുത സാഹിത്യസമാജം. ബി. ഏ., എം. ഏ.-എന്നീ പരീക്ഷകളിലെ വിജയികളുടെ കൂട്ടത്തിൽ ഇദ്ദേഹം അഗ്രിമസ്ഥാനം കരസ്ഥമാക്കി. കണക്കുശാസ്ത്രപരമായ ചില ഗഹനപ്രശ്നങ്ങളെ വിഷയീകരിച്ചു

ഇദ്ദേഹം ഇംഗ്ലണ്ടിലെ ചില പ്രസിദ്ധപത്രഗ്രന്ഥങ്ങളിൽ പ്രസിദ്ധീകരിച്ച പ്രൌഢലേഖനങ്ങൾ അഭിജ്ഞന്മാരുടെ അഭിനന്ദനത്തിനു പാത്രീഭവിക്കുകയും, ലണ്ടനിലെ കണക്കു ശാസ്ത്രസംഘം, രാജകീയ ഗണിതശാസ്ത്രസംഘം എന്നീ വിഖ്യാതസമിതികളിലെ ഫെല്ലോ ആയി ഇദ്ദേഹത്തെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. "പ്രേമചന്ദരായ ചന്ദ വിദ്യാൎത്ഥിവേതന"മത്സരപ്പരീക്ഷയിലെ വിജയത്തിന്റെ ഫലമായി ഇദ്ദേഹത്തിനു ൭000 രൂപായും ഒരു സ്വൎണ്ണമെഡലും ലഭിച്ചു.

## വിദ്യാഭ്യാസകാൎയ്യങ്ങളിലുള്ള താല്പൎയ്യം.

യുവാവായിരുന്ന കാലത്തുതന്നെ വിദ്യാഭ്യാസപരങ്ങളായ പ്രമേയങ്ങൾ അശുതോഷന്റെ അഗാധമായ വിചിന്തനത്തിനും വിമർശനത്തിനും വിഷയീഭവിച്ചിരുന്നു. വിദ്യാമന്ദിരങ്ങളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിൽ സ്വീകരിക്കപ്പെടേണ്ട മാനദണ്ഡം യഥാൎത്ഥമായ പാണ്ഡിത്യമാണെന്നും, ഈ കാൎയ്യത്തിൽ ദേശീയമോ വൎഗ്ഗീയമോ ആയ ചിന്തകൾക്കു നാം ഒരിക്കലും വശംവദരാകരുതെന്നും ആയിരുന്നു ഇദ്ദേഹത്തിന്റെ സ്ഥിരമായ അഭിപ്രായം. അന്ന് കൽക്കട്ടാ ഹൈക്കോർട്ടിലെ ഒരു ജഡ്ജിയായിരുന്ന രമേശമിത്രൻ ഇൻഡ്യയിലെ കാളേജുകളിൽ യൂറോപ്യൻ പ്രൊഫസരന്മാരെ നിയമിക്കുന്നതിലുള്ള അനൌചിത്യത്തെപ്പററി ഒരവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഉടൻതന്നെ ഈ അഭിപ്രായത്തെ യുക്തിപൂൎവ്വം ഖണ്ഡിച്ചുകൊണ്ട് അശുതോഷൻ "സ്റ്റേററ്സ്മാൻ" പത്രത്തിലേയ്ക്കു് ഒരു ലേഖനമെഴുതി. അന്നു സെനററിലും സിൻ

ഡിക്കേററിലും അംഗങ്ങളായിരുന്നവർ വിദ്യാഭ്യാസകാര്യത്തിൽ ഗണനീയമായ വിജ്ഞാനമോ, ബുദ്ധിപൂർവമായ താല്പര്യമോ ഇല്ലാത്ത വൃദ്ധന്മാരായിരുന്നു. സർവകലാശാലയിൽനിന്നു് ഉന്നതബിരുദങ്ങൾ സമ്പാദിക്കുന്ന ധിഷണാസമ്പന്നന്മാരായ യുവാക്കന്മാരെ സെനററിലെ അംഗങ്ങളായും പരീക്ഷകന്മാരായും നിയമിച്ചു് വിദ്യാഭ്യാസപരമായ നയത്തിൻെറ രൂപവല്ക്കരണത്തിനും സർവകലാശാലയുടെ നിയന്ത്രണത്തിനും അവക്ക് അവസരം നൾകേണ്ടതിൻെറ ആശാസ്യതയെപ്പററി ഇദ്ദേഹം വാദിച്ചു. അധികംനാൾ കഴിയുന്നതിനു മുൻപു് അശുതോഷ മുക്കർജി സർവകലാശാലാപരീക്ഷകനായും, സെനററിലെ അംഗമായും നിയമിക്കപ്പെട്ടു. അന്നു് ഇദ്ദേഹത്തിനു് ഇരുപത്തിനാലുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു എന്ന വസ്തുത പ്രത്യേകം സ്മരണീയമാണു്.

## അഭിഭാഷകൻ—ന്യായാധിപൻ.

൧൮൮൮-ൽ മിസ്ററർ മുക്കർജി ബി. എൽ ബിരുദു് സമ്പാദിക്കുകയും, ഉടൻതന്നെ വക്കീൽവേലയിൽ പ്രവേശിക്കുകയും ചെയ്തു. ൧൮൯൪-ൽ ഇദ്ദേഹത്തിനു് "ഡാക്ടർ അഫ്- ലാ" എന്നു ബഹുമതി സിദ്ധിച്ചു. അചിരേണ അഭിഭാഷകവൃത്തിയിൽ അത്യുന്നതമായ സ്ഥാനത്തെ ഇദ്ദേഹം പ്രാപിക്കുന്നതിനിടയായി. ൧൯൦൪-ൽ മി. മുക്കർജി കൽക്കട്ടാ ഹൈക്കോടതിയിലെ ജഡ്ജിയായി നിയമിക്കപ്പെട്ടു. പത്തൊൻപതു സംവത്സരക്കാലം ഇദ്ദേഹം ഈ ഉദ്യോഗം വഹിച്ചു. വിസ്തൃതമായ ഈ കാലപരിധിയ്ക്കുള്ളിൽ, നിയമശാസ്ത്രത്തിൻെറ വിവിധശാഖകളെ

സ്പർശിയ്ക്കുന്നതായ രണ്ടായിരത്തിൽപരം "വിധി"കഠം ഇദ്ദേഹം "പ്രസ്താവിച്ചിട്ടുണ്ടു്." ഒരു നീതിന്യായാധിപൻെറ നിലയിൽ മി. മുക്കർജി പ്രദർശിപ്പിച്ച അഗാധമായ നിയമപാണ്ഡിത്യവും, അത്ഭുതാവഹമായ ഓമ്മശക്തിയും, അക്ഷീണമായ പരിശ്രമശീലവും, അനുകരണാഹമായ നിഷ്പക്ഷപാതിത്വവും സകലരുടേയും അവ്യാജമായ ആദരവിനു് പാത്രീഭൂതമാവുകയും, ഇൻഡ്യയിലെ ഹൈക്കോടതി ജഡ്ജിമാരിൽ പ്രഥമസ്ഥാനത്തിനു് അദ്ദേഹത്തെ അർഹനാക്കിത്തീക്കുകയും ചെയ്തു.

## രാഷ്ട്രീയകാര്യങ്ങഠം.

രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ ഇദ്ദേഹം ഒരിക്കലും ഭാഗഭാക്കായിരുന്നില്ല. അനുദ്യോഗസ്ഥനായിരുന്നപ്പോഠം വിദ്യാഭ്യാസകാര്യങ്ങഠം ഇദ്ദേഹത്തിൻെറ ഏകാഗ്രമായ ശ്രദ്ധയെ ആകഷിച്ചതിനാലും ഔദ്യോഗികജീവിതത്തിൽ അഭിപ്രായസ്വാതന്ത്ര്യം ഇല്ലാതിരുന്നതിനാലും ആയിരിക്കാം രാഷ്ട്രീയരംഗത്തിൽ നേതൃത്വം വഹിക്കുവാൻ മുക്കർജിയ്ക്കു സാധിക്കാഞ്ഞതു്. കൽക്കട്ടാ സർവ്വകലാശാലയുടേയും കാർപ്പറേഷൻെറയും പ്രതിനിധിയായി ബംഗാഠം നിയമസഭയിലേയ്ക്കും, ആ സഭയുടെ പ്രാതിനിധ്യം വഹിക്കുന്നതിനായി സാമ്രാജ്യനിയമസഭയിലേയ്ക്കും ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. ഈ അവസരങ്ങളിലെല്ലാം മി. മുക്കർജി പൊതുക്കാര്യങ്ങളെ ജനപക്ഷത്തുനിന്നുകൊണ്ടു് പ്രഗത്ഭമായി വിമർശിയ്ക്കുകയും സൃഷ്ടിപരമായ നിർദ്ദേശങ്ങഠം നൽകുകയും ചെയ്തു.

## വൈസ്ചാൻസലർ.

൧൯൦൬ മുതൽ ൧൯൧൪ വരെ ഇദ്ദേഹം കൽക്കട്ടാ സർവ്വകലാശാലയിലെ വൈസ്ചാൻസലർ സ്ഥാനം

വാറിച്ചു. ഇദ്ദേഹത്തിൻെറ ഭരണം സർവ്വകലാശാലാചരിത്രത്തിൽ നവ്യവും പ്രകാശമാനവുമായ ഒരു ഘട്ടത്തെ പ്രോൽഘാടനംചെയ്തു. അകൃത്രിമമായ ദേശാഭിമാനം, അവിശ്രാന്തമായ അദ്ധ്വാനം, സ്വപ്രത്യയസ്ഥൈര്യം, ധർമ്മധീരത, പൌരുഷം, പരിഷ്കരണോത്സുകത മുതലായി മി. മുക്കർജ്ജിക്കുണ്ടായിരുന്ന അത്യുത്തമഗുണവിശേഷങ്ങൾ പ്രതിഫലിച്ചു പ്രകാശിച്ചതു് അദ്ദേഹത്തിൻെറ സർവ്വകലാശാലാഭരണത്തിലായിരുന്നു. ഹൈക്കോടതിയുടെ വെക്കേഷൻകാലത്തു് പകൽ ൧൧ മണിമുതൽ രാത്രി ൮ മണിവരെ ഇദ്ദേഹം സെനറ്റ്മന്ദിരത്തിൽ നിരന്തരമായി ജോലി ചെയ്തുകൊണ്ടിരിക്കുക പതിവായിരുന്നു. മി. മുക്കർജ്ജി തന്നെ ഒരവസരത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്. "സർവ്വകലാശാലയുടെ അഭ്യുന്നതിയെ പുരസ്കരിച്ചുള്ള പ്രവൃത്തികൾക്കായി, ഞാൻ ഗവേഷണത്തിനും അഭ്യസനത്തിനുമുള്ള അവസരങ്ങളേയും, ഒരുപക്ഷേ കുഡുംബാംഗങ്ങളുടേയും സ്നേഹിതന്മാരുടേയും താല്പര്യങ്ങളേയും; നിശ്ചയമായി,—ഞാൻ വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു—എൻെറ ശരീരാരോഗ്യത്തേയും ബലികഴിച്ചിട്ടുണ്ടു്." ബംഗാളിഭാഷയെ പുനരുദ്ധരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും, സർവ്വകലാശാലയിൽ ആ ഭാഷ വാസ്തവത്തിൽ അർഹിക്കുന്ന ഉന്നതസ്ഥാനം അതിനു നൽകുന്നതിനും ഉള്ള ഇദ്ദേഹത്തിൻെറ ശ്രമങ്ങൾ സഫലങ്ങളായി. ബിരുദധാരികൾക്കു് വിവിധവിജ്ഞാനശാഖകളിൽ സ്വതന്ത്രമായി ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സൗകര്യസൌലഭ്യം ഈ സർവകലാശാലയിൽ സൃഷ്ടിച്ചതു് മി. മുക്കർജ്ജിയാണു്. ഗവേഷണത്തിനു വിധേ

യമായിട്ടുള്ള വിഷയങ്ങളുടെ വൈവിധ്യവും പരിശ്രമശീലന്മാരായ പണ്ഡിതന്മാരുടെ പ്രയത്നഫലത്തിൻെറ മഹനീയതയും പരിഗണിക്കുമ്പോൾ, കൽക്കട്ടാ സർവകലാശാല ഒരു അഖിലഭാരതപ്രസ്ഥാനത്തിൻെറ മാൎഗ്ഗദൎശകസ്ഥാനവും നേതൃപദവിയും അൎഹിക്കുന്നുവെന്നു ആൎക്കും അനായാസേന മനസ്സിലാകുന്നതാണ്. പ്രസ്തുത പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവെന്നുള്ള നിലയിലാണ് കഥാനായകൻെറ നാമധേയം ശശ്വൽസ്മരണീയമായിത്തീരുവാൻ ഇടയുള്ളതു്. കൽക്കട്ടാ സർവകലാശാലയിലെ ഗവേഷണപരിപാടി ഇന്നു പ്രധാനവിഷയങ്ങളെ പ്രതിനിധീകരിക്കുന്നുണ്ടു്. പാലി, ടിബററിലേയും ചൈനായിലേയും ഭാഷകൾ, പുരാതന ഭാരതചരിത്രം, ബുദ്ധമതം, ഇസ്ലാംമതം, ഭാരതീയ ദേശഭാഷകൾ, ഭാഷാശാസ്ത്രം, പ്രായോഗികമനശ്ശാസ്ത്രം, വാണിജ്യം, ഇന്നിവ പ്രധാനവിഷയങ്ങളിൽ ചിലതു മാത്രമാണ്.

൩൦ വർഷക്കാലത്തോളം വിദ്യാഭ്യാസത്തിൻെറ പുരോഗമനത്തെ ലക്ഷ്യമാക്കിയുള്ള നിസ്വാൎത്ഥസേവനത്തിനായി ജീവിതസമൎപ്പണംചെയ്ത മഹാശയനാണ് അശുതോഷമുക്കർജി. ദേശീയ സ്വാതന്ത്ര്യത്തിനും സമുൽക്കർഷത്തിനും സംസ്കാരികമായ സമുദ്ധാരണം അത്യന്താപേക്ഷിതമാണെന്നു് ഇദ്ദേഹം വിശ്വസിച്ചിരുന്നു. ഉൽകൃഷ്ടമായ ഈ ഉദ്ദേശത്തെ നിർവഹിക്കുന്നതിനുള്ള ഉപകരണമായി സർവകലാശാലയെ ഇദ്ദേഹം ഉപയോഗിച്ചു. സ്വന്തം ഭാഗധേയത്തെ യഥേഷ്ടം രൂപവൽക്കരിക്കുന്നതിനുള്ള പരിപൂൎണ്ണമായ അഭ്യന്തരഭരണസ്വാതന്ത്ര്യം ഒരു സർവകലാശാലയ്ക്കുണ്ടായിരിക്കേണ്ടതാണെന്നു് മി. മുക്കർ

ജി ദൃഢമായി വിശ്വസിക്കുകയും, ഗവൎമ്മേണ്ടിന്റെ പ്രവൃത്തികൾ പ്രസ്തുത സ്വാതന്ത്ര്യത്തെ ധ്വംസിക്കുവാൻ പൎയ്യാപ്തമായിതീൎന്നപ്പോഴെല്ലാം ഇദ്ദേഹം അവയെ പൌരുഷത്തോടും ധീരതയോടുംകൂടി പ്രതിഷേധിക്കുകയും ചെയ്തു.

"പൌരസ്ത്യസംഘം"

൧൯൦൭ മുതൽ ൧൯൦൯ വരെ മി. മുക്കർജി "പൌരസ്ത്യസംഘ"ത്തിന്റെ അദ്ധ്യക്ഷനായിരുന്നു. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇദ്ദേഹം ചെയ്ത പ്രസംഗങ്ങൾ വിവിധമുഖമായ വൈദുഷ്യത്തെ പ്രത്യക്ഷീകരിക്കുന്നു. പുരാതന ഹൈന്ദവശാസ്ത്രത്തിന്റെയും സാഹിത്യത്തിന്റെയും ചരിത്രത്തിലെ അന്ധകാരാവൃതങ്ങളായ പല ഘട്ടങ്ങളേയും പ്രകാശപൂൎണ്ണമാക്കുന്നതിനായി ടിബെററൻ ഭാഷയും, മഹമ്മദീയ നിയമത്തിന്റെ വിശദീകരണത്തിനും തദ്വാരാ ഭാരതീയനിയമലോകത്തിലെ ഒരു പ്രധാനന്യൂനതയുടെ ദൂരീകരണത്തിനുമായി അറബിഭാഷയും, രാജപുട്ടാണയുടെ ചരിത്രത്തിന്റെ ഹൃദ്യതയും മോഹനതയും പൂൎണ്ണമായി ഗ്രഹിക്കുന്നതിന്ന് ആ രാജ്യത്തിലെ വീരദേശാഭിമാനികളുടെ കൃത്യങ്ങളെ കീൎത്തനംചെയ്യുന്ന പുരാതനഗാഥകൾ എഴുതപ്പെട്ടിട്ടുള്ള ഭാഷയും പഠിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി മി. മുക്കർജി ഈ പ്രസംഗങ്ങളിൽ ജനങ്ങളെ ഉൽബോധിപ്പിച്ചു. ശാസ്ത്രീയപരീക്ഷണങ്ങളുടെ ഫലമായി വെളിപ്പെട്ടുകൊണ്ടിരുന്ന നവീനതത്വങ്ങളെ ഇദ്ദേഹം എല്ലാപ്പോഴും സന്തോഷപൂർവം സ്വാഗതംചെയ്തു. കൽക്കട്ടായിൽവച്ചു നടത്തപ്പെട്ട പ്രഥമശാസ്ത്രീയസമ്മേളനത്തിന്റെ പ്രോൽഘാടനകൎമ്മം നിവഹിച്ചതു് ഇദ്ദേഹമായിരുന്നു. മി. മുക്കർജി സംസ്കൃതഭാഷയിൽ

നടത്തിയ കാൺവൊക്കേഷൻ പ്രസംഗങ്ങൾ, ആ ഭാഷയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അസാമാന്യമായ അവഗാഹത്തെ വിശദമാക്കി.

## നിസ്സഹകരണപ്രസ്ഥാനം.

മഹാത്മാഗാന്ധിയുടെ നിസ്സഹകരണപ്രസ്ഥാനത്തിന്റെ പ്രവത്തനഫലമായി എൻ.എ.-ൽ വിദ്യാത്ഥികൾ വിദ്യാലയങ്ങൾ അഭ്യവകർഷണം ചെയ്യുവാൻ ആരംഭിച്ചു. മഹാത്മജിയുടെ രാഷ്ട്രീയകാൎയ്യപരിപാടിയിൽ വിദ്യാലയപരിവജ്ജനം ഉൾപ്പെടുത്തിയതു് ബുദ്ധിപൂവ്വമല്ലെന്നായിരുന്നു മി. മുക്കർജിയുടെ അഭിപ്രായം. അനേകവർഷക്കാലം താൻ ചെയ്ത അനസ്യൂതമായ യത്നങ്ങളുടെഫലമായി പ്രശസ്തനിലയിലെത്തിയ വിദ്യാഭ്യാസകേന്ദ്രങ്ങൾ ജനതയുടെ താല്ക്കാലികമായ വികാരവിക്ഷോഭം നിമിത്തം പരിത്യക്തങ്ങളാകുവാൻ ഇദ്ദേഹം അനുവദിച്ചില്ല. സവ്കലാശാലാവിദ്യാഭ്യാസത്തിൽ ന്യൂനതകളുണ്ടെങ്കിൽ, ആ വിദ്യാഭ്യാസത്തെ പരിത്യജിക്കുകയല്ല, ദേശീയമായ പരിവത്തനത്തിനു അതിനെ വിധേയമാക്കുകയാണു വേണ്ടതെന്നും ഇദ്ദേഹം വിദ്യാത്ഥിവൃന്ദത്തെ ഉപദേശിച്ചു.

## സ്മരണീയമായ ഒരു സംഭവം.

മി. മുക്കർജിയുടെ ധിഷണാവൈഭവത്തെയും പാണ്ഡിത്യപ്രഭാവത്തെയും പററി അന്നു് ഇൻഡ്യയിലെ വൈസ്രായിയായിരുന്ന കഴ്സൻപ്രഭുവിനു് അകൃത്രിമമായ ആദരവുണ്ടായിരുന്നു. ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിന്റെ പ്രചുരപ്രചാരംനിമിത്തം ഭാരതീയക്കു സിദ്ധിച്ചിട്ടുള്ള സാംസ്കാരസമുല്ക്കർഷത്തിന്റെ പരിമാണം പാശ്ചാത്യർ നേരിട്ടു ഗ്രഹി

ക്കുന്നതിനായി മി. മുക്കർജ്ജിയെ യൂറോപ്പിലേയ്ക്കു് അയച്ചാൽകൊള്ളാമെന്നു് കഴ്സൻപ്രഭു അഗ്രഹിച്ചു. പാശ്ചാത്യദേശപര്യടനം നടത്തുവാൻ മുക്കർജ്ജിയെ പ്രേരിപ്പിക്കുന്നതിനായി "സർ ജാൺവുഡ്ബേൺ" നിയുക്തനായി. സമുദ്രതരണം അവിഹിതമാണെന്നുള്ള തൻെറ മാതാവിൻെറ സുദൃഢമായ അഭിപ്രായത്തെ അനാദരിച്ചു പ്രവൃത്തിക്കുവാൻ വിചാരിക്കുന്നില്ലെന്നായിരുന്നു മി. മുക്കർജ്ജിയുടെ മറുപടി. ഒടുവിൽ കഴ്സൻപ്രഭുതന്നെ ഒരു അഭിമുഖസംഭാഷണത്തിനായി മുക്കർജ്ജിയെ ക്ഷണിച്ചു. വൈസ്രോയി തൻെറ അഭ്യർത്ഥനയെ ആവർത്തിക്കുകയും മുക്കർജ്ജി സ്വമാതാവിൻെറ പ്രതികൂലമായ മനോഭാവത്തെ അസ്പദമാക്കി അതിനെ വീണ്ടും നിരാകരിക്കുകയും ചെയ്തു. പ്രക്ഷുബ്ധനായ പ്രഭു ഒടുവിൽ ഇപ്രകാരം പറഞ്ഞു: "ഇൻഡ്യയുടെ വൈസ്രോയിയും ഗവർണ്ണർ ജനറലുമായ അദ്ദേഹം, യൂറോപ്പിൽ പോകുന്നതിനു് അവരുടെ മകനോടു് ആജ്ഞാപിക്കുന്നുവെന്നു് നിങ്ങളുടെ മാതാവിനോടു പറയുക" ഉടൻതന്നെ യാതൊരു സംശയവും കൂടാതെ അചഞ്ചലമായ സ്വരത്തിൽ മുക്കർജ്ജി മറുപടി പറഞ്ഞു: "അങ്ങനെയാണെങ്കിൽ, തൻെറ പുത്രനു് ആജ്ഞ നൽകുന്നതിനുള്ള അധികാരം തനിക്കല്ലാതെ ഇൻഡ്യയുടെ വൈസ്രോയിക്കോ അതിനേക്കാൾ ഉന്നതസ്ഥാനം വഹിക്കുന്ന ആളിനോ ഇല്ലെന്നുള്ള പരമാർത്ഥത്തെ എൻെറ മാതാവിനുവേണ്ടി ഞാൻ ഇൻഡ്യയുടെ വൈസ്രോയിയോടു പറയുന്നു." പൌരുഷപ്രകർഷപ്രകാശകവും മാതൃഭക്തിപ്രദ്യോതകവുമായ ഈ മറുപടി ഒന്നുമാത്രം മതി ലോകത്തിലെ വീരപുരുഷന്മാരുടെ പംക്തിയിൽ മുക്കർജ്ജിക്കു് പരമോന്നതമായ ഒരു സ്ഥാനംനൽകുന്നതിനു്.

ചരമം.

൧൯൨൪-ാമാണ്ടു് മേമാസം ൨൫-ാംതീയതി തൻെറ അറുപത്തിഒന്നാമത്തെ വയസ്സിൽ മി. മുക്കർജി പരലോകപ്രാപ്തനായി.

വ്യക്തിവൈശിഷ്ട്യം.

ചിന്താലോകത്തിലും പ്രവൃത്തിരംഗത്തിലും ഒരുപോലെ നേതൃത്വം വഹിക്കുന്നതിനുള്ള യോഗ്യതയാൽ ജന്മനാ അനുഗ്രഹീതനായ ഈ മഹാൻ ശ്രേഷ്ഠങ്ങളായ ആദർശങ്ങളെ ലക്ഷീകരിച്ചു പ്രവർത്തിക്കുന്നതിൽ അത്ഭുതകരമായ മനോദാർഢ്യം പ്രദർശിപ്പിച്ചിരുന്നു. സൃഷ്ടിപരമായ ധിഷണാശക്തിയാണു് ഇദ്ദേഹത്തിനുണ്ടായിരുന്നതു്. ആദർശപ്രതിപത്തിയും കർമ്മകുശലതയും മി. മുക്കർജി തൻെറ ജീവിതത്തിൽ പ്രത്യക്ഷപ്പെടുത്തി. പ്രാദേശികവും വർഗ്ഗീയവുമായ മനോഭാവവും സങ്കുചിതമായ ദേശീയത്വവും ഇദ്ദേഹത്തെ സ്പർശിച്ചിരുന്നില്ല. മനസ്സാക്ഷിയുടെ പ്രചോദനത്തിൽനിന്നു പ്രാദുർഭവിച്ച സ്വപ്രത്യയസ്ഥൈര്യം ഇദ്ദേഹത്തിനെ ആത്മമിത്രവും അജയ്യശത്രുവും ആക്കിത്തീർത്തു. നിർവ്വാണപര്യന്തം പരാജയം എന്തെന്നറിഞ്ഞിട്ടില്ലാത്ത വീരയോദ്ധാവായിരുന്നു ഈ പുരുഷരത്നം. ഇദ്ദേഹത്തിൻെറ അഗാധമായ ഈശ്വര[illegible]ാഡംബരമായ ജീവിതരീതിയും പ്രത്യേകം പ്രസ്താവ്യമായ[illegible]ംസാഹവുമാകുന്നു. ഹിന്ദുമതത്തിനോടു് ഇദ്ദേഹത്തിനു ഗാഢമായ ആദരവുണ്ടായിരുന്നു. സാമുദായികകാര്യങ്ങളിൽ അർത്ഥശൂന്യങ്ങളായ ആചാരങ്ങളെ അന്ധമായി അനുവർത്തിച്ച ഒരു യാഥാസ്ഥിതികനല്ലായിരുന്നു മി. മുക്കർജി. ദോഷഭൂയിഷ്ഠങ്ങളായ സാമുദായികാചാരങ്ങളെ ലംഘിക്കു

KRISHNA VILASOM GRANDHASALA

ന്നതിൽ പൊതുജനാഭിപ്രായപ്രാതികൂല്യത്തെ ഇദ്ദേഹം ഗണ്യമാക്കിയില്ല. ഇൻഡ്യയുടെ പ്രോജ്വലമായ പൂർവ്വചരിത്രം അഭിമാനപ്രദങ്ങളായ സ്മരണകളെ ഇദ്ദേഹത്തിൻെറ ഹൃദയത്തിൽ ഉദ്ദീപിപ്പിച്ചു. എന്നാൽ നാം നമ്മുടെ പുരാതനസംസ്കാരത്തിൻെറ മഹനീയതയെ അനുസ്മരിച്ച് ആനന്ദിച്ചുകൊണ്ടിരുന്നാൽ പോരെന്നും പ്രാചീനങ്ങളായ ആചാരങ്ങൾക്കും ആശയങ്ങൾക്കും കാലാനുകൂലമായ മാററങ്ങൾ വരുത്തുകയും നവീനപരിഷ്കാരത്തിലെ ഗുണപുഷ്കലങ്ങളായ ഭാഗങ്ങളെ നാം സ്വീകരിക്കുകയും ചെയ്യുവെങ്കിൽമാത്രമേ നമ്മുടെ രാജ്യത്തിനു ലോകത്തിലെ മററു രാഷ്ട്രങ്ങളുടെ കൂട്ടത്തിൽ വീണ്ടും ഗണനീയമായ ഒരു സ്ഥാനം ലഭിക്കുകയുള്ളുവെന്നും മി. മുക്കർജി ദൃഢമായി വിശ്വസിച്ചിരുന്നു.

കീർത്തനീയചരിതനായ ഈ വീരനേതാവിൻെറ ആത്മാവ് നിത്യനിർവാണത്തെ പ്രാപിക്കട്ടെ!

---

With the kind permission of Mr. K. P. Karunakara Menon.

# IX. യുവലോകവും സാഹിത്യവും.

[ബി. ആനന്ദവല്ലി അമ്മ, എം. ഏ. (ഓണേഴ്സ്.)]

"യുവത്വം" എന്ന മനോഹരശബ്ദത്തിൽ എത്രയെത്ര ഗംഭീരഭാവങ്ങളും, ശാശ്വതാദർശങ്ങളും അന്തർഭവിച്ചിരിക്കുന്നു. സമ്മുഖത്തിൽ വിടൎന്നുവന്ന പ്രപഞ്ചം മുഴുവനും പരിമളം പരത്തേണ്ട ശ്വേതാബ്ജമുകുളങ്ങളായി കവികുലം യുവലോകത്തെ ദർശിക്കുന്നു. ജീവിതാശകളുടേയും നവീനാശയങ്ങളുടേയും വിളനിലവും യുവഹൃദയങ്ങൾതന്നെ. നൂതനലോകത്തേയും, ആനന്ദപൂൎണ്ണമായ സ്വൎഗ്ഗത്തേയും പ്രതീക്ഷിക്കുന്ന ആശാകേന്ദ്രങ്ങളും മററാരുമല്ല. മനുജവംശത്തിൻെറ ഭാവിയിലെ ഐശ്വൎയ്യം മുഴുവൻ നിക്ഷേപിച്ചിരിക്കുന്നതു് "യുവത്വ"ത്തിലാണെന്നു്, ആംഗലഗ്രന്ഥകാരനായ 'ബിക്കൺസ്ഫീൽഡ്' പ്രഭു പറഞ്ഞിരിക്കുന്നതു് എത്രയോ പരമാൎത്ഥമാണു്.

ലോകചരിത്രം യുവജനങ്ങളുടെ പ്രവൎത്തനസംഗ്രഹമാകുന്നു. രാഷ്ട്രീയമായും, സാമുദായികമായുമുള്ള സകലവിധ അഭിവൃദ്ധിയും പരിഷ്ക്കാരങ്ങളും, വിപ്ലവങ്ങളും യുവത്വത്തിൽ ലയിച്ചുകിടക്കുന്ന അപ്രമേയശക്തികളുടെ പ്രവൎത്തനവും പ്രദർശനവുമത്രെ. പരിതാപകരങ്ങളായ കശപിശകൾക്കു ചിലപ്പോൾ യുവജനങ്ങൾ കാരണമായിത്തീർന്നാലും, നമ്മുടെ മാതൃഭൂമിയുടെ നാനാമുഖങ്ങളായ അഭ്യുദയത്തിനും, ഭാവിശ്രേയസ്സിനും നിദാനം അവർ തന്നെയാണെന്നു പുരാതനചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നു.

ലോകസാഹിത്യത്തിന്റെയും ഒട്ടുമുക്കാൽഭാഗവും "യുവത്വ"ത്തിന്റെ പ്രതിഷ്ഠയത്രെ. യുവവികാരങ്ങൾ കവിതകളായും, യുവചാപല്യങ്ങൾ കഥകളായും, യുവലോകനടപടികൾ ദൃശ്യകവനങ്ങളായും, അവരുടെ പ്രവൃത്തിസംഗ്രഹം ജീവചരിത്രങ്ങളായും തീൎന്ന ലോകചരിത്രത്തിൽ അനശ്വരമായ ഒരു സ്ഥാനം യുവലോകത്തിനു നൾകുന്നുണ്ടു്. ഷേക്സ്പീയരുടെ മഹത്തായ Tragedies (ദുഃഖപര്യവസായികളായ നാടകങ്ങൾ) എല്ലാം മദ്ധ്യവയസ്സു കഴിഞ്ഞ ശേഷം രചിക്കപ്പെട്ടവയാണെങ്കിലും, അവയിലെ പ്രതിപാദ്യവിഷയം യുവലോകത്തിന്റെ ചേഷ്ടകളും സ്മരണകളുമാകുന്നു. ലീയർ രാജാവു വന്ദ്യവയോധികനാണെങ്കിൽ, അദ്ദേഹത്തിന്റെ ജീവിതത്തെ ദുഃഖസമ്പൂൎണ്ണമാക്കുന്നതു്, അത്യാഗ്രഹികളും, സാഹസികളുമായ ചില യുവതീയുവാക്കന്മാരും, അദ്ദേഹത്തിന്റെ അന്ത്യശുശ്രൂഷകൾ ചെയ്യുന്നതു് പിതൃവാത്സല്യം വഴിഞ്ഞൊഴുകുന്ന യുവതിയായ കോർഡീലിയായുമാണു്. മിൽട്ടൻ എന്ന മഹാകവി അന്ത്യകാലദശയിൽ രചിച്ച "പറുദീസാനഷ്ടം" (Paradise Last) എന്ന മഹാകാവ്യം പാഠ്യപുസ്തകക്കമ്മിററിയുടെ പ്രേരണകൂടാതെ സാധാരണന്മാർ വായിക്കുക പതിവില്ല. എന്നാലോ, അദ്ദേഹത്തിന്റെ യുവദശയിലെ ഉത്സാഹസമ്പൂൎണ്ണങ്ങളായ കവനങ്ങൾ വായിക്കുവാൻ ഏവനും പ്രത്യേകമായ ഒരു കൗതുകമുണ്ടു്. യുവസ്വഭാവത്തിനു സഹജമായുള്ള മനോധൎമ്മബാഹുല്യത്തിന്റെയും, പ്രതിഭാവിലാസത്തിന്റെയും ശക്തിമത്തായ പ്രവൎത്തനം, ഷെല്ലി, കീററ്സ് തുടങ്ങിയ സാഹസികളായ യുവകവികളുടെ ആത്മഗീതങ്ങളിൽ ദൃശ്യമാകുന്നു. യുവത്വത്തിന്റെ തള്ളിച്ചയും, സ്വാത

ന്ത്ര്യവും ഭോഗവാഞ്ഛയും ബൈറൺൻെറ കൃതികളിൽ പ്രതിഫലിച്ചു കാണുന്നുണ്ടു്.

ആംഗലസാഹിത്യത്തിലെന്നപോലെ, നമ്മുടെ സാഹിത്യത്തിനേയും, യുവവദനപ്രഭ ഉജ്ജ്വലമാക്കുന്നുണ്ടു്. യുവഹൃദയത്തിൻെറ മനോഹരഭാവങ്ങൾ പഞ്ചപാണ്ഡവരായി, യുവതത്വത്തിൻെറ പ്രതിച്ഛായയായ ഈശ്വരതത്വത്തിൻെറ സഹായത്തോടെ, മനുഷ്യസഹജങ്ങളായ ദുഷ്ടവിചാരങ്ങളെന്നു സമർത്ഥിക്കാവുന്ന കൗരവരോടു പോരാടി വിജയം പ്രാപിക്കുന്ന ഭാരതകഥ, യുവഭാരത സ്മരണകൾകൊണ്ടു തിങ്ങിയിരിക്കുന്നു. യുവതത്വത്തിൻെറ ഒരു മനോഹരഭാവമാണു് അഭിമന്യു. യുവചാപല്യങ്ങളാൽ വഞ്ചിതനാകാതെ, ത്യാഗത്താലും, സത്യനിഷ്ഠയാലും പ്രേരിതനായി ക്ഷണപ്രഭാചഞ്ചലങ്ങളായ സുഖമോഹങ്ങളെ ത്യജിച്ചു, ജീവിതാരണ്യത്തിൽ പ്രവേശിച്ച യുവാവു്, സാഹസപ്രതിഷ്ഠയായ ലക്ഷ്മണൻെറ സഹകരണത്തോടെ, യുവഹൃദയ നൈർമ്മല്യമാകുന്ന സതീതത്വത്തെ, ദുഷ്പ്രേരണകളായ രാക്ഷസരിൽനിന്നും രക്ഷിക്കുന്ന ചിത്രം, ശ്രീരാമചരിതമായി, പൌരസ്ത്യരുടെ യശഃസ്ഥാപനമായി പ്രശോഭിക്കുന്നു. വടക്കൻപാട്ടുകൾ, തച്ചോളിപ്പാട്ടുകൾ, എന്നിവയെല്ലാം യുവകേസരികളായ തേജസ്വികളുടെ ചരിത്രാഖ്യാനങ്ങളാകുന്നു. പ്രായംകൊണ്ടു പരിപാകത വന്നിട്ടുള്ള രാമരാജബഹദൂർ, കേശവപിള്ള ദിവാൻജി, പങ്കിപ്പണിക്കർ എന്നീ ഗുരുവരന്മാരുടെ നേതൃത്വത്തിൽ ലോകജീവിതം അഭ്യസിക്കുന്നവരും ലോകം തകൎക്കുന്നവരും, ലോകം ജയിക്കുന്നവരുമായ യുവതീയുവാക്കന്മാരാണു് സീ. വി. യുടെ കഥാപാത്രങ്ങൾ.

മാർത്താണ്ഡവർമ്മയാകട്ടെ, അജയ്യമായ യുവശക്തിയുടെ പ്രവാഹംതന്നെ. ത്യാഗിയായ യുവാവിൻെറ ആത്മപരിത്യാഗത്തെ ഉള്ളൂർ മഹാകവി പ്രശംസിക്കുമ്പോൾ, കാട്ടിലകപ്പെട്ടതെങ്കിലും, മോഹിനിയുടെ ചാടുവചനങ്ങൾക്കു വഴിപ്പെടാതെ, സന്ധ്യാവന്ദനത്തിനു സ്വഗൃഹമെത്താൻ ദ്ധൃതിപ്പെടുന്ന യുവാവിൻെറ ആത്മസംയമനത്തെ കീത്തിച്ചും, രാധയുടെ കാമുകൻെറ ചാപല്യത്തെ അപലപിച്ചും, ധർമ്മത്തിൽനിന്നും വ്യതിചലിക്കുവാൻ ഭാവിയ്ക്കുന്ന നാഗിലാകമിതാവിൻെറ അസ്ഥിരതയെ പഴിച്ചും, യുവലോകത്തെ വള്ളത്തോൾ ചിത്രീകരിക്കുന്നു. ആശാനോ? യുവഹൃദയത്തിലെ വിചാരങ്ങളേയും, വികാരങ്ങളേയും, ശക്തികളേയും, പ്രേമസമ്പത്തിനേയും എന്നെന്നേയ്ക്കുമായി പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇങ്ങനെ പരിശോധിക്കുന്നപക്ഷം, ലോകസാഹിത്യം ഏറിയകൂറും, യുവലോകത്തിൻെറ ആശയങ്ങളുടേയും, ആദർശങ്ങളുടേയും, അഭിപ്രായങ്ങളുടേയും, വികാരങ്ങളുടേയും രത്നച്ചുരുക്കമാണെന്നു കാണാം.

ഈ വിധത്തിൽ യുവത്വത്തിൻെറ പ്രതിഫലനമായിക്കാണുന്ന സാഹിത്യത്തോട്ട് അനുപേക്ഷ്യമായ പല കർത്തവ്യങ്ങളും യുവസമുദായത്തിനുണ്ട്. രാഷ്ട്രീയമായും സാമുദായികമായും, സാമ്പത്തികമായുമുള്ള പ്രബുദ്ധതയ്ക്കെന്നപോലെ, കേരളീയസംസ്കാരത്തിൻെറ പുനരുദ്ധാരണത്തിനു ചുമതലപ്പെട്ടവരും യുവതീയുവാക്കന്മാരാണെന്നു സമ്മതിയ്ക്കാതെ തരമില്ല.

ഏതു രാജ്യത്തിൻേറയും പുരോഗതിക്കു നിദാനം അതിലുള്ളവരുടെ ദേശീയമനഃസ്ഥിതിയാണു്. ബാഹ്യമായ

സ്വദേശിവ്രതം കൊണ്ടുമാത്രം വലിയ മെച്ചമൊന്നുമില്ല. രാഷ്ട്രീയമനോഭാവത്തെയും, സമുദായബോധത്തെയും, പ്രവൃദ്ധമാക്കാൻ ഇച്ഛിക്കുന്നവർ, ദേശീയങ്ങളായ സകലതിനേയും ആരാധിക്കണം. നമ്മുടെ പൂർവ്വീകന്മാർ നമുക്കായി ആർജ്ജിച്ചുവച്ചിട്ടുള്ള ലളിതകലകൾ, സാഹിത്യം, ദേശീയ വിനോദങ്ങൾ തുടങ്ങിയ അനശ്വരസമ്പത്തുകൾ നാം അഭിമാനപൂർവ്വം സംരക്ഷിയ്ക്കേണ്ടതാണ്. ഇൻഡ്യയിൽ നല്ലതായി വല്ലതുമുണ്ടെന്നു സ്ഥാപിക്കണമെങ്കിൽ—ഗീതയുടെ മാഹാത്മ്യം കൂടി വിശദമാക്കണമെങ്കിൽ— വെള്ളക്കാരൻെറ സർട്ടിഫിക്കറ്റു കൂടാതെ ഗത്യന്തരമില്ലെന്നു ശ്രീ വിവേകാനന്ദസ്വാമി ഒരവസരത്തിൽ പറയുകയുണ്ടായി. പരമാർത്ഥമാണുതാനും.

ഭോഗനിസ്പൃഹരും, യോഗൈകനിരതരും, ഋഷിവര്യരുമായ മഹാന്മാരുടെ ചിന്താസമൂഹമായ സാഹിത്യം; ഏകാന്തവിഷത്തെ അമൃതാക്കി, ഹൃദയത്തെ സംസ്കരിച്ച്, ആത്മാവിനെ ബ്രഹ്മാനന്ദപദവിയിലേക്കു നയിക്കുന്ന സാഹിത്യം, ആ സാഹിതീദേവിക്കുണ്ടോ ജാതിമതവ്യത്യാസങ്ങൾ. ദിവ്യചൈതന്യം വിതറി, മഹാശയങ്ങളെ പ്രതിഭാവിലാസത്തോടുകൂടി പാമരന്മാൎക്കുവേണ്ടി സ്ഥിരപ്രതിഷ്ഠനൽകുവാൻ സദാപി യത്നിച്ചുകൊണ്ടിരിക്കുന്ന മഹത്തുക്കളായ സാഹിതീഭക്തന്മാർ സ്വകൃതികൾ ഏതുഭാഷയിൽ രചിച്ചാലും അമൂല്യസമ്പത്തുതന്നെ ലോകത്തിനു പ്രദാനം ചെയ്യുന്നു.

വെള്ളക്കാരിയെ കണ്ടിട്ടു ഭ്രമിച്ചു സ്വന്തം മാതാവിനെ വിസ്മരിക്കുന്നവരായിരിക്കയില്ല, സ്വദേശഭക്തരും സ്വദേശിവ്രതാനുഷ്ഠാക്കളുമായ ഇന്നത്തെ യുവലോകം.

ഇംഗ്ലീഷുവിദ്യാഭ്യാസാരാമത്തിലെ മന്ദമാരുതസുഖം അനുഭവിക്കുമ്പോൾ, നമ്മുടെ കർമ്മഭൂമിയേയും, അതിന്റെ മനോഹരഭാഷയേയും വിസ്മരിക്കുകയോ? വിദേശീയഭാഷകളിൽ എത്രതന്നെ നൈപുണ്യം സമ്പാദിച്ചാലും, ഹൃദയാവർജ്ജകമായ നമ്മുടെ മാതൃഭാഷാസാഹിത്യത്തോടും, നമ്മുടെ മതത്തിന്റെ ഭണ്ഡാഗാരമായ പരിപാവനസംസ്കൃതത്തോടുമുള്ള പ്രതിപത്തിക്കു ഭംഗംവരുകയോ? ശൈശവത്തിൽ കിളിക്കൊഞ്ചൽ ഏതുരൂപത്തിൽ? മുലപ്പാലോടുകൂടി നമ്മുടെ മെയ്യിൽ ഒന്നായിച്ചേർന്ന അമൃതു് ഏതാണു്? ആ മാതൃഭാഷയും അതിലെ സാഹിത്യവും, നമ്മുടെ മാതാവിനെപ്പോലെ, നമ്മുടെ മാതൃരാജ്യത്തെപ്പോലെ, യുവജനങ്ങളുടെ ഭക്ത്യാദരങ്ങൾക്കു പാത്രമാവേണ്ടതല്ലേ. അതിന്റെ ഉദ്ധാരണം നമ്മുടെ കർത്തവ്യമല്ലെ.

അംഗലസാഹിത്യത്തോടു കിടനിൽക്കുവാനുള്ള യോഗ്യത നമ്മുടേതിനുണ്ടെന്നു ഞാൻ അഭിമാനിക്കുന്നില്ല. ഒരു വലിയ സാമ്രാജ്യത്തിലെ രാഷ്ട്രഭാഷ, സ്വതന്ത്രവും വിസ്തൃതവുമായ ഒരു കേന്ദ്രത്തിലെ പ്രജകളുടെ ദേശീയഭാഷ, അനേകംകൊല്ലങ്ങളായി യാതൊരു കോട്ടവും കൂടാതെ വളർന്നുവരുന്ന അംഗലഭാഷ, അതിനുള്ള വ്യാപ്തിയും ശക്തിയുമുണ്ടോ, വിവിധരീതിയിലുള്ള ഭരണഘടനയ്ക്കു് അടിമപ്പെട്ടു, പലവിധത്തിൽ ജീവിച്ചുപോരുന്ന മൂന്നു രാഷ്ട്രവിഭാഗങ്ങളുടെ നാട്ടുഭാഷയ്ക്കും, തൽസാഹിത്യത്തിനും ഉണ്ടാകുന്നു? എന്നാലും, നമ്മുടെ മാതൃഭാഷയിലും യുവഹൃദയങ്ങൾക്കു ആസ്വാദ്യതരവും, ആദർശപ്രദായകവുമായ അനർഘരത്നങ്ങൾ തീരെ ഇല്ലാതില്ല. ദിവ്യകവിയായ എഴുത്തച്ഛനേയും, സരസകവിയായ നമ്പ്യാരേയും പ്രൗഢ

കവിപക്ഷ്യനായ ഉണ്ണായിയേയും, പണ്ഡിതസാവ്വഭൗമനായ കേരളവമ്മരാജനേയും, ഭക്തശിരോമണിയായ പൂന്താന ത്തേയും, നിരീക്ഷണപടുവായ സി. വി. യേയും, പ്രേമഗാ യകനായ ആശാനേയും, ലാളിത്യാരാധകനായ വള്ളത്തോ ളിനേയും, പണ്ഡിതസാമ്രാട്ടായ ഉള്ളൂരിനേയും പ്രസവിച്ച കൈരളീദേവി, യുവലോകം ആശിക്കുന്ന ആദശവും, ആനന്ദവും പ്രദാനംചെയ്യത്തക്ക സാഹിത്യസമ്പത്തു കര സ്ഥമാക്കിയിട്ടുണ്ടെന്നുള്ളതു നിർവിവാദമാണു്. ഭക്തവ ത്സലനായ ശ്രീകൃഷ്ണൻ, സഹോദരപ്രേമസമ്പന്നനായ ഭര തൻ, ധീരാത്മാവായ ഭീമസേനൻ, ഭക്തശിരോമണിയായ പ്രഹ്ലാദൻ, സതീത്വത്തിൻെറ നിരുപമമൂത്തികാരമായ സീതാദേവി, സ്ത്രീശക്തിയുടെ പ്രതിഷ്ഠയായ സുഭദ്ര, സ്വരാ ജ്യാഭിമാനിയായ കുഞ്ഞിക്കുട്ടിപ്പിള്ള, ജ്ഞാനവിജ്ഞാന്യ മണിച്ചെപ്പായ ശങ്കരാചാൎയ്യർ, ദിവ്യപ്രേമം വീശുന്ന ദിവാ കരൻ, എന്നിങ്ങനെ എത്ര എത്ര സാഹിത്യാദശങ്ങളാ ണു്, യുവലോകം ദശിക്കുന്നതു്. എഴുത്തച്ഛൻെറ കവി താസ്വാരസ്യവും, അദ്ധ്യാത്മികതത്വദശനവും, നമ്പ്യാരു ടെ ഫലിതവും, ചെറുശ്ശേരിയുടെ മാധുൎയ്യവും, എത്ര എത്ര യുവചേതസ്സുകൾക്കാണു് ആനന്ദാനുഭൂതി പ്രദാനംചെയ്തു വരുന്നതു്.

ഏതുതരത്തിലുള്ള വിദ്യാഭ്യാസമായിരുന്നാലും, ഏതു വിധത്തിൽ ഗദ്യസമാനവും, നീരസജനകവുമായ തൊഴി ലുകൾ ഉപജീവനമാൎഗ്ഗമായി സ്വീകരിച്ചിരുന്നാലും, യുവ ജനങ്ങൾ ഒരിക്കലും, സാഹിത്യത്തോടു വിശിഷ്യ മാതൃസാ ഹിത്യത്തോടു നിവ്വഹിക്കേണ്ട കടപ്പാടു വിസ്മരിക്കുകയില്ല. സാഹിത്യരസികതയെ പുലത്തുക മാത്രമല്ല, യുവലോക

ത്തിൻെറ കത്തവ്യം. സാഹിത്യസൃഷ്ടിയിലും, ഭാഷാപോഷണത്തിലും, യുവലോകത്തിൻെറ ശ്രദ്ധ കൂടുതൽ പതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സാഹിത്യപോഷണസംബന്ധമായി യുവലോകത്തിനുള്ള ചുമതലകൾ വിവിധങ്ങളാകുന്നു. നമ്മുടെ അവിസ്തൃതമായ സാഹിത്യാന്തരീക്ഷത്തെ ഇംഗ്ലീഷ്‌വിദ്യാഭ്യാസാനുഭവങ്ങൾകൊണ്ടും, അന്യസാഹിത്യങ്ങളുമായുള്ള നിരന്തരപരിചയംകൊണ്ടും, വിപുലമാക്കുവാൻ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സാഹിത്യാരാധകരായ യുവതീയുവാക്കന്മാക്ക് സുസാദ്ധ്യമാണ്. ശാസ്ത്രഗ്രന്ഥങ്ങളെ വിവത്തനംചെയ്യും, ആംഗലഭാഷയിലുള്ളപോലെ ജീവചരിത്രങ്ങൾ, പത്രാവലികൾ, ഗദ്യനാടകങ്ങൾ, യാത്രാവിവരണങ്ങൾ, സാഹസികകഥനങ്ങൾ, പരിഹാസകവനങ്ങൾ തുടങ്ങിയവ രചിച്ചും സാഹിത്യത്തെ പോഷിപ്പിക്കേണ്ടതുണ്ട്. നമ്മുടെ ആധുനികസാഹിത്യത്തിലേയ്ക്കു കടന്നുകൂടീട്ടുള്ള ദൂഷ്യങ്ങളെ പരിഹരിക്കേണ്ട കടമയും, യുവസമുദായത്തിൽ സ്ഥിതിചെയ്യുന്നു. നമ്മുടെ ആചാരങ്ങൾക്കും സാമുദായികനിലയ്ക്കു് അനുയോജ്യമല്ലാത്ത ഒരു ജീവിതരീതിയെ അസ്പദമാക്കി ഇംഗ്ലീഷിൽനിന്നും നാമമാത്രരൂപാന്തരങ്ങളോടെ പ്രസിദ്ധം ചെയ്യാറുള്ള നോവലുകളാണ് ഇന്നധികം കാണാറു പതിവു്. എന്നാൽ ഇപ്പോൾ നമുക്കു വേണ്ടതു ചന്തുമേനോൻ, സി. വി. തുടങ്ങിയവർ ഗദ്യസാഹിത്യത്തിനു പ്രദാനം ചെയ്തിട്ടുള്ള രീതിയിൽ സാമുദായികാഖ്യായികകളും, പാശ്ചാത്യസാഹിത്യത്തിൽ ബർനാഡ്‌ഷാ, ഇബ്‌സൻ തുടങ്ങിയവരുടെ കൃതികളെപ്പോലുള്ള സമുദായദപ്പണങ്ങളായ ദൃശ്യകവനങ്ങളുമാണ്.

PRESENTED BY: UDEVAN N
MANIYARA VEEDU
MALAYINKIL

നമ്മുടെ സാഹിത്യത്തിൽ കണ്ടുവരാറുള്ള ഇമ്മാതിരി കുറവുകളെ പരിഹരിയ്ക്കേണ്ട ധർമ്മം വിദ്യാഭ്യാസംകൊണ്ടു മനോവികാസം സിദ്ധിച്ചവരും, ഉത്സാഹികളും, സ്വതന്ത്രബുദ്ധിശാലികളും, പൗരുഷബോധമുള്ളവരുമായ യുവജനങ്ങൾക്കത്രെ.

സാഹിത്യം പോഷിപ്പിക്കുവാനുള്ള യത്നങ്ങൾ സാഹിത്യത്തെ ദൂഷിപ്പിക്കാൻ ഇടവരാതെ സൂക്ഷിക്കണം. ദുഷ്കവിതയും, പൊട്ടഗദ്യവും ഉപേക്ഷിക്കേണ്ടവരും അപഹസിക്കേണ്ടവരും യുവാക്കൾതന്നെ. ആടുകളുടെ കഥ പറഞ്ഞതുപോലെ, ഒരാടുപോയ വഴിയെ പററം മുഴുവനും പോകുന്ന രീതി ആശാസ്യകരമെന്നു ഞാൻ വിചാരിക്കുന്നില്ല. 19-ാം ശതാബ്ദത്തിൽ ഇംഗ്ലണ്ടിലുണ്ടായ പ്രേമഗീതി (ലിറിക്സ്) കളുടെ മാതിരി അനേകം യുവകഥനങ്ങൾ ഇന്നു പത്രപംക്തികളിൽ കാണാറുണ്ടു്. ഒരാളെ പകർത്തി മറെറാരാൾ എഴുതുന്നുവെന്നല്ലാതെ, ഷെല്ലിബ്രൗണിംഗ് തുടങ്ങിയ പ്രേമാരാധകന്മാരെപ്പോലെ പ്രണയത്തിൻെറ മാഹാത്മ്യമോ, സുന്ദരത്വമോ ഗഹനതയോ ഈ യുവകവികൾ അനുഭവിച്ചറിഞ്ഞോ മനസ്സിലാക്കിയോ അല്ല, കവിത ചമച്ചിട്ടുള്ളതു്. തങ്ങളുടെ പ്രണയത്തിനു കേന്ദ്രമെന്നു സ്വപ്നംകാണുന്ന യുവതിയെ ചില ഓമനപ്പേരുകൾചേർത്തു വിളിച്ചു് അതെല്ലാം 'നാൽക്കാലി'യിൽ ആക്കിയാൽ പ്രേമഗീതികളാകുമെന്നു് ഈ കവികൾ വിചാരിക്കുന്നപക്ഷം അതു വെറും അബദ്ധമാണെന്നേ പറവാനുള്ളു. തപഃപ്രഭാവത്തോടുകൂടിയ യോഗികളുടെ ആരാധനാസങ്കേതമായ സാഹിത്യക്ഷേത്രത്തെ അലങ്കോലപ്പെടുത്താതെ അത്യന്തം ഭക്തിയോടും പരമവിശ്വാസത്തോടും സാഹിതീപൂജ നിർവഹിക്കപ്പെടണം. മാമൂലുകളെ ലംഘി

ച്ച് നവീനാശയങ്ങളേയും അനുസരിച്ചു പ്രവൎത്തിക്കുന്ന സാഹിത്യാരാധകന്മാർ വെറും പാഷണ്ഡന്മാരും നാസ്തികന്മാരുമായി പൂർവാരാധന ചടങ്ങുകളെയെല്ലാം വിവേകമില്ലാതെ ഖണ്ഡിക്കുവാൻ ഒരുമ്പെടുന്നതും ആശാസ്യമല്ല.

"കവിയശസിദ്ധരാശപൂണ്ടു
പൊട്ടക്കവിതപൊഴിച്ചു" മററുള്ളവരെ ദുഃഖിപ്പിക്കുന്നപോലെ മഹാപാപം വേറൊന്നില്ലല്ലൊ.

ഭാവിയിൽ ലോകോപകാരികളായി ജീവിക്കുവാൻ യുവതീയുവാക്കന്മാൎക്കു രണ്ടു ഉത്തമമാൎഗ്ഗങ്ങൾ തെളിഞ്ഞു കാണുന്നു. ഒന്നാമത്തു സത്യപരമായ രാഷ്ട്രീയ ജീവിതം; രണ്ടാമത്തു്, ആദൎശാനചിതമായ സാഹിത്യജീവിതം. നവകേരളത്തെ സൃഷ്ടിക്കേണ്ട മഹച്ഛക്തികളും ഇവ രണ്ടിൽ നിന്നുമാണു് ഉത്ഭവിക്കേണ്ടതും.

യുവലോകത്തിനു സാഹിത്യത്തിൽ സിദ്ധിച്ചിട്ടുള്ള സ്ഥാനത്തെക്കുറിച്ചും, അവർ സാഹിത്യപോഷണത്തിനു വേണ്ടി പ്രയത്നിക്കേണ്ട ചില രീതികളെ പരാമൎശിച്ചുമുള്ള എൻെറ ചില വിനീതാഭിപ്രായങ്ങളെ യുവജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ഞാൻ ഇവിടെ പ്രസ്താവിച്ചുതേയുള്ളു. യുവലോകം സാഹിത്യത്തിൻെറ ആധുനികനിലയ്ക്കു് എങ്ങനെ സഹായിച്ചിട്ടുണ്ടെന്നും സാഹിത്യഭണ്ഡാരത്തിലേയ്ക്കു് അവർ എന്തെല്ലാം പ്രദാനം ചെയ്തിട്ടുണ്ടെന്നുമുള്ള സംഗതികൾ വേറൊരവസരത്തിൽ പ്രതിപാദിക്കാം.

കേരളത്തിലെ പത്രലോകമാണു് യുവഹൃദയങ്ങളിൽ തിങ്ങിനിൽക്കുന്ന സാഹിത്യമധുവിനെ നുകൎന്നെടുത്തു

ലോകത്തെ മധുരതരമാക്കേണ്ടതു്. യുവചൈതന്യം തുളു
മ്പുന്ന അപൂർവം ചില നവീനാശയ സമൃദ്ധിയുള്ള യുവ
ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. അവരുടെ
സാഹിത്യപ്രതീക്ഷകളെ ആദരിക്കയും, ഉത്തേജിപ്പിക്കയും
ചെയ്യുന്നുമുണ്ടു്. പക്ഷെ സാഹിത്യദുഷ്പ്രഭുത്വത്തിൽ
അണ്ടുപോയിരിക്കുന്ന മാസികകളും, പത്രങ്ങളും, കേരള
ത്തിൽ അപൂർവമല്ല. ഈ മാമൂൽപ്രിയന്മാർ യുവസാഹി
ത്യാദർശങ്ങളെ നിരാശക്കുണ്ടിലേയ്ക്കു വലിച്ചിടാതിരുന്നാൽ
കൈരളിക്കു ഭാഗ്യമായി.

ഉൽകൃഷ്ടമായ ദ്രാവിഡ മൂലകുഡുംബത്തിൽ സംജാത
മായി, ജ്യേഷ്ഠസഹോദരിയായ തമിഴിൻെറ ലാളന
കൾക്കു വഴങ്ങി, സംസ്കൃത സോദരനോട്ടു് ഇണങ്ങി പരി
ഷ്കാരരൂപിണിയായ ആംഗ്ലിയോടുള്ള സമ്പർക്കംകൊണ്ടു
സ്വാതന്ത്ര്യവതിയും, നവീനവേഷോചിതയുമായി, യുവ
ചൈതന്യസമ്പർക്കംകൊണ്ടു കൃതാത്ഥയായി, കൈരളീ
ദേവി അനന്തതേജസ്സോടെ യുവഹൃദയങ്ങളെ ആഹ്ലാദി
പ്പിച്ചു പ്രശോഭിക്കുമാറാകട്ടെ! ചൈനയിലെ യുവാക്ക
ന്മാർ ഒരു ലക്ഷം അക്ഷരങ്ങളുണ്ടായിരുന്ന അവരുടെ ഭാഷ
യെ സംസ്കരിച്ചു പ്രയോജനകരമാക്കിത്തീൎത്തു. വംഗസാ
ഹിത്യത്തിനു ബംഗാളി യുവാക്കന്മാർ നവചലനം നല്കി.
യുവകരങ്ങൾ ആധുനിക ആംഗലഭാഷയെ സാഹിത്യഹാര
ങ്ങൾ അണിയിക്കുന്നു. കൈരളിയുടെ പുനരുദ്ധാരണ
ത്തിനും ഐശ്വര്യത്തിനും കാരണമായിത്തീരേണ്ടതും
സ്വാതന്ത്ര്യബുദ്ധിയും, തൻേറടവും, പാകതയും, സ്വരാജ്യാ
ഭിമാനവും, സ്വഭാവനൈമ്മല്യവും, സന്മാൎഗ്ഗബോധവും,
വണക്കവും, സത്യനിഷ്ഠയുമുള്ള യുവജനങ്ങൾ തന്നെ.

ഉന്നതവിദ്യാഭ്യാസത്തിൽനിന്നും കരസ്ഥമായിട്ടുള്ള ബുദ്ധിവികാസവും, ശാസ്ത്രാഭ്യസനംമൂലം സിദ്ധിച്ചിരിക്കുന്ന നവീനാശയങ്ങളും, സാഹിത്യാസ്വാദനംവഴി ആർജ്ജിച്ചിട്ടുള്ള പരിപാകതയും, രസികതയും സമ്മേളിച്ച്, യുവഹൃദയത്തിൽ ദൃഢമൂലമായിക്കിടപ്പുള്ള ആത്മപൌരുഷം, സ്വാതന്ത്ര്യേച്ഛാ, പ്രേമസമ്പത്ത്, ചിന്താശീലം, ഉത്സാഹം, ഉന്മേഷം, ചൈതന്യം എന്നിവയിൽ പ്രതിഫലിക്കുമ്പോൾ ഉളവാകുന്ന സാഹിതീശോഭ കൈരളിയെ മനോഹരയാക്കും. രാഷ്ട്രീയരംഗത്തിലായാലെന്ത്, സമുദായലോകത്തിലായാലെന്ത്, സാഹിത്യസ്വർഗ്ഗത്തിലായാലെന്ത്,

"ധ്വസ്തഭുവനമാം ദൗഷ്ട്യമേ, നിൻതല
എത്രപരത്തിയുയർത്തിയാലും
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽപോരുമേ
ചിക്കന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ.

ശുഭം.

---

With the kind permission of
Srimati B. Anandavalli Amma M. A. [Hons.]

1113
824
37

9589

# PUSHPANJALI

(A Selection of Essays)

PUBLISHED BY

SECRETARY.
THE YOUNG MEN'S ASSOCIATION.
CHIRAYINKIL.

Indic Digital Archive Foundation
gpura.org